ജയദേവകവിയുടെ ഗീതഗോവിന്ദം

ജയദേവൻ

എഡി 1200ൽ ജീവിച്ച ജയദേവൻപൂർണ്ണലയം പ്രാപിച്ച യോഗിയല്ല. ആഴ്വാർമാർക്കും ചൈതന്യനും തുല്യ മായ കൃഷ്ണാവബോധം നേടിയിട്ടില്ല,അവതാരപുരുഷനുമല്ല. കൃഷ്ണഭക്തി ഉണ്ടെന്നദ്ദേഹം പറയുന്നുണ്ടെങ്കിലും ജീവിതം കൊണ്ട് അത് തെളിയുന്നില്ല. നല്ലൊരു കവിയാണദ്ദേഹം. പണ്ഡിതനുമാണ്. കൃഷ്ണഭക്തിസംബന്ധ മായ ഈ ഗ്രന്ഥത്തിൽ ജയദേവകൃതി ചേർക്കാന് ഞാനുദ്ദേശിച്ചിരുന്നില്ല. ഒന്നാമത്തെ കാരണം മേൽപ്പറ ഞ്ഞതുതന്നെ. രണ്ടാമതാ യി ഗീതഗോവിന്ദം വ്യാഖ്യാനിക്കണമെങ്കിൽ കാമശാസ്ത്രം നന്നായി വായിച്ച് പഠിച്ചി ട്ടുണ്ടാവണം. ഞാനാ ഗ്രന്ഥം വായിച്ചിട്ടില്ല. അതിനാൽ വ്യാഖ്യാനം അപൂർണ്ണമായേക്കാമെന്നും തോന്നി. പിന്നീട് ആലോചിച്ചപ്പോൾ മൂന്നുകാരണങ്ങളാല് ജയദേവകൃതികൂടി ചേർത്താലേ ഭക്തിയോഗസംബന്ധ മായ ഈ പുസ്തകത്തിന് പൂ ർണ്ണത വരൂ എന്നു തോന്നി. 2006 ഡിസംബര് ഒന്നിന് ഞാന് കേരളം വിട്ട് ചെന്നൈയിൽ താമസിക്കാനെത്തി. മാർകഴി ഉത്സവനാളുകളുടെ സംഗീതസാന്ദ്രമായ അന്തരീക്ഷവും

തിയോസഫിക്കൽ സൊസൈററി, ബ്രിട്ടീഷ് കൌണ്സില് ലൈബ്രറികളുടെ വിപുലമായ പുസ്തകശേഖരവും കൂടി ചേർന്നപ്പോഴാണ് അഷ്ടപദി കൂടി ഇതില് ചേർക്കാനുള്ള പ്രേരണ ഉണ്ടായത്.

1. അഷ്ടപദി ഗുരുവായൂരടക്കം കേരളത്തിൽ പല ക്ഷേത്രങ്ങളിലും പാടി പ്രചാരത്തിലായ ഒന്നാകയാൽ, അതിനെ ഉൾക്കൊള്ളിക്കണം.
2. സംഗീതം,നൃത്തം,നാടകം,സാഹിത്യം മുതലായ മേഖലകളിലെല്ലാം മികവ് പുലർത്തുന്ന കൃതിയാണ്, ജയദേവന്റെ അഷ്ടപദി. രസസങ്കേതമനുസരിച്ച് പണ്ഡിതോചിതമായി രാധാകൃഷ്ണകഥ രചിച്ച ജയ ദേവനെ അവഗണിക്കാനാവില്ല.
3. അതാതുകാലഘട്ടങ്ങളിൽ ക്ഷേത്രാചാരങ്ങള് എങ്ങനെ നടപ്പായി. ചുരുങ്ങിയത് അഷ്ടപദിയുടെ കാര്യത്തിലെങ്കിലും നമുക്കിതിന് തെളിവുണ്ട്. അതതു കാലത്തെ സോഷ്യോപൊളിററിക്കൽ ശക്തി ഘടനയാണ് ഇത്തരം മാററങ്ങൾക്കുകാരണമെന്നതിന് അഷ്ടപദി തെളിവാണ്.

പത്തുഭാഗമുള്ള അഷ്ടപദിയിൽ ഓരോന്നിലും 24 വിഭാഗമുണ്ട്. പ്രബന്ധരീതിയിലാണ് രചന. ഓരോ ന്നിനേയും അഷ്ടപദികളായി തിരിച്ചിരിക്കുന്നു. അഷ്ടപദിയുടെ ആദ്യത്തെ ഇംഗ്ലീഷ് തർജ്ജമ 1792ൽ സർ വില്ല്യം ജോണ്സിന്റേതാണ്. കലിംഗമാണോ ബംഗാളാണോ ഉത്ഭവസ്ഥാനമായ കിന്ദുബില്യ മെന്ന തർക്കം ഇപ്പോള് ഏതാണ്ട് അവസാനിച്ചിരിക്കുന്നു. കിന്ദുബില്യം ഒറീസ്സയിലെ പുരിയിൽനിന്ന് വളരെ അടുത്താണ്. ജയദേവന്റെ കാലത്ത് കലിംഗം ചോളഗംഗദേവന്റെ ഭരണത്തി ൻകീഴിലായി രുന്നു. ചോഴന്മാർ പൊതുവെ ശൈവസമ്പ്രദായമാണ്. എന്നാൽ ഈ രാജാവ് അഷ്ടപദിമൂലം കൃഷ്ണ ഭക്തനായി കരുതപ്പെടുന്നു. ജയദേവന്റെ പിതാവ് ഭോജദേവന്,അമ്മ വാമദേവി. കൊണാരക്കിനടു ത്തുള്ള കൂർമ്മപാടകത്തിലാണദ്ദേഹം സംസ്കൃതകാവ്യാലങ്കാരങ്ങള് പഠിച്ചത്. അവിടെത്തന്നെ അദ്ധ്യാപകനായി ജീവിതം തുടർന്നു. ലിംഗരാജക്ഷേത്രം,മധുകേശ്വരക്ഷേത്രം,സിംഹാചലക്ഷേത്രം എന്നിവിടങ്ങളിലെ ലിഖിതങ്ങളിൽ, കൂർമ്മപാടകഗുരുകുലത്തിലെ ഗുരുപരമ്പരയില് ജയദേവന്റെ പേരുണ്ട്. പ്രാചിഗ്രാമത്തിലെ കെന്ദുളിയിൽ ചിരകാലമായിട്ടുള്ള സമ്പ്രദായമാണ് മാധവഭക്തി. ഒറീസ്സക്കുപുറത്ത് ആദ്യമായി ജയദേവനെക്കുറിച്ച് ഒരു റഫറൻസ് കാണുന്നത്, പൃഥ്വീരാജ് ചൌഹാ ന്റെ ആസ്ഥാനകവി ചന്ദഭരഭായുടെ ഗ്രന്ഥത്തിലാണ്. 1201ലെ സാരംഗദേവന്റെ ലിഖിതത്തിൽ മാധവ് പഠ്നായിക്ക് (ചൈതന്യന്റെ സമകാലീനൻ) ചൈതന്യൻ പുരിയില് വന്നുതാമസിച്ച കാല ത്ത് ജയദേവനെ സന്ദർശിച്ചതായിട്ടും അഷ്ടപദി പാടി കേട്ടതായിട്ടും എഴുതിയിട്ടുണ്ട്. വൈഷ്ണവലീലാ മൃതത്തിന്റെ കർത്താവാണ് മാധവ് പഠ്നായിക്ക്.

ബീർഭൂമാണ് കിന്ദുബില്വഗ്രാമമെന്നവാദം ഇന്ന് തള്ളിക്കളയപ്പെട്ടതിന്റെ പ്രധാനകാരണം ബീർഭൂം സമുദ്രതീരത്തല്ല എന്നതാണ്. പുരിക്കടുത്തുള്ള കടലിനെ മഹോദധി എന്നുവിളിച്ചുകാണുന്നു. പുരി സമുദ്രത്തോടടുത്തുമാണ്.

ജയദേവന്റെ സംഭാവനകൾ

1. കൃഷ്ണനെ രാജാവിന്റെയോ ദൈവത്തിന്റെയോ പരിവേഷമില്ലാതെ സാധാരണ മനുഷ്യനായി ചിത്രീകരിച്ചു. പ്രത്യേകിച്ചും ആറാം അഷ്ടപദിയിൽത്തുടങ്ങി കാമശാസ്ത്രം അറിയാവുന്ന ഏതൊരു നായകനും പകരം വെക്കാവുന്ന ഒരാളാക്കി.ഇത് ശരിയോ തെററോ എന്നത് ഇവിടെ ചിന്തിക്കേ ണ്ടതില്ല.
2. കൃഷ്ണന്റെ ത്രിഭംഗി രീതി ജയദേവനുശേഷമാണ് പ്രചാരത്തിലായത്.
3. ദശകൃതികൃതേ- ദശാവതാരകഥക്ക് ബുദ്ധനെക്കൂടി ചേർത്തു പ്രചാരം കൊടുത്തു.

4. പുരിയിൽ ദേവദാസിസമ്പ്രദായം പ്രചാരത്തിലാക്കി ഒഡീസ്സിനൃത്തത്തിന് നടനമന്ദിരം തുടങ്ങി വെക്കാൻ കാരണമായി.
5. ക്ഷേത്രങ്ങളിൽ നിർബന്ധമായി അഷ്ടപദി പാടിച്ചതുകൊണ്ട് അതിന് വേഗം പ്രചാരം കിട്ടി.
6. കാമശാസ്ത്രപരമായി പലതും പറഞ്ഞിട്ടുള്ളതിനാൽ പുരുഷന്മാരുടെ സ്വാഭാവികമായ ലൈംഗികതൃഷ്ണയുടെ ഫലമായും അത് വേഗം പ്രചാരം നേടി.
   അവസാനം പറഞ്ഞതുരണ്ടും ഭക്തിസമ്പ്രദായത്തിലേക്ക് ജയദേവൻ കൊണ്ടുവന്ന ആദ്യത്തെ മാർക്കററിങ്ങ് തന്ത്രമാണ്.

സർ റിച്ചാർഡ് എഫ് ബർട്ടന് ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത കല്യാണമല്ലന്റെ അനംഗരംഗം നോക്കിയിട്ടാണ് കാമശാസ്ത്രപരമായ റഫറൻസസ് ഞാനിവിടെ കൊടുത്തിരിക്കുന്നത്. (www . sacredtexts. com) ഒറിജിനൽ കാമശാസ്ത്രമോ അനംഗരംഗമോ ഞാന് കണ്ടിട്ടില്ല,വായിച്ചിട്ടുമില്ല എന്നത് ഈ പഠനത്തിന്റെ ഒരു പോരായ്മയായി വേണമെങ്കില് വിചാരിക്കാം. അനംഗരംഗം സാധാരണ സംസ്കൃതഗ്രന്ഥങ്ങളെപ്പോലെ ഗണേശനേയോ സരസ്വതിയേയോ സ്മരിച്ചല്ല,പാർവ്വതിയുടെ കാമമനോഹരരൂപം സ്മരിച്ചാണ് ആരംഭിക്കുന്നതെന്നത് ഒരു പ്രത്യേകതയായി ത്തോന്നി. ശിവന്റെ ലലാടത്തിലെ അഗ്നി കണ്ടപ്പോൾ, ഗംഗ പോലെ വെളുത്ത തന്റെ നഖങ്ങളിൽ, അഗ്നിസദൃശമായ അരക്കുപുരട്ടിയവളും, അവന്റെ നീലകണ്ഠം കണ്ടപ്പോൾ, കണ്ണില് നീലാഞ്ജനമെഴുതിയവളും, ശംഭുവിന്റെ ശരീരത്തിലെ ഭസ്മം കണ്ടപ്പോള് ദേഹമാകെ പുളകമണിഞ്ഞവളുമായ പാർവ്വതിയാല് നിങ്ങളെല്ലാവരും പരിശുദ്ധരായിത്തീരട്ടെ എന്നാണ് തുടക്കം.പിന്നീട്, സർവ്വജീവജാലങ്ങളിലും വിലാസവാനായി ഇരിക്കുന്നവനും യുദ്ധവേളയില് യോദ്ധാക്കൾക്ക് ധൈര്യം പകർന്നുകൊടുക്കുന്നവനും ശംബരാസുരനേയും അവന്റെ രാക്ഷസരേയും നശിപ്പിച്ച് രതിയോടുചേർന്നവനും ,പ്രപഞ്ചത്തിലെ സർവ്വ ആനന്ദങ്ങളോടും രതികളോടും കൂടിയവനും,,ദുഖം നശിപ്പിച്ച് മാനസോല്ലാസം തരുന്നവനുമായ കാമദേവനെയാണ് വന്ദിക്കുന്നത്. രാജർഷിയും കവിയുമായ കല്യാണമല്ലൻ, ലോഡിരാജ വംശത്തിലെ അഹമ്മദിന്റെ പുത്രനും കാമശാസ്ത്രത്തില് അതീവ തൽപ്പരനുമായ ലഡാഖാനുവേണ്ടി രചിച്ചതാണ് അനംഗരംഗം. “May it ever be appreciated by the deserving for it hath been dedicated to those who are desirous of studying the art and mystery of man’s highest enjoyment, and to those who are best acquainted with the service and practice of alliance and love delight “   എന്ന് ബർട്ടന് എഴുതുന്നു. ഹരിസ്മരണ എന്ന പദം ഒഴിവാക്കിയാൽ അഷ്ടപദിക്കും ശ്ലോകം പൂർവ്വഭാഗം പറയുന്നതും യദിവിലാസ കലാസുകുതുഹലം എന്നുതന്നെയാണ്. ഉദ്ദേശം രണ്ടുപേരുടേയും ഒന്നാണ്. ഹരിസ്മരണ ചേർത്ത്, ക്ഷേത്രത്തിൽ പാടി അഭിനയിക്കണമെന്ന കൽപ്പന ഇറക്കുന്നത് ഒരു മാർക്കററിങ്ങ് തന്ത്രമല്ലാതെ മററ് ഒന്നുമല്ല.

> കാമശാസ്ത്രം നന്നായി പഠിച്ചവനുമാത്രമേ ലൌകികജീവിതം ആനന്ദമയമാകൂ എന്നും അങ്ങനെ ലൌകികജീവിതത്തിനുശേഷം വാർദ്ധക്യത്തില് വികാരങ്ങളൊക്കെ തണുക്കുമ്പോഴേക്കും ഈശ്വര ചിന്ത അഭ്യസിച്ച് ആത്മീയകാര്യങ്ങളും പഠിച്ച്, ദിവ്യജ്ഞാനം നേടാമെന്നാണ് അനംഗരംഗകാരന്റെ അഭിപ്രായം. പുനർജ്ജന്മങ്ങളിൽനിന്ന് മുക്തി നേടാനുള്ള ഉപായമായിട്ടാണദ്ദേഹം കാമശാസ്ത്രത്തെ കാണുന്നത്. നന്നായി മീട്ടാൻ വശമുള്ളവൻ, ശ്രുതി ചേർത്തു നന്നായി മീട്ടിയാൽ, ഏററവും മധുരമായി, ഏററവും സുന്ദരമായി രഞ്ജിപ്പിക്കുന്ന അനുരാഗഗാനങ്ങളൊഴുക്കുന്ന ഏററവും അമൂല്യമായ സംഗീതോപകരണമെന്നും ,ദിവ്യാനന്ദത്തിൽ ഏററവും സങ്കീർണ്ണമായ അനേകം വ്യത്യസ്തലയ

ങ്ങൾ തരുന്നവളെന്നും കല്യാണമല്ലന് സ്ത്രീയെ വിശേഷിപ്പിക്കുന്നു. ഇത് സ്തുതിയേക്കാളേറെ നിന്ദയായിട്ടേ കരുതാനാവൂ.

ഗുണമനുസരിച്ച് സ്ത്രീകൾ നാലുവിധമാണ്.

1. പത്മിനി (പത്മാവതി). ജയദേവപത്നിയും മനസാദേവി എന്ന നാഗമാതാവും പത്മാവതി എന്നു പേരുള്ളവരാണ്. വിഷ്ണുപത്നി പത്മാവതിയാണ്. കേരളത്തിലെ പഴയ റാണിമാർക്ക് പത്മന്‍തേവി (പത്മിനീദേവി) എന്ന പേര് സാധാരണയായിരുന്നു. നാലുതരം മോക്ഷങ്ങളിൽ സായൂജ്യം തരുന്നവളാണ് പത്മിനി. മററു മൂന്നുപേർ സാരൂപ്യം,സാലോക്യം,സാമീപ്യം തരുന്നു. മോക്ഷം എല്ലാത്തെയും ജയിച്ച ജിതേന്ദ്രിയാവസ്ഥയാണ്. നാ അരി എന്ന അവസ്ഥയാണ് നാരി. അതിനാൽ നാരി അവസ്ഥയെ സർവ്വരും മോഹിക്കുന്നു.ശത്രു ഇല്ലാത്ത നാ അരി അവസ്ഥയിലാണ് ലോകത്തെ മുഴുവനും മൈത്രീഭാവനയോടെ നോക്കിക്കാണാനാവുക. സംസാരത്തിന്റെ വേര് അറുക്കുവാൻ പത്മിനിക്കേ കഴിയൂ.അതിനാൽ അവളെ ഖഡ്ഗിനി എന്നും വിളിക്കുന്നു. നരനെ നാരായണനിൽ പൂര്ണ്ണലയം പ്രാപിപ്പിച്ച് സായൂജ്യം തരുന്നതവളാണ്.ക്ഷീരാബ്ധിയിൽ ശയിക്കുന്ന നാരായണനാഭിയിലാണ് പത്മ ജനിച്ചത്. അവളിലൂടെയാണ് സർഗ്ഗവും ലയനവും.
2. ചിത്രിണി- സാമീപ്യസുഖം തരുന്നു. ഭഗവാനാറെ സമീപത്തുവസിക്കുന്നവർ ഭഗവാനുവേണ്ടി അനേകം ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്തുതീർക്കും. ്തുപോലെയാണ് ചിത്രിണിയുടെ സമീപത്തിരിക്കുന്ന പുരുഷന്റെ പ്രവൃത്തി.
3. ശംഖിനി –സാരൂപ്യമോക്ഷം തരുന്നു. വിഷ്ണുപാർഷദര് വിഷ്ണുചിഹ്നങ്ങളായ ശംഖചക്രാദികൾധരിക്കുന്നതുപോലെ വിഷ്ണുവിന്റെ സരൂപത നേടാൻശംഖിനിയോടൊത്ത ജീവിതം സഹായിക്കും.
4. ഹസ്തിനി-സാലോകതാമോക്ഷം തരുന്നു. വിഷ്ണുവിന്റെ ലോകത്തിൽ അവന്റെ ഗൃഹത്തില് വസിക്കുന്ന ഒരാൾക്ക് കിട്ടാവുന്ന സുഖങ്ങളെല്ലാം തരുന്നു.

   എങ്ങനെയാണ് ഈ സ്ത്രീകളെ തിരിച്ചറിയുക.അനംഗരംഗം ചില ലക്ഷണങ്ങൾ തരുന്നു. പത്മിനിയുടെ ലക്ഷണങ്ങൾ ഇവയാണ്. ചന്ദ്രവദനം,ശരീരം മാംസളമാണ്.ശിരീഷപുഷ്പം പോലെ മൃദുലവുമാണ്. സ്വർണ്ണത്താമരപോലെ ശരീരശോഭ,മഴതരാ ൻപോകുന്നകാ ർമേഘം പോലെ ഒരു ശോഭ ചുററും പരക്കുന്നു. കൃഷ്ണമൃഗമിഴി,കടക്കണ്ണിൽ ചുവപ്പുനിറം, ഉയർന്നുകഠിനമായി ഭാരം കൂടിയ മാറിടം, ശംഖുപോലെ കഴുത്ത്, ഋജുവായി എള്ളിൻപൂപോലെ മൂക്ക്, കഴുത്തില് ത്രിരേഖ, നാഭിയിൽമൂന്നുചുളിവ്, ആലിലപോലെ ഉദരം, വിടർന്നതാമരമുകുളംപോലെ യോനി,അപ്പോൾ വിടർന്ന താമരപ്പൂവിന്റെ ഗന്ധമുള്ള കാമസലിലം, അന്നനട,കോകിലസ്വരം, വെളുത്ത വസ്ത്രങ്ങളിലും ആഭരണങ്ങളിലും പ്രിയം, ഊണും ഉറക്കവും കുറച്ചുമതി, ആത്മീയകാര്യങ്ങളിൽ അറിവ്, ആദരണീയ, കാമചതുര, ഈശ്വരാരാധനയിലും ഭർത്താവിനെ ആരാധിക്കുന്നതിലും ഉത്തമ, ബ്രാഹ്മണരുമായി സംവാദം (ബ്രഹ്മസംഗമം) നടത്തുന്നതിൽ അതീവതാൽപ്പര്യം ഇതാണ് പത്മിനിയെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ.

   ആന്ധ്രയിലെ ലെപാക്ഷി, ബേലൂർ ഹാലബീഡു എന്നിവിടങ്ങളിലെ ശിലാബാലിക (സാലഭഞ്ജിക) എന്നറിയപ്പെടുന്ന സുന്ദരിമാരുടെ രൂപങ്ങൾ പത്മിനിയുടെ അളവുവെച്ചുകൊത്തിയവയാണ്. അവയിൽ നെററി,ഹനു,മൂക്ക് ഇവ കൃത്യമായി സമമായിട്ടാണ് മുഖത്തിന്റെ അളവ്. നെററി മുന്നോട്ട് ഉന്തിയിരിക്കരുത്. വിടർന്ന കണ്ണുകള് തിളക്കമുള്ളവയും, ഭാവം സ്ഫുരിപ്പിക്കുന്നവയുമാവണം (സംസാരിക്കുന്ന കണ്ണ്). ഹോയ്സലാ രാജവംശത്തിലെ വിഷ്ണുവർദ്ധനന്റെ റാണിയും നർത്തകിയുമായിരുന്ന റാണി ശകുന്തളാദേവിയെ മാതൃകയാക്കിയിട്ടാണ് ജഗനാചാരി ശിലാബാ

ലികമാരെ രചിച്ചത്. കൈവിടർത്തി അകത്തി വെച്ചാൽ, തള്ളവിരൽമുതല് ചെറുവിരൽവരെ യുള്ള അകലമാണ് നമ്മുടെ ഓരോരുത്ത രുടേയും മുഖത്തിന്. മുഖത്തിന്റെ ഏഴിരട്ടിയാണ് ശരീരത്തിന്റെ ആകെ നീളം. ചെവി നെററി യുടെ അററത്ത് തുടങ്ങി മൂക്കിന്റെ അററം വരെ. കാലടിയില് അകഭാഗം വളഞ്ഞിരിക്കും. ജ്യാമിതി അനുസരിച്ചുള്ള ദൈവീകാനുപാതമാണിത്. ഈ ദൈവീകാനുപാതത്തിലാണ് പ്രകൃതിസൃഷ്ടികളെല്ലാം. അതല്ലാത്തതെല്ലാം വികൃതി.

ജയദേവനു രണ്ടുനൂററാണ്ടിനുശേഷം ജയദേവസമ്പ്രദായത്തിൽ കവിത രചിച്ച ബംഗാളികവിക ളിൽ പ്രമുഖനാണ് വിദ്യാപതി. വിദ്യാപതിയുടെ ബംഗീയപദാവലി ആനന്ദകുമാരസ്വാമി ഇംഗ്ലീഷി ലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. മൈഥിലി ഭാഷയിലാണ് വിദ്യാപതിയുടെ രചന. അതിനാൽ ദാന്തേ, ചോസര് ഇവരോട് അദ്ദേഹത്തെ താരതമ്യപ്പെടുത്തുന്നവരുണ്ട്. പ്രാകൃതഭാഷ ഉപ യോഗിക്കയാൽ പണ്ഡിതസമൂഹം നിന്ദിച്ചിട്ടുമുണ്ട്. ചണ്ഡീദാസ്,ഉമാപതി എന്നീ വൈഷ്ണവകവി കളുടെ സമകാലീനനായിരുന്നു വിദ്യാപതി. രാജാ ശിവസിംഹരൂപനാരായണന്റെ ആസ്ഥാന കവിയും. 1400എഡിയിൽ രാജവംശം കവിക്ക് ബിസാപ്പീ ഗ്രാമം സമ്മാനിച്ചതിന്റെ രേഖയും 1465ൽ കവിതന്നെ പകർത്തിയ പുരാണത്തിന്റെ കോപ്പിയും ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. മരണവേളയിൽ കവി ഗംഗയെ സ്തുതിച്ചപ്പോൾ, ഗംഗ മൂന്നുകൈവഴികളായി അദ്ദേഹം ഇരിക്കു ന്നിടത്തേക്ക് വന്നതായും അദ്ദേഹം ഇരുന്ന സ്ഥാനത്ത് ഒരു ശിവലിംഗം പൊങ്ങിവന്നതായും ഐതിഹ്യമുണ്ട്. അത് ദാർബംഗ ബസ്തിപ്പൂരിനടുത്ത് ഇന്നും കാണാം.
11 ഭാഗങ്ങളുണ്ട് ബംഗീയപദാവലിയിൽ. കഥാപാത്രങ്ങൾ കൃഷ്ണൻ, രാധ (രായ്), ഭ്രതിക,സഖി എന്നിവരാണ്. ആദ്യഭാഗം കൃഷ്ണന്റെ ആത്മഗതമാണ്. രാധയെ ആദ്യമായി കണ്ട കൃഷ്ണൻ അവ ളെ ഓർത്തിരുന്ന് വർണ്ണിക്കയാണ്. വികാരവിചാരങ്ങൾ ആത്മഗതമായി ഒഴുകുന്നു. സുവ ർണ്ണ മുന്തിരിവള്ളിമേൽ ചന്ദ്രോദയംപോലെ താൻ കണ്ട പെണ്കുട്ടിയുടെ കണ്ണുകൾ പേടിച്ചരണ്ട രണ്ടു കിളികൾ. നിറഞ്ഞശംഖുകൊണ്ട് (കഴുത്ത്) ആകാശഗംഗ ഒഴുക്കി (മുത്തുമാല)പൂർണ്ണശിവലിംഗ ത്തെ (സ്തനം) കാമൻ അഭിഷേകം ചെയ്യുന്നതുകണ്ടതിനാൽ, പുണ്യതീരത്തു നൂറുയാഗം ചെയ്ത ഫലം തനിക്കുകിട്ടിയതായി കൃഷ്ണൻ വിചാരിക്കുന്നു. എല്ലാവരും (കവരിമാനും ഗിരിശൃംഗവും ചന്ദ്ര നും കുയിലും ഹംസവും കൃഷ്ണമൃഗവും) രാധയെ ഭയന്ന് ഓടി.രാധമാത്രം തന്നെ ഭയന്നോടുന്നു. എത്രയെത്ര പ്രേമമന്ത്രങ്ങളുദ്ധരിക്കേണ്ടിവരും അവളെയൊന്ന് തന്നിലേക്ക് ആകർഷിക്കാ ന്. പ്രേമത്തിന്റെ വേലിയേററത്തിൽപ്പെട്ട കൃഷ്ണനെയാണ് വിദ്യാപതി അവതരിപ്പിക്കുന്നത്. വിദ്യാപ തിയുടെ കാവ്യത്തിൽ രാധ കുളിക്കുന്നത് ആദ്യമായി ഒളിച്ചുനിന്നുകാണുന്ന കൃഷ്ണന്റെ വിചാരങ്ങ ളുണ്ട്.

ആജ്ജുമജ്ജു ശുഭദിനബേലാ
കാമിനി പെ ഖല്യ സിനാനകബേലാ
ചികുരഗലയേ ജലധാരാ
മെഹബരി കേ ജനുമോടി മഹാരാ

ബദനമോചലപരചുര
മാജിദയാലജനുകനകമുകുര
തെംഗിഉദാസലകുചജോര
പാലതിബൈതാ യല കനക കതൊര.

നീബീബന്ധകരളഉദേശ,-
വിദ്യാപതി കഹാ മനോരഥശേഷ
(ഇന്ന് ആനന്ദശുഭദിനമാണ്.ഇന്ന് കാമിനി കുളിക്കുന്നത് ഞാൻ കണ്ടു. ഒരു നീർച്ചാല് മുടിയിൽനിന്നൊഴുകുന്നു.കാർമേഘം വെള്ളമുത്തുപൊഴിക്കുന്നതുപോലെ. ഒരു സ്വർണ്ണക്കണ്ണാടി തുടക്കുന്നതുപോലെ അവൾ മുഖം തോർത്തി. സ്വർണ്ണകലശം കമിഴ്ത്തിയപോലെയുള്ള സ്തനങ്ങള് ഞാനിന്നു കണ്ടെത്തി. നീവീബന്ധം അഴിഞ്ഞപ്പോൾ അവളുടെ സാമ്രാജ്യം ഞാന് കണ്ടു. അതെന്റെ മനോരഥശേഷം. സങ്കൽപ്പത്തിന്റെ അതിര്. വിദ്യാപതി പറയുന്നു). ഈ കവിതയുടെ മനോഹാരിതകാരണം ഇതിനെ ആസ്പദമാക്കി അനേകം രാജ്പുത് ചിത്രങ്ങൾ വരക്കപ്പെട്ടതായി ആനന്ദ കുമാരസ്വാമി പറയുന്നു.
കൃഷ്ണൻ ആ ഒററനോട്ടത്താല് മദനപരവശനായി തപിക്കുന്നു. രാധയോ. അവളും പ്രേമിക്കുന്നുണ്ട്. രണ്ടാംഭാഗത്തിൽ(രാധാഭയസന്ധി)രാധയുടെ അവസ്ഥ ദൂതികയിൽനിന്ന് കൃഷ്ണനോടൊപ്പം നാമും അറിയുന്നു.രാധയുടെ കുട്ടിത്തം വിട്ടിട്ടില്ല.സ്തനം വളരുന്നത് അവൾ കൌതുകത്തോടെ , വിസ്മയത്തോടെ, നോക്കിക്കാണുന്ന പ്രായമായിട്ടേയുള്ളു. ഇക്കാര്യത്തിൽ വിദ്യാപതി മററു കവികളിൽനിന്ന് വ്യത്യസ്തനാണ്. മററുള്ളവരെല്ലാം രാധ കൃഷ്ണനേക്കാൾ മുതിർന്നവളെന്നു പറയുന്നു. ഇവളൊരിക്കലും കുട്ടിത്തം വിട്ട് മുതിർന്ന പെണ്ണായിത്തീരില്ലേ എന്നാണ് വിദ്യാപതി ആത്മഗതം ചെയ്യുന്നത്. രാധാപൂർവ്വരാഗമെന്ന മൂന്നാം ഭാഗത്തില് ,രാധ കാനു(കൃഷ്ണൻ)വിന്റെ സൌന്ദര്യം വർണ്ണിക്കുന്നു,സ്വപ്നം കാണുന്നു. ഭയവും ലജ്ജയും വിഡ്ഢിത്തവും ചേർന്ന അനുരാഗലക്ഷണമായി കവി അതിനെ വിലയിരുത്തുന്നു. സഖീശിക്ഷാബചനാദിയിൽ(നാലാം ഭാഗം) സഖി കണ്ണന്റെ വിരഹദുഖം രാധയെ അറിയിക്കുന്നു. ആദ്യസമാഗമം എങ്ങനെ വേണമെന്നു പഠിപ്പിക്കുന്നു. ആ വിഷയത്തില് അറിവില്ലായ്മ,ലജ്ജ, ഭയമെന്നിവയാണ് രാധയെ കൃഷ്ണന്റെ സമീപത്തുവരാൻ വിലക്കുന്നത്.
പ്രഥമമിൽനാ (അഞ്ചാം ഭാഗം)യിൽദൂതിക കൃഷ്ണനോട് പറയുന്നു, രാധിക ഭയംവിടാത്ത കുട്ടിയും നീ ചതുരനായകനുമാണ്. നിന്റെ കഴിവും സാമർത്ഥ്യവും മുഴുവനും ആദ്യമേ കാട്ടി അവളെ പേടിപ്പിക്കരുത്. നായാട്ടുകാരനെപ്പോലെ ചാടിവീഴരുത്,പതുക്കെ മൃദുവായി പെരുമാറണം. പ്രഥമസമാഗമരാത്രിമുഴുവനും രാധ കൃഷ്ണൻസമീപിക്കുമ്പോൾഒഴിഞ്ഞുമാറുന്നു.കൃഷ്ണന് തൃപ്തി കിട്ടുന്നില്ല.കവി കൃഷ്ണനെ സമാധാനിപ്പിക്കുന്നു.കൃഷ്ണാ, നീ രതിസാഗരം. അവളോ കല അറിയാത്തവൾ.
പിന്നെ കൃഷ്ണൻ സൂര്യോദയം വർണ്ണിക്കുന്നു. കൃഷ്ണന്റെ താമര മാത്രം മൂടിയിരിക്കയാണ്. നിനക്കെന്തേ ഇത്ര കൽനെഞ്ചം. അതോ,ഒരു കുന്നോളം അഹങ്കാരമോ. ഹരിക്ക് ആനന്ദം തരൂ. പ്രിയേ,അഹങ്കാരം ഉപേക്ഷിക്കൂ,അലിവ് കാട്ടൂ.
കവിയുടെ വസന്തവർണ്ണനക്കുശേഷം രാധ അന്നത്തെ രാത്രിയെ സഖിക്ക് വർണ്ണിക്കുന്നു. കൃഷ്ണന്റെ തിരക്കുപിടിച്ച മദനദാഹമാണ് വിഷയം. അടുത്തുപോകാനാവാത്തത്ര പൊള്ളുന്ന അഗ്നിയാണവനെന്ന് രാധ. ഇത് പ്രഥമാനുരാഗമാണെന്ന് കവിയുടെ കമന്റും. പിന്നെ രാധ കൃഷ്ണനോട് വിളക്കുകെടുത്താനും പതുക്കെ പറയാനും മൃദുവായി മാത്രം സ്പർശിക്കാനും പറയുന്നു. നാൽപ്പത്തൊമ്പതാം ഗാനത്തിൽ സഖി പറയുന്നത് നായാട്ടുകാരനായ സമർത്ഥനായ ഗുരു അവളെ അപരിചിതമായ പാഠങ്ങളെല്ലാം പഠിപ്പിച്ചു എന്നാണ്. കൃഷ്ണൻ വീണ്ടും തന്റെ അടുത്തെത്തിയ രാധയുടെ കാൽക്കലിരുന്ന് തനിക്ക് ആനന്ദം തരാന് പ്രാർത്ഥിക്കുന്നിടത്ത് അഞ്ചാം ഭാഗം അവസാനിക്കുന്നു. അഭിസാരം,വസന്തലീല,മാനം,മാനാന്തേ മിൽനാ, ആക്ഷേപഅനുയോഗ

വിരഹ (മഥുരാഗമനം) പുനർമിൽനാ,രസോദ്ഗാരാ എന്ന് ആറുമുതൽ പതിനൊന്ന് വരെ ഭാഗങ്ങൾ. അപ്പോഴേക്കും രാധയുടെ കാമകലാചാതുര്യം തന്റെ വാക്കുകൾക്കതീതമായെന്ന് കവിവാക്യം (പതിനൊന്നാം ഭാഗത്തിന്റെ അവസാനം).

വിദ്യാപതിയുടെ ചില പ്രത്യേകതകള്

1. പഞ്ചഗൌരീപതിയെ സ്മരിക്കുന്നു. പഞ്ചഗൌഡദേശങ്ങൾ പഞ്ചാബ്,കാനൌജ്,ബംഗാൾ,ദ ർബംഗ,ഒറീസ്സ . പഞ്ചമുഖശിവന്റെ പഞ്ചശക്തികളായും പഞ്ചപ്രകൃതികളായും പഞ്ചഗൌരി കളെ പറയാറുണ്ട്. കാമശാസ്ത്രപരമായ അനംഗരംഗം തുടങ്ങുന്നത് പാർവ്വതിയെ സ്തുതി ച്ചാണ്. ഗൌരിയും, നന്ദിയും (ഋഷഭം) കാമത്തിന്റെ സിംബലുകളാണ്, ആർക്കിടൈപ്പ കളാണ്.
2. രാധ പ്രേമഭാഷ കേൾക്കാനായി കാതു തുറക്കുമ്പോള് കണ്ണടയ്ക്കുന്നു. എല്ലാ ഇന്ദ്രിയങ്ങളും കൊട്ടിയടയ്ക്കുന്നു. ശ്രുതിമാത്രം സദാ തുറന്നിരിക്കുന്ന വേദരൂപിണി –നാദത്തിന്റെ അർദ്ധാം ഗിനിയാണ്.
3. സ്വകീയനായികയാണ്,പരകീയയല്ല.
4. ബാലയാണ്,ചതുരനായികയല്ല.
5. കവി ഉപയോഗിക്കുന്ന ഭാഷ സംസ്കൃതമല്ല, മൈഥിലിയാണ്.
   ഇവ ജയദേവനിൽനിന്ന് വിദ്യാപതിയെ വേർതിരിക്കുന്നു. എന്നാലും നായികാനായകന്മാരു ടെ വർണ്ണന, കാവ്യഘടന, കാമശാസ്ത്രപരമായ പാണ്ഡിത്യം ഇവയില് ജയദേവസമ്പ്രദായം തന്നെയാണ്.ആനന്ദകുമാരസ്വാമി മദ്ധ്യകാലക്രൈസ്തവകരോളുകളില് ക്രിസ്തു മനുഷ്യാത്മാ ക്കളെ രാസലീലക്കു ക്ഷണിക്കുന്നത് കൃഷ്ണന്റെ രാസലീലക്കു സമമാണെന്നു ചൂണ്ടിക്കാട്ടുന്നു. Tomorrow will be my dancing day എന്ന കരോള് , രാസലീലയുടെ Exact equivalent എന്നാണദ്ദേഹം പറഞ്ഞിരിക്കുന്നത്.
   വിദ്യാപതിയുടേയോ ജയദേവന്റേയോ ചണ്ഡീദാസിന്റേയോ പോലെയല്ല,കബീറിന്റെ കവി ത. അതിൽ സ്ത്രീകളുടെ അവയവവർണ്ണനയില്ല,കാമലീലകളില്ല. ആചാരങ്ങളുടെ പേരി ൽകാണിക്കുന്ന വിഡ്ഢിത്തങ്ങൾ, ഹിന്ദു-തുർക്കികളുടെ മണ്ടത്തരങ്ങള് ഇവ ധൈര്യപൂർവ്വം ചൂണ്ടിക്കാട്ടുന്ന ചങ്കുറപ്പ്, താൻശ്രീരാമന്റെ വധുവാണെന്ന ഭാവം, ഹനുമാനെപ്പോലെ രാമ നിലുള്ള ഉറച്ച ഇഷ്ടദേവതാനിഷ്ഠ, ഇവ കാണാം.കബീറിന് ശങ്കരാചാര്യരുടെ അദ്വൈത ത്തോടാണ് കൂടുതലും സാദൃശ്യം. പാണ്ഡിത്യം. ഡുകൃഞ്കരണേ ..ഭജഗോവിന്ദം.. എന്നുപ റഞ്ഞു കൊണ്ടുതന്നെ ഭാഷ്യരചന, സൌന്ദര്യലഹരിപോലുള്ള മനോഹരകവിതാരചന- ശങ്കരന്റെ ഈ മാർഗ്ഗത്തോടാണ് കബീറിനു സാമ്യം. കബീറിന്റെ കവിതകൾകുറച്ചെണ്ണം ഇതിൽചേർത്തിരിക്കുന്നത് താരതമ്യപഠനത്തിനുവേണ്ടിയാണ്. ഇതിൽച്ചേർത്തവ അ ർജ്ജുൻസിംഗിന്റെ തെരഞ്ഞെടുപ്പാകയാല് സിക്കുമതസ്ഥർക്കും സ്വീകാര്യമായ കവിത കളാണ്. മതമൈത്രി,ഐക്യം,അദ്വൈതം മുതലായ സന്ദേശങ്ങൾക്ക് കബീർക്കവിതകളുടെ ഈ തെരഞ്ഞെടുപ്പും സഹായകമാണ്.

നാരായണതീർത്ഥരുടെ ശ്രീകൃഷ്ണലീലാതരംഗിണി

ജയദേവന്റെ അഷ്ടപദിയോട് താരതമ്യം ചെയ്യേണ്ട കൃതിയാണ് നാരായണതീർത്ഥരുടെ കൃഷ്ണലീലാതരംഗിണി. രണ്ടും 12 സർഗ്ഗം (തരംഗം) വീതമുള്ളത്. രണ്ടും ശ്രീകൃഷ്ണവിഷയം. രണ്ടും സംസ്കൃതകാവ്യം.എന്നാൽതാരതമ്യം അവിടെ നിൽക്കുന്നു. കാവ്യഭംഗി,പ്രാസഭംഗി, അലങ്കാരപ്രയോഗം,പദലാളിത്യം,ഔചിത്യബോധം, സംഗീതാവിഷ്കരണം ഇവയിലൊന്നും നാരായണതീർത്ഥരുടെ കൃതി ജയദേവനേക്കാള് പിന്നിലല്ല. മുന്നിലാണെന്നുപറയാവുന്ന എത്രയോ സന്ദർഭങ്ങളുണ്ട്. സാഹിത്യത്തിലും കവിത്വത്തിലും ജയദേവന്റെ സമശീർഷനാണ് നാരാണതീർത്ഥർ. ഉപനിഷദവും ഭാഗവതപ്രധാനവുമായ കൃഷ്ണതത്വത്തെ ഭക്തിസമ്പ്രദായത്തി ൽ ഉൾക്കൊണ്ട പരമഹംസനാണദ്ദേഹം. അദ്ദേഹത്തിന്റെ കാവ്യത്തിൽ കാമശാസ്ത്ര,സാമുദ്രികശാസ്ത്രപരമായ പാണ്ഡിത്യപ്രകടനം ഒട്ടുമില്ല. ഇക്കാര്യത്തിൽ കൃഷ്ണലീലാതരംഗിണി അഷ്ടപദി എന്ന ഗീതഗോവിന്ദത്തേക്കാള് എത്രയോ മികച്ച കൃതിയാണ്.അതിന്റെ കർത്താവ് ജയദേവനെന്ന പണ്ഡിതകവിയേക്കാള് എത്രയോ മികച്ച ഭക്തകവിയുമാണ്. കൃഷ്ണലീലാതരംഗിണിയിലെ 6,7,8 തരംഗങ്ങള് ഗോപികമാരും കൃഷ്ണനും തമ്മിലുള്ള ലീലാവിലാസങ്ങളാണ്. ആ മൂന്നു തരംഗങ്ങൾ ജയദേവനുമായി താരതമ്യപ്പെടുത്തി വായിച്ചുനോക്കിയാൽ ഈ പറയുന്നത് വ്യക്തമാകും. വായനക്കാർക്ക് പരിചയത്തിനായി ആ മൂന്നു തരംഗങ്ങളും ഈ ഗ്രന്ഥത്തിൽ പൂർണ്ണമായി ചേർത്തിരിക്കുന്നു.

1. മററു കവികളെപ്പോലെ ജയദേവനും കൈകൊണ്ട് ഒരു പ്രവൃത്തിയും ചെയ്യാത്ത പ്രകൃതക്കാരനായിരുന്നു. ഒരിക്കൽ അമ്മാവന് ഇതിനു ശകാരിച്ചു. അയം (ഞാൻ) ഈശ്വരനാണെന്നും ആ ഈശ്വരനെക്കുറിച്ച് കവിത സൃഷ്ടിക്കാൻ സൃഷ്ടിക്കപ്പെട്ടവനാണെന്നും പറഞ്ഞ് ജയദേവന് ശ്ലോകം പാടി. അയം ഭീരു എന്നപദം (കൃഷ്ണ,ഗോവിന്ദ) മുതലായ പര്യായപദങ്ങളൊന്നുമില്ലാതെ കൃഷ്ണനെ നിർദ്ദേശിച്ചുകൊണ്ട് നന്ദഗോപൻ ഇതിലാണ് പറഞ്ഞിരിക്കുന്നത്. കാളിദാസന്റെ കുമാരസംഭവത്തിൽ (5) അയം ജനപ്രഹൃഷ്ടമനാ തപോധനേ എന്നതിനോട് ഇതിനെ പണ്ഡിതന്മാര് താരതമ്യം ചെയ്തിട്ടുണ്ട്.

നന്ദഗോപന്റെ അനുനയവാക്യമോ തത്വോക്തിയോ ഗോപോക്തിയോ ആയെടുക്കാം. രാധേ ത്വം ഏവ എന്ന തത്വോക്തി പലരും സ്വീകരിക്കുന്നു. നീയല്ലാതെ അവനെ ഗൃഹസ്ഥാശ്രമധർമ്മം പഠിപ്പിക്കാന് (ഗൃഹം പ്രാപയ) മററാരുമില്ല , അർഹയല്ല എന്ന് പുത്ര വധൂസ്വീകാരം. മേഘങ്ങൾ, വനഭൂമി,നക്തം, യമുനാകൂലം,അയം(ഈശ്വരൻ), രാധ (ഹ്ലാദിനീ ശക്തി) എന്ന് മന്മഥാവസ്ഥക്ക് അനുകൂലമായ എല്ലാമുണ്ട്. ഇവ താപസാവസ്ഥക്കും (യോ ഗം) അനുകൂലമാണ്. ഉദ്ദീപന,ആലംബനഅനുഭവങ്ങളാൽ സ്ഥായിഭാവമായ ശൃംഗാരത്തെ ഇവ പോഷിപ്പിക്കുന്നു.

2. ഈശ്വരന്റെ ഉപചാരങ്ങളിൽ (ഛത്രം ധാരയാമി,ചാമരം വീജ്ജയാമി, ഗീതവാദ്യനൃത്തം പ്രദർശയാമി) ഗീതവാദ്യനൃത്തപ്രദർശനമാണ് ജയദേവനും പത്മാവതിയും ചെയ്യുന്നത്. രാജസന്നിധിയിലും ക്ഷേത്രസന്നിധിയിലും അവരത് ചെയ്യുന്നുണ്ട്.പത്മാവതിയോട് ജയദേവന് ഭഗവതീപ്രതിപത്തി യാണുള്ളത്. വസുഭി ദീപ്യതാ ഇതി വാസുദേവ . (വസുവിനാൽ ശോഭിക്കുന്നവൻ), തസ്യ അപത്യം വാസുദേവ (വസുദേവപുത്രൻ), കൃഷ്ണപുത്രനായ (ഭക്തന് പുത്രസ്ഥാനം) വാസുദേവനാണ് പത്മാവതീചരണചാരണചക്രവർത്തി ജയദേവന്.

പ്രേമം മനുഷ്യനെ സഹജമായി അദ്വൈതാവസ്ഥയിലെത്തിക്കുന്നു. സുഖദുഖ ഭേദമില്ലാത്ത ,ലിംഗഭേദമില്ലാത്ത, ജയാപജയങ്ങളില്ലാത്ത അദ്വൈതാവസ്ഥയി ലാണ് ഹൃദയം വിശ്രാന്തിയടയുന്നത്. വാർദ്ധക്യം ആ ആനന്ദാനുഭവത്തെ ബാധിക്കുന്നില്ല.കാലത്താൽഎല്ലാ ആവരണങ്ങളും നീങ്ങി ,നിരാവരണമായി, പക്വതപ്രാപിച്ച സ്നേഹസാരമായ അവസ്ഥ സുമാനുഷർക്ക് ഒരിക്കലെങ്കിലും ലഭിക്കുന്നു (ഭവഭൂതി .ഉത്തരരാമചരിതം)

അദ്വൈതം സുഖദുഖയോരനുഗതം

സർവ്വസ്വവസ്ഥാസു യദ്വവിശ്രാമോ

കാലേനാവരണാന്യയാത് പരിണതേ

യത് സ്നേഹസാരേ സ്ഥിതം ഭദ്രതസ്യ

സുമാനുഷസ്യ കഥമപ്യേകം ഹിതത് പ്രാപ്യതേ

രാധാകൃഷ്ണന്മാരുടെ അലൌകികപ്രേമാവസ്ഥയുടെ സഹജാനുഭൂതിയായി അദ്വൈതാവസ്ഥയെ അറിയുവാൻ ഭക്തിയോഗം വേണം. സംസാരത്തിൽനിന്ന് നിർവ്വാണത്തിലേക്ക് രണ്ടുവഴികളുണ്ടെന്ന് ഭർത്തൃഹരി പറഞ്ഞു. ഒന്ന് സത്യാന്വേഷിയായ ഋഷിയുടെ വഴി.മറ്റൊന്ന് പ്രേമാന്വേഷിയായ സുന്ദരിയുടെ വഴി.

സംസാരേസ്മിൻ അസാരേ പരിണതി തരളേ ദ്വേ ഗതി പണ്ഡിതാനാം

തത്വജ്ഞാനാമൃതാംബാപ്ലുതലളിതധിയാം യാതുകാലാകദാചിത്

നൊചെൻമുഗ്ദ്ധാനനാനാം സ്തനജഘനഘനഭോഗസംഭോഗിനീനാം

സ്ഥൂലോപസ്ഥലിഷുസ്ഥഗിതകരതലസ്പർശലോലോധ്യതാനാം

പ്രണയിനിയുടെ അംഗങ്ങളെ ആത്മീയമുദ്രകളായി ധ്യാനിക്കുന്നതാണ് ഇപ്പറഞ്ഞ രണ്ടാമത്തെ വഴി. കെട്ടിവെച്ച മുടിയെ സംയമിത എന്നും ചെവിയെ ശ്രുതി എന്നും ദന്തത്തെ ദ്വിജമെന്നും മാറിടത്തെ മുക്തന്മാരുടെ (മുത്തുകളുടെ)വിശ്രാന്തിസ്ഥാനമെന്നും ധ്യാനിക്കുന്നു. ഇങ്ങനെയുള്ള പ്രയോഗം സാന്ധ്യഭാഷയാണ്. യോഗികളും, സെൻബുദ്ധിസത്തിലെ ഗുരുക്കന്മാരും ,സിദ്ധന്മാരും കവികളും അനുരാഗികളും സാന്ധ്യഭാഷ ഉപയോഗിക്കുന്നു. ഗീതഗോവിന്ദം സാന്ധ്യഭാഷയിലെഴുതപ്പെട്ട കാവ്യമാണ്. പ്രേമാനുഭവം യോഗാനുഭവമായും, പ്രേമികളുടെ സഹജസുഖാനുഭവം അദ്വൈതിയുടെ ബ്രഹ്മാനുഭവമായും ഇതിൽകാണാം.സരസവും സരാഗവും ഏകാഗ്രവുമായ പ്രേമത്തിലൂടെ രസാനുഭവവും ബ്രഹ്മാനുഭവവും ഒന്നാവുന്നു. രസികരും യോഗികളും ഒന്നാവുന്നു.

നിഗമകൽപ്പതരോർഗലിതം ഫലം

ശുകമുഖാദ് അമൃതദ്രവസംയുതം

പിബതഭാഗവതംരസംആലയം

മുഹർഅഹോ രസികാ ഭുവി ഭാവുകാ (ഭാഗവതപുരാണം).

മധുരഭക്തിരസത്തിന് മൂന്നുവിധരതി കാരണമാകുന്നു.

1.സാധാരണീരതി. അവനവന്റെ സുഖത്തിനും സന്തോഷത്തിനും വേണ്ടി

2. സമഞ്ജസരതി .രണ്ടുപേരുടേയും സുഖത്തിനുള്ളത്

3.സമർത്ഥാരതി .നിസ്വാർത്ഥമായി പ്രിയന്റെ(പ്രിയയുടെ)സുഖത്തിനായി സ്വയം അർപ്പിക്കുന്നത്. രാധാകൃഷ്ണന്മാരുടെ സമർത്ഥാരതിയാണ്.

പ്രേമത്തിലൂടെ ഈശ്വരനെ പ്രാപിക്കുന്ന രീതി ഒരുവിധം വാമാചാരമാണ്. പുരുഷന്റെ വാമ(ഇടത്തു)ഭാഗമായ സ്ത്രീയിലൂടെ പ്രാപിക്കുന്നത് എന്ന് ഒരർത്ഥം.വാമ എന്നാൽ സുന്ദരി(ത്രിപുരസുന്ദരി).സുന്ദരിയിലൂടെ പ്രാപിക്കുന്നത് എന്ന് രണ്ടാമത്തെ അർത്ഥം. താന്ത്രികമായി മദ്യം,മാംസം,മദിര ഇവയെയെല്ലാം സ്പർശിക്കലും സ്ത്രീസ്പർശമാണ്. പ്രേമത്തിന്റെ മദ്യവും,സ്ത്രീശരീരമെന്ന മാംസവും ആണ് സ്പർശിക്കുന്നത്. വൈദികീഭക്തിയിൽയജമാനപത്നിയുടെ സ്ഥാനമാണ് രാഗാനുരാഗഭക്തിയിൽ, പ്രിയതമയ്ക്ക്. സുഭാഷിതരത്നകോശത്തിൽ,പ്രേമപൂജയെക്കുറിച്ച് വല്ലനൻ പറയുന്നു.

യാ ച്യോ ന കശ്ചനഗുരു പ്രതിമാ ച കാന്താ

പൂജാവിലോകനവിഗ്രഹന ചുംബനാനി

ആത്മാനിവേദ്യം ഇതരവ്രതസാരജേത്രിം

വന്ദാമഹേ മകരകേതനദേവദീക്ഷാം

പ്രേമപാഠം സ്ത്രീപുരുഷന്മാർപരസ്പരം ഗുരുവായി അഭ്യസിപ്പിക്കുന്നു. മറ്റൊരു ഗുരുവിന്റെ ആവശ്യമില്ല. രാധാകൃഷ്ണന്മാർപരസ്പരം ഗുരുക്കന്മാരാണ്. പ്രതിമ വേണ്ട. ഇണയുടെ ശരീരമാണ് പ്രതിമ. ആലോകനം,ആലിംഗനം,ചുംബനം , സ്വയം നിവേദിക്കൽ(ആത്മനിവേദനം)എന്നിവ പൂജാവിധികൾ. മത്സ്യക്കൊടി ധരിച്ച മകരധ്വജന്റെ ദീക്ഷ.പൂജ,എല്ലാം ഇങ്ങനെ സാധാരണപൂജാവിധികളിൽനിന്ന് വ്യത്യസ്തമാണ്. ആര് എന്ത് ആയുധം പ്രയോഗിക്കുന്നുവോ, കൃഷ്ണൻഅതായി തന്മയീഭവിക്കുന്നു. അതിനാൽ,അനംഗൻ,കൃഷ്ണരൂപം ഇഛിച്ച്, രാധയുടെ അംഗങ്ങളുടെ രൂപത്തിൽകൃഷ്ണനോട് തന്മയീഭവിച്ച് കൃഷ്ണസ്വരൂപം നേടി.

1. സ്തനങ്ങൾ-പ്രേമോത്സവത്തിന് കലശങ്ങൾ
2. കണ്ണുകൾനീലത്താമരപോലെ ഉന്മാദനബാണം
3. അധരങ്ങൾബന്ധൂകപുഷ്പം രക്താകർഷണബാണം
4. മേഘസദൃശമായ മുടി ,കരിവണ്ടുപോലെ അളകങ്ങൾ.
5. തുടകൾപ്രേമമെന്ന ഗജരാജൻവസിക്കുന്ന ഗുഹ
6. ധനുസ്സുപേലെ പുരികം കാമന്റെ വില്ല്
7. കടാക്ഷം കാമബാണം
8. ചെവിയുടെ വളഞ്ഞ ഭാഗം മുറുക്കിയഞാൺ.
9. നഖങ്ങൾബാണങ്ങൾ.
10. കവിൾമധൂകപുഷ്പം
11. മൂക്ക് എള്ളിൻപൂവ്
12. പല്ല് മുല്ലപ്പൂവ്

    ഇങ്ങനെ പന്ത്രണ്ട് അംഗങ്ങളെ കാമൻആയുധമാക്കി. മന്മഥയുദ്ധത്തിൽരാധയുടെ ആദ്യംപറഞ്ഞപഞ്ചാംഗങ്ങളാൽത്തന്നെ കാമൻകൃഷ്ണനെ ജയിച്ചുവത്രെ. രാധയുടെ സ്വർണ്ണവർണ്ണമായ മാറിൽതന്റെ മേഘശ്യാമവർണ്ണം പ്രതിഫലിച്ചുകണ്ട് വീണ്ടും വീണ്ടും നോക്കുന്ന കൃഷ്ണനെ രാധപരിഹസിച്ചുചിരിച്ചപ്പോള്,ലജ്ജിച്ചു ചിരിച്ച്തല കുനിക്കുന്ന ഹരിയെ സുഭാഷിതരത്നകോശം വരച്ചുകാട്ടുന്നു.

    കനകനികഷസ്വേഛേ രാധാപയോധരമണ്ഡലേ
    നവജലധരശ്യാമം ആത്മദ്യുതിം പ്രതിബിംബിത
    അസിതവിചയപ്രാന്തഭ്രാന്ത്യാ മുഹർമുഹർഉത്ക്ഷിപൻ,
    ജയതി ജനിതവ്രീഥാ നമ്രപ്രിയാഹസിതോ ഹരി

രതിക്രീഡാനന്തരം എഴുന്നേൽക്കുന്ന രാധയുടെ കാന്തികണ്ട് വീണ്ടും അവളെ ആശ്ളേഷിക്കുന്ന കൃഷ്ണനേയും ഈ ഗ്രന്ഥം വിഭാവനം ചെയ്യുന്നു.

ഉത്തിഷ്ഠന്ത്യാ രതാന്തേഭരം ഉരഗപടൌപാണിനൈകേനകൃത്യാ
ധൃത്വാചാന്യേനവാസോ വിഗലിതകബരീഭാരം അംശം വഹന്ത്യാ
ഭൂയസ്തത്കാലകാന്തിദ്വിഗുണിതസുരതപ്രീതിനാശൌരിനാ വാ
ശയ്യാം ആലംബ്യനീതം വപുർഅലസലസദ്ബാഹുലക്ഷ്മ്യാ പുനാതു

സ്മിതം,ഭാവം,ലജ്ജ,ധീ,(ബുദ്ധി),പരാന്മുഖം,കടാക്ഷം,വാക്ക്,ഈർഷ്യാകലഹം(പരിഭവം),ലീല എന്നിങ്ങനെ സർവ്വഭാവങ്ങളാലും സ്ത്രീ പുരുഷമനസ്സിനെ രാഗബദ്ധമാക്കുന്നതായി ഭർത്തൃഹരി പറയുന്നു. ജയദേവന്റെ രാധ കൃഷ്ണനെന്ന പരമപുരുഷന്റെ മനസ്സിനെ പൂർണ്ണാനുരാഗബദ്ധമാക്കിയ സമ്പൂർണ്ണസ്ത്രീത്വത്തിന്റെ പ്രതീകമാണ്. അഥർവ്വവേദപ്രകാരം മേൽപ്പറഞ്ഞ അംഗങ്ങളോ,ഭാവങ്ങളോ ഒന്നും ആവശ്യമില്ല. നിരന്തരമായ സ്മരണം ഒന്നുകൊണ്ടുതന്നെ സ്ത്രീയിലേക്ക് പുരുഷൻആകർഷിക്കപ്പെടുന്നു. അഥർവ്വത്തിലെ ആ മന്ത്രം ഇതാണ്.

രഥജിതാം രാഥജിതേയിനാം
അപ്സരസാം അയംസ്മര
ദേവാപ്രഹിനുതസ്മരം അസൌമാം അനുശോചതു
അസൌ മേ സ്മരതാദിതി പ്രിയോമേ സ്മരതാദിതി

ഈ സ്മരൻരഥത്തെജയിക്കുന്നവരും ,രഥത്തെജയിക്കുന്നവർക്കു സ്വന്തമായവരുമായ അപ്സരസ്സുകളുടേതാണ്. ദേവന്മാരേ,സ്മരനെ അയക്കുക. എനിക്കായി എന്റെ പ്രിയതമൻതപിക്കട്ടെ. എന്നെ ഓർക്കട്ടെ. ഇതിന്നുസമാനമായി പുരുഷൻസ്മരിക്കുന്നമന്ത്രം ബൃഹദാരണ്യകോപനിഷത്തിന്റെ അവസാനഭാഗത്തുണ്ട്. (സുധാസിന്ധുവിൽ അത് പരാമർശിച്ചു.)രാഥ്,രാഥസ്സ്(രാധസ്സ്) എന്ന ധാതുവിന് പൂർണ്ണത,വിജയം, ഐശ്വര്യം എന്ന് വേദത്തിൽഅർത്ഥം. ഇന്ദ്രനെ വേദം രാഥസ്പതി(രാധസ്പതി)എന്നുവിളിക്കുന്നു.രാഥജിത്ത് എന്ന പദം നോക്കുക. പൂർണ്ണൈശ്വര്യവാനും വിജയശ്രീലാളിതനുമായി യുഗധർമ്മപാലനത്തിനായി അവതരിച്ച കൃഷ്ണനെ സദാ സ്മരിക്കുന്ന രാധ ,കൃഷ്ണനെന്ന യജ്ഞപുരുഷന് ദേവകൾനൽകുന്ന ദക്ഷിണയായ (ദൈവീമേധ)സാരസ്വതമാണ്. അപ്സരസ്സുകൾ ആകാശം ,ജലം,സരസ്സ്,വൃക്ഷലതാദികൾഇവയോട് സംബന്ധപ്പെട്ട ഉർവ്വരദേവതകളാണ്. സംഗീതം,നൃത്തം,സാഹിത്യം മുതലായ 64 കലകളും അവരുടേതാണ്. യജ്ഞത്തിൽപൂർണ്ണപുരുഷനായ സർവ്വജ്ഞപുരുഷനുള്ള ദക്ഷിണയായ അപ്സരസ്സിലാണ് ദൈവീമേധയും സർവ്വജ്ഞതയും ഇരിക്കുന്നത്. വേദാന്തത്തിലെ സരസ്വതി,അപ്സരസ്സുകൾക്ക് ഈശ്വരിയായ ദൈവീമേധയാണ്. ഉർവ്വശി നാരായണർഷിയുടെ തുടയിൽനിന്ന് (അയ്യപ്പനെപ്പോലെ)ജനിച്ചപുത്രിയാണ്. രഥന്തരസാമം ദേവിയാണ്,ബൃഹദ്സാമമെന്ന വിഷ്ണുവിന്റെ ഇണയാണ്. ദേവീഭാഗവതത്തിൽസരസ്വതിയും രാധയും ഒന്നാണ്. നദീജലദേവത,ഉർവ്വരദേവത,പ്രകൃതി,ഐശ്വര്യദേവത,കാവ്യദേവത,വിജയലക്ഷ്മി എന്നൊക്കെ വിളിക്കാവുന്ന ദേവി. ഭാഗവതത്തിൽരാസലീലക്കുപോകാനനുമതികിട്ടാത്ത ഗോപി വീട്ടിലിരുന്ന് സ്മരണകൊണ്ട് കൃഷ്ണസായൂജ്യം നേടിയതായി പറയുന്നു. അതും അഥർവ്വപരമായി നേരത്തെ ഉദ്ധരിച്ച മന്ത്രവും താരതമ്യപ്പെടുത്തുക. (ഈ ഗോപികയാണ് മീരയായി ജനിച്ചതെന്നാണ് വിശ്വാസം). ശരീരം(രൂപം) കൊണ്ടല്ല, മനസ്സിലെസ്മരണംകൊണ്ടാണ് ഇവിടെ ആകർഷണം. സ്മരണം അനംഗമാണ്. ശരീരാതീതമായ ആകർഷണമാണ്. ദൈവീകമാണ്.അത്തരം അലൌകികപ്രേമാനന്ദത്തെ ജയദേവനടക്കമുള്ള അനേകം കവികൾഎന്തുകൊണ്ട് ശരീരാടിസ്ഥാനത്തിൽ(രൂപാടിസ്ഥാനം)കണ്ടു. കവി മനുഷ്യന്റെ പരിമിതികളുള്ളവനും പരിമിതി അറിയുന്നവനുമാണ്. ആത്മാംശം ചേരുന്നു എന്നതാണ് ഒരു കാരണം. സാന്ധ്യഭാഷയാണ് മറ്റൊരുകാരണം. സ്മരണ(ഓർമ്മ)അറിവിന്റെ (വിജ്ഞാനം Cognition)മാത്രമല്ല, കാവ്യം,ഭക്തി, തന്മയത, മനനശീലം ഇവയുടെയൊക്കെയും ആധാരശിലയാണ്. ഭക്തർഇഷ്ടദേവതയെ, പ്രേമി ഇണയെയെന്ന പോലെ ഇടതടവില്ലാതെ സ്മരിക്കുന്നു. ഭക്തനും പ്രേമിയും കവിയും ഗായകനുമായി ഉദാത്തമധുരകാവ്യങ്ങളും ഗാനങ്ങളും സൃഷ്ടിക്കുന്നു. ജയദേവൻഒരേസമയം കവിയും പത്മാവതിയെ പ്രേമിക്കുന്നവനുമാണ്. സ്വാഭാവിക

മായും ജയദേവന്റെ കാവ്യത്തിൽകാണുന്നത് ആത്മാംശമാണ്. The lovesick take pleasure in talking ,writing,composing verses about the beloved. The recollection make their affection perceptible.(Aristotle). വിരഹവേദനയും ഓർമ്മയിലെ മധുരവും ചേർന്ന് കാവ്യവും രസാനുഭവവും സംഭവിക്കുന്നു.
ഒറീസ്സയിലെ ജഗന്നാഥക്ഷേത്രത്തിലെ യോഗിനീസമ്പ്രദായത്തില്,ഗീതഗോവിന്ദം ഒരു താന്ത്രികഗ്രന്ഥമാണ്. ഹൃദയചക്രത്തിൽളുണിന്റെ ആകൃതിയില് സ്ഥാപിച്ച നാലാമത്തെ അനാഹതപത്മത്തിന്റെ സാക്ഷാത്കാര മാണ് മഹാഭാവം അഥവാ രാധാഭാവം. അനന്താനന്ദസാക്ഷാത്കാരം അനാഹതത്തിലേ ചൈതന്യസാ ക്ഷാത്കാരംകൊണ്ടേ പൂർത്തീകരിക്കയുള്ളൂ. രാധ അനാഹതത്തിലെ പ്രേമപ്രകാശമാണ്. കരുണാസാഗരമാ ണ്. അതിനാൽ സുദർശനമായ ശ്രീചക്രമാണ്,യോഗിനീസമ്പ്രദായത്തിൽ. കുണ്ഡലിനിയുടെ ഉണർച്ചയില് അനാഹതം ഉണരുന്നതിനെയാണ് മൈഥുനമെന്നു വിളിക്കുന്നത്. ഭ്രാമരീമുദ്രയിൽ നാവിന്റെ അഗ്രം താലു വിൽതൊട്ട് കപാലദ്വാരത്തിലൂടെ അമൃതരസപാനം ചെയ്യുന്നതും മൈഥുനമാണ്. ഇതും ഒരു സാന്ധ്യ ഭാഷ യാണ്. വളരെ ഗ്രാമ്യമായ സാന്ധ്യഭാഷയിലാണ് താന്ത്രികർ ചിലപ്പോള് സംവദിക്കുക.

മാതൃയോനൗ ലിംഗം ക്ഷിപ്ത്വാ
ഭഗിനീസ്തനമർദ്ദനം
ഗുരോർമൂർദ്ധ്നിപാദം ദത്വാ
പുനർജന്മം ന വിദ്യതേ

എന്നമട്ടിൽ. ഇങ്ങനെ പ്രവർത്തിക്കുന്നവനേ പുനർജന്മം ഇല്ലാതാവൂ എന്നുപറയുന്നത്,കാക്ക മലർന്നു പറക്കുംകാലത്തേ പുനർജന്മം(സംസാരബന്ധം)ഇല്ലാതാവൂ എന്നു പറയലുമാണല്ലോ.
സാന്ധ്യഭാഷയിൽ മാതൃയോനി മൂലാധാരം. ലിംഗം മനസ്സ്. ഭഗിനീസ്തനങ്ങൾ അനാഹതവും ആജ്ഞാച ക്രവും. ഗുരുമൂർദ്ധാവ് സഹസ്രാരം. ഇവയെല്ലാം ഉണർന്നാലേ മുക്തിയുള്ളൂ എന്ന് അർത്ഥം. പരസ്പരപൂര കങ്ങളായ രണ്ടെണ്ണത്തിന്റെ സംയോഗമാണ് മൈഥുനം. ശിവശക്തി, രാധാകൃഷ്ണ,ബ്രഹ്മപ്രകൃതിലയമായും (ആത്മീയവാദി),കുണ്ഡലിനി ഉണർച്ചയായും (നാഡീപരം),സ്ത്രീപുരുഷസംയോഗമായും(സംസാരികൾ) ആകാശം ഭൂമി,രാപ്പകലുകളെന്നിവയുടെ സന്ധിയായും ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതെല്ലാം ചേർന്നതിനും അതീതമാണ് വാസ്തവത്തിൽ അത്. കുണ്ഡലിനി എന്ന നാഗനന്ദിനിയായി രാധയും, സഹസ്രാരപത്മത്തി ലെ ഗുരുരൂപമായി കൃഷ്ണനും വെവ്വേറെയല്ല,ഒന്നാണ്. രാധ ചലനശക്തി, കമ്പനം ചെയ്യുന്ന സംവേദനാരൂപ മായ വാക്ക്. കൃഷ്ണൻ അചഞ്ചലമായി സർവ്വവും തന്നിലുൾക്കൊള്ളുന്ന പ്രലയരൂപമായ ബ്രഹ്മം. ശക്തിയും ശിവവും ചേർന്നതാണ് രാധാകൃഷ്ണരൂപം. ഭക്തിമാർഗ്ഗത്തില് താന്ത്രികമായ യോഗമാർഗ്ഗം ഇങ്ങനെ ഉൾച്ചേ ർന്നിരിക്കുന്നു. ശുദ്ധപ്രേമമാണ് ഭക്തി. ഇത് കൂടാതെ ഈശ്വരസംയോഗം (തന്മയത)സാദ്ധ്യമല്ല.
രാധാകൃഷ്ണന്മാരുടെ സ്ഥൂലമായ മൈഥുനം മനസ്സിൽ ലീലാരൂപമായി ഭാവന ചെയ്യുന്നതുകൊണ്ടും ,സാധാര ണക്കാരെ പതുക്കെ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കാമെന്ന വിശ്വാസമാണ് അഷ്ടപദിപോലുള്ള കാവ്യരചനക്ക് ആധാരം. ഗാനനൃത്തനൃത്യനാടകരൂപത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും ജ്ഞാനം പകരാനാണിത്. ദേവീദേവന്മാരുടെ രൂപങ്ങളെ ഒന്നിച്ച് ധ്യാനിക്കുന്ന രീതിയാകയാൽ രാധാകൃഷ്ണധ്യാനം (ശിവശക്തിപോലെ)സഹജീയമാണ്. (മനുഷ്യസഹജവുമാണ്). ഏതെങ്കിലുമൊരു പുരുഷന് ഏതെങ്കിലുമൊ രു സ്ത്രീയിൽ സാക്ഷാത്കരിക്കപ്പെടുന്ന ആനന്ദാനുഭവം പരമാനന്ദാനുഭവമല്ല. എല്ലാം കൊണ്ടും തനിക്കനുരൂ പമായ ഇണയിൽ സാക്ഷാത്കരിക്കുമ്പോളാണ് പരമാനന്ദാനുഭവം. പരമപുരുഷന്റെ അനുരൂപയാകാൻ സ്ത്രീ യും ആ വിഭൂതികളുള്ളവളാവണം. അനുരൂപമെന്ന വാക്ക് ശ്രദ്ധേയം. പരസ്പരം തന്മയീഭവിക്കുന്ന അദ്വൈത ത്തി ൽ, ഉടലും മനസ്സും ബുദ്ധിയും ആത്മാവും അനുരൂപമാവണം. തന്ത്രത്തിലും സംസാരത്തിലും തനിക്ക നുരൂപമായ ഇണയെ സ്ത്രീയും പുരുഷനും തെരഞ്ഞെടുക്കുന്നു. ജയദേവനെന്ന കവി തനിക്കനുരൂപയായ പത്മാവതിയെ സാധനാപൂർത്തിക്കായി ഇണയായി സ്വീകരിക്കുന്നു എന്ന് തന്ത്രഭാഷയില് പറയാം. പത്മം ലക്ഷ്മിക്കും ബ്രഹ്മാവിനും സരസ്വതിക്കും യോനിയാണ്.വിഷ്ണുവിന്റെ നാഭീപത്മവും ,കയ്യിലെ കേളീപത്മവും , പത്മവ്യൂഹംപോലെ അനേകബ്രഹ്മാണ്ഡം ചേർന്ന മഹാപ്രപഞ്ചസൃഷ്ടിയും ഇങ്ങനെ സാന്ധ്യഭാഷയില് അറിയേണ്ട സിംബലുകളാണ്. സിംബൽ അഥവാ മുദ്രയെക്കുറിച്ച് ലീ സീഗെല് എഴുതുന്നു. A symbol is

revealing, yet concealing something ,interpreted consciously and unconsciously,leads beyond the grasp of reason and beyond human understanding. (Profane dimensions of Love in Indian Tradition as exemplified in the Gitagovinda of Jayadeva. Lee Siegel).

വിഷ്ണുവിന്റെ നാഭീപത്മത്തിൽ ഒരിടത്ത് സത്യാന്വേഷിയായ ബ്രഹ്മർഷി സത്യമായ അമൃതം (ആയുർമധു) നുകരുന്നു. മറ്റൊരിടത്ത് വിയർപ്പുകലർന്ന അമൃതം (ശാരീരികം) കുടിച്ച് സംസാരികളായ തേനീച്ചകളും വിശപ്പുമാറി തൃപ്തരാകുന്നു. ഒരേ നാഭീപത്മത്തിലാണ് അമൃതവും മൃതവും,നിർവ്വാണവും സംസാരവും ഇരിക്കുന്നത്.

ഉപാലഭ്യോനായം സകലഭുവനാശ്ചര്യമഹിമാ
ഹരേർനാഭീപത്മം പ്രഭവതി ഹി സർവ്വത്ര നിയതി
യദ് അത്രൈവ ബ്രഹ്മാ പിബതി നിജം ആയുർമധു പുനര്
വിലുമ്പന്തി സ്വേദാധികം അമൃതഹൃദ്യം മധുലിഹാ (സുഭാഷിതരത്നാകരം)

യോഗികൾക്ക് സാന്ധ്യഭാഷയില് പത്മം സ്ത്രീയോനിയുമാണ്.

ബീജം ബ്രഹ്മൈവ ദേവോ മധുജലനിധയാ കർണ്ണികാസ്വർണ്ണശൈലാ
കന്ദം നാഗാധിരാജോ വിയദ് അതിവിപുലാപത്രകോശാവകാശാ
ദ്വീപാ പത്രാനി മേഘാ മധുപകുലം അമുസ്താരകാഗർഭധൂളിര്
യസ്യൈതൻ നാഭീപത്മം ഭുവനം ഇതി സ വ ശർമ്മദേവോ ദദാതൌ

ബീജം ബ്രഹ്മം.ജലനിധി മധു. കർണ്ണിക സ്വർണ്ണശൈലമായ മേരു. കന്ദം വാസുകി.

പത്രകോശങ്ങൾക്കിടയിലെ വിപുലമായ ആകാശം വിയദ് (ദേശകാലം). പത്രങ്ങൾ ദ്വീപങ്ങൾ, മേഘങ്ങൾ തേനീച്ചകൾ, താരങ്ങൾ ഗർഭധൂളി, ആ നാഭീപത്മമാണ് പ്രപഞ്ചം. മഹാവിഷ്ണു ശയിക്കുന്ന കാരണജലമായ പാലാഴി സ്ത്രൈണമായ സിംബലാണ്. ജലത്തിന്റെ യോനി ജലപുഷ്പമായ താമര. തന്റെ പത്നിനിയായ പാലാഴിമേൽശയിക്കുന്ന വിഷ്ണു ,തന്റെ നാഭിയിലെ സൃഷ്ടിപത്മം ഉണർത്തി, ആ പ്രപഞ്ചയോനിയിൽ,ആദ്യം സൃഷ്ടിച്ച പുത്രനാണ് ബ്രഹ്മാവ്. പ്രപഞ്ചം,ബോധം,ലൈംഗികമെന്നിങ്ങനെ പലരീതികളിലും പത്മം പലരാലും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. കാവ്യബിംബത്തിലുപരിയായി ചിലതുണ്ട് ഇത്തരം സിംബലുകളിൽ..

Metaphor becomes a symbol , when by means of it we embody an ideal content not otherwise expressible.

ജയദേവന്റേത് , ഇത്തരം ഭേദാഭേദാവസ്ഥയിലുള്ള രൂപകം അഥവാ Metaphor ആണ്. ഇതിന് പൂർണ്ണപ്രചാരം നൽകിയത് സ്വയം രാധയായും കൃഷ്ണനായും തന്മയീഭവിച്ച് ജീവിച്ച ചൈതന്യമഹാപ്രഭുവാണെന്നു പറയാം.

സ്ത്രീപുരുഷന്മാരുടെ സ്ഥൂലമായ ശരീരസംയോഗം എല്ലാവർക്കും എളുപ്പം മനസ്സിലാവും.അത്തരം ഒരു ബിംബത്തെ രസാനുഭവം(Aesthetic experience) ബ്രഹ്മാനുഭവം എന്നിവയോട് ഭേദാഭേദം പറയുന്ന രീതി , എല്ലാവർക്കും എളുപ്പം മനസ്സിലാക്കിക്കൊടുക്കാനുളള ഒരു അദ്ധ്യാപനരീതിയുമാണ്. ജയദേവൻ കൃഷ്ണനും പത്മാവതി രാധയും അവരുടെ അനുരാഗാനുഭവം രാധാകൃഷ്ണസാമരസ്യവുമാണ് ഗീതഗോവിന്ദത്തിൽ. വേദാന്തത്തിൽ ഈ രീതിക്ക് അദ്ധ്യാരോപം അഥവാ അദ്ധ്യാസമെന്നു പറയും. ജയദേവന്റെ അനുഭവകാവ്യം (ബയോഗ്രഫി) കൃഷ്ണകഥയായി മാറുന്നുണ്ട് ,ഇവിടെ. ഗൃഹത്തിൽ ദക്ഷയും പ്രജാവതിയും പതിപ്രാണയും പതിവ്രതയുമായ സ്ത്രീ പുരുഷന്റെ പകുതിയും (അർദ്ധാംഗിനി) ശ്രേഷ്ഠതമയുമായ സുഹൃത്തും (സഖ്യം) ആകയാൽ പുരുഷന് അവളിലൂടെ ത്രിവർഗ്ഗങ്ങളും നേടി, ആപ്തകാമനായിത്തീരുന്നു (മഹാഭാരതം). വേദസമ്മതമായ ഈ പാതയെ ഗൃഹസ്ഥനായ ജയദേവൻസ്വാനുഭവത്തിലൂടെ ആവിഷ്കരിക്കുമ്പോള് അദ്ദേഹത്തിന്റെ പാണ്ഡിത്യം ,ഭക്തി, സാഹിത്യ സംഗീതാദികളിലുള്ള വ്യുത്പത്തി, രസികത്തം എല്ലാം ആത്മാംശമായി ചേരുന്നു. പുരി ജഗന്നാഥ ക്ഷേത്രത്തി ൽ പുരുഷസൂക്തം,ശ്രീസൂക്തം,നാരായണസൂക്തം, ഭാഗവതപുരാണം,നൃസിംഹതാപനീയ ഉപനിഷത്ത് ഇവയോടുതുല്യമായ സ്ഥാനം കൊടുത്ത് ,ഇവയുടെ കൂടെ സൂക്ഷിച്ച ഒരേ ഒരു ഗ്രന്ഥമാണ് ഗീത ഗോവിന്ദം. 1499ആം ആണ്ടുമുതൽ അവിടെ ഈ കാവ്യത്തിന്റെ നൃത്തസംഗീതാവിഷ്കരണം സോപാനമാതൃകയി ല് നടക്കുന്നുണ്ട്.

ഉപനിഷത്കാലംമുതലേ രസരാജനായ ശൃംഗാരം മനുഷ്യന്റെ ഏറ്റവും മനോഹരമായ അനുഭൂതിയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. യാജ്ഞവൽക്ക്യൻ,മൈത്രേയി, വസിഷ്ഠൻ,അരുന്ധതി, അഗസ്ത്യൻലോപാമുദ്ര മുതല് ജനകരാജർഷിവരെ ഒരു വലിയനിര ഈ തത്വമറിഞ്ഞ് ജീവിച്ച ഗൃഹസ്ഥരാണ്. മുക്തരുമാണ്. ആര് ആരിലേക്ക് വന്നു എന്നത് ഭക്തിയിലും പ്രണയത്തിലും പ്രസക്തമല്ല. ത്യാഗരാജർ പാടി-

മഴ ഭൂമിയിലേക്കു വരുന്നു....അമ്മപ്പശു കുഞ്ഞിലേക്ക്....ഭർത്താവ് ഭാര്യയിലേക്കും. ഭക്തൻ ഭഗവാനിലേക്ക് ഒരടി വെക്കുമ്പോഴേക്കും ഭഗവാൻ ഭക്തനില് പ്രവേശിക്കുന്നതാണ് പ്രേമത്തിന്റെ മനോഹാരിത.കരുണ, വാത്സല്യം,പ്രേമം ഇവയുടെ അസുലഭമാതൃകയാണ് പ്രണയം. *രാധയെയുടൻ തനിത്ത് ഏകാന്തത്തില് രമിക്കും യോഗി* എന്ന് എസ് .ജഗന്നാരായണൻ (ജയദേവരിൻ ഗീതഗോവിന്ദവും ശ്രീസീതാരാമവിജയരഹകേളിയും) കൃഷ്ണനെ വിളിക്കുന്നു. *നിഗമകൽപ്പതരുകലിതം ഫലം* എന്ന ഭാഗവതത്തിലെ ഫലമാണ് പ്രേമത്തിന്റെ ദിവ്യോന്മാദത്തിൽ നേടുന്നത്.

കാമശാസ്ത്രത്തിൽ ചൊല്ലപ്പട്ട എട്ടുവിധമാന ഭോഗഉണർച്ചികളൈ ,ശരീരത്തിൽ പതിന്തിരുക്കും 12 ഭോഗഅന്തരംഗ മണ്ഡലങ്കളിൽആനന്ദപ്പേരുണർച്ചിയൈ രാധൈ ഭഗവാനിടമിരുന്ത് അടൈന്താള്(ജഗന്നാരായണൻ). രൂപം,ഗുണം,രസാനുഭവം,വസ്ത്രം,ആനന്ദം, എല്ലാത്തിലും രാധ കൃഷ്ണതുല്യയാണ് (ജീവഗോസ്വാമി). ഭഗവതത്തിൽ പ്രിയ എന്നേ ഉള്ളു.രാധ എന്നില്ല. വേദത്തിലെ രാധസ്പതി,രാഥജിത്ത്,മുതലായ പദങ്ങൾ ഇന്ദ്രപരമാണ്. ദ്വാപരയുഗത്തിൽ ഗോവർദ്ധനോദ്ധാരണത്തോടെ ഈ വിശേഷണങ്ങളെല്ലാം കൃഷ്ണനിലായി.

1 *അനയയാരാധിതോ നൂനം ഭഗവാൻ*

2 *രാധയതി ആരാധയതി ആരാധയതേ വാ ഇതി രാധാ .രാധികാ രാധാസംജാത അസ്യ രാധാജിതപ്രാപ്ത*

എന്നാണ് രാധാപദത്തിന്റെ അന്വയം. അതീന്ദ്രിയവും അലൌകികവുമായ രീതിയിലും ,ലൌകികമായി ഇന്ദ്രിയതലത്തിലും നിഷ്കാമമായി പരസ്പരം ആരാധിക്കുന്നവരാണ് രാധയും കൃഷ്ണനും. രാധയെപ്പോലെ രണ്ടുവിധത്തിലും നിഷ്കാമമായി ആരാധിക്കാൻ മററു ഗോപികമാർക്കു കഴിഞ്ഞില്ല.ഗോപി എന്ന വാക്കിന് പഞ്ചേന്ദ്രിയവൃത്തി എന്ന ഒരർത്ഥവും മേൽപ്പറഞ്ഞ തമിഴ് പുസ്തകം തരുന്നു. ഗോ ഇന്ദ്രിയം. പി വൃത്തി. ഗോ ഭൂമി, പി വൃത്തി. ഭൂമിയുടെ വൃത്തി സൂര്യപ്രദക്ഷിണം. പഞ്ചേന്ദ്രിയവൃത്തി ആത്മപ്രദക്ഷിണം. രാസനൃത്തം ഈ രാശിലീലയാണ്. ഭക്തന്റെ മനോവൃത്തി ഭഗവാനുചുററും മണ്ഡലനൃത്തം ചെയ്യുന്നു. കൃഷ്ണന്റെ ആനന്ദമാകയാൽ രാധ ഹ്ലാദിനീശക്തിയാണ്. പ്രേമം,സൌന്ദര്യം,ആനന്ദം ഇവയുടെ മാധുര്യമാണ് ഹ്ലാദിനി. ഈ മാധുര്യശക്തിയാൽ അനേകം ഭക്തർക്ക്, സ്വയം നിഷ്ക്രിയനായിരുന്നിട്ടും ഭഗവാൻ സുഖം കൊടുക്കുന്നു (പത്മപുരാണം). നിഷ്ക്രിയൻ ക്രിയയിലേർപ്പെടുന്നതിന് ഒരേ ഒരുദ്ദേശം മാത്രം.
മദ് ഭക്താനാം വിനോദാർത്ഥം കരോമി വിവിധക്രിയാ .

ഗൌഡീയവൈഷ്ണവസാധനയിൽ രാധ.

ഗൌഡീയവൈഷ്ണവം ,ഗൌഡസാരസ്വതം മുതലായ വാക്കുകളിൽകാണുന്ന ഗൌഡശബ്ദത്തിന് ഗൌഡദേശം എന്ന ഒരർത്ഥം മാത്രമല്ല ഉള്ളത്. ഗുഡം അഥവാ ഗുളം മധുരശർക്കര. ഗകാരം കകാര വും ളകാരം ലകാരവുമായി മാറുമ്പോൾസംഭവിക്കുന്ന പദശ്രേണിയില് കുരം,ഗുരം,കുലം,കുർ, ഗൌർ, കൌല, ഗൌര,ഗൌള ഇവയെല്ലാം ചൂണ്ടിക്കാട്ടപ്പെടുന്നു.മധുരഭക്തിയുടെ ഗൂഢമായ ശർക്കര ചേരുവ ചേർക്കാതെ ജ്ഞാനകർമ്മാദികൾക്കൊന്നും നൈരന്തര്യം കിട്ടുന്നില്ല. ഗൂഢമായ ആ ചേരുവയാണ് വൈഷ്ണവർക്ക് ശ്രീരാധ. ദേവിയുടെ മധുസ്നേഹമെന്ന ഗൌര(കൌല),ഗൌഢസമ്പ്രദായം കരിമ്പിനും ശർക്കരക്കും പേരു കേട്ട ഗൌഢദേശത്ത് പ്രസിദ്ധമായിത്തീർന്നു. ഗൌഢദേശവാസി ഗൌഢദേശമെന്ന ഭൂഭാഗത്ത്മാത്രം വസിക്കുന്നവനല്ല. മധുരഭക്തിയിലലിഞ്ഞ് തന്മയീഭവിച്ച്, സ്വയംമറന്ന് മധുരംതന്നെയായി മാറിയവനാണ്. ചൈതന്യനാണ് നല്ല ഉദാഹരണം. ഇത് മാദ്ധ്വ സമ്പ്രദായ ത്തോടടുത്തുനിൽക്കുന്നു. മാദ്ധ്വം(മധു)മധുരരസമാണ്. രസാനുഭവം പൂർണ്ണമാവാ ൻരസരാജനായ ശൃം ഗാരത്തിലെ മധുരം അനുഭവിച്ചറിഞ്ഞ രസികഭക്തരാവണം. അങ്ങനെ ലാവണ്യശാസ്ത്രത്തിലെ രസാനുഭവവും ഭക്തിസ

മ്പ്രദായത്തിലെ ബ്രഹ്മാനുഭവവും (നാവിലെ രുചി,മധുരവാക്ക്,മധുരസംഗീതം ഇവയോടുകലർന്ന്) ചേർന്ന അദ്വൈതാനുഭവത്തിന് ഗുഡനാമം സാർത്ഥകമാവുന്നു. ഭക്തിയും ജ്ഞാനവും ചേർന്നവരാണ് യോഗിയും പരമഭാഗവതനും. ഒന്നുമാത്രമായി വന്നാലത്തെ ദോഷം അറിഞ്ഞവരുമാണ്. പാണ്ഡിത്യവും പ്രേമവും ഒരുപോലെ സമ്മേളിച്ച വ്യക്തിയാണ് ഉത്തമനായ ലോകഗുരു എന്ന് തെളിയിക്കുന്നതാണ് ശ്രീകൃഷ്ണാവതാരം.

നാലു പ്രധാന വൈഷ്ണവസമ്പ്രദായങ്ങളുണ്ട്.

കുമാരസമ്പ്രദായം	നിംബാർക്കന്	1125-1162	വൃന്ദാവനം
ബ്രഹ്മസമ്പ്രദായം	മാദ്ധ്വൻ	1197-1276	ഉഡുപ്പി,കന്നഡ
ശ്രീസമ്പ്രദായം	രാമാനുജൻ	1050-1137	ദക്ഷിണേന്ത്യമുഴുവനും
രുദ്രസമ്പ്രദായം	വിഷ്ണുസ്വാമി,വല്ലഭൻ	1200-1250	

ബ്രഹ്മ,ശ്രീസമ്പ്രദായങ്ങളുടെ സമന്വയമാണ് ചൈതന്യൻ(1486-1574).മാദ്ധ്വനും ചൈതന്യനും ആദ്യം ശങ്കരാചാര്യരുടെ അദ്വൈതസമ്പ്രദായത്തിലാണ് ദീക്ഷാസന്യാസം സ്വീകരിച്ച് പണ്ഡിതോചിതമായി അദ്വൈതം പ്രചരിപ്പിച്ചത്. പിന്നീടാണ് ഭക്തിസമ്പ്രദായപ്രചാരകരായത്.

വൈദികഭക്തിയിലെ കടുത്ത നിയമസംഹിതകളൊന്നുമില്ലാതെ ,സഹജമായ രാഗാനുഗഭക്തി അനുസരിക്കുന്നതാണ് സഹജീയഭക്തി. സഹജീയർ തങ്ങളുടെ തെരഞ്ഞെടുത്ത ഒരിണയോടുകൂടി ശാരീരികം ,മാനസികം,ബൌദ്ധികം ,ആത്മീയം എന്ന് നാലുവിധസാധനാമൈഥുനം അനുഷ്ഠിക്കുന്നു.(ഗൃഹസ്ഥാശ്രമം ഇതിന്നുള്ളതാണ്)അങ്ങനെ കുണ്ഡലിനിയെ ഉണർത്തുന്നു.പൂർണ്ണതയിലെത്താനുള്ള ഒരു മാർഗ്ഗമാണ് ഗൃഹസ്ഥന്റെ സഹജീവിതം. സഹജീയർ സ്വന്തം ഭാര്യ ബൌദ്ധികആത്മീയതലങ്ങളിൽ തന്റെ ഇണ തന്നെക്കാളും താഴെയെങ്കിൽ,ഒരു പരകീയനായികയെ (യോഗിനി)ഗുരുവായി ,ഇണയെന്നു സങ്കൽപ്പിച്ച് സ്വീകരിച്ച്, കുണ്ഡലിനി ഉണർത്തും.യാജ്ഞവൽക്യനും ജനകനുമൊക്കെ അങ്ങനെ ചെയ്തിരുന്നു. ഈ ഇണയുമായി ശരീരസമ്പർക്കമില്ല. ശ്രീകൃഷ്ണന് രാധ പരകീയനായികയാണ്. പ്രഥമപത്നിയുമാണ്.ജയദേവന് പത്മാവതി അങ്ങനെയായിരുന്നില്ല. സഹജയാനബുദ്ധിസം (Yoga of sex)ഏതാണ്ട് ഇതിനോടടുത്തുവരും. പുരുഷൻ ഉപായം,സ്ത്രീ പ്രജ്ഞ. അവരുടെ (സം)യോഗാനുഭവങ്ങളിലൂടെ പ്രജ്ഞ (ബോധം)എന്ന കുണ്ഡലിനിയെ പരമപദത്തിലുയർത്തുന്ന സമ്പ്രദായം ,ഇത്തരം അനുഭവങ്ങളുടെ ഗീതങ്ങളെ ചര്യാപദങ്ങളെന്നാണ് ബുദ്ധമതക്കാർ വിളിക്കുക. സിദ്ധർ,ബുദ്ധർ,വൈഷ്ണവർ,ശാക്തർ, ശൈവർ-എല്ലാവരും ഈരീതി അവലംബിക്കുന്നു എന്ന അദ്വൈതം അവഗണിക്കാവതല്ല. രാഗാനുഗഭക്തി സവിശേഷരീതിയിലുള്ള സാധനാഭക്തിയാണ്.ഗുരുവിലൂടെ ശിഷ്യന്റെ സവിശേഷമായ ഒരു സഹജസ്വഭാവം വെളിപ്പെടുന്നു.ഇതിന്നായി ഒരു വ്യക്തി തന്റെ സിദ്ധദേഹത്തിന്റെ ഏകാദശഭാവങ്ങളെ നന്നായറിയണം.

1.സ്വന്തം നാമത്തെ അതിന്റെ സർവ്വശക്തികളോടും അർത്ഥങ്ങളോടും കൂടി അറിയണം.

2. ഇഷ്ടദേവതയോട് ആത്മബന്ധം

3. പ്രായം,കാലം

4.ശരീരവർണ്ണം

5.ഗോത്രം,കുലം

6.വസ്ത്രം

7.സംഘം

8.വാസസ്ഥാനം

9 സേവനം,പ്രവൃത്തി

10 ലക്ഷ്യം,പ്രതീക്ഷ

11.ആരുടെ കീഴിൽ വിദ്യ അഭ്യസിക്കുന്നുവോ,ആ ഗുരുവെ(മൂർത്തിമദ്രൂപമായ ബ്രഹ്മം)സംബന്ധിച്ച പൂർണ്ണജ്ഞാനം

രാധയുടേയും ഗോപികമാരുടേയും രാഗാനുഗഭക്തി പൂർണ്ണാനുരാഗഭക്തിയും മറ്റ വ്രജവാസികളുടേയ് സംബന്ധാനുരാഗഭക്തിയുമാണ്.

ഒരുകാലത്തെ അറിയാനായി,ഭാവത്തെ പിന്തുടരുന്നതാണ് ചരിത്രം ഭക്തിസമ്പ്രദായത്തിലും സംഗീതത്തിലും. തിയ്യതി,ബാഹ്യസംഭവങ്ങളെന്നിവ പരാമർശിക്കുന്നുണ്ടെങ്കിലും പ്രാധാന്യം ആന്തരികഭാവങ്ങൾക്കും ചിന്തകൾക്കുമാണ്. ബഹിരംഗപര്യാലോചനയേക്കാളും മുഖ്യം അന്തരംഗപര്യാലോചനയാണ്. കിഴക്കായാലും പടിഞ്ഞാറായാലും ഫിലോസഫിയുടേയും ശാസ്ത്രത്തിന്റേയും ചരിത്രം അതിന്റെ ഉള്ളടക്കമാണ്, തിയ്യതികളല്ല. ഉദാഹരണമായി,ജ്ഞാനേശ്വരിയുടെ ഉള്ളടക്കമാണ്,ജ്ഞാനേശ്വരന്റെ ജനന.മരണത്തീയതികളല്ല, ഫിലോസഫി. വൈയക്തികം(personal) ,സാമൂഹികം(community),ഇവയെ സമന്വയിച്ച് രണ്ടിനും അതീതമായ , കാലദേശാതീതമായ മൂന്നാമതൊന്ന് (transpersonal) –മൂന്നുഭാവം ഭക്തി, തത്വചിന്ത,സംഗീതം ശാസ്ത്രം,സങ്കീർത്തനം മുത ലായ സമ്പ്രദായങ്ങളിലെല്ലാം കാണാം. ശ്രുതി സംഗീതത്തിലും വേദത്തിലും നേരിട്ട് ഒരു വെളിപ്പെട ൽ (ദർശനം Revelation)കൊണ്ട് ചുരന്നൊഴുകുന്ന സംഗീതസാഹിത്യാത്മകമായ മധുരവും ഗഹനവുമായ വാക്കാണ്. സത്യം എപ്പോഴും ഹോളിസ്റ്റിക്ക് ആണ്. മനുഷ്യാനുഭവവും അങ്ങനെയാവാതെ തരമില്ല. ചിന്തക്കും അതീതമായ അചിന്ത്യാനുഭവമാണ് (അചിന്ത്യഭേദാഭേദം). എന്നാലും അതിനെ ചിന്തക്ക് അധീനമാക്കാനും ആവിഷ്ക്കരിക്കാനും മനുഷ്യൻ ശ്രമി ക്കുന്നു.ആ ശ്രമത്തിലാണ് വിദ്യാവിദ്യാസ്വരൂപിണിയുടെ പ്രകാശനാദതരംഗിണി ഒഴുകുന്നത്.

രാധയുടെ മഹാഭാവത്തെ ഉന്മാദമെന്നും ദിവ്യോന്മാദമെന്നും വിളിക്കാറുണ്ട്. സാധാരണ മനുഷ്യർക്ക് തങ്ങളുടെ ഗൃഹം ,ജോലി,സ്വത്ത്,ഭാര്യ,ഭർത്താവ്,മക്കൾ എന്നിവയോടുള്ള മമതകൊണ്ട് അവ നഷ്ടപ്പെട്ടുമ്പോളും പിരിഞ്ഞിരിക്കുമ്പോളും ഉന്മാദാവസ്ഥ അനുഭവപ്പെടാറുണ്ട്.ഇത്തരം ലൌകികമായ ഉന്മാദവേളയിൽചില ന്യൂറോട്രാൻസ്മിറ്ററുകളുടെ കുറവും ബയോകെമിക്കൽസ്രാവങ്ങളുടെ ഏറ്റക്കുറച്ചിലും മസ്തിഷ്ക്കകോശങ്ങളിൽ വരുന്നു. ദോഷസാമ്യത്തകരാറിനാൽ വരുന്ന ആമയമാണ് ഉന്മത്താവസ്ഥ എന്ന് ആയുർവ്വേദവും കണ്ടെത്തിയിട്ടുണ്ട്. രാധയുടെ ഉന്മാദം അത്തരമൊന്നല്ല. ഈശ്വരാഭിമുഖ്യത്താലുള്ള വിപ്രലംഭശൃംഗാരത്തിന്റെ വിരഹഭക്തിയാണ്. ഈശ്വരപ്രേമത്തിന്റെ പരമമായ അലൌകികാവസ്ഥയാണ്. ഈ ഉന്മാദം (ഭ്രാന്ത്)പരമസത്യത്തിലേക്കും നിരാമയത്തിലേക്കും നയിക്കുന്നതിനാൽ കാമങ്ങളിൽവെച്ച് ശ്രേഷ്ഠമാണ്.സാത്വികഭാവത്തിന്റെ പരമകാഷ്ഠയാണ്. ലൌകികോന്മാദം ,വേദന,മോഹം, ഹിംസ ,പരദ്രോഹം,കലഹം ഇവക്ക് കാരണമായിത്തീരുന്ന ലൌകികമായ കാമം.(പത്തോളജിക്കൽ). ആത്മീയദിവ്യോന്മാദം ആനന്ദം,നിർമ്മോഹം,അഹിംസ,ലോകഹിതം,വിവേകം,വിജ്ഞാനം ഇവയിലേക്കാണ് നയിക്കുന്നത്. കൃഷ്ണനുവേണ്ടിയുള്ള കാമവും കാത്തിരിപ്പും മാധുര്യമായി രാധയിൽമാത്രമല്ല, കൃഷ്ണനിലും സാത്വികമഹാഭാവത്തിന്റെ ആനന്ദലഹരി പകരുന്നു. പ്രജ്ഞ വർദ്ധിക്കുകയാണിവിടെ, കുറയുകയല്ല.

ദിവ്യോന്മാദത്തിന്റെ പരമസാത്വികഭാവലക്ഷണങ്ങൾ

1. അചലാവസ്ഥ (അനങ്ങാനാവാത്ത നില). ബോധമുണ്ട്.എല്ലാമറിയുന്നുമുണ്ട്. നിർവ്വൃതിയിൽ, സമാധിയിൽഅനക്കമറ്റ് ഇരിക്കുന്നു. സുരതസമാനസമാധി എന്ന് മഹിഷാസുരമർദ്ദിനീസ്തവത്തില് പറയുന്ന അവസ്ഥ.
2. രോമാഞ്ചകഞ്ചുകം
3. കമ്പനം ,ത്രസിക്കൽ,വിറ
4. സ്വേദം (വിയർപ്പ്) പൊടിയൽ.
5. പ്രകടമായ കാരണം കൂടാതെയും കണ്ണില് അശ്രു പൊടിയുക
6. ചർമ്മം വിളർത്തോ ചുവന്നോ കാണുക
7. മൂർഛാവസ്ഥ.

ഈ ലക്ഷണങ്ങൾവെച്ച് ഒരാള് സമാധിയിലാണോ അല്ലയോ എന്ന് അറിയണം. ചൈതന്യൻ രാധാഭാവം വരുമ്പോൾ വിയർത്തൊലിച്ച്, നീണ്ട്,സന്ധിവേർപെട്ട്, ആമയെപ്പോലെ ഇഴഞ്ഞു സഞ്ചരിച്ചിരുന്നുവത്രെ. കരയുക.ചിരിക്കുക,നിലത്ത് കിടന്ന് ഉരുളുക,ശരീരം പൊള്ളുക, വീർക്കുക, ലീലാസ്മരണയിലും സഹജപ്രേമാവസ്ഥയിലും ചൈതന്യനിൽ ഈ ലക്ഷണങ്ങള് കണ്ടിരുന്നു. ലീലാസ്മരണ ഉറക്കുന്നതിനായി ഗുരു ശിഷ്.ന്റെ യോഗ്യതയനുസരിച്ച് രണ്ടുമാർഘ്ഘങ്ങളിലൊന്ന് നിർദ്ദേശിക്കും.

1 രാധാകൃഷ്ണലീല. രാധാകൃഷ്ണന്മാരുടെ സംയോഗം ഭാവന ചെയ്യുക. അതിന്നായി കഥ,നൃത്തം,പാട്ട് ഇവ ഉപയോഗിക്കും.ജയദേവൻ ഇതാണ് ചെയ്തത്.

2. ചൈതന്യലീല. ചൈതന്യസമ്പ്രദായത്തിൽ ആദിഗുരുവായ ചൈതന്യന്റെ ജീവിതലീലയെ ഭാവനം ചെയ്യുക.

ഗുരുവിന്റെ ലീല,ജീവിതം ഇവ സ്മരിക്കുക, കീർത്തിക്കുക,രാധാകൃഷ്ണസംയോഗം ഭാവന ചെയ്യുക ഇങ്ങനെ രണ്ടും ചേർന്ന മാര്ഗ്ഗമാണ് സാധാരണ ഉപയോഗിക്കുന്നത്. ശിഷ്യന്റെ പൂർണ്ണകായമെന്ന സിദ്ധരൂപത്തെ മുട്ടയിൽനിന്ന് വിരിയിക്കുന്ന ഹംസമാണ് ഗുരു.(പരമഹംസരൂപം).ഗുരുവിന്റെ തപസ്സ്(താപം)കൊണ്ട് വേണം ഇത് സാധിക്കാൻ. ശിഷ്യന്റെ പൂർണ്ണസിദ്ധരൂപം വികസിച്ച് പുറത്തുവന്നാലേ ഗുരുവിന്റെ താപം തീരൂ. തപസ്സ് പൂർണ്ണഫലസിദ്ധി അടയൂ. ആദ്യം ശിഷ്യൻ മഞ്ജരിസാധന ചെയ്യണം. സ്വയം ഒരു മഞ്ജരി എന്നു ഭാവിക്കണം. മഞ്ജരി എന്നാൽ പൂങ്കുല.രാധയുടെ തോഴിമാരിലൊരാളായി സ്വയം ഭാവിച്ച്, ജീവിക്കുന്നതാണ് മഞ്ജരിസാധന. 9 മുതല് 12 വയസ്സുവരെ പ്രായമുള്ള കുട്ടിയായാണ് മഞ്ജരിയെ സങ്കൽപ്പിക്കുന്നത്. അവളുടെ വീട്,കുടുംബം,വസ്ത്രവർണ്ണം (നീലയോ മഞ്ഞയോ) ഗ്രാമം ഇതെല്ലാം ഭാവന ചെയ്ത് കൃഷ്ണന്റെ കാലത്ത് കൃഷ്ണൻജീവിച്ച ഗ്രാമത്തിന്റെ ദർശനം (Visualisation)പൂർണ്ണമായി വരുത്തുന്നതിനാണിത്. ഒരുദിനത്തെ മൂന്നുമണിക്കൂറുള്ള 8 ഭാഗമാക്കി, ഓരോ മൂന്നുമണിക്കൂറിലും രാധാകൃഷ്ണന്മാർ ചെയ്യുന്ന ലീലാസ്മരണം ചെയ്യുന്നു. സംഗീതത്തിലും ക്ഷേത്രപൂജാ വിധിയിലും ഇതേ ഭാവനയോടെയാണ് ക്രിയകളെന്ന് ഓർക്കണം. 8 പ്രഹരം (ഭാഗം)ഉള്ള ദിനത്തെ അഷ്ടകാലീയലീലാസ്മരണ എന്ന രാധാകൃഷ്ണലീലയുടെ ആവർത്തനമാക്കുന്നു. ഓരോ ഭാഗത്തിനും അതാതിന്റെ രാഗം,പ്രത്യേകപൂജാക്രമം ഉണ്ട്. ജയദേവന്റെ അഷ്ടപദി ഈ സമ്പ്രദായം ഉൾക്കൊണ്ടതാണ്.ലീലാസ്മരണയേക്കാളും മഹത്തരമാണ് കീർത്തനം പാടുന്നത്. രണ്ടും ചേർന്നാലോ, അതിവിശിഷ്ടം. സ്മരണയിൽമനസ്സുമാത്രമല്ല, സർവ്വാംഗങ്ങളും സർവ്വേന്ദ്രിയങ്ങളും പങ്കെടുക്കാനാണ് ദീപധൂപാദികളുപയോഗിക്കുന്നത്. ഇതിലെല്ലാം വിശിഷ്ടം പരമഹംസാവസ്ഥയാണ്. കൊളംബിയ യൂണിവേഴ്സിറ്റിയിലെ ജോൺ സ്ട്രട്ടന് ഹൌലി മഞ്ജരിസാധനയെക്കുറിച്ചു പറയുന്നു. Internal mode of realization,which may or may not be followed by external keerthana –based practice. Someone who follow the Manjarisadhana ,goes into meditative trances and shifts their point of consciousness ,to their sidhadeha , to their perfected body as the young helpers and the Manjaris. That practitioner witnesses things that other people do not see. (Revelations. John Strutton).

ത്രിമൂർത്തികൾപോലും കൊതിക്കുന്ന നിർവ്വാണാവസ്ഥയാണ് രാധാകൃഷ്ണന്മാരുടെ രതിസുഖവും അവരുടെ സുരതാന്തത്തിൽ കാണുന്ന ഇണയുടെ സൌന്ദര്യവും.

ആലോലം അളകാവലീം വിലുലിതാംബിഭ്രച്ചലത്കുണ്ഡലം
കിഞ്ചിൻമൃഷ്ടവിശേഷകം തനുതനൈശ്വേതാംഭസാം ജാലകൈ
തന്വായത് സുരതാന്തതാന്തനയനം വക്ത്രം രതിവ്യാത്തയേ
തത് ത്വാം പാതു ചിരായ കിം ഹരിഹരബ്രഹ്മാദിഭിർദ്ദേവതൈ (അമരുകശതകം)

കാമാരിയായ ശിവനായാലും ബ്രഹ്മചാരിയായ ശങ്കരനായാലും സർവ്വജ്ഞതക്ക് ഈ അനുഭവം കൂടി അറിയണമെന്ന് പൂർവ്വസൂരികള് വിധിയെഴുതി. ജയദേവന്റെ ഗീതഗോവിന്ദം ഈ അനുഭവതത്വത്തിലൂന്നി അറിയണം. യഥാർത്ഥത്തില് കൃഷ്ണന് ചെയ്തതോ, കവിഭാവനയോ രാസകേളികൾ.

മഞ്ജരിസാധനയിലെ ലീലാസ്മരണ ഈ ചോദ്യത്തിനുത്തരം തരുന്നു. അതേ സമയം, പ്രേമബദ്ധരായ പുരുഷന്മാര് തങ്ങളുടെ ഇണയോടൊപ്പം ഇങ്ങനെ പെരുമാറിയിരിക്കാമെന്നതിനാല് കൃഷ്ണന് ചെയ്തു എന്നു ഭാവന ചെയ്യുന്നതിൽ യുക്തിഭംഗമില്ലതാനും. പൂർണ്ണപൌരുഷമായ കൃഷ്ണനും പൂർണ്ണ സ്ത്രൈണമായ രാധയും പരസ്പരം ലയിക്കുന്ന സുഖാനുഭവം ഭാവനയുമാണ്, യാഥാർത്ഥ്യവുമാണ്. പ്രേമചിഹ്നമായും രതിചിഹ്നമായും കൃഷ്ണനെ സ്വീകരിക്കുന്ന രീതി എ ഡി മൂന്നാം ശതകം മുതലുണ്ടെന്ന തിന് ഹാലാസ്യസപ്തശതി തെളിവാണ്. കൃഷ്ണൻ പാവം കൊച്ചുകുഞ്ഞല്ലെ എന്ന് യശോദ പറയുമ്പോ ൾ വ്രജയുവതികളുടെ പ്രതികരണം നേരത്തെ പരാമർശിച്ചു. ശാണ്ഡില്യഭക്തിസൂത്രത്തിലും ഭാഗവതത്തിലും പറയുന്ന ഭക്തിധർമ്മാനുഷ്ഠാനങ്ങളോ ഈശ്വരചിന്തയോ നാമജപമോ പൂജയോ കൂടാതെ സഹജമായ രാഗാനുരാഗമാണിവിടെ വര്ണ്ണിക്കുന്നത്. വേദവേദാന്തപരിജ്ഞാനമില്ലാത്ത, കർമ്മധർമ്മാനുഷ്ഠാനജ്ഞാനമില്ലാത്ത, സാധാരണ മനുഷ്യർക്കുവേണ്ടി, ഈശ്വരനോടുള്ള ഗാഢ പ്രേമം വികാരഭാവരസപ്രധാനമായി സർവ്വസമർപ്പണമായി ആത്മനിവേദനം ചെയ്യാനുള്ള അവസരം ഉണ്ടാക്കുന്നതിനാണിത്. ഈശ്വരനും ഗുരുവിനും ഈ വിധമുള്ള പ്രേമഭക്തിയാണ് പ്രിയങ്കരം. ഈശ്വര(ഗുരു)കടാക്ഷം പൂർണ്ണമായി ഒഴുകുന്നത് അനുരാഗമുള്ള ഭക്ത(ശിഷ്യ) ഹൃദ യത്തിലേക്കാണ്.

ശനൈർശനൈർജഗൌ ഗോപികാചിത് തസ്യപദാനുഗാ
ദത്താവധാനകാ ചിചിചതംഏവ മനസാ സ്മരാത്
കാചിത് കൃഷ്ണേതി ചോക്ത്വാ ലജ്ജാം ഉപായയൌ
യായൌ ച കാചിത് പ്രേമാന്ധതത് പാർശ്വം അവിലജ്ജിതാ (വിഷ്ണുപുരാണം)

താന്ത്രികമായി രാധ ശക്തിയും പ്രജ്ഞയുമാണ്. കൃഷ്ണൻശിവനും ഉപായവുമാണ്. ഗീതഗോവിന്ദം ഈ അർത്ഥത്തില് പൂർണ്ണമായും സാന്ധ്യഭാഷയിലെഴുതപ്പെട്ട കൃതിയാണ്. രാധാകൃഷ്ണസംഗമാനുഭൂതി യോഗിയുടെ നിർവ്വാണാനുഭൂതിയാണ്. വേദാന്തിയുടെ ബ്രഹ്മാനുഭവമാണ്. അനുരക്തരായ സ്ത്രീപുരുഷന്മാർ പരസ്പരം ആഹ്ലാദം പതർന്ന് ഇണചേരുമ്പോള് സഹജമായി മഹാനിർവ്വാണസുഖമനുഭവിക്കുന്നു എന്നാണ് കാവ്യസന്ദേശം. സംഗീതസാഹിത്യാദികളിലെ രസനാനുഭവത്തെ മേൽപ്പറഞ്ഞ മൂന്ന് അനുഭൂതികൾക്ക് തുല്യമായിത്തന്നെ കാണുകയും ചെയ്യുന്നു. അതായത് അഞ്ചുതലങ്ങളിൽ വ്യാഖ്യാനിക്കാം ഈ കൃതി.

കൃഷ്ണനെ കാമദേവനായി പൂജിക്കുന്നതാണ് കാമഗായത്രീമന്ത്രം. Angelus Silesius എന്ന ക്രിസ്തീയ പണ്ഡിതൻ Jesus,du maachitiger Liebesgott യേശു,പ്രേമത്തിന്റെ ബലവാനായ ദേവാ, എന്നിലേക്കുവരിക,പ്രേമത്തിന്റെ മോഹാഗ്നിയിൽ ഞാന് വേവുകയാണ്. നിന്റെ ആയുധങ്ങളെടുക്കുക. നിന്റെ ബാണങ്ങളാൽ എന്റെ ഹൃദയത്തെ വേഗം ഭേദിക്കുക, എന്നെ വ്രണപ്പെടുത്തുക എന്നു പറയുമ്പോളും ക്രിസ്തുവിനെ കാമദേവതയായിട്ടാണ് കാണുന്നത്.

കർമ്മവും ഭക്തിയും ജ്ഞാനവും ചേർന്ന സമ്പൂർണ്ണപ്രേമത്തിന്റെ വ്യക്തിത്വമാണ് കണ്ണന്റേത്.

1. വീരരസപ്രധാനിയായ യോദ്ധാവ് ,ജേതാവ് ,രാഷ്ട്രതന്ത്രജ്ഞൻ (കർമ്മം)
2. ശൃംഗാരരസപ്രധാനിയായ കോമളനായ കമിതാവ് ,മുരളീഗായകൻ,(ഭക്തി,പ്രേമം)
3. ശാന്തരസപ്രധാനിയായ ജഗദീശ്വരൻ,പ്രഭുവും സർവ്വാതീതവുമായ ബ്രഹ്മം (ജ്ഞാനം)
4. കാരുണ്യരസപ്രധാനമായ സഗുണേശ്വരരൂപം

   ഇങ്ങനെ എല്ലാം ചേർന്നതോ, ഒന്നോ അതിലധികമോ ചേർന്നതോ ആയ വ്യക്തിത്വമായി കവി സ്വയം സങ്കൽപ്പിക്കുന്നതനുസരിച്ച്, കൃഷ്ണരൂപം കാവ്യങ്ങളില് വ്യത്യസ്തമായിക്കാണും. സങ്കൽപ്പിക്കുന്ന ഗുണങ്ങൾ, കവിയിലും സഹജമായി ഉണ്ടായിരിക്കും.

   യോഗം,ത്യാഗം,ഭോഗം, നിഷ്കാമകർമ്മം,സന്യാസം,ധ്യാനം,ദാനധർമ്മാദികൾ,യജ്ഞം ഇവക്കെല്ലാം ആധാരമായ കൃഷ്ണന് മൂന്നുശക്തികളെ സങ്കൽപ്പിക്കുന്നു.

   1.ജീവശക്തി. സർവ്വചരാചരങ്ങളും അവയില് ജീവനായിരിക്കുന്ന ഊർജ്ജവും
   (ബയോളജിക്കൽ)

2. മായാശക്തി(മാതൃശക്തി) സൃഷ്ടിശക്തി (ക്രിയേറ്റീവ് പവർ)
3.ചിദ്സ്വരൂപശക്തി (ആനന്ദം) ഹ്ലാദിനി എന്ന ബ്രഹ്മാനന്ദസ്വരൂപം (രാധ)
ഇതിൽ ഏററവും പ്രധാനമാണ് ഹ്ലാദിനീശക്തി എന്ന രാധ .അതിൽ മറ്റു രണ്ടുശക്തികളും ഉൾച്ചേർന്നിരിക്കുന്നുണ്ട്. സർവ്വചരാചരങ്ങൾക്കും കൃഷ്ണന് ആനന്ദമരുളുന്നു,മോഹിപ്പിക്കുന്നു. കൃഷ്ണന് ആനന്ദമരുളുന്നത് രാധയാണ്. കൃഷ്ണനിലൂടെ കൃഷ്ണഭക്തർക്ക് ആനന്ദമേകുന്നവള് , രാധയാണ്. കൃഷ്ണൻ രസാനുഭവം നുകരുന്നത് രാധയുടെ രാസരസത്തിൽനിന്നാണ്. കൃഷ്ണന് 160008 അല്ല,അസംഖ്യം രാഗിണിമാരായ ജീവാത്മസംഘങ്ങളുണ്ട്. എല്ലാവരും കൃഷ്ണനെ അങ്ങോട്ടു മോഹിച്ച് വരിച്ചവരാണ്. ഭക്തവത്സലനായ കൃഷ്ണൻ അവരെ സ്വീകരിക്കുന്നു. രുഗ്മിണിപോലും കൃഷ്ണനെ അങ്ങോട്ടുമോഹിച്ചതാണ്. പക്ഷേ കൃഷ്ണൻ മോഹിച്ച്, ഇതെനിക്ക് എന്നാശിച്ചത് രാധയെയാണ്. പിന്നെ ഭൂമിയുടെ അവതാരമായ സത്യഭാമയേയും നദീജല ദേവതയായ കാളിന്ദിയേയും. രാധക്കും സത്യഭാമക്കും കൃഷ്ണനെ മോഹിപ്പിച്ചവരെന്ന പ്രത്യേക പരിവേഷമുണ്ട്. സത്യഭാമ കൃഷ്ണന് സ്വകീയയും രാധ പരകീയയുമാണ്. കാമശാസ്ത്രപ്രകാരം അതിന്റേതായ ഹ്ലാദിനീശക്തികൂടി രാധയിലുണ്ട്. സ്വഭാവസ്വരൂപങ്ങളാൽ രാധ പത്മിനിയും, ദോഷാധിക്യത്താൽ കഫപ്രകൃതിയും പ്രായത്താല് ബാലയും സ്വഭാവത്താല് ഗന്ധർവ്വസത്വ യുമാണ് രാധ .ഏററവും ഉത്തമയായ സ്ത്രീയിലാണ് ഹ്ലാദിനീശക്തി. രാധ ഭഗവാൻ ഉത്തമ യായ ഹ്ലാദിനിയാണ്.
സ്വകീയ,പരകീയ, സാധാരണസ്ത്രീ (വേശ്യ) എന്ന് 3 വിധനായികമാരില് കവികള് രാധയെ പരകീയയും പരോഢയുമാക്കി. (കന്യക,പരോഢ എന്ന് 2 വിധം പരകീയ).കാമകേളിയിൽ പ്രഗത്ഭയാക്കി. അറിയാത്തത് അറിയാനുള്ള ജിജ്ഞാസ മുററിനിൽക്കുന്ന കുട്ടിക്കാലത്ത്, കൃഷ്ണന്റെ ജിജ്ഞാസ തീർത്തതിനാല് ഗുരുവും പ്രേയസിയും ഹ്ലാദിനിയും പ്രഥമാനുരാഗവുമാണ് അവൾ കൃഷ്ണന്. വിരഹം കൊണ്ടുള്ള ആർത്തി, വിപ്രലംഭം,അനുരാഗവർദ്ധനം പിന്നീടുവരുന്ന സംഭോഗത്തിലെ ആഹ്ലാദം ഇവ സ്വകീയയേക്കാളും പരകീയയിൽ കൂടും . രാധയെ പരകീയയാ ക്കിയത് ഈ കൃഷ്ണരതിഭവത്തിന്റെ മൂർദ്ധന്യാവസ്ഥ കിട്ടാനാണ്. ഔപപത്യത്തിലെ വർദ്ധിതാ നുരാഗം രാധയിലാണ്,സത്യഭാമയിലല്ല,ഭഗവാന്. സത്യഭാമയില് വിരഹമൂർഛ ഭഗവാനില്ല. സ്വകീയയിൽ പ്രേമത്തിന് ഒരു കടമയുടെയും മമതയുടേയും ഛായയുണ്ട്. അനുരാഗത്തിന്റെ സമ്പൂർണ്ണസുഖമില്ല. രാസരസാനുഭവസമ്പൂർത്തിക്കാണ് കവികളെല്ലാം രാധയെ പരകീയയും പരോഢയുമാക്കിയത്. വാസ്തവത്തിൽ രാധ ഇതുരണ്ടുമല്ല.കൃഷ്ണന്റെ പ്രഥമാനുരാഗവും മുറപ്പെണ്ണും ആദ്യപത്നിയുമാണ്.
നിത്യഹരിതമായഒരനുരാഗഭാവനയാണ് രാധ. സാഹസികമായ ഒരു പ്രയാണത്തിന്റെ സർവ്വമാധുര്യത്തോടും കൃഷ്ണസാഗരത്തില് ലയിക്കാനൊഴുകുന്ന നദിയാണ് രാധ. സംഭോഗ ത്തിന്റെ ആനന്ദാതിരേകം,അഭിലാഷസാക്ഷാത്കാരം ഇവതേടിയാണ് അവളുടെ ഒഴുക്ക്. അതിരുകളില്ലാത്ത അതീന്ദ്രിയമായ ഒരുലയനത്തിൽ ശരീരം പ്രധാനമല്ലാതാവുന്നു. ഭർതൃഹരി പറഞ്ഞു. മുകതിലഭിക്കാന് അമൃതപാനം വേണ്ട,നിതംബിനിയുമായി സംയോഗംകൊണ്ട് മുക്തിലഭിക്കും. (*അമൃതം നാവിഷം കിഞ്ചിത് ഏകം മുക്ത്വാ നിതംബിനീം*) തന്നെ പ്രേമിക്കുന്ന ഉത്തമയായ സ്ത്രീയുടെ മന്ദസ്മിതം, ഭാവഹാവങ്ങൾ,ലജ്ജ,ധീ(ബുദ്ധി),പരാന്മുഖം(പരിചയഭാവം കാട്ടാത്ത ഉദാസീനഭാവം),അർദ്ധകടാക്ഷവീക്ഷണം, വാക്ക്,ഈർഷ്യാകലഹം, (പരിഭവം, സൌന്ദര്യപ്പിണക്കം) ലീല-ഇങ്ങനെ സമസ്തഭാവങ്ങളും പുരുഷന്റെ മനസ്സിന് പരമാഹ്ലാദം കൊടുക്കുന്ു .സാത്വികയും സുന്ദരിയും സുശീലയുമായ രാധയെ പത്മിനിയായും ,കൃഷ്ണനെന്ന പുരുഷോത്തമന്റെ ഹ്ലാദിനിയായും കവികളെല്ലാം അതിനാൽ ഭാവന ചെയ്തു. ഇതെല്ലാം സ്വജീവി തത്തിൽ സ്വന്തം ഭാര്യയേയോ കാമുകിയേയോ ,ഭർത്താവിനേയോ കാമുകനേയോ അങ്ങനെ വിഭാവനം ചെയ്യുന്നതിനുള്ള പ്രായോഗികപരിശീലനവുമാണ്. കൃഷ്ണന്റെ ആദ്യാനുരാഗം(പൂർവ്വ

രാഗം, പൂർവ്വാനുരാഗം) കൂടിയാണ് രാധ.അതിന്റേതായ ഒരു ആനന്ദവും നിഷ്കളങ്കതയും കൂടി അവരുടെ പ്രേമത്തിലുണ്ട്. അത്,രണ്ടുകുട്ടികൾതമ്മിലുള്ള പ്രേമത്തിന്റെ ഓർമ്മയാണ്. ഉത്തമിയായ രാധയിൽനിന്ന് സമ്പൂർണ്ണാനന്ദം അനുഭവിച്ച ഭാഗ്യവാനാണ് ആപ്തകാമനായ കൃഷ്ണൻ. കാമസൂത്രത്തിന്റെ രണ്ടാം ഭാഗമാണ് സംപ്രയോഗിക (പ്രയോഗശാസ്ത്രം). 64 കലകളും പ്രയോഗശാസ്ത്രത്തിൽ വരുന്നു. സംഭോഗതന്ത്രം അതിലൊന്നുമാത്രമാണ്. ആനന്ദകരമായ ദാമ്പത്യത്തിന് അതുകൂടി വേണമല്ലോ. അതിലെ 8 ആധാരപദ്ധതികള് പലതും ജയദേവന് അഷ്ടപദിയിലവതരിപ്പിക്കുന്നത് തന്റെ കാമശാസ്ത്രത്തിലുള്ള പാണ്ഡിത്യപ്രകടനത്തിനു മാത്രമാണ്. അഷ്ടപദിയിലെ കൃഷ്ണൻ കുഞ്ഞല്ല, നാഗരനാരായണനാണ്.നാഗരികന്റെ നിർവ്വചനം ലീസിഗള് ഭാരതീയമായ കാഴ്ച്ചപ്പാടിൽ അവലോകനം ചെയ്യുന്നു. Urbane,polished,cosmopolitan,cultured gentleman, whose daily life consisted in adorning himself ,bathing, eating ,resting ,teaching parrots to speak,gaming and listening to and playing music, discussing art and literature , indulging in witty repartee ,going to social gatherings ,above all lovemaking with style and refinement എന്ന അദ്ദേഹത്തിന്റെ നിർവ്വചനം കാമശാസ്ത്രത്തിലേതാണ്. ഭാഗവതപ്രസിദ്ധനായ കൃഷ്ണന്റെ ജീവിതം ഇതൊന്നുമായിരുന്നില്ല . മദ്ധ്യകാലരാജാക്കന്മാരും അവരുടെ ആസ്ഥാനകവികളും ഉണ്ടാക്കിയ കാമശാസ്ത്രത്തിലെ കൃഷ്ണസങ്കൽപ്പം ,വേദത്തിലെയോ ഭാഗവതത്തിലേയോ കൃഷ്ണസങ്കൽപ്പത്തിൽനിന്ന് എത്രയോ വ്യത്യസ്തമാണ്. ജയദേവന്റെ കൃഷ്ണൻ ഭാഗവതത്തിലെ സമ്പൂർണ്ണാവതാരമായ കൃഷ്ണനല്ല, കാമശാസ്ത്രത്തിലെ നാഗരികപുരുഷനാണ്. ജയദേവനെന്ന ആസ്ഥാനകവിയുടെ പ്രതിബിംബമോ, ആത്മാംശമോ ആണ്. രാധാകൃഷ്ണന്മാരുടെ നാമത്തിൽ തന്റേയും പത്മാവതിയുടേയും കഥയാണ് കവി പറയുന്നത്. ഇത് തെറ്റോ ശരിയോ എന്നത് പ്രസക്തമല്ല, പ്രശ്നവുമല്ല. യഥാതഥമായ കാവ്യനിരൂപണത്തിൽ സദാചാരപ്രശ്നത്തേക്കാള് കാവ്യഭംഗി, ഘടന,ആശയം,ബിംബങ്ങൾ,ഒറിജിനാലിറ്റി ഇവക്കാണ് പ്രാധാന്യം. കവിയുടെ സ്വാതന്ത്ര്യമാണ് കൃഷ്ണനെ താനായോ,നാഗരികനായോ സങ്കൽപ്പിക്കുന്നത്. ഭക്തിസമ്പ്രദായം അതിനെതിരുമല്ല. എന്നാൽ ഞാനിവിടെ പറയാനുദ്ദേശിക്കുന്നത് മററു ചില കാര്യങ്ങളാണ്. ജയദേവൻ നല്ല കവിയാണ് എന്നുപറയുന്നതും ഭക്തകവിയാണ് എന്നുപറയുന്നതും, പണ്ഡിതകവിയാണ് എന്നു പറയുന്നതും പേരിടുന്നതും ഒരു വശം. ജയദേവൻ അവതാരപുരുഷനാണെന്നും സന്ത് ആണെന്നും സ്ഥാപിക്കുന്നത് തികച്ചും വ്യത്യസ്തമാണ്. കാളിദാസൻ നല്ലകവിയാണ്, ആസ്ഥാനകവിയാണ്,നവരത്നങ്ങളിലൊരാളാണ്. അവതാരമോ സന്തോ അല്ല. അദ്ദേഹത്തിന്റെ കുമാരസംഭവം എത്ര നല്ല കാവ്യമായാലും ഒരു ക്ഷേത്രത്തിലും പാടാറില്ല. വിക്രമാദിത്യനും കൂടി അത് നിർദ്ദേശിച്ചിട്ടുമില്ല.കബീറും മീരാഭായും കവികളാണ് ,സന്ത് ആണ്. അവരുടെ കൂടെ ജയദേവനെ ഇരുത്തുന്നത് അക്ഷന്തവ്യമായ അപരാധമാണ്. നമുക്ക് കാളിദാസന്റെ കൂട്ടത്തിൽ ജയദേവനെ ചേർക്കാമല്ലോ.

എങ്കിലെന്തിന് ഭക്തിസംബന്ധമായ ഈ പുസ്തകത്തില് അഷ്ടപദി ചേർത്തു. ഈ ഒരു കാര്യം തെളിയിക്കാന് അത് അനിവാര്യമാണ്. ജയദേവനെ എല്ലാ തലങ്ങളിലും നോക്കിക്കാണാനും ഇതരഭക്തിപ്രസ്ഥാനങ്ങളോടു താരതമ്യം ചെയ്യാനും ഒരു ശ്രമമെന്ന നിലയിൽ ഇത് അനിവാര്യമാണ്.

ഓം ശ്രീ മഹാകവി ശ്രീജയദേവവിരചിതം ഗീതഗോവിന്ദകാവ്യം

രാധാകൃഷ്ണാഭ്യാം നമ

പ്രഥമസർഗ്ഗം സാമോദദാമോദരം

പ്രഥമപ്രബന്ധം

1. മേഘൈർമേദുരമംബരം വനഭുവശ്യമസ്തമാലദ്രുമൈര്
നക്തംഭീകരയംത്വം ഏവതദിമം രാധേ ഗൃഹംപ്രാപയൻ
ഇത്ഥംനന്ദനിദേശതസ്ച്ചലിതയോപ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജയന്തിയമുനാകൂലേരഹകേലയത്

ആകാശം മേഘങ്ങളാൽനിറഞ്ഞു.സന്ധ്യാസമയത്തെ ഇരുട്ടുപരന്നു.വനഭൂമിയിലെ ശ്യാമതമാല വൃക്ഷങ്ങളും ഇരുണ്ടു. രാധേ,ഇവൻ(കൃഷ്ണൻ)കുഞ്ഞാണ്. രാത്രിയെ (ഇരുട്ടിനെ) ഭയപ്പെടുന്നവനാണ്.ഇവനെ വീട്ടിൽകൊണ്ടുചെന്നാക്കു എന്ന് നന്ദന് നിർദ്ദേശിച്ചു. രാധാമാധവന്മാർ ഇരുട്ടത്ത് യമുനാതീരത്തെ നികുഞ്ജങ്ങളില് പ്രവേശിച്ച് ഏകാന്തതയില് അനുഷ്ഠിച്ച രഹസ്യകേളികളുടെ സ്മരണ ഇഹപരസുഖങ്ങളെല്ലാം തരും.

ഈശ്ലോകത്തെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട്. മറ്റുകവികളെപ്പോലെ ജയദേവനും സുഖലോലുപനായിരുന്നു. ഒരുജോലിയും ചെയ്യാത്ത പ്രകൃതം. ഒരിക്കൽഅമ്മാമന് ഇക്കാര്യം പറഞ്ഞ് ശകാരിച്ചു. ഞാൻ(അയം)ഈശ്വരനാണ്. ഈശ്വരനെക്കുറിച്ചുകവിതയെഴുതാൻ സൃഷ്ടിക്കപ്പെട്ടവനാണ് എന്നു പറഞ്ഞ് ജയദേവൻ പാടിയശ്ലോകമാണിത്. കൃഷ്ണ,ഗോവിന്ദ മുതലായ പര്യായങ്ങളൊന്നും പറയാതെ അയംഭീരു എന്നാണ് ഇവ്ടെ കൃഷ്ണനെ നിർദ്ദേശിച്ചിരിക്കുന്നത്. കാളിദാസന്റെ കുമാരസംഭവത്തിൽ (5) അയം ജനപ്രഹൃഷ്ടമനാ തപോധനേ എന്നതിനോട് പണ്ഡിതന്മാര് ഇതിനെ താരതമ്യം ചെയ്യാറുണ്ട്.

രാധേ- രാധയോടുള്ള അനുനയവാക്യമായും കോപോക്തിയായും തത്വോക്തിയായും എടുക്കാം. രാധേ ത്വം ഏവ എന്ന തത്വോക്തിയാണ് പലർക്കും സ്വീകാര്യം. ഗൃഹസ്ഥാശ്രമധർമ്മം പഠിപ്പിക്കാ ൻ (ഗൃഹം പ്രാപയ) പ്രാപിപ്പിക്കാൻ നീയല്ലാതെ ആരും അർഹരല്ല (ത്വം ഏവ)എന്ന് പുത്രവധൂസ്വീകാരവുമാണത്. മേഘം,വനം,രാത്രി,യമുനാതീരം,അയം(അഹം ബ്രഹ്മം) രാധ (ത്വം നീ ജീവാത്മാ ,ശക്തി,ഹ്ലാദിനി) ഇങ്ങനെ മന്മഥാവസ്ഥക്കും ബ്രഹ്മാനുഭൂതിക്കും അനുകൂലമായ സകലവും ഇതിലുണ്ട്. ഉദ്ദീപന,ആലംബന,അനുഭാവങ്ങളാൽ സ്ഥായിരസമായശൃംഗാരത്തെ ഇവ പോഷിപ്പിക്കുന്നു.

നന്ദനിദേശ – നന്ദനെന്നാൽ ആനന്ദിപ്പിക്കുന്നവൻ,അഥവാ കൃഷ്ണനെന്ന് അർത്ഥമെടുത്താൽ, കൃഷ്ണന്റെ നിർദ്ദേശമെന്ന് വരും. കൃഷ്ണൻ കുട്ടിയാകയാല് ലൈംഗികാനുഭവ ത്തില് ശങ്കയും പരിഭ്രമമവും ഭയവുമുണ്ടെന്നും രാധ അത് തീർത്തുകൊടുത്തു എന്നും അർത്ഥവും പറഞ്ഞുകാണുന്നു. ഇരുട്ട് ആ വിഷയത്തിലുള്ള അജ്ഞതയാണ്. ആദ്യസംഗമം താനിഛിക്കു ന്നു എന്നുപറഞ്ഞാ ൽ രാധ എങ്ങനെ പ്രതികരിക്കും എന്ന ഭീതിയുമുണ്ട്.ഇതെല്ലാം തീർക്കേണ്ടത് രാധയാണ്. യശോദയുടെ സഹോദരന്റെ പുത്രിയാകയാൽ കൃഷ്ണന്റെ മുറപ്പെണ്ണാണ് രാധ. സ്ത്രീധർമ്മപദ്ധതിപ്രകാരം ഉത്തമിയായ പത്നി പുരുഷനെ ശയ്യയിലേക്കനയിച്ച് അവന് ആഹ്ലാദമുണ്ടാകും വിധം സംയോഗം ചെയ്യണം.(ആഹ്ലാദസംയുക്തം കൃത്വാ സംയോഗം ആചരേത്).അതിനായി പ്രേരിപ്പിക്കുന്ന വിധം പെരുമാറുന്നവളാണ് ഉത്തമിയായ നായിക. അഷ്ടപദിയുടെ ആദ്യശ്ലോകത്തി ൽത്തന്നെ ഉത്തമനായികയും,പ്രഗത്ഭരതിയും കൃഷ്ണന്റെ ഗുരുവുമാണ് രാധ എന്ന് സൂചന തരുന്നു. രഹസ്യകേളിയിൽ ആനന്ദമുണ്ട്. എന്നാലും നന്ദഗോപന്റെ സമ്മതമുള്ളതിനാൽ അത് അവിഹിതകേളിയല്ല.

പ്രദോഷേ നിശി തമസി ച യോഷിതോ മന്ദസാദ്ധ്വസാ
സുരതവ്യവസായിന്യോ രാഗവത്യശ്ച ഭവന്തി ന ച
പുരുഷം പ്രത്യാചക്ഷതേ തസ്മാദ്
തത്കാലം പ്രയോജയിതവ്യാ ഇതിപ്രായോവാദ (കാമസൂത്രം)
ഇരുട്ട് മോഹനം സർവ്വദേഹിനാം (ഗീത) ആണ്.

2. (വൃത്തം വസന്തതിലകം)
വാഗ്ദേവതാചരിതചിത്രിതചിത്തസദ്മാ
പത്മാവതീചരണചാരണചക്രവർത്തീ
ശ്രീവാസുദേവരതികേളികഥാസമേതം
ഏവം കരോതി ജയദേവകവിപ്രബന്ധം.

വാഗ്ദേവതയായ സരസ്വതിയുടെ അത്ഭുതചരിതങ്ങള് ചിത്രിതമായ ചിത്തത്താൽ,സദ്ഭാവാലംകൃതനും പത്മാവതിയുടെ ചരണചാരണചക്രവർത്തിയുമായ ജയദേവകവി ശ്രീവാസുദേവരതികേളികഥാസമേതം ഈ പ്രബന്ധം രചിക്കുന്നു. ആദ്യത്തെ രണ്ടുവരിയിലെ വിശേഷണങ്ങൾ കവിക്കും കൃഷ്ണനും ഒരുപോലെ ചേരുന്നു. വിഷ്ണുചിത്തവും വിഷ്ണുജിഹ്വയും വിഷ്ണുപ്രിയയുമാണ് സരസ്വതിയായ രാധ. ഐശ്വര്യദേവതയായ പത്മാവതിയുടെ ചരണങ്ങൾ സ്പർശിക്കുന്നിടത്തെല്ലാം എത്തുന്ന സഞ്ചാരിയായ ചക്രവർത്തി ജഗത്പതിയായ വിഷ്ണു. കലയും ശ്രീയും ഭഗവാനെ ഒരിക്കലും വിട്ടുപിരിയുന്നില്ല.സദാ വിജയിക്കുന്ന (വിജയലക്ഷ്മീപതി) ഋഷികവി ഭഗവാൻ. ഇങ്ങനെ കവി സ്വയം ഭഗവാനായി വിഭാവനം ചെയ്യുന്നു,പത്മാവതിയെ രാധയായും സങ്കൽപ്പിക്കുന്നു. ഇത് രാധാകൃഷ്ണലീലാസ്മരണക്കുവേണ്ടിയാണ്. രസികഭക്തിയുടെ സഹജീയമാർഗ്ഗത്തില് പരമപുരുഷാർത്ഥമായ അദ്വൈതത്തിലേക്കുള്ള ഉണർച്ചയില് പുരുഷനും സ്ത്രീക്കും തുല്യപ്രാധാന്യമുണ്ട്. ജയദേവന് പത്മാവതിയേക്കാളുമോ,കൃഷ്ണന് രാധയേക്കാളുമോ മാഹാത്മ്യം രാഗാനുഗഭക്തിയിലില്ല. രണ്ടും ഒന്നാകുന്ന അദ്വൈതത്തിൽ വലുപ്പച്ചെറുപ്പങ്ങളില്ല. ദേവീഭാഗവതത്തിൽ സരസ്വതി(കല)യും പത്മയും(കമല)ഭഗവാന്റെ കാമിനിമാരും പത്നിമാരുമാണ്. പത്മാവതി എന്ന തന്റെ പത്നിയിൽ ഇവരണ്ടും ഒത്തുചേർന്നിരിക്കുന്നത് ജയദേവന് കാണുന്നു. തന്റെ കവനത്തിൽ ഈ രണ്ടർത്ഥവും ചേർന്ന രാസരസാനുഭവസൂചന തരുന്നു.

3. (ദ്രുതവിളംബിതം)
യദിഹരിസ്മരണേ സരസംമനോ
യദിവിലാസകലാസുകുതൂഹലം
മധുരകോമളകാന്തപദാവലീം
ശൃണുതദാ ജയദേവസരസ്വതീം

ആരുടെ മനസ്സാണോ ഹരിസ്മരണയില് സരസമായിരിക്കുന്നത്, ആർക്കാണോ വിലാസകലയിൽ(രതി) കുതൂഹലമുള്ളത്, അവർ മധുരവും കോമളവും ആകർഷകവുമായ ജയദേവസരസ്വതിപദാവലി ശ്രവിക്കട്ടെ. ഹരിസ്മരണയുള്ള ഭക്തർക്കും, കാമകലാകുതൂഹലമുള്ള കാമുകർക്കും, സാഹിത്യസംഗീതാദിരസികർക്കും സഹൃദയരായ പണ്ഡിതർക്കും യോജിച്ച വിധമാണ് ഗ്രന്ഥരചന. സാരസ്വതകലയിൽ തനിക്കുള്ള പ്രാഗത്ഭ്യം, അതിൽ പൂർണ്ണവിശ്വാസം, ഇവ ജയദേവസരസ്വതി എന്ന പ്രയോഗത്തിലുണ്ട്. വിശ്വാസം പ്രേമലക്ഷണമാണ്. സരസ്വതി എന്നവസാനിക്കയാൽ അത് തന്റെ സന്യായാശ്രമനാമവുമാണ്.

പദാവലി- ശൃംഗാരപ്രധാനമാണ് പദംപാടൽ.മാധുര്യം,സൌന്ദര്യം,ആകർഷണസ്വഭാവം എന്നിവ ലക്ഷണം. ഹരിനാമം രസസമ്പൂർണ്ണം. ഹരിസ്മരണയുള്ള മനസ്സും സരസം.ഹരനും ഹരിയും (ശിവനും വിഷ്ണുവും) ഹര(രാധ) എന്ന സ്ത്രൈണശക്തിയും ചേരുന്ന ത്രിവേണീസംഗമം ഹരിനാമം. ഹരേ എന്നുവിളിക്കുമ്പോൾ രാധാകൃഷ്ണന്മാരെ ഒപ്പം അഭിസംബോധന ചെയ്യുന്നു.

വിലാസകല-ആരോഗ്യകരമായ ആനന്ദകരമായ ഗൃഹസ്ഥാശ്രമജീവിതത്തിന് ആവശ്യമായ കാമശാസ്ത്രം.

കാന്തപദാവലി- ആകർഷിക്കുന്നവളായ കാന്തയുടെ പദാവലി, മനോഹരമായ പദാവലി. കാന്തം പോലെ ഹൃദയത്തെ ആകർഷിക്കുന്ന മധുരകോമളപദങ്ങളുടെ ചേർച്ചയായ കാവ്യം (സരസ്വതി). കാന്തയായ പത്മാവതിയുടെ നൃത്തംവെക്കുന്ന പാദത്തെ സദാ പിന്തുടരുന്ന ചാരണച

ക്രവർത്തിയായ പാദദാസന്റെ കാവ്യം. ഇങ്ങനെ പല അർത്ഥം. മുമ്പിലെ ശ്ലോകത്തി ൽ പ്രബന്ധം എന്നും ഇവിടെ പദാവലി എന്നും പ്രയോഗിക്കയാൽ സംഗീതനൃത്തപ്രധാനമായ അഭിനയ യോഗ്യമായ കാവ്യമെന്നറിയണം.

ഈശ്വരന്റെ ഉപചാരങ്ങളിൽ മൂന്നാമത്തേതാണ് ജയദേവകവിയും സഹധർമ്മിണിയായ പത്മാവതിയും ഒന്നിച്ചു ചെയ്യുന്ന സഹധർമ്മം. *(1.ഛത്രം ധാരയാമി,2. ചാമരം വീജ്ജയാമി.3. ഗീതവാദ്യനൃത്തം പ്രദർശയാമി).* പത്മാവതിയോട് ഭഗവതീപ്രതിപത്തിയുണ്ട് ജയദേവന്. *വസുഭി ദീപ്യതാ ഇതി വസുദേവ* .വസുവിനാൽ പ്രശോഭിക്കുന്നവൻ വസുദേവൻ. *തസ്യ അപത്യം വാസുദേവ.* വസുദേവന്റെ പുത്രൻ വാസുദേവൻ. ഭഗവാന്റെ പുത്രസ്ഥാനമാണ് ഭക്തന്. കവി തന്നെ കൃഷ്ണപുത്രനായ പ്രദ്യുമ്നനായും(കാമദേവൻ)പത്മാവതിയെ രതിയായും സങ്കൽപ്പിക്കുന്നു.

4. (ശാർദ്ദൂലവിക്രീഡിതം)
വാച പല്ലവയതി ഉമാപതിധര സന്ദർഭശുദ്ധിം ഗിരാം
ജാനീതേ ജയദേവ ഏവ ശാരണശ്ലാഘ്യോദുരുഹദ്രുതാ
ശൃംഗാരോത്തരസദ്പ്രമേയരചനൈർ ആചാര്യ ഗോവർദ്ധന
സ്പർദ്ധീ കോപി ന വിശ്രുത ശ്രുതിധരോ ധോയീകവിക്ഷ്മാപതി
കവി ഉമാപതിധരന്റെ വാക്കുകൾ പല്ലവംപോലെ മൃദുലമാണ്. സന്ദർഭശുദ്ധിയുള്ള ഗീർവ്വാണിക്ക് ജയദേവൻ മാത്രമേ ഉള്ളൂ. ശാരണർ ദുരൂഹമായ ധൃതകവനത്തിന് പ്രസിദ്ധികേട്ടവനാണ്. ആചാര്യഗോവർദ്ധനന് ശൃംഗാരോത്തരമായ സദ്പ്രമേയരചനയിലും. അതേതരം രചനയിൽ സ്പർദ്ധാപൂർവ്വം ഏർപ്പെട്ടിരിക്കുന്ന ധോയി കവിസാർവ്വഭൌമനാണ്.
എഡി 1279 മുതൽ1209വരെ ബംഗാളം ഭരിച്ചിരുന്ന ലക്ഷ്മണസേനന്റെ ആറ് ആസ്ഥാനകവികളിലൊരാളായിരുന്നു ജയദേവകവി.പത്മാവതി ആസ്ഥാനനർത്തകിയും. തന്നേയും ഇതരകവികളേയും വിലയിരുത്തുന്ന നിരൂപണാത്മകമായ വരികളാണിത്. ഗീതഗോവിന്ദം പല്ലവംപോലെ മൃദുലവാക്കുകളാൽ ശൃംഗാരോത്തരമായ സദ്പ്രമേയത്തെ ദുരൂഹങ്ങളായ അനേകം ആന്തരാർത്ഥങ്ങളോടെ ,സ്വതസ്സിദ്ധമായ സന്ദർഭശുദ്ധിയോടെ, ഗീർവ്വാണിയില് രചിച്ച കൃതിയാകയാൽ നിഗൂഢമായി താനല്ലേ യഥാർത്ഥകവിസാർവ്വഭൌമനെന്ന ചോദ്യമുണ്ടിവിടെ. ഒരുവിധത്തിലുള്ള സ്തുതിനിന്ദയാണ് മറ്റു കവികളോട്. അഞ്ചുപേരുടേത് സന്ദർഭശുദ്ധിയില്ലാത്ത കവിതയാണ്,ശാരണന്റേത് ദുരൂഹതയാൽ നല്ല കവിതയല്ല എന്ന് സ്തുതിനിന്ദ. ആചാര്യ, കവിക്ഷ്മാപതി എന്നു വിളിച്ചവർക്ക് യഥാർത്ഥസ്തുതിയുമുണ്ട്.
ഉമാപതിധരൻ ശിവനെ ധരിച്ച വിഷ്ണു
ശ്രുതിധരൻ വേദത്തെ ധരിച്ച വിഷ്ണു
ചാരണൻ രണ്ടാം ശ്ലോകത്തില് പത്മാവതീചരണചാരണചക്രവർത്തി എന്നു വിളിച്ച താനും വിഷ്ണുവും.
ആചാര്യഗോവർദ്ധനൻ-ഗോവർദ്ധനോദ്ധാരണം ചെയ്ത ആചാര്യനും ലോകഗുരുവുമായ വിഷ്ണു. ഇപ്രകാരം കവിനാമങ്ങളാൽ നിഗൂഢമായി വിഷ്ണുസ്തുതി.
അഷ്ടപദി 1 (മായാമാളവഗൌളരാഗം. രൂപകതാളം .അല്ലെങ്കിൽ സൌരാഷ്ട്രം ആദിതാളം)

5. പ്രളയപയോധിജലേ ധൃതവാനസിവേദം
വിഹിതവഹിത്രചരിത്രം അഖേദം
കേശവാ ധൃത മീനശരീരാ
ജയജഗദീശ ഹരേ (ധ്രുവ)
പ്രളയസമുദ്രജലത്തിൽ വേദങ്ങളെല്ലാം നഷ്ടപ്പെട്ടപ്പോള് അവയെ വഹിച്ചുകൊണ്ട് സംരക്ഷിച്ച അത്ഭുതചരിത്രമുള്ള മീനശരീരധാരിയായ കേശവാ, ജയജഗദീശഹരേ.
നിഗൂഢനാമമന്ത്രമായ ഹരേ എന്ന് ആദ്യം തന്നെ വിളിക്കുന്നു. ഉമാപതിധരൻ, ശ്രുതിധര

ൻ(വേദധരൻ) സഞ്ചാരി(ചാരണൻ) ഗോവർദ്ധനൻ,ജയദേവന്(ജയജഗദീശ)എന്നീ കവിനാമങ്ങൾക്ക് (പൂർവ്വശ്ലോകത്തിലെ) ഇണങ്ങുന്ന പദങ്ങളുപയോഗിക്കുന്നു. മീനം (മകരമ ത്സ്യം) കാമന്റെ കൊടിയടയാളം. ജീവിവംശസംരക്ഷണത്തിന് കാമദേവന്റെ കൊടിക്കൂറ ഉയരണം. ആദ്യാവതാരം അങ്ങനെ വംശവൃദ്ധികൊണ്ട് വിജയശ്രീലാളിതമായി. എല്ലാവരും ഉറങ്ങുമ്പോൾ യോഗി ഉണർന്നിരിക്കുന്നു.(ഗീത). പ്രപഞ്ചം പ്രലയത്തിൽ നിദ്രപ്രാപിച്ചു. ആ കാമസലിലോപരി യോഗയോഗേശ്വരനും കാമരൂപനുമായി,കണ്ണടയ്ക്കാത്ത മത്സ്യരൂപിയായി കാമന്റെ കൊടിയട യാളമായി ഭഗവാൻ ഉണർന്നിരുന്നു.രാത്രി പുതിയ വംശപരമ്പരയെ സൃഷ്ടിക്കാനായി ഉണർന്നിരിക്കുന്ന മത്സ്യമിഥുനങ്ങളെ മീനരാശിഭാഗത്തു കാണാം. വീരം,ഉത്സാഹം. നായകൻ ധീരലളിതൻ.അലങ്കാരം ഉപമ,അതിശയോക്തി .അർദ്ധമാഗധി രീതി.

കേശവാ - ക,ഈശ,വാ (ബ്രഹ്മാ,ശിവ,വിഷ്ണു) ത്രിമൂർത്തി ചേർന്നത്.

വിഷ്ണു സ്ത്രീരൂപത്തില് കേശം അഴിച്ചിട്ട് ആടിയപ്പോഴാണ് കൈശികീവൃത്തി ഉണ്ടായതെന്ന് ഭരതമുനി. പത്മാവതിയുടെ കൈശികീവൃത്തിക്കായി രചിച്ച ഈ പ്രബന്ധം സന്ദർഭോചിതമായ പദങ്ങളാലാണ് വിരചിതമായിരിക്കുന്നത്.

6. ക്ഷിതിരതിവിപുലതരേ തവ തിഷ്ഠതി പൃഷ്ഠേ
ധരണിധരണകിണചക്രഗരിഷ്ഠേ
കേശവാ ധൃത കച്ഛപരൂപാ (ജയ)

അതിപിപുലതരഗാത്രിയായ ഭൂദേവിയെ പൃഷ്ഠത്തിൽ ധരിച്ച് ഉയർത്തിപ്പിടിക്കയാ ൽ(ധരണീധരണത്താൽ) ഭൂചക്രരൂപം തഴമ്പുപോലെ മുതുകില് ധരിച്ച കച്ഛ പരൂപിയായ കേശവാ ,ജഗദീശാ. ഹരേ ജയ ജയ.ഭൂമി വിഷ്ണുപത്നി. അവളെ ഹൃദയത്തിലും മടി യിലും ഉയർത്തിയ ഒറ്റ കൊമ്പിലും ഇരുത്തി സംരക്ഷിക്കുന്നത് അനുകൂലരതിയാണ്. ഇവിടെ ആമയുടെ രൂപമെടുത്ത ഹരി താന്താഴെയും ഭൂമി മുകളിലും(മുതുകിൽ)ആയി വിപരീതരതി സ്വത്രൂ പമാണ്. കച്ഛപി സരസ്വതിവീണയുമാണ്. വിപരീതരതിയിൽ സരസ്വതി ഗുരുവും വിഷ്ണുശിഷ്യനുമാണ്. മന്ദരപർവ്വതം പോലെ ശ്രീശൈലരൂപിണിയായ ഭൂമിയെ പുറത്തുധരിച്ച് മന്ഥനകർമ്മം നടത്തുന്ന ഹരിയുടെ കാമസലിലം പാലാഴി. ആ അമൃതാബ്ധിയിൽനിന്ന് സർവ്വസൌഭാഗ്യവും സൃഷ്ടിക്കപ്പെടുന്നു. മീനവശരീരത്തിൽ കാമം സൂക്ഷ്മമെങ്കില് കച്ഛപത്തില് സ്ഥൂലവും പ്രകടവുമാ ണ്. ധരണിയെന്ന പത്നിയുടെ ചക്രലിംഗം (അടയാളം)പുറത്തുവഹിച്ച രതിക്രീഡാലോലനായ സംസാരിയാണ് കച്ഛപം. ചക്രേശ്വരതീർത്ഥവും ക്ഷേത്രവും വ്രജത്തിലെ ഗോവർദ്ധനത്തില് മനസാദേവിയുടെ (പത്മാവതി)അടുത്തുകാണുന്നത് ശക്തി,രാധ,ശ്രീ,ഭൂദേവി,നദി എന്നിവയും ശാക്ത,ശൈവ, വൈഷ്ണവവും ഹരിയിൽ ഒന്നിക്കുന്നതുകൊണ്ടാണ്. ഇത് നിഗൂഢാർത്ഥം.ആമയുടെ പുറത്ത് ഒമ്പതായി വിഭജിച്ച (നവം,നവമി)പുറംതോടിൽ അഷ്ടദലപത്മം (വാഗ്ദേവിമാർ,അഷ്ടലക്ഷ്മി,8 ദിശ)നക്ഷത്രരൂപത്തിൽ കാണാം അഷ്ടമി,നവമി,ദുർഗ്ഗ,അഗസ്ത്യപത്നി ലോപാമുദ്രയുടെ പഞ്ചദശീമന്ത്രം (ലോപാമുദ്രാസൂത്രം-ലോഷ്ഠ)എന്ന മാന്ത്രികചതുരംരണ്ടിന്റെ ഘനമൂലം കാണാനുള്ള ചിത്രം ഇവയൊക്കെ ആ കച്ഛപിമുദ്രയിലടങ്ങിയിട്ടുണ്ട്.നാലാം ശ്ലോകത്തിലെ ഗോവർദ്ധനോദ്ധാരവും സത്പ്രമേയരചനയുടെ സാരസ്വതവും ആറാം ശ്ലോകത്തില് തെളിഞ്ഞുകാണാം .അനംഗരംഗമെന്ന കാമശാസ്ത്രഗ്രന്ഥത്തിൽ പത്മാസനവും കൂർമ്മാസനവും സംയോഗവേള യിൽ ചെയ്യുന്നതാണെന്നു കാണുന്നു.

7. വസതി ദശനശിഖരേ ധരണീതവ ലഗ്നാ
ശശിനികളങ്കകലേവനിമഗ്നാ
കേശവാധൃതസൂകരരൂപാ (ജയ)

ഉയർന്ന തേറ്റമേല് ധരണിയെ ധരിച്ച് സംരക്ഷിക്കുകയാല് ,ചന്ദ്രനിൽ കളങ്കംപോലെ ഭൂമിയിൽ ഭഗവാന്റെ ദശനമുദ്ര(പല്ലുകൊണ്ട അടയാളം)പതിഞ്ഞു. അപ്രകാരം ഭൂമിയെ തന്റെ മുദ്രകുത്തി, ഹരിതാഭയാക്കി,സ്വന്തമാക്കി , സുന്ദരിയാക്കിയ കാമകലാനിമഗ്നനും ,പത്നിയുടെ ചന്ദ്രകലകളെ അറിഞ്ഞവനുമായ സൂകര(വരാഹ)രൂപിയായ കേശവനെ പത്നീസമേതം സ്മരിക്കുന്നു. രതിയിൽതളർന്നുപോയ ദേവിയെ മടിയിൽവെച്ച്, ആലിംഗനാദികളാൽ തൃപ്തയാക്കി,വീണ്ടും രതിസന്നദ്ധയാക്കി ഒററക്കൊമ്പിലുയർത്തുംമുമ്പ് അവളില്കാമശാസ്ത്രപ്രകാരം ദന്തമുദ്ര ചാർത്തുന്നു,ഹരി.

8. തവകരകമലവരേ നഖമത്ഭുതശൃംഗം
ദലിതഹിരണ്യകശിപുതനുഭൃംഗം
കേശവാ ധൃതനരഹരിരൂപാ (ജയ)
നിന്റെ മനോഹരങ്ങളായ കരകമലങ്ങളിൽ അത്ഭുതകരമായ ശൃംഗങ്ങൾപോലെയുള്ള നഖങ്ങളുണ്ട്.അവയാൽ ഹിരണ്യകശിപുവിന്റെ ശരീരമാകുന്ന ഭൃംഗത്തെ പിളർന്ന നരഹരിരൂപം ധരിച്ച കേശവാ ,ജയജഗദീശ,ഹരേ. പല്ലുകൊണ്ടുമാത്രമല്ല,നഖംകൊണ്ടും പ്രിയതമയുടെ ശരീരത്തിൽ മുദ്രചാർത്തുന്നതില് വിദഗ്ധനാണ് ഉത്തമനായകനായ ഹരി. ശൃംഗമെന്നത് ശൃംഗാരത്തിന്റെ ഉത്ഭവസ്ഥാനമാണ്. ഭൃംഗം മനോഹരമായ താമരയിലിരുന്ന് മധുനുകരും. ഇവിടെ തിരിച്ച് ,വിപരീതരതിയിൽ,കമലം ഭൃംഗത്തെ പിളർന്ന് മധു (രക്തം)നുകരുന്നു. ഹിരണ്യകശിപുവിന്റെ ശരീരഭൃംഗത്തെ പിളർക്കുമ്പോളും ,രതികേളീലോലനായ നരഹരി പ്രേയസിയായ രാധയുടെ ശരീരത്തിൽ നഖചിത്രം വരക്കുമ്പോള് പൊടിഞ്ഞ രക്തനിറവും കുങ്കുമച്ചരവിയും ഓർത്തു എന്ന് ധ്വനി. ശൃംഗാരോത്തര സദ്പ്രമേയരചനക്ക് ഉദാഹരണം. കൃഷ്ണാവതാരത്തിൽ മുരളിയായി ശിവൻ ജനിച്ചു. ശൃംഗമായി ജനിച്ചത് ദേവേന്ദ്രനാണ്. ശൃംഗാരികളിൽ പ്രമുഖനാണ് ഇന്ദ്രൻ. കാമദേവനും ഗന്ധർവ്വന്മാരും അപ്സരസ്സുകളും ഇന്ദ്രന്റെ സൈന്യമാണ്. ഇന്ദ്രപത്നിയായ ഇന്ദ്രാണി കാമശാസ്ത്രപ്രകാരം പത്മിനിയാണ്. ഒരു പ്രത്യേകതരം സംയോഗം ഇന്ദ്രാണിക്കുമാത്രം സാധിക്കുന്നതാണത്രെ. അതിന്റെ പേരും ഇന്ദ്രാണി എന്നുതന്നെ. ഏറ്റവുമധികം ലലനാസുഖം അനുഭവിക്കുന്ന ശൃംഗാരിയായ ദേവേന്ദ്രനെ ഗോവർദ്ധനോദ്ധാരണവേളയില് തോൽപ്പിച്ച ശേഷമാണ് ഭാഗവതത്തിലെ രാസലീല ആരംഭിക്കുന്നതെന്നും ഓർക്കണം.

9. ഛലയസി വിക്രമണേ ബലിം അത്ഭുതവാമന
പദനഖനീരജനിതജനപാവന
കേശവാ ധൃതവാമനരൂപാ (ജയ)
മഹാബലിയുടെ വിശ്വജിത്ത് എന്ന യജ്ഞബലത്തെ അടക്കാലായി,ത്രിവിക്രമനായി, അത്ഭുതവാമനരൂപമെടുത്ത കാലത്ത്, നിന്റെ പദനഖം തട്ടി ഉണ്ടായ ദിവ്യജലത്താൽ സർവ്വജനങ്ങളേയും പരിപാവനമാക്കിയ കേശവാ,ജഗദീശ്വരാ,ഹരേ,ജയ ജയ. മഹാശക്തനായ മഹാബലി അദ്വൈതിയാണ്. തന്നെ ആശ്രയിച്ചവർക്ക് തന്നെത്തന്നെ ദാനംചെയ്യുന്നവനാണ്. യഥാർത്ഥപൌരുഷം ആ സ്വഭാവത്തിലാണ്. ആത്മസമർപ്പണരൂപമായ ആ ത്യാഗശീലത്തിന്റെ പൌരുഷഭാവത്തെ ലോകത്തിന് വെളിപ്പെടുത്താനായിട്ടാണ് വാമ(ന)രൂപത്തിൽസുന്ദരനും ചെറിയവനുമായി ,അനാഗതശ്മശ്രുവാകയാൽ സ്ത്രീപോലെയുള്ളവനായി, മൂന്നടി മണ്ണുയാചിച്ച് വാമനൻ വരുന്നത്. ശിവനും മോഹിനിയും പോലെ ഒരു അപൂർവ്വസംഗമമാണ് മഹാബലിയും വാമനനും തമ്മിലുള്ളത്.

കാമശാസ്ത്രപരമായ വ്യാഖ്യാനം – സ്ത്രീ തന്റെ കാൽനഖത്താല് പുരുഷലിംഗം(ശിവലിംഗം) സ്പർശിച്ചാല് സ്ത്രീപുരുഷന്മാർതമ്മിലുള്ള പരസ്പരവശ്യം ഒരിക്കലും തീരുകയില്ലത്രെ. പുരുഷന്റെ രതിജലം സ്ത്രീയുടെ ഇടത്തുകാലിൽ(വാമപാദം) വീണാലും അങ്ങനെയാണ്. ത്രിവിക്രമം അഥവാ ത്രൈവിക്രമഉത്ഥാനബന്ധം എന്നക്രിയ പുരുഷൻ കാലുകൊണ്ട് ഇണയില് കാമസലിലം ഉണ്ടാക്കി സർവ്വം പവിത്രീകരിക്കുന്ന ക്രിയയുമാണ്. ശുക്രൻ കാമദേവതയാണ്. ശുക്രനെ കിണ്ടിമുരലിൽവെച്ച് ശുക്രന്റെ രകതംകലർന്ന ജലം (കാമസലിലം) കൊണ്ട് വാമനപാദം കഴുകുന്ന മഹാബലി ഈ ക്രിയ ചെയ്യുന്നു. ബാലികയായ നായിക നായകശിരസ്സിൽ പാദംപതിച്ച് (പാദതാഡിതകം) രതിമൂർഛയാല് നായകന് നൽകുന്ന അത്ഭുതകരമായ ആനന്ദം ത്രിവിക്രമനായ വാമനഭഗവാൻ തിരിച്ച് മഹാബലിക്കും അരുളുന്നു.അവരുടെ നിരന്തരവശ്യം കൊണ്ടുള്ള അദ്വൈതതന്മയതയാണത്. ഇത് സ്പഷ്ടമായി പറയുംമുമ്പേ നാലാം ശ്ലോകത്തിൽ അസ്പഷ്ടധ്വനിയായി (5,6,7,8ലെ ക്രിയകൾക്കുശേഷം) കവിക്ഷ്മാപതീപദത്തിലേക്ക് ഉയർത്തുന്ന രതിമൂർഛയുടെ താഴ്ച്ചയും പറഞ്ഞിട്ടുണ്ട്. ആരോഹണത്തിന്റെ സുഖത്തിന് അവരോഹണം വേണം. കാമത്തിന് അടിമപ്പെടുന്നത് പാതാളത്തിലേക്കുള്ള താഴ്ച്ചമാത്രമല്ല, (അവരോഹണം) സ്വർഗ്ഗത്തിലേക്കുള്ള ഉദ്ധാരണം(ആരോഹണം)കൂടിയാണ്. കാമം പാപം മാത്രമല്ല, പാവനവുമാണ്,അത് ആത്മസമർപ്പണത്തിന്റേതായ ത്യാഗം കൂടി ചേർന്നതാണെങ്കിൽ. വാമനൻ ബലിയുടെ ശിരസ്സിൽ കാലുവെക്കുന്നത് ,കാമശാസ്ത്രത്തിലെ ഹരിവിക്രമഉത്ഥിതബന്ധമെന്ന ഒരുതരം സംയോഗവുമാണെന്ന് അനംഗരംഗം എന്ന കൃതിയിൽ കാണാം. അതിൽ സ്ത്രീ

വാമനനെപ്പോലെ ഉയരംകുറഞ്ഞ്, ബാലയോ കൌമാരിയോ ആണ്.
നരവംശശാസ്ത്രപരമായ അർത്ഥം.- ദക്ഷിണേന്ത്യയില് ചേര,മൂഷകരാജവംശങ്ങളോടു ബന്ധപ്പെട്ട വള്ളുവക്കോനാതിരിമാർ ഹിരണ്യഗർഭം കഴിഞ്ഞ് ശൂദ്ധരായാല് ആരേയും കൈകൊണ്ടു തൊടുകയില്ല.അവരുടെ അനുഗ്രഹം കാലുകൊണ്ട് ശിരസ്സ് തൊട്ടിട്ടാണ്.വാമനനും ഹിരണ്യഗർഭം കഴിഞ്ഞ് അസ്പർശയോഗത്തോടെയാണ് മഹാബലിയുടെ യജ്ഞശാലയിലെത്തുന്നത്. ഇതേ പോലെ നീലഗിരിയിലെ തോഡവംശക്കാരുടെ മൂപ്പനും ശിരസ്സില് കാലുതൊട്ടാണ് ഇപ്പോഴും അനുഗ്രഹിക്കുന്നത്. ബ്രാഹ്മണ,ക്ഷത്രിയ,ആദിവാസിവ്യത്യാസമില്ലാത്ത ഒരു നരവംശശാസ്ത്ര ചരിത്രത്തിലേക്കാണ് ഇത് വിരലു ചൂണ്ടുന്നത്.

10. ക്ഷത്രിയരുധിരമയേ ജഗതപഗതപാപം
സ്നപയസി പയസി ശമിതഭവതാപം
കേശവാ ധൃതഭൃഗുപതിരൂപ (ജയ)
ക്ഷത്രിയരക്തംകൊണ്ട് ജഗത്തിന്റെ പാപം പോക്കി, ജലസ്നാനം കൊണ്ട് ഭവതാപംനശിപ്പിച്ച ഭൃഗുപതിരൂപനായ കേശവാ,ഹരേ,ജഗദീശ്വരാ, ജയജയ. 21 വട്ടം ക്ഷത്രിയരക്തം ഒഴുക്കി എന്ന് പറയുന്നത് വേദത്തിൽ പറയുന്ന 21 വട്ടം (7 നദീജലധാരകള് മൂന്നുവീതം 21 നദി) നദീജലം ഒഴുക്കിയ ഭാർഗ്ഗതേജസ്സായ സൂര്യന്റെ ക്രിയയാണ്.നദീജലം മാലിന്യങ്ങലെ കടലിലേക്ക് ഒഴുക്കുന്നു.ഭൂമി പവിത്രയാകുന്നത് നദികൾ ഒഴുകുമ്പോഴാണ്.ക്ഷത്രിയരക്തം ഒഴുക്കിയ രാമൻ ഭൂമിയുടെ (അമ്മയുടെ)പാപം കഴുകിക്കളഞ്ഞു. കന്യാകുമാരിമുതൽ ഭൃഗുകച്ഛംവരെയുള്ള പടിഞ്ഞാറ ൻതീരഭൂമിയിലാണ് ഭൃഗുവംശജർ തപം ചെയ്തിരുന്നത്. ഭൃഗുപുത്രിയായ ലക്ഷ്മിയുടെ പതിയാണ് ഭൃഗുപതിയായ വിഷ്ണു. സൂര്യയുടെ പതി സൂര്യൻ.ആ സൂര്യദേവന്റെ ജലക്രീഡ സാഗരത്തിലാണ്. ഭൃഗുപതി രാമന്റെ ജലസ്നാനം സ്യമന്തപഞ്ചകത്തിൽ. ഇതുപോലൊരു വൃന്ദാവനകഥയെ ഈ വരികളിൽ സൂചിപ്പിക്കുന്നു. അഘാസുരനെ(അഘം പാപം)വധിച്ച്,രുധിരമയമായ ശരീരത്തോടെ ഭവന്റെ (ഭവനെന്നാൽ ശിവൻ,കാമം,സംസാരം നാനാർത്ഥം) താപം തീർക്കാന് ക്ഷത്രിയോചിതവേഷത്തിൽ കൃഷ്ണന് രാധയുടെ അടുത്തെത്തി. ശുദ്ധിയില്ലാത്ത ശരീരം സ്പർശിക്കാന് രാധാദേവി തയ്യാറായില്ല. കൃഷ്ണൻ തന്റെ കാൽമടമ്പുകൊണ്ട് ശ്യമകുണ്ഡമെന്ന ജലാശയം തീർത്തു കുളിച്ചു. നിനക്ക് എന്റെ അനുരൂപയാകാൻ നീയും സ്വയം കുണ്ഡം തീർക്കണമെന്നും പറഞ്ഞു.രാധ വളപ്പൊട്ടുകൊണ്ട് രാധാകുണ്ഡം തീർത്തു.രണ്ടിലും രാധാകൃഷ്ണന്മാർ ജലക്രീഡ ചെയ്തു. അവ ർക്കു കുടിക്കാനായി ശുദ്ധജലം ഗോപികമാര് സ്വയം കൈകൊണ്ടു നിമിഷമാത്രയിലുണ്ടാക്കിയ കിണറിൽനിന്നെടുത്തുകൊടുത്തു.
കടലുവറ്റിച്ച വെണ്മഴു പുരുഷാടയാളമാണ്,ശക്തിയുടെ സിംബലാണ്. പുഴകൾക്കും കടലിനും നാഥനായി ,വീരത്തിൽ ക്ഷത്രിയനും രജോഗുണപ്രധാനിയുമായി,തപസ്സിൽ ബ്രഹ്മണതേജസ്വിയായി ഇരിക്കുന്ന ഭൃഗുപതിയുടെ കാമജലമാണ് പുഴയിലും കടലിലും ജലാശയങ്ങളിലും ജീവനധാരയായി ഒഴുകുന്നത്. സർവ്വപാപവും അവയിലെ സ്നാനം കൊണ്ടു തീരുന്നു. ഭാരതത്തിന്റെ പശ്ചിമതീരത്തുള്ളവര് ജലസമൃദ്ധമായ ഭൂവിഭാഗത്ത്, ദിനവും രണ്ടുനേരം മുങ്ങിക്കുളിക്കുന്നവരാണ്.
പരശുരാമൻ ധീരോദ്ധതനായകനാണ്. രസം ഭീഭത്സം.

11. വിതരസി ദിക്ഷുരണെ ദിക്പതികമനീയം
ദശമുഖമൌലിബലിം രമണീയം
കേശവാധൃതരാമശരീരാ (ജയ)
അഷ്ടദിക്കുകളുടെ പാലകരായ ദേവന്മാർക്കും ആനന്ദമുണ്ടാക്കാനും ,ദശമുഖശിരസ്സ് നശിപ്പിക്കാനും ബലശാലിയായി കമനീയവും രമണീയവുമായ രാമശരീരമെടുത്ത കേശവാ, ജയജഗദീശാ, ഹരേ.
എട്ടുദിക്കുകൾ,അഷ്ടലക്ഷ്മിമാർ,വാഗ്ദേവതമാർ,- എട്ടുപേരേയും ഒരേ സമയം ഭ്രമിപ്പിച്ചുകൊണ്ട്, ആനന്ദപരവശനായി,അവർക്കിടയില് ചുറ്റിസ്സഞ്ചരിച്ചുകൊണ്ട് ,സൂര്യകാലചക്രധാരിയായ നാരായണൻ അവരിലെല്ലാം ഋതുചക്രങ്ങളുണ്ടാക്കുന്നു. രാമനെന്നാൽ രമിപ്പിക്കുന്നവനാണ്. കമനീയസുന്ദരശരീരത്താൽ ആരിലും ആനന്ദമുണ്ടാക്കുന്നവനാണ്.
ദശമുഖമൌലിബലിം രമണീയം- പത്തുശിരസ്സുള്ള ബലശാലിയുടെ മൌലിയെപ്പോലും രമിപ്പിക്കുന്നു. രമണി-രമിപ്പിക്കുന്നതിൽ നിർവൃതി തരുന്ന ഭോഗ്യയായ സുന്ദരി. രാമൻ രമണീയനാണ്.

നരരൂപത്തിൽ ഏകപത്നീവ്രതക്കാരനുമാണ്. (സീത) നാരായണരൂപത്തിലോ, (സൂര്യനാരായ ണ ൻ) അങ്ങനെയല്ല. എട്ടുപത്നിമാരേയും,ദിക്കുകളേയും ,ദശപാപഹരനായ ബലശാലിയായ ശിവനേയും ദശമുഖരാവണനേയും,എല്ലാം രമിപ്പിക്കുന്ന ദിവ്യസുന്ദരഐശ്വരശരീരധാരിയായ പരബ്രഹ്മമാണ്.

ജയദേവന്റെ എല്ലാ പ്രയോഗവും കാമശാസ്ത്രസംബന്ധിയാണെന്നത് എടുത്തുപറയേണ്ടതു ണ്ട്.ഒരു ഭാര്യയംക്കൊണ്ടുതന്നെ കാമശാസ്ത്രം ശരിക്കറിഞ്ഞ പുരുഷന് 32 സ്ത്രീകളുടെ കൂടെ യെന്നപോലെ വ്യത്യസ്തരതിസുഖമനുഭവിച്ച് ജീവിക്കാമെന്നാണ് കാമശാസ്ത്രകാരന്മാർ പറയു ന്നത്. ഈ കണക്കിൽ 8 പത്നിമാരൊട്ടുകൂടി 156 തരം സുഖാനുഭവംകിട്ടും.(16 നെ 16 കൊണ്ടു ഗുണിച്ച ചതുഷ്കം. പൂർണ്ണചതുരശ്രീകരണം. Perfect square.).

18000 ഗോപികമാരും ദ്വാരകയിലെ 16008 രാജ്ഞിമാരും കൂടി 34008 .ഇതിനെ 32 കൊണ്ടു ഗുണിച്ചാൽ 1382256. ഇത് വല്ലാത്ത ഒരു കണക്കാണ്. Perfect square. അഥവാ പൂർണ്ണചതുര ശ്രീകരണസംഖ്യയെ (16ന്റെ) കണക്കാക്കാനായി 16000 +8 എന്ന് എടുക്കുകയാണ് ചെയ്യുന്നത്. ഹരപ്പൻസംസ്കൃതിയിലെ 16ന്റെ അളവുകണക്കുകളാണ് ഇതിനു പിന്നിൽ. 24 മണിക്കൂറില് 8 ദിക്കുകളിൽ (8 പത്നി.8 ദിഗ്ഗജം,8 ദിഗ്ജ്യാ) ഒരുദിനം 3 മണിക്കൂറുവീതം പ്രത്യേകരാഗരാഗിണി മാരും അവരുടെ പുത്രരാഗങ്ങളുമൊത്ത് ,ഓരോ ചന്ദ്ര,സൂര്യകലയിലും ആനന്ദിച്ച് രതിക്രീഡ ചെയ്യുന്ന സൂര്യനാണ് സൂര്യനാരായണനാണ് വർണ്ണ്യവിഷയം.

12. വഹസിവപുസി വിശദേ വസനം ജലദാഭം
ഹലഹതിഭീതിമിളിതയമുനാഭം
കേശവാധൃതഹലധരരൂപാ (ജയ)

വലിയവിപുലശരീരത്തിൽ കാർമേഘവർണ്ണമുള്ള നീലവസ്ത്രമണിഞ്ഞ് ,കലപ്പയാൽ തന്നെ വധി ക്കുമോ എന്നു ഭയന്ന യമുനയുടെ ശോഭയോടെ ,കലപ്പധരിച്ച് അവളെ ജയിക്കാനൊരുങ്ങി നി ൽക്കുന്ന കേശവാ , ജയജഗദീശ്വരാ,ഹരേ. ഭൃഗുരാമൻ,കമനീയകല്യാണരാമൻ ,ഇവർക്കുശേ ഷം മൂന്നാമതും ഒരു രാമൻ വരുന്നു.ബലരാമൻ. ബലശാലിയായ രാമൻ ചെയ്യുന്നത് രാക്ഷസ വിവാഹമാണ്. പരകീയരതിയുമാണ്. യമുന കൃഷ്ണനെ പ്രേമിക്കുന്നവളാണ്. (കൃഷ്ണപത്നി കാളി ന്ദി). അനുജപത്നിയെ ബലാൽക്കാരമായി വലിച്ചണച്ച് ആസ്വദിക്കയാണ് ജ്യേഷ്ഠനായ ബലരാ മ ൻ. കൃഷ്ണൻ ചെറിയവനും സുന്ദരനുമാണ്. രാമൻ വലിയവനും ശക്തനും. മഥനക്രിയയിൽ കൂടു തൽ സമര്ത്ഥനാണ് ബലശാലിയായ രാമന്. യമുനയിലെ ചാല്യകീറൽ ആ ബലവാന്റെ രതി ക്രീഡയിൽ ഭീതയും പരകീയയുമെങ്കിലും അവളും ആനന്ദിച്ചു എന്ന് ധ്വനിപ്പിക്കുന്നു. നീലവസ്ത്ര ത്തിലും സ്വർണ്ണദേഹത്തിലും ബലരാമനും രാധയും ഒരുപോലെയാണ്. നീലദേഹത്തിൽ കൃ ഷ്ണനും കാളിന്ദിയും സമാനരാണ്. ഈ സഹോദരന്മാരും ചിലപ്പോൾ പാണ്ഡവരെപ്പോലെ, ഭാ ര്യയെ പങ്കുവെക്കാറുണ്ടെന്നും ധ്വനി. കാളിന്ദിയെ മാത്രമല്ല ,ഗോപികമാരേയും രാമൻ ഭോഗിക്ക ന്നതായി ഭാഗവതം പറയുന്നു.അന്നത്തെ കാലത്ത് അതൊരു സദാചാരലംഘനമായിരുന്നിരി ക്കില്ല. ഗോവർദ്ധനത്തിലെ ചില ക്രിയകളും ഐതിഹ്യങ്ങളും ഈ വിഷയത്തിലേക്ക് വിരൽ ചൂണ്ടുന്നു. മദ്യം കുടിക്കുന്ന ബലരാമൻ, കാലിമേക്കുന്ന നോമഡിക് ഇടയവംശത്തിൽനിന്ന് ,കൃഷിയും സമൂഹജീവിതവും നയിക്കുന്ന കർഷകനിലേക്കുള്ള പരിണാമമായിട്ടും യമുനയിലെ ചാല്യകീറി ജലസേചനം അതിനുള്ള തുടക്കമായിട്ടും വ്യഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രാമനാമം വഹി ക്കുന്ന അവൻ സീത(ഉഴവുചാലാ ണ്)യാണ് യമുനയിലുണ്ടാക്കിയത്. ത്രേതായുഗത്തിലെ സീത യും കലപ്പച്ചാലിലാണല്ലോ ജന്മമെടുത്തത്. അനേകധ്വനികളുണ്ട് ജയദേവസരസ്വതിക്ക് ത്രേതായുഗത്തില് രാമനായിപ്പിറ ന്ന ഈശ്വരന് ഏകപത്നീവ്രതം, അനുജനായിപ്പിറന്ന അനന്തന് ജ്യേഷ്ഠപത്നിയിലുള്ള ഭക്തി. ദ്വാപരയുഗത്തിൽ കൃഷ്ണനായിപ്പിറന്ന ഈശ്വരന് അഷ്ടപത്നീവ്രതം, ജ്യേഷ്ഠനായിപ്പിറന്ന രാമന് അനുജപത്നിമാരിലും രതി. യുഗധർമ്മപരിണാമം കുറിക്കുന്ന കഥകളാണിവ.

13. *നിന്ദസി യജ്ഞവിധേർ അഹഹ ശ്രുതിജാതം*
സദയഹൃദയദർശിതപശുഘാതം
കേശവാധൃതബുദ്ധശരീരാ (ജയ)

യജ്ഞവിധിയിൽ പറയപ്പെട്ട പശുഹിംസ ദർശിച്ച് സദയഹൃദയനായി, ആ അനാചാരത്തെ നിന്ദിച്ച ബുദ്ധശരീരമെടുത്ത കേശവാ, ജയജഗദീശഹരേ. ശ്രുതിയിലുള്ളതും യജ്ഞത്തിൽ

അനുഷ്ഠിച്ചുവന്നിരുന്നതുമായ ഒരു സാമ്പ്രദായികഅനാചാരമാണ് പശുഘാതം. പശു, പാശം, പാശമോക്ഷം എന്നാണ് ശൈവാഗമത്തിൽ ജീവന്റെ സംസാരമോക്ഷത്തിന് പറയുക. പശു ജീവാത്മാവാണ്.പാശം സംസാരം. സംസാരബന്ധം അറുക്കലാണ് മോക്ഷം. ഉർവ്വാരുകമിവ ബന്ധനാത് എന്ന് മൃത്യുഞ്ജയത്തിൽ പറയുന്ന പോലെ. കുമ്പളവള്ളിയിൽനിന്ന് കുമ്പളങ്ങ പോലെ ,സംസാരത്തിൽനിന്നും മൃത്യുവിൽനിന്നും വിട്ടുവിച്ച് അമൃതത്വം നൽകാനാണ് ശ്രുതിവിധി. ഇതിനെ പശുവധമാക്കി ജീവികളെ ഹിംസിക്കുന്ന അനാചാരത്തെ ചോദ്യം ചെയ്യാൻ ബുദ്ധന് ധൈര്യം കാണിച്ചു. അഹഹ ശബ്ദം കാരുണ്യവും ഹൃദയവേദനയും കാണിക്കുന്ന സ്തോഭാക്ഷരമാണ്. പശുവിനോടും അജ്ഞരായ മനുഷ്യരോടും കരുണയുണ്ട് ഈ അവതാരത്തിന്. സദയ ഹൃദയനാണ് ബുദ്ധൻ.

കാമമാണ് സംസാരബന്ധമുണ്ടാക്കുന്നത്. സംസാരബന്ധം നീക്കുന്നതും കാമം തന്നെ. ജീവന്റെ സംസാരരജ്ജു (പാശം) ഇല്ലാത്ത സങ്കൽപ്പമാണ്. ജ്ഞാനി അതറിയുന്നു.ഇല്ലാത്ത ഒന്നിനെ ഉപേക്ഷിക്കേണ്ടതുമില്ല എന്നാണ് അദ്വൈതിയുടെ നില. സ്ത്രീമോഹം തീർത്ത് അതിനെ ജയിക്കുന്നതാണ് ശിവപാർവ്വതിമാരുടെ കാമശാസ്ത്രം. പരസ്പരസ്വഭാവം,മനശ്ശാസ്ത്രം, സാമുദ്രികശാസ്ത്രം ,കാമോപചാരങ്ങളെന്നിവ നന്നായി അറിഞ്ഞും ആസ്വദിച്ചും മട്ടുപിപ്പുവന്ന് ,നിഷ്കാമനായി പൂർണ്ണ കാമനായി ജീവിക്കുന്ന ഗൃഹസ്ഥന്റെ അവസ്ഥയോ, എല്ലാം ത്യജിച്ച സന്യാസിയുടെ വഴിയോ പിന്തുടരാതെ പാവപ്പെട്ട മൃഗങ്ങളെ കൊന്ന് സ്വർഗ്ഗം നേടാമെന്ന തെറ്റിദ്ധാരണ അജ്ഞതമാത്രമാണ്.

14. *മ്ലേശനിവഹനിധനേ കലയസികരവാളം*
ധൂമകേതുമിവകിമപി കരാളം
കേശവാധൃതകൽക്കിശരീരാ (ജയ)
പശുഹിംസകണ്ടുകരളലിഞ്ഞ അതേ ദേവൻ സാധുഹിംസ ചെയ്യുന്ന ഭയങ്കരന്മാരെ കൊല്ലാനായി വാളുമെടുക്കുന്നു. മ്ലേഛവധത്തിനായി വാളെടുത്ത് ധൂമകേതുപോലെ ഭയങ്കരരൂപിയായി കൽക്കിശരീരമെടുക്കുന്ന കേശവാ ,ജയജഗദീശഹരേ. ധർമ്മസംസ്ഥാപനത്തിന് യുദ്ധം കൂടിയേ തീരൂ എന്നുവന്നാൽ ശ്വതേ ശാന്തനും ശൃംഗാരിയും വിലാസലോലനുമായ പ്രഭു വീരനായി,വിശ്വരൂപമെടുത്ത് കാലാത്മാവായും പ്രത്യക്ഷപ്പെടും. ഒരേ നാണ്യത്തിന്റെ ഇരുവശമാണത്. ധീരോദ്ധതനായകന്റെ വീരഭയാനകരസങ്ങളാണിവിടെ .

15. *ശ്രീജയദേവകവേർ ഇദമുദിതമുദാരം*
ശൃണു സുഖദം ശുഭദം ഭവസാരം
കേശവാധൃതദശവിധരൂപാ (ജയ)
ഇപ്രകാരം സുഖദവും ശുഭദവും ഭവസാരവും ഉദാരവുമായി ശ്രീജയദേവകവിയാല് ദശവിധ രൂപങ്ങളിലും സ്തുതിക്കപ്പെട്ട കേശവാ ,ജയജഗദീശഹരേ.
ദശവിധരൂപമായ ഈ അവതാരസ്തുതിയിലടങ്ങാത്ത ഒരു ഭവസാരവും ബാക്കിയില്ല. ഇതറിഞ്ഞാൽ ജീവിതം സുഖമായി,ശുഭമായി,അറിയാഞ്ഞാലോ ബന്ധനവുമായി. അറിവുള്ളവന് സംസാരം മുക്തിമാർഗ്ഗമാണ്. അറിവില്ലാത്തവന് ബന്ധനവും.പ്രത്യക്ഷമായി ഒന്നും ഗൂഢമായി ഒന്നിലധികവും അർത്ഥങ്ങളെ പ്രകാശിപ്പിക്കുന്ന ദശവിധരൂപമായ ജയദേവകവിയുടെ അഷ്ടപദിയായ സരസ്വതീപ്രവാഹം ഇങ്ങനെ ബന്ധമുക്തികരമാണ്. ഇവിടെ ശാന്തരസം, പര്യായോക്തി അലങ്കാരം. (ഇത് മാളവരാഗം രൂപകതാളത്തിലും പാടാം.)

16. *ധ്യാനം*
വേദാൻ ഉദ്ധരതേ ജഗന് നിവഹതേ
ഭൂഗോളംഉദ്ബിഭ്രതേ
ദൈത്യംധാരയതേ ബലിം ചലയതേ
ക്ഷത്രക്ഷയം കുർവ്വതേ
പൌലസ്ത്യംജയതേ ഹലംകലയതേ
കാരുണ്യം ആതന്യതേ
മ്ലേഛാൻമൂർഛയതേ ദശാകൃതികൃതേ
കൃഷ്ണായതുഭ്യം നമ
വേദങ്ങളെ ഉദ്ധരിക്കാനും ജഗത്തിനെ വഹിക്കാനും ഭൂഗോളത്തെ പൊക്കാനും ദൈത്യനി

ഗ്രഹത്തിനും ബലിയെ താഴ്ത്തുന്നതിന്നും ക്ഷത്രിയരെ നശിപ്പിക്കാനും രാവണനെ ജയിക്കാനും ഹലം ധരിക്കാനും കാരുണ്യം പൊഴിക്കാനും മ്ലേഛരെ മൂർഛിപ്പിക്കാനും ദശാകൃതികളെടുത്ത് അവതരിച്ച കൃഷ്ണന് നമസ്കാരം.

***പ്രബന്ധം 2** ഉജ്ജരി അഥവാ ഭൈരവിരാഗത്തില് പാടാം.ത്രിപുടതാളം*

17. *ശ്രിതകമലാകുചമണ്ഡലധൃതകുണ്ഡല ഏഏഏഏഏഏഏഏ*
കലിതലലിതവനമാലാ
ജയജയദേവഹരേ (ധ്രുവാ)
തന്നെ ആശ്രയിച്ചവളായ കമലയുടെ കുചമണ്ഡലത്തിൽ , കുണ്ഡലംധരിച്ച കവിളും ,ഉല ർന്ന പൂക്കളുംതളിരും ഇടചേർന്നുകെട്ടിയ വനമാലയും ചേർത്തുവെച്ച് ,ശയിക്കുന്ന ദേവാ, ഹരേ ,ജയ ജയ. വാമദേവസാമം അനുഷ്ഠിക്കുന്ന ഋഷിയുടെ വ്രതമാണ്, തന്നെ ആശ്രയിച്ചവളെ ഉപേ ക്ഷിക്കയില്ല എന്നത്. സുന്ദരിയാൽ(വാമ) ഇടത്തുഭാഗം (വാമഭാഗം) അലങ്കരിക്കപ്പെട്ടവനാണ് വാമദേവൻ. അർദ്ധനാരീശ്വരനായ ശിവന്. അങ്ങനെ ആശ്രയിച്ച കമലയോട് അനംഗതന്ത്ര പ്രകാരം രമിച്ച്,തളർന്ന്,രതിക്രീഡയാൽവനമാലയിലെ പൂവുകളെല്ലാം കൊഴിഞ്ഞു. ഉലർന്ന വ നമാല പോലെ തളർന്നുവാടിയ ഹരി അവളുടെ കുചമണ്ഡലത്തില് ,കുണ്ഡലംധരിച്ച കവിളും വനമാലധരിച്ച മാറും അമർത്തിവെച്ചുശയിക്കുകയാണ്. മന്മഥയുദ്ധത്തിൽ ഹരയും ഹരിയും കാമനും വിജയിച്ചിരിക്കയാൽ ജയദേവനാമം ഇവിടെ സന്ദർഭോചിതം. കമലാകുചമണ്ഡലം താമരയുടെ നടുവിലെ സ്വർണ്ണകർണ്ണികയാണ്. സൂര്യോദയത്തില് താമര വിടരും.പകലിൽ സംയോഗം ചെയ്യുന്നവരാണ് കാമശാസ്ത്രത്തിൽ പത്മിനിയും അവളുടെ നാഥനായ സൂര്യനും. കുണ്ഡലമെന്നത് സ്ത്രീ പുരുഷശരീരത്തിൽ ഏൽപ്പിക്കുന്ന ഒരുതരം കരതാഡനമാണ്. മാറിൽ തളർന്നുകിടക്കുന്ന കാന്തന്റെ കവിളിലും ശരീരത്തിലും തളളവിരലും ചൂണ്ടുവിരലും (മററു വിരലുക ൾ പാടില്ല) കൊണ്ട് മൃദുവായി ഞരടി,തലോടിക്കൊണ്ടിരുന്ന ദേവി എന്ന് അർത്ഥം ധൃതകുണ്ഡ ലമെന്ന പദത്തിന് അതിനാൽ വരുന്നു.

18. *ദിനമണിമണ്ഡല മണ്ഡനഭവഖണ്ഡന മുനിമാനസഹംസ (ജയ)*
സൂര്യമണ്ഡലത്തെ ജയിക്കുന്നവനും സംസാരത്തെ ഭേദിക്കുന്നവനും മുനിമാനസഹംസവുമായ ദേവാ,ഹരേ,ജയജയ. കമലാകുചമണ്ഡലം ജയിച്ചവൻ പകലിന്റെ രത്നമായ സൂര്യമണ്ഡലത്തി ന്റെ അന്തര്യാമിയും അലങ്കാരവുമായ ഹിരണ്മയനായ സൂര്യനാരായണനാണ്. സുവർണ്ണപുരു ഷനാണ്. സംസാരത്തെ ഭേദിച്ചവനാണ്. ഭവനെ(ശിവനെ)ആകർഷിച്ച് ജയിച്ചവനുമാണ്. സൂര്യമണ്ഡലാന്തർഗ്ഗതമായ സ്വരപുരുഷനായ ആ പരമഹംസസ്വരൂപം മുനിമാനസങ്ങളിലാ ണ് വാസം. യോഗിയുടെ മാനസത്തിൽ വിരിഞ്ഞ പെരുന്താമരപ്പൂപോലെയുളള ബ്രഹ്മാണ്ഡ ങ്ങ ൾ നിരന്തരം വിടരുന്ന മുനിമാനസത്തിലും കമലാകുചമണ്ഡലത്തിലും ധ്യേയമായ, ധ്യാനി ക്കേണ്ട ഒരേ ഒരു ജഗദീശ്വരനായ ഹരിയെ കവി കീർത്തിക്കുന്നു. ഹംസപദത്താൽ പരമഹംസ നായ മഹായോഗിയായ ജീവാത്മാവും സോഹം എന്ന് ജഗദ്പ്രാണനായ പരമാത്മാവും ഒന്ന് എന്നും സൂചിതമാണ്.

19. *കാലിയവിഷധരഗഞ്ജന ജനരഞ്ജന ഏഏഏഏഏഏഏഏ യദുകുലനളിനദിനേശ (ജയ)*
കാളിയനെന്ന വിഷസർപ്പത്തെ ജയിച്ച് ,ജനരഞ്ജകനും യദുതുലമെന്ന താമരക്ക് സൂര്യനുമായ ദേവാ ,ഹരേ,ജയജയ. കാലസർപ്പഫണങ്ങളില് പാദമുദ്ര(പാദതാഡീതകം)പതിച്ച്, അവനെ മോഹിപ്പിച്ച്,ദാസനാക്കിയവനാണ് ഹരി. ദേശകാലങ്ങളെ ജയിച്ചവനാണ്. ജനരഞ്ജകമായ മുരളീഗാനത്താലും ക്രിയകളാലും എല്ലാവരേയും ഒന്നാക്കുന്നവനാമ്. യദുകുലമെന്ന താമര വിട ർന്നത് ഈ സൂര്യന്റെ ഉദയത്തോടെയാണ്. കമലാകുചമണ്ഡലത്തിലെന്നപോലെ യദുകുലനളി നകർണ്ണികാമണ്ഡലത്തിലും ആനന്ദരാസലീല ആടിയ സൂര്യദേവനാണ്, ,സൂര്യനാരായണനാ ണ് ഹരി. യദുകുലനളിനദിനേശനെന്ന പദത്തിനുമുമ്പ് ജനരഞ്ജകപദം ഉപയോഗിച്ചതിന്റെ സ്വാരസ്യം,ഔചിത്യബോധം,സന്ദർഭശുദ്ധി ഇവ ശ്ലാഘനീയമാണ്. ഒരു കുലത്തെ മുഴുവനും രഞ്ജിപ്പിച്ച് വളർത്തിയെടുക്കുന്ന സ്വഭാവശുദ്ധിയും ശേഷിയും അത് കുറിക്കുന്നു.

20. *മധുമുരനരകവിനാശന ഗരുഡാസന ഏഏഏഏഏ സുരകുലകേലീനിനാദ (ജയ)*
മധു,മുരൻ,നരകാസുരനെന്നിവരെ നശിപ്പിച്ച് ഗരുഡവാഹനമേറി സുരകുലത്തിന് ലീലാനി നാദമായ ദേവാ,ഹരേ,ജയജയ. തന്റെ ശക്തിയും വിജയലക്ഷ്മിയുമായ സത്യഭാമയെ മടിയി ലിരുത്തിക്കൊണ്ട് ,ഉപവനത്തിലേക്ക് ലീലാവിനോദത്തിനെന്നപോലെയാണ് ഭഗവാന് നര

കാസുരവധത്തിനു പോയത്. രൂപ് ഗോസ്വാമിയുടെ പക്ഷത്തിൽ രാധതന്നെയാണ് സത്യയും സത്യഭാമയും. .മറ്റെല്ലാ പത്നിമാരും കൃഷ്ണനെ മോഹിച്ച് ചെന്നു. സൂര്യരത്നമായ സ്യമന്തകം ചോദിക്കാനെന്ന വ്യാജേന സത്രാജിത്തിനോട് കൃഷ്ണൻ സത്യഭാമയെ ആവശ്യപ്പെടുകയാ യിരുന്നു. ഇത് നാരായണീയത്തിലും കാണുന്ന കൽപ്പനയാണെങ്കിലും രാധയാണ് സത്യഭാമയെന്ന് ഭട്ടതിരി പറയുന്നില്ല. സ്യമന്ത(ക)പഞ്ചകതീർത്ഥത്തിലാണ് രാധാകൃഷ്ണന്മാർ അവസാനമായി സംഗമിക്കുന്നതും. എനിക്ക് മറ്റൊരു കാര്യം കൂടി തോന്നുന്നു. രാധ വൃഷഭാനുപുത്രിയാണ്. ഭാനു എന്നനാമത്തിലാണ് സത്യഭാമക്ക് കൃഷ്ണനിലുണ്ടായ എല്ലാ പുത്രന്മാരും അറിയപ്പെടുന്നത്. രൂപ് ഗോസ്വാമിയുടെ അനുമാനം ശരിവെക്കുന്നതാണ് ഈ നാമകരണം.
അസുരന്മാരുടെ വധം നടക്കുമ്പോൾ ദേവഗന്ധർവ്വാപ്സരസ്സുകളുടെ പതിവാണ് പുഷ്പവൃഷ്ടി ചൊരിഞ്ഞ് ഗീതനൃത്തവാദ്യാദിലീലാനിനാദം മുഴക്കുന്നത്. നരകാസുരവധത്തിനുശേഷം സത്യഭാമയുടേയും കൃഷ്ണന്റേയും ചുററും നിന്ന് അവർ രാധോ(സോ)ത്സവനൃത്തമാണ് ആഘോഷിച്ചത്. കവി ഇനി പറയാന് പോകുന്നതും അത്തരമൊരു രാസകേളിയെക്കുറിച്ചാണല്ലോ.

21. *അമലകമലദലലോചന ഭവമോചന ഏഏഏഏഏ*
ത്രിഭുവനഭുവനനിദാന (ജയ)
അമലമായ കമലദലങ്ങൾക്കു സദൃശമായ ലോചനങ്ങളുടെ കടാക്ഷത്താല് സംസാരവിമോചനം തരുന്നവനും ത്രിഭുവനങ്ങൾക്കും നിദാനവുമായ ദേവാ,ഹരേ,ജയജയ.
ഈ ശ്ലോകംമുതൽ ഭഗവദ്ശരീരത്തിന്റെ നാലുപാദങ്ങളിലോരോന്നിലും ഓരോ അവയവത്തെ (അംഗം)പറഞ്ഞുകൊണ്ടുള്ള സ്തുതിയാണ്. അനംഗമായ ബ്രഹ്മത്തിന്റെ അംഗസ്തുതി. ശുദ്ധമായ താമരപ്പൂപോലുള്ള കണ്ണുകളാലുള്ള കടാക്ഷമാണ് മുഖത്തിന്റെ അലങ്കാരം. സംസാരമുക്തിക്ക് , മൂന്നുലോകങ്ങൾക്കും നിദാനമായ ആ കടക്കണ്ണിന്റെ ഒറ്റനോട്ടംമതി. ഭക്തഹൃദയങ്ങൾ അതിന്നായി ദാഹിക്കുന്നു.

22. *ജനകസുതാകൃതഭൂഷണജിതദൂഷണ ഏഏഏഏഏ*
സമരശമിതദശകന്ധ (ജയ)
ജനകസുതയുടെ ഭൂഷണവും ഖരദൂഷണന്മാരെ ജയിച്ചവനും രാവണനെ യുദ്ധത്തില് വധിച്ചവനുമായ ദേവാ,ഹരേ,ജയജയ. സീത പ്രകൃതിയാണ്. അവളുടെ അലങ്കാരമാണ് രാമൻ. മാറത്ത് (തോളിൽ) അണിഞ്ഞ മാല. ഭഗവാന്റെ മാറത്ത് സദാ ദേവി വസിക്കുന്നു. ശയനവേളയിൽ ശ്യാമമേഘത്തിലെ മിന്നൽക്കൊടിപോലെ തളർന്ന വനമാലപോലെ ,അവളാ മാറത്ത് പുണർന്നുകിടക്കുന്നു. അതുപോലെ,ദേവിയുടെ മാറത്ത് നീലത്താമരപോലെ കൈവല്ലികൾ പിണച്ച് വനമാല ചിതറി കൃഷ്ണനും ശയിക്കുന്നു. രാവണയുദ്ധത്തിൽ പത്തുതോളുകളുടെ യുദ്ധാസക്തി തീർത്തുകൊടുത്ത ശ്രീരാമന് ,രതികേളിയിൽ മന്മഥയുദ്ധത്തിനായിവന്ന ദേവിയുടെ മാർത്തട്ടിനോടുപൊരുതി രതിമോഹം തൽക്കാലത്തേക്ക് ശമിപ്പിക്കപ്പെട്ടവനായി ശയിച്ചാലും, പതിന്മടങ്ങ് ശക്തിയോടെ രതിവർദ്ധനവിനാല് വീണ്ടും വീണ്ടും ആ തോളുകളെ (മാറിനെ) മർദ്ദിക്കാനും അതിന്റെ കാഠിന്യത്തിന്റെ മർദ്ദനം ഏറ്റുവാങ്ങാനും കൊതിപൂണ്ടവനായിട്ടാണ് ഗീതഗോവിന്ദത്തിൽ കാണപ്പെടുന്നത്.

23. *അഭിനവജലധരസുന്ദരധൃതമന്ദര ഏഏഏഏഏ*
ശ്രീമുഖചന്ദ്രചകോര(ജയ)
പുതിയ കാർമേഘംപോലെ സുന്ദരനായി ,മന്ദരപർവ്വതം ധരിച്ച് ശ്രീഭഗവതിയുടെ മുഖചന്ദ്രന് ചകോരമായ ദേവാ ,ഹരേ,ജയജയ.
മന്ദരപർവ്വതം ധരിച്ച പൃഷ്ഠവുമായി, അഭിനവകാമസലിലം ധരിച്ച സുന്ദരമായ മേഘം പോലുള്ള രൂപം വിപരീതരതിയിലേർപ്പെട്ട ദേവിക്ക് അതിസുന്ദരമായി അനുഭവപ്പെടുന്നു. പ്രിയതമനെ രതിയുദ്ധത്തിൽ ജയിക്കാന് അവളെടുക്കുന്ന മാർഗ്ഗമാണല്ലോ അത്. അങ്ങനെ തന്റെ വിജയമുദ്ര പൃഷ്ഠത്തിൽ ധരിച്ചതു കാൺകെ, വിജയാഹ്ലാദത്താൽ ദേവിയുടെ മുഖം വികസിക്കുന്നു. വീണ്ടും ആ സുഖാനുഭവത്തിനായി ചകോരം പോലെ അവൾ കാത്തിരിക്കുന്നു. മുഖത്തിൽ കണ്ണ്,വക്ഷസ്ഥലം,പൃഷ്ഠം ഇവക്കുശേഷം നാലാമത്തെ അംഗമായ പാദത്തിലേക്ക് എത്തുന്നു. കേശാദിപാദസ്മരണം.

24. *തവചരണം പ്രണതാവലം ഇതി ഭാവയ ഏഏഏഏ*
കുരുകുശലം പ്രണതേഷു (ജയ)

അവിടത്തെ ചരണങ്ങളിൽ പ്രണമിച്ച്, നീമാത്രം അഭയമെന്ന് ഭാവിച്ച ഞങ്ങൾക്ക് മംഗളം തരുന്ന ദേവാ,ജയജയ. വിഷ്ണുപതിയിലൂടെയല്ലാതെ വിഷ്ണുപദപ്രാപ്തി സാദ്ധ്യമല്ല .അതിനാലാണ് രണ്ടുവിധത്തിലും ജയദേവകവി പത്മാവതീചരണചാരണചക്രവർത്തിയായിരിക്കുന്നത്. *ഭക്താനാം കാമവർഷദ്യുതരുകിസലയ*മാണ് ഭഗവാന്റെ ചരണങ്ങൾ. ശ്രീരാഗം പാടിയ ശിവജടയില് ഗംഗയായി ഉരുകി വീണത് ആ പാദത്തിലെ ജലമാണ്. അപ്രകാരമായ സർവ്വമൂലാധാരമായ പാദമൂലം മാത്രം ശരണമെന്ന് ആശ്രയിക്കുന്നു. തന്ത്രത്തിൽ ശക്തിദേവതാധ്യാനം ഭൂപുരമെന്ന പാദത്തിൽ തുടങ്ങി മുകളിലേക്ക് ആരോഹണക്രമത്തിലാണ്. പിന്നീട്,അവരോഹണക്രമത്തിൽ കേശാദിപാദം മടങ്ങണം. പാദാദികേശ,കേശാദിപാദസ്മരണം. ആജ്ഞ,അനാഹതം,മണിപൂരം, മൂലാധാരമെന്ന് നാലു ചക്രങ്ങളെ കണ്ണ്,വക്ഷസ്സ്,അഷ്ടദലപത്മം വഹിച്ച പൃഷ്ഠം, പാദമൂലം എന്നിവയാൽ ഉദ്ദേശിക്കുന്നു. ലക്ഷ്മണൻ സീതയുടെ ഭൂപുരധ്യാനം മാത്രമേ ചെയ്തിരുന്നുള്ളു. ധ്യാനശ്ലോകം (പ്രബന്ധം 3) ഇതുവരെ വ്യംഗ്യമായും സംക്ഷേപിച്ചും പറഞ്ഞ സുരതനിർവ്വാണ സുഖത്തെ ഒന്നുകൂടി ആവർത്തിച്ച് ,സംഭോഗശൃംഗാരനിർവൃതി തന്ന്,രാധാകൃഷ്ണന്മാരുടെ വിപ്രലംഭത്തിലേക്കും വിരഹത്തിലേക്കും നയിക്കുന്നു.

25. *കവിഹൃദയം*

    ശ്രീജയദേവകവേരിദം കുരുതേ മുദം ഏഏഏഏഏഏ

    മംഗലം ഉജ്ജ്വലഗീതം (ജയ)

    ശ്രീജയദേവകവിയാൽ ഇങ്ങനെ ആനന്ദപൂർവ്വം മംഗളകരമായ ഉജ്ജ്വലഗീതം രചിക്കപ്പെട്ടു. തന്റെ കാവ്യത്തെ താൻതന്നെ വിലയിരുത്തുന്ന രീതി. മെഗളം ഉജ്ജ്വലഗീതം എന്നാണ് കവിയുടെ വിലയിരുത്തൽ. (സ്വാത്മനിരൂപണം).

    പ്രബന്ധം 3

26. *ധ്യാനം*

    പത്മാപയോധരതതീപരിരംഭലഗ്ന
    കാശ്മീരമുദ്രിതം ഉരോ മധുസൂദനസ്യ
    വ്യക്താനുരാഗം ഇവ സേലദ് അനംഗഖേദ
    സ്വേദാംബുപൂരം അനുപൂരയതു പ്രിയം വാ

    പത്മയുടെ പയോധരങ്ങളെ പരിരംഭണം ചെയ്തതിന്റെ ലക്ഷണമായി മധുസൂദനന്റെ ഉരസ്സിൽ കാശ്മീരകുങ്കുമം കാണുന്നു. അനംഗലീലയാലുണ്ടായ സ്വേദജലപ്രവാഹം അതിനെ പ്രിയത്തോടെ അനുപൂരണം ചെയ്ത് അലിയിക്കുന്നത് വ്യക്തമാക്കപ്പെട്ട (പ്രകടമായ)അനുരാഗം പോലെ കാണപ്പെടുന്നു.

    മധുസൂദനൻ -പ്രേമസരോവരതീരത്ത് രാസകേളിക്കുശേഷം വിശ്രമിക്കവേ, കൃഷ്ണൻ പറഞ്ഞു, പ്രിയേ, നമുക്കിടയിൽ ഇപ്പോള് ഒരു വണ്ട് ഉണ്ട്. രാധ ഭയന്ന് കെട്ടിപ്പിടിച്ചപ്പോൾ നർമ്മരസത്തോടെ കൃഷ്ണൻ പറഞ്ഞു, ഇപ്പോൾ മധുസൂദനന് പോയി. കൃഷ്ണന്റെ കരവലയത്തിൽ വക്ഷസ്സിൽ കിടന്നുകൊണ്ടുതന്നെ ,രാധ ഇതുകേട്ട് വിരഹവേദന അനുഭവിച്ചു (വൈഷ്ണവിസം .റിച്ചാർഡ് ഡേവിസ്. എ.ഡി.സ്റ്റീവൻ.ജെ.റോസൺ 1992) .മധുസൂദനനൻ തേനിന്റെ ശത്രുവായ വണ്ട്. ഈ പദം ദ്വയാർത്ഥത്തില് ഉപയോഗിച്ചാണ് ഈ രസാനുഭൂതിസൃഷ്ടി. നമുക്കിടയിൽ ഇപ്പോൾ മധുസൂദനനേ ഉള്ളു എന്നതില് (വണ്ട്, ശ്രീകൃഷ്ണൻ)സുരതവേളയിൽ അവർക്കിടയില് ഒരു വസ്തുത്തിന്റെ വിടവുപോലും ഇല്ലാതെ പരിരംഭണത്തിലേർപ്പെട്ടിരിക്കയാണെന്നാണ് ധ്വനി. രാധയുടെ മുലക്കണ്ണും കൃഷ്ണന്റെ മേനിയും കറുത്ത വണ്ടുപോലെ ,ഉയിരുകളൊന്നാവുന്നതിന് തടസ്സം നിന്നു. ശരീരത്തിന്റേതായ ആ നേർത്ത തടസ്സവും സുരതംകൊണ്ട് നീങ്ങി,ഉയിരും ഉടലും ഭേദമില്ലാതെ ഒന്നായി. സംസാരത്തിലും നിർവ്വാണത്തിലും ഒന്നായി,ജീവന്മുക്തരായി ,അദ്വൈതതന്മയത നേടി. ഈ ദ്വയാർത്ഥം ആദ്യം രാധക്ക് മനസ്സിലായില്ല. അതിനാലാണ് ഭയന്നു കെട്ടിപ്പിടിച്ചത്. രണ്ടാമത്തെ വിരഹവ്യഥയാകട്ടെ, ഈ തന്മയത എപ്പോഴും ഉണ്ടാവില്ല എന്ന വിചാരം വന്നിട്ടാണ്.

27. *വസന്തേ വാസന്തീകുസുമസുകുമാരൈർ അവയവൈര്*
    ഭ്രമന്തീം കാന്താരേ ബഹുവിഹിതകൃഷ്ണാനുസരണം
    അമന്ദം കന്ദർപ്പജ്വരജനിതചിന്താകുലയോ
    വലദ്ബാധാം രാധാം സരസം ഇദം ഊചേ സഹചാരി.

വസന്തർത്തുവില് മനോഹരാംഗങ്ങളില് വാസന്തീസുമങ്ങളണിഞ്ഞ് കൃഷ്ണാനുസരണിയായി വനത്തിൽ ഭ്രമിച്ച് (അലഞ്ഞുതിരിഞ്ഞ്) തീവ്രമായ കാമജ്വരം അനുഭവിക്കുന്നവളായി,ആ ജ്വരം ജനിപ്പിച്ച ചിന്തകളാൽ ആകുലയായിരിക്കുന്ന രാധയെ കണ്ട് അവളുടെ സഹചാരിണി (സഖി) സരസസംഭാഷണമാരംഭിച്ചു. (ഇവിടുന്നങ്ങോട്ട് ഒരു ഫ്ലാഷ്ബാക്ക് പോലെയാണ് രാധയുടെ കഥ പറയുന്നത്).

വസന്തം കാമന്റെ സുഹൃത്താണ്. വാസന്തീസുമം പഞ്ചബാണങ്ങളിൽ ഒന്ന്. കാമബാണം പോലെയുളള രാധ ഇവയോടുകൂടി കൃഷ്ണന്റെ പിന്നാലെ അവനെതേടി ഭ്രമിച്ച് വട്ടം ചുററി ഇരുണ്ടവനത്തിലലയുന്നു. കാമശരംപോലെ രാധാകൃഷ്ണന്മാർ പരസ്പരം ഭ്രമിച്ച് പിന്തുടരുന്നു. രാപ്പകലുകൾപോലെ. ഭൂമിയും സൂര്യനുംപോലെ. നിരന്തരമായ ഈ ഭ്രമണരാസനൃത്തത്താൽ വേഗത കൂടിക്കൂടി ,കാമജ്വരത്താൽ തപിച്ച് താപം അധികമാവുമ്പോള്, ഇന്ത്യൻഉപ ഭൂഖണ്ഡത്തി ല് വസന്താഗമമായി.ഋതുചക്രപ്രവർത്തനത്തിന്റെ കോസ്മിക് താപത്തെ ഋതുമതിയുടെ താപത്തോട് അഭേദംപറയുന്നു. മനുഷ്യസഹജമാണ് ഈ തപസ്സ്. അഭിമാനിനിയാകയാലാണ് രാധ ചിന്താകുലയാവുന്നത്. എനിക്ക് ഇതെങ്ങനെ സംഭവിച്ചു. പരകീയമായ(എന്റെ സ്വഭാവമല്ലാത്ത) ഒരു സ്വഭാവം എന്നിലെങ്ങനെ ഉദിച്ചു എന്നചിന്ത ,പുറത്തറിയുമോ എന്ന ലജ്ജ, ഭ്രമിച്ചും തപിച്ചും കൃഷ്ണന്റെ പിന്നാലെ എന്നിട്ടും നടക്കുന്ന നിസ്സഹായാവസ്ഥ ഇതെല്ലാം കണ്ട് ഋതുഭേദം അറിഞ്ഞ തോഴി ഇത്തിരി കളിയും ഇത്തിരി കാര്യവും കലർത്തി,സരസമായി അനുനയപൂർവ്വം അവളോട് സംസാരിക്കുന്നു. ലജ്ജയും ചിന്തയും കളഞ്ഞ് സംഗമത്തിന്റെ ആനന്ദം രാധാകൃഷ്ണന്മാർക്ക് നൽകലാണ് ഈ ഭാഷണത്തിന്റെ ഉദ്ദേശം.

28. *വസന്തരാഗം യതി . താളം രൂപകം അല്ലെങ്കിൽ ആദി.*
ലലിതലവംഗലതാപരിശീലനകോമലമലയസമീരേ
മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരേ
വിഹരതി ഹരിരിഹ സരസവസന്തേ
നൃത്യതി യുവതിജനേനസമംസഖി വിരഹിജനസ്യദുരന്തേ

കുഞ്ജകുടീരത്തിലിരുന്ന് കുയിലുകളെല്ലാം ഇണകളെ പാടിവിളിക്കുകയാണ്. വണ്ടുകളെല്ലാം പൂക്കളിലെ മധു നുകരുന്നു. ഈ സരസവസന്തത്തിൽ നികുഞ്ജത്തില് ഹരി വസിക്കുന്നു എന്ന് പറഞ്ഞ് യുവതികളെല്ലാം നൃത്തം ചെയ്യുകയാണ്. സഖീ,നീമാത്രം ഇങ്ങനെ വിരഹിണിയായിരിക്കുന്നതെന്തിന്.

വസന്തോത്സവത്തിൽ പ്രകൃതിയും വ്രജവാസികളും ഗാനനൃത്തങ്ങളാലും ശൃംഗാരചേഷ്ടകളാലും വിലാസരംഗം ഒരുക്കിയിരിക്കുന്നു. ലളിതലവംഗലതകളാണ് അപ്സരസ്ത്രീകൾ. മലയസമീരൻ പുരുഷൻ. ഗുരുരൂപത്തിൽ അവരെ നൃത്തം പഠിപ്പിക്കുന്ന ഗന്ധവാഹകനായ ഗന്ധർവ്വകുമാര ൻ. കുയിലിന്റെ പഞ്ചമം,കൃഷ്ണന്റെ ഓടക്കുഴൽ,കുഞ്ചത്തിലെ വ്രജസുന്ദരിമാരുടെ ഘോഷം, വണ്ടുകളുടെ ഝങ്കാരം- ഈ രസസമ്പൂർണ്ണമായ (സരസം-Aesthetically perfect) അനുഭവത്തിൽ ഹരിയുടെ സാന്നിദ്ധ്യത്തിൽ മേഘംകണ്ട മയിലുപോലെ വ്രജസുന്ദരിമാരുടെ ആനന്ദനൃത്തം. സദാ ആത്മ,ബുദ്ധി,മന,കായങ്ങളാല് കൃഷ്ണാനുസാരിണിയായി, രാപ്പകൽ അവനെ വിട്ടകലാതെ ഭ്രമിക്കുന്ന നീ മാത്രം അതിലൊന്നും പങ്കുചേരാതെ വിരഹിണിഭാവത്തിൽ മാറിയിരിക്കുന്നതെന്തിന് . 27ആം ശ്ലോകത്തിൽ ഭ്രമന്തീം കാന്താരേ എന്ന് പുരുഷനുപിന്നാലെ സ്ത്രീ(പ്രകൃതി)യാണ് പൂവിനുചുറ്റും വണ്ടുപോലെ ഭ്രമണം ചെയ്യുന്നത്.ഇനി വരാനിരിക്കുന്ന പുരുഷായിത ഭ്രമരബന്ധത്തെ കവി ഇപ്പോൾത്തന്നെ സൂചിപ്പിക്കുന്നത് തന്റെ കാമശാസ്ത്രപാണ്ഡിത്യ പ്രകടനത്തിനു മാത്രമാണ്.

29. *ഉന്മദ മദനമനോരഥപഥികവധൂജനജനിതവിലാപേ*
അളികുലസങ്കുലകുസുമസമൂഹനിരാകുലബകുലകലാപേ

ഇലഞ്ഞിപ്പൂക്കളിൽ വണ്ടുകള് ദുഖംനീങ്ങി ,തേനുണ്ട് മദിക്കുന്നു. നീയോ,വകുളാഭരണങ്ങളണിയാതെ ,ഉദാസീനയായി ഉന്മാദിനിഎന്നപോലെ മദനമനോരഥത്തിന്റെ പാതയിൽ നടക്കുന്ന വധൂജനങ്ങളെപ്പോലെ വിലപിക്കുന്നു.

വസന്തകാലത്ത് നിറയെ പൂത്ത് സൌമ്യസുഗന്ധം പരത്തുന്ന വൃക്ഷമാണ് ഇലഞ്ഞി. ചെറിയ ചെറിയപൂക്കൾ ഇളംകാറ്റഇല് മുത്തുപോലെ,പറന്നുവീണ് ഭൂമിയെ പുഷ്പവൃഷ്ടികൊണ്ടു മൂടും. നിറയെ വണ്ടുകൾ വൃക്ഷത്തിനുചുറ്റും പൂക്കളിലെ തേനുണ്ട് (പുരുഷ)ഭ്രമരങ്ങളായി മദിച്ചുതുളളും. അത്ത

രം ബകുളാഭരണം (ഇലഞ്ഞിപ്പൂമാല) അണിഞ്ഞ് വധൂജനങ്ങള് കൃഷ്ണനെന്ന കരിനീലവണ്ടിനെ മാറണച്ചേർത്ത്, അടക്കിവെച്ച് രമാക്കാനായി മത്സരിക്കുന്നു. നീയോ,ഇലഞ്ഞിമാല അണിയാതെ, കാമചിഹ്നമണിയാതെത്തന്നെ കാമന്റെ മനോരഥത്തിന്റെ ഉന്മാദം മനസ്സിൽ പേറി മത്സരത്തിനൊന്നും പോകാതെ തനിച്ചിരിക്കുന്നു. എന്തിനീ ഉദാസീനത. എനിക്ക് കാമമില്ല എന്ന് നീ ആരെയാണ് ബോദ്ധ്യപ്പെടുത്താനായി ശ്രമിക്കുന്നത്. നിന്നെത്തന്നെയോ,ഞങ്ങളേയോ. രണ്ടായാലും അത് നടപ്പില്ല. നിനക്കുതന്നെ നന്നായറിയാം, നിന്റെ മനോനില. ഞങ്ങൾക്കും അറിയാം. പിന്നെ എന്തിനീ സന്യാസഭാവം. ഈ നാട്യം.

30. *മൃഗമദസൌരഭരഭസവശംവദനവദലമാലതമാലേ*
യുവജനഹൃദയവിദാരണമനസിജനഖരുചികിംശുകജാലേ
തമാലവൃക്ഷത്തിലെ പുതിയ പൂക്കളും തളിരുകളും മൃഗമദ(കസ്തൂരി)സൌരഭ്യത്തിനു സമമായ സുഗന്ധംപരത്തി സർവ്വരേയും വശംവദരാക്കി നിൽക്കുന്നു. യുവജനഹൃദയങ്ങളെ പിളർക്കുന്ന കാമന്റെ നഖങ്ങളുടെ വർണ്ണശോഭയാർന്ന പലാശപുഷ്പങ്ങള് ഭൂമിയിലെങ്ങും വീണുകിടക്കുന്നു. മൃഗമദം കസ്തൂരിമാനിന്റെ കാമസലിലമാണ്. കസ്തൂരിമാനും കൃഷ്ണസർപ്പവും പത്മിനി ഇനത്തിൽപെട്ട സ്ത്രീയും സംയോഗവേളയില് ഈ ഗന്ധമുള്ളവയാണ്. തമാലമലരിനും തളിരിനും ഇതേ ഗന്ധമാകയാൽ വൃന്ദാവനം പത്മിനിയായ അനുരാഗിണിപ്പോലെ കാമപരവശയായിരിക്കുന്നു. അവളുടെ ശരീരത്തിലാകെ നഖചിതിരമെഴുതിയപോലെ ചോരത്തുടിപ്പാർന്ന പലാശപുഷ്പം വീണുകിടക്കുന്നു. ഭൂമിയുടെ ശരീരത്തിൽ ദന്തനഖചിത്രങ്ങൾ വരക്കുന്ന കാമസദൃശനായ കാമുകനാണിവിടെ വിഷ്ണുവായ കൃഷ്ണൻ. വശംവദയായ പത്മിനിയുടെ സുഗന്ധമുള്ള ശരീരത്തിൽ ചിത്രം വരക്കുന്ന കാമദേവന്റെ സുഹൃത്തായ വസന്തമുതുവോടൊപ്പം സഖിയും രാധയുടെ മദനാവേശം ഉദ്ദീപിപ്പിക്കാൻ ശ്രമിക്കുന്നു. വശംവദയാകുന്നതുകൊണ്ടും അനുസാരിണിയാകുന്നതുകൊണ്ടും ഉള്ള ആനന്ദാനുഭവം ഇങ്ങനെ തനിച്ചിരുന്നാൽ കിട്ടില്ല,കൃഷ്ണനുമായി സംയോഗം വേഗത്തിൽ സംഭവിക്കണം,അതിന്നാമ് ഈ ഉദ്ദീപനഭാവം.

31. *മദനമഹീപതികനകദന്തരുചികേസരകുസുമവികാസേ*
മിളിതശിലീമുഖപാതാളപതലകൃതസ്മരതൂണവിലാസേ
മദനചക്രവർത്തിക്ക് കൊറ്റക്കുട ചൂടിയപോലെയും അവന്റെ സ്വർണ്ണപ്പല്ലിന്റെ ശോഭയോടും സ്വർണ്ണകേസരങ്ങളുള്ള നാഗലിംഗപ്പൂക്കള് വിടര്ന്നു.വീണുകിടക്കുന്ന പാടലീപുഷ്പങ്ങളിൽ മധുനുകർന്ന് ഉന്മത്തരായ വണ്ടുകള് രീങ്കാരം പാടി. ഇവയെല്ലാം നിന്നെ തപിപ്പിക്കുന്നതിനാണെന്നു ധ്വനി. മദനഛത്രമെന്നു പറയുന്നത് കാമശാസ്ത്രത്തിൽ സ്ത്രീകളുടെ യോനിഭാഗത്തുള്ള ഒരവയവത്തെയാണ്. സ്ത്രീയുടെ മദനഛത്രംപോലെ നാഗലിംഗപ്പൂവിന്റെ മദനമഹീപതിയുടെ കൊറ്റക്കുട വിരിഞ്ഞു. സൌരഭ്യം,സ്വർണ്ണനിറം,ആകാരശോഭ,രൂപം ഇവയിലെല്ലാം പത്മിനിക്കു സദൃശമായ നാഗലിംഗപ്പൂ വസന്തത്തിൽ കാമാതുരരായി വികസിച്ചു. അത് കാമുകർക്ക് രതിപ്രീതി വരുത്തി. (വണ്ടുകൾക്ക്) പാടലീപുഷ്പങ്ങൾ സ്ത്രീകളെപ്പോലെ രതിക്രീഡയില് തളർന്നുവീണിട്ടും, അവരെ വിടാതെ രീങ്കാരം ചെയ്ത് ഉണർത്താനായി ഉന്മത്തരായ കാമുകവണ്ടുകള് മദനരീങ്കാരം മുഴക്കുന്നു.വിലാസ(കാമ)വതിയായ നിന്നെ ഉണർത്താനായി കാമദേവനയച്ച ഈ ദൂതന്മാരെ നീ കണ്ടില്ലേ. നിന്റെ പ്രിയതമന്റെ ആനന്ദത്തിനായി സരസവും സുന്ദരവും സുഗന്ധിയുമായ നിന്റെ പൂ വികസിപ്പിക്കുക. അവനെ ആ മദനപുഷ്പത്തിന്റെ ഏകഛത്രാധിപതിയാകാനനുവദിക്കുക.അതിനിനിയും താമസമെന്തേ.

32. *വിഗലിതലജ്ജിതജഗദവലോകനതരുണകരുണകൃതഹാസേ*
വിരഹിനികൃന്തന കുന്ദമുഖാകൃതികേതകദന്തുരിതാശേ
മുല്ലപ്പൂക്കൾപോലും അവരുടെ ലജ്ജ ഉപേക്ഷിച്ചു. ലോകത്തെ അവലോകനം ചെയ്യുന്ന ചെറുപ്പക്കാരിൽ കരുണയോടെ പരിഹാസം ചൊരിയുന്നപോലെയും വിരഹിണികളുടെ പല്ലുകളുടെ ശോഭകണ്ട് അസൂയപ്പെട്ടപോലെയും അവർ മന്ദഹാസം പൊഴിഞ്ഞ് വിടർന്നു.
സുന്ദരമായ ഈ ലോകത്തെ വെറുതെ നോക്കിയിരുന്നിട്ടെന്തു കാര്യം. ആസ്വദിക്കൂ എന്ന പറയുന്നപോലെ കരുണാപൂർവ്വം ലജ്ജവിട്ടുവിടർന്ന മുല്ലപ്പൂ മൃദുഹാസം തൂകുന്നു. പ്രപഞ്ചം മുഴുവനും സംഗമത്തിനൊരുങ്ങി. രാധ മാത്രം ഒരുങ്ങിയില്ല. അവളുടെ ദന്തങ്ങൾ കണ്ട് മുല്ലപ്പൂക്കൾക്ക് അസൂയ. ഇത്ര ചന്തമുള്ള ദന്തവും അവയവഭംഗിയും ഉണ്ടായിട്ടും അവ ആസ്വദിക്കാൻ കൃഷ്ണനെ അനുവദിക്കാത്തത് ലജ്ജകൊണ്ടാണ്. നോക്കൂ,പ്രകൃത്യാ ലജ്ജാവതികളായ ഞങ്ങ

ൾപോലും ലജ്ജവിട്ട് കാമുകരെ നോക്കിമന്ദഹസിക്കുന്നത് എന്ന രാധയോട് പറയുന്നപോലെയാണ് മുല്ലപ്പൂ വിടരുന്നത്. തന്നിലെ സൗന്ദര്യം പ്രിയമുള്ള പുരുഷന് കൊടുക്കാതിരിക്കുന്നത് ഉത്തമസ്ത്രീലക്ഷണമല്ല. വസന്താഗമത്തിൽ മനസ്സവിട്ട് സർവ്വാംഗങ്ങളാലും അനംഗലീലയായി ഒന്നാവണം.വിഗലിതലജ്ജിത എന്നതുകൊണ്ട് പലവട്ടം അനുഭവമുണ്ടായ അനുഭവസ്ഥയായ പ്രൌഢനായിക (മുല്ല) ആദ്യമായി രതി അനുഭവിക്കാൻപോകുന്ന നവവധുവായ പെൺകുട്ടിയോട് മൊഴിയുന്നസ്വരമാണ് മുല്ലക്കും സഖിക്കും എന്ന് ശ്രദ്ധിക്കുക. കാമശാസ്ത്രത്തിൽ ഇത്തരം സ്ത്രീകളാണ് സംഭോഗത്തില് (പ്രത്യേകിച്ചും പരകീയരതിക്ക്) മുൻകൈ എടുത്ത് നായകീനായകന്മാരെ ഒന്നിപ്പിക്കുന്നത്.

33. *മാധവികാപരിമളലളിതേ നവമാലതിജാതസുഗന്ധൌ*
മുനിമാനസാം അപി മോഹനകാരിണിതരുണാകാരണബന്ധൌ.
മാധവി,നവമാലതി,ജാതി മുതലായ മൃദുലലളിതങ്ങളായ പൂക്കളുടെ സുഗന്ധം മുനിമാനസങ്ങളേയും സമ്മോഹനം ചെയ്യുന്നു. അവ വസന്തത്തിൽ തരുണർക്ക് ബന്ധുക്കളാണ്.കാമദേവന്റെ സഹായികളായ പൂക്കളുടെ (അനുഭവസ്ഥരുടെ) സുഗന്ധപൂരിതമായ ചുററുപാട് (സരസസംഭാഷണാദി) മുനിമാനസങ്ങളേയും സമ്മോഹനം ചെയ്യുന്ന അപ്സരതുല്യമാണ്. പിന്നെയാണോ , അറിയാൻ മോഹമുള്ള തരുണരുടെ കാര്യം. സർവ്വരും ആകർഷണവലയത്തില് വീണ് പരമാനന്ദമനുഭവിക്കുന്ന വസന്തമിതു. പ്രായമോ,ലിംഗമോ,ഗൃഹസ്ഥൻ,മുനി മുതലായ ഭേദമോ ഇല്ലാതെ സർവ്വരിലും അനംഗമായി സൂക്ഷ്മമായിരിക്കുന്ന ബ്രഹ്മത്തിന്റെ സുരഭിലകാമസലിലം പ്രപഞ്ചമാകെ സുഗന്ധപൂരിതമാക്കുന്നു..അപ്പോൾ,നിന്നെ മാത്രം അത് സ്പർശിച്ചിട്ടില്ല എന്ന് എങ്ങനെ നടിക്കും. അങ്ങനെ തമാശക്ക് ചൊദിക്കുന്നുവെങ്കിലും, രാധ അതിമുക്താവസ്ഥ അടഞ്ഞ സിദ്ധയോഗിനിയാണെന്നും കൃഷ്ണനും അവളും ഒരിക്കലും വിട്ടുപിരിയുന്നില്ലെന്നും സഖിക്കറിയാം. മുനിമാനസഹംസവും മുനിമാനസവും അവൻ തന്നെയാണല്ലോ. മുനിമാനസാകർഷിണിയായ അതിമുക്തയായ രാധ മാധവന്ന് ഏററവും പ്രിയങ്കരി. അവരെന്നും ഒന്നാണ്. അതിമുക്ത എന്ന പദം അടുത്ത ശ്ലോകത്തിൽത്തന്നെ ഉപയോഗിക്കുന്നു.

34. *സ്഼ുരത് അതിമുക്തലതാപരിരംഭണമുകുളിതപുലകിതാചൂതേ*
വൃന്ദാവനവിപിനേ പരിസരപരിഗതയമുനാജലപൂതേ
അതിമുക്തലതകളാൽ ആലിംഗനം ചെയ്യപ്പെട്ടുകയാല് പുളകിതമായി, നിറയെ മൊട്ടിട്ട തേന്മാവുകൾ ആ ലതകളെ വിടാതെ നിൽക്കുന്ന വൃന്ദാവനപരിസരത്തില് പരിശുദ്ധയായ യമുന ഒഴുകുന്നു. മാധവീലതയുടെ പര്യായമാണ് അതിമുക്ത. കുരുക്കുത്തിമുല്ല എന്ന് അമരകോശം. ഈ പര്യായം കവിയുടെ ഔചിത്യബോധത്തിന് നിദർശനമാണ്. അതിമുക്തയുടെ പരിരംഭണം പരമാത്മപുരുഷനെ പുളകിതനാക്കുന്നു. ആ തേന്മാവോ,ചൂതമാണ്(ചതുരംഗക്കാരനാണ്). ആത്മാവ്, ബുദ്ധി, മനസ്സ്,ശരീരം എന്ന ചതുരംഗത്തോടുചേർന്ന പരമാത്മാവ്. അവൻ ജീവാത്മാവായ അതിമുക്തയെ വിട്ടുപിരിയുകയേയില്ല. അവളുടെ മനസ്സാണ് ,അന്തരംഗമാണ് അവന്റെ ഗോലോകം. രാധയുടെ അതിമുക്താത്മാവിൽ ഒഴുകിയെത്തുന്ന വിരഹശ്രീരാഗങ്ങളിലെല്ലാം അവൻ സദാ നിറഞ്ഞുനിൽക്കുന്നു. അതിനാൽ,അതിലൊഴുകിയെത്തുന്ന യമുനയേക്കാളും പരിപാവനമായ മറ്റൊരു തീർത്ഥജലമില്ല. (നാരദഭക്തിസൂത്രം കാണുക) വനം,വിപിനം,എന്ന് കാടിന്റെ രണ്ടുപര്യായങ്ങൾ ഇവിടെ അടുത്തടുത്ത് പ്രയോഗിക്കുന്നു. അനുപ്രാസംകൊണ്ട് സംഗീതഭംഗിവരുത്താനുള്ള കവിയുടെ സ്വാതന്ത്ര്യമാണത്. ഇത്തരം സ്വാതന്ത്ര്യങ്ങൾ ജയദേവനിലെ സംഗീതജ്ഞൻ കവിയേക്കാള് മുന്നിട്ടുനിൽക്കുന്നു എന്നതിന് തെളിവാണ്. അനുപ്രാസം,അന്ത്യാനുപ്രാസം എന്നിവ സംഗീതരസാനുഭവം കൂടുതലായി നല്കും.

35. *ശ്രീജയദേവഭണിതം ഇദം ഉദയതി ഹരിചരണസ്മൃതിസാരം*
സരസവസന്തസമയവനവർണ്ണനം അനുഗതമദനവികാരം
ശ്രീജയദേവകവിയാൽ രചിക്കപ്പെട്ടതും ഹരിചരണസ്മൃതിസാരവും സരസമായി വസന്തകാലത്തെ വനത്തെ വർണ്ണിക്കുന്നതുമായ ഈ വരികള് പാടിയാലും കേട്ടാലും മനസ്സില് മദനവികാരം ഉദിക്കുന്നതാണ്. ഋതുവർണ്ണനതന്നെ രസപൂർണ്ണം. അതിലും വൃന്ദാവനവസന്തഋതുവർണ്ണന അതിസരസം. ഹരിചരണസ്മൃതിസാരമാകയാൽ, രസോ വൈ സ എന്ന ബ്രഹ്മരസാനുഭൂതി പൂർണ്ണം. പാടിയാലും കേട്ടാലും അനംഗ(ബ്രഹ്മവും കാമനും അനംഗമാണ്)വിചാരം വരുത്തുന്ന ചതുരംഗത്തിൽ തേന് നിറഞ്ഞത്. സ്വനാമമുദ്രവെച്ച് ജയദേവൻ രചിച്ച ഈ കാവ്യം

എല്ലാ അർത്ഥത്തിലും അറിഞ്ഞാസ്വദിച്ചാല് ഇഹപരസുഖം ലഭിക്കും . ഫലശ്രുതി മദനവികാര മാണെന്നത് പ്രത്യേകം ശ്രദ്ധിക്കണം.

പ്രബന്ധം 4

36. *സഖി-*
ദരവിദലിതമല്ലീവല്ലീചഞ്ചത്പരാഗ
പ്രകടിതപടവാസൈർവാസയൻകാനനാനി
ഇഹ ഹി ദഹതി ചേത കേതകീഗന്ധബന്ധു
പ്രസരത് അസമബാണപ്രാണവദ് ഗന്ധവാഹ

മല്ലീവല്ലികളിൽ ചഞ്ചലമായി സഞ്ചരിച്ച് സ്വർണ്ണപരാഗം പുരണ്ട് ,കാട്ടിൽ വസിക്കുന്നതും കേത കീസുഗന്ധബന്ധുവുമായ ഗന്ധവാഹകന് കാടിന്റെ പ്രാണനെന്ന പോലെ തന്റെ സാന്നിദ്ധ്യം (അനംഗനായിട്ടും)പ്രകടമാക്കിക്കൊണ്ട് പ്രസരിക്കുന്നു. *മല്ലീവല്ലികൾ കാറ്റിനാല് പിളർന്ന് വിദലിതമായി നിൽക്കുന്നത് കാറ്റുമായി അവർക്കുണ്ടായ സംയോഗത്തെ കുറിക്കുന്നു. ലലിതലവംഗലതാപരിശീലനകോമലമലയസമീരൻ മല്ലീവല്ലികളെ നൃത്തം പഠിപ്പിക്കമാത്രമല്ല, കാമശാസ്ത്രം പഠിപ്പിച്ച് അവരെ ആസ്വദിക്കയും അവരുടെ രാഗപരാഗസ്വർണ്ണരേണുക്കളും കാമസലിലവും സുഗന്ധവും കവർന്നെടുക്കുകയും കൂടിയാണ്. എന്നിട്ടും മതിവരാതെ ചുറ്റിനട ക്കുന്നു. മല്ലികമാത്രമല്ല,കേതകിയുടെ സുഗന്ധവും അവനുവേണം. കാമദേവന്റെ പ്രാണവായു വായ അവൻ ചലിക്കാതെ അനംഗമായ കാമന്റെ സാന്നിദ്ധ്യം നാമറിയുന്നില്ല. പ്രാണചലന മാണ് ജീവസന്ധാരണം സാദ്ധ്യമാക്കുന്നത്,ജീവസാന്നിദ്ധ്യം വ്യക്തമാക്കുന്നതും. ചലനമില്ലെങ്കി ൽ ജീവനില്ല,സൃഷ്ടിയില്ല,പ്രപഞ്ചമില്ല,സംഗീതമില്ല,ഭാഷയില്ല,ഒന്നുമേയില്ല.*

37. *ഉന്മീലൻമധുഗന്ധലുബ്ധമധുപവ്യാധൂതചൂതാങ്കുര-*
ക്രീഡത്കോകിലകാകളീകളകളൈർഉദ്ഗീർണ്ണകർണ്ണജ്വരാ
നീയന്തേ പഥികൈകഥംകഥം കാപിധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാ സമാഗമോസോല്ലാസൈർ അമീവാസരാ.

വിരിഞ്ഞമാമ്പൂമൊട്ടുകൾക്കുചുറ്റും മധുഗന്ധംകൊണ്ട് മദിച്ച വണ്ടുകള് രീങ്കാരം ചെയ്യുന്നു. കോകി ലകാകളീകളരവങ്ങൾ ഉയർന്ന് കാതുകളില് കാമതാപം ഉണ്ടാക്കുന്നു. പഥികന്മാർ ഋതുശോഭ കണ്ട് താന്താങ്ങളുടെ പ്രാണപ്രിയമാരെ ധ്യാനിച്ച് അരക്ഷണംകൊണ്ട് അവരുമായി സമാഗ മരസോല്ലാസം അനുഭവിക്കുന്ന വസന്തസുദിനങ്ങൾ വന്നു. വണ്ടുകൾ കാറ്റിനെപ്പോലെ മധുഗ ന്ധം മോഹിക്കുന്നവരാമ്. വസന്തത്തിൽ മാമ്പൂ വിരിഞ്ഞാല് ഉന്മത്തരായ വണ്ടുകള് കാമികളെ പ്പോലെ അവയെ വട്ടമിട്ടും.മാമ്പൂവുണ്ടുമദിച്ച കുയിലുകളുടെ കാകളി ഉയരുന്നു.വണ്ടിന്റെ ഋഷഭവും കുയിലിന്റെ പഞ്ചമവും (പ,രി) സംഗമിച്ച് പരിമളത്തോടുചേർന്ന കാമജ്വരമുണർത്തുന്നു. സംഗീതം, സുഗന്ധം,തേനിന്റെ മധുരം,ത്രിഭംഗി(സൌന്ദര്യം) ഇവ ചേർന്നാല് കാമജ്വരം കൂടും. വസന്തം ഇതൊക്കെ ചേർന്നതാകയാല് പ്രിയയെ പിരിഞ്ഞു സഞ്ചരിക്കുന്ന ആളുകളും ,അന്യ ദേശത്തിരുന്നിട്ടും മദനവികാരത്താൽ ,ധ്യനാവധാനക്ഷണം കൊണ്ട്(യോഗികളെപ്പോലെ)സ്മ രണകൊണ്ട് സ്മരസുഖാനുഭവികളായിത്തീരുന്നു. വസന്തം വിരഹികളെ ധ്യാനയോഗികളാക്കു ന്നു. ബ്രഹ്മാനന്ദപരമരസം(പ്രിയാസമാഗമരസോല്ലാസം) ക്ഷണനേരംകൊണ്ട് പ്രിയയുടെ അസാന്നിദ്ധ്യത്തിലും അനുഭവിപ്പിക്കുന്നു.

38. *അനേകനാരീപരിരംഭസംഭ്രമ-*
സ്ഫുരൻമനോഹാരിവിലാസലാലസം
മുരാരിം ആരാദ് ഉപദർശയന്തി അസൌ
സഖീസമക്ഷം പുനരാഹ രാധികാം

നികുഞ്ജങ്ങളിൽ അനേകം നാരിമാരെ ആലിംഗനം ചെയ്ത് ഇരിക്കുന്നവേളയില് രാധയെ കാണുകയാൽ സംഭ്രമം സ്ഫുരിക്കുന്നവനും മനോഹരനും വിലാസലോലനുമായ മുരാരിയെ ദർശിച്ച് സഖിയോട് രാധിക പറഞ്ഞു.

കാറ്റഇനേയും വണ്ടിനേയും കുറിച്ച് സഖി പറയുമ്പോളും രാധയുടെ മനസ്സിൽ അവരുടെ സ്ഥാനത്ത് കൃഷ്ണനാണ്. കാമവർദ്ധനിരാഗത്തിലുള്ള കൃഷ്ണന്റെ രേഖാചിത്രം മനോഹരമാണ്. 39-45 വരെ പത്തുസുന്ദരിമാരുമായുള്ള കൃഷ്ണന്റെ ദശവിധചേഷ്ടകള് (ദശാവതാരം പോലെ) ജയദേവൻ വിവരിക്കുന്നു. അനുലോമം,പ്രതിലോമം,എന്ന പത്തിനെ 2 കൊണ്ടു ഗുണിച്ച് 20

വിധം രാസക്രീഡകളാണിവ. 8 പത്നിമാരുമായി വ്യത്യസ്തങ്ങളായ രീതിയില് ,അതാതു ചന്ദ്രകലാനുസൃതമായി, സ്വഭാവാനുസൃതമായി, യോനീപരിമാണമനുസരിച്ച് 8 X 20 X 100 =16000 കാമകലകള് സാദ്ധ്യമാണ്. (possibilities) .അനംഗരംഗത്തിൽഒരു സ്ത്രീയുമായി 32 സ്ത്രീകളോടൊത്ത് എന്നപോലെ രതിക്രീഡ സാധിക്കമെന്ന് കല്യാണവര്മ്മൻ.
1=32 ; 8= 32 X 8= 256 =16X 16 .(256 എന്നത് 16ന്റെ വർഗ്ഗമൂലമാണ്). ഇതിനെ 1000 കൊണ്ടുഗുണിച്ചത് 16000 .
കാമശാസ്ത്രം,സംഗീതശാസ്ത്രം,വാസ്തു,ജ്യോതിഷരാശിമണ്ഡലം,ഇവയിലൊക്കെ ഇതാണ് ഉപ യോഗിച്ചിരുന്നത്.

39. *രാഗം രാമകരി യതിതാളം (കാമവര്ദ്ധനി,രൂപകം)*
ചന്ദനചർച്ചിതനീലകളേബരപീതവസനവനമാലീ
കേളിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗസ്മിതശാലീ
ഹരിരിവ മുഗ്ദ്ധവധൂ നികരേ വിലാസിനി വിലസതി കേളിപരേ
ചന്ദനച്ചാറുപുരട്ടിയ നീലമേനി, പീതാംബരം,വനമാല,ക്രീഡയിൽ ചലിക്കുന്ന മണികുണ്ഡലം പ്രതിഫലിക്കുന്ന കവിൾ,മൃദുമന്ദഹാസം- മുഗ്ദ്ധവധൂജനങ്ങൾക്കു നടുവിൽ,ഹേ, വിലാസിനീ, കേളീലോലനായി ഹരി വിലസുന്നു. കൃഷ്ണമേഘംപോലെ മനോഹരമാണ് കണ്ണന്റെ മേനി. മേഘം തണുത്തജലം ചുരുന്നു.അതുണ്ടായത് സാഗരജലത്തെ സൂര്യരശ്മി തപിപ്പിച്ച *വേനൽകൊണ്ടാണ്.* ശരീരത്തെ ഇവിടെ കാമജ്വരമാണ് തപിപ്പിക്കുന്നത്. അതുതീർക്കാനുള്ള ഔഷധമാണ് വനമാലയും ചന്ദനച്ചാറും.സ്വരണ്ണനിറമുള്ള ദേവികൃഷ്ണനിറമുള്ള മേനിയില് മേഘത്തിലെ മിന്നല് പോലെയാണ്.കൃഷ്ണന്റെ സ്വർണ്ണപീതാംബരത്തിൽതന്നെ രാധയുടെ സാന്നിദ്ധ്യമുണ്ട്.മഞ്ഞപ്പട്ട് രാധയുടെ ശരീരനിറം. കാമതാപം അകറ്റുന്ന ചന്ദനവും വനമാലയും ഗുണാദികൾ, കുണ്ഡലം അവൾ കൃഷ്ണമേനിയിലനുഷ്ഠിക്കുന്ന ആനന്ദക്രിയ -ഇങ്ങനെ കൃഷ്ണന്റെ മൂർത്തിയാണ് രാധ. മറിച്ച് നീലവസ്ത്രം ധരിച്ച രാധ കൃഷ്ണന്റെ മൂർത്തിയും.പരസ്പരമൂർത്തിത്വം അവരൊന്നാണെന്ന് കാണിക്കുന്നു.

40. *പീനപയോധരഭാരഭരേണ ഹരിം പരിരഭ്യ സരാഗം*
ഗോപവധൂർ അനുഗായതി കശ്ചിദ് ഉദഞ്ചിദപഞ്ചമരാഗം
ഉയർന്ന സ്തനങ്ങളുടെ ഭാരത്തോടെ അനുരാഗവതിയായി ഹരിയെ ആലിംഗനം ചെയ്യുന്ന ഗോപവധുക്കൾ പഞ്ചമരാഗം ആലപിക്കുന്നു. ഹരി ഷഡ്ജം,കുരൽ സാ. അതിനെ അനുഗാനം ചെയ്യുന്നത് പഞ്ചമം,ബലരാമൻ , പ. സരാഗമെന്നാൽ അനുരാഗപൂർവ്വം. രാഗങ്ങളോടുചേർന്ന അനുഗാനം അനുഗായതി എന്നും പഞ്ചമരാഗമെന്നും സംഗീതശാസ്ത്രപരമായി ഉപയോഗിക്കുന്നു. പഞ്ചമം ബലരാമനെന്ന പഴയ സമ്പ്രദായം (ചിലപ്പതികാരം)ജയദേവൻ ഇവിടെ മാറ്റുന്നു.പഞ്ചമം ഗോപവധുക്കളാണ്. രാസനൃത്തമാടാൻ പീലി നിവർത്തി ഷഡ്ജസ്വരം പാടുന്ന ആൺമയിൽ കൃഷ്ണൻ. ആ രാസനടനം പെൺമയിലുകളെ ആകർഷിക്കുന്നു, അതോടെ അവ ർ അതിനെ അനുഗാനം ചെയ്യുന്ന പഞ്ചമസ്വരം പാടിത്തുടങ്ങുന്നു. .കാണുന്നവരും കേൾക്കുന്ന വരും കൂടെ നൃത്തം ചവിട്ടുന്നവരും പിൻപാട്ടുപാടുന്നവരും എല്ലാം അവന്റെ മനോഹാരിതയാല് അനുരാഗ(ഭക്തി)പരവശരാവുന്നു. പ്രേമവാത്സല്യങ്ങളാൽ അവന്നായി പാലുചുരത്തുന്ന പശുക്കളെപ്പോലെ (കന്നുകുട്ടിയെ കണ്ട അമ്മപ്പശുപോലെ) ഓരോ ഗോപവധുവിനും അകിടുചുരന്ന് പാലൊഴുകി സ്തനഭാരം കുറയുന്നു. കൈശോരരൂപമായ ഹരിപരിരംഭണത്താൽ ഓരോ അമ്മയും ആനന്ദപരവശരാവുന്നു.

41. *കാപിവിലാസവിലോലവിലോചനഖേലനജനിതമനോജം*
ധ്യായതി മുഗ്ധവധൂർ അധികം മധുസൂദനവദനസരോജം.
ഒരു മുഗ്ദ്ധവധു സദാ മധുസൂദനന്റെ വദനസരോജം തന്നെ അനുധ്യാനം ചെയ്തുചെയ്ത്, മനസ്സിൽ ജനിച്ച കാമവികാരത്തോടെ , വിലാസവിലോലവിലോചനങ്ങളാൽ അതിനെത്തന്നെ ഉറ്റുനോക്കുന്നു. അടുത്തുചെന്ന് പരിരംഭണം ചെയ്യാൻ ധൈര്യമില്ലാത്ത ലജ്ജാശീലയാണവൾ. സദാ താൻ മനസ്സില് സ്മരിക്കയാല് അവിടെ പതിഞ്ഞുപോയ ആ മുഖം അടുത്തുകണ്ടപ്പോള് ഉള്ളില് കാമവികാരം ജനിച്ചുവെങ്കിലും ,അനുധ്യനം ഒന്നുകൊണ്ടുതന്നെ തനിക്ക് സായൂജ്യം ലഭിക്കുമെന്ന്(നേരത്തെ ഉണ്ടായിട്ടുള്ള അനുഭവത്തില് നിന്ന്)അറിയുകയാൽ അവള് കൃഷ്ണന്റെ മുഖത്തേ

ക്ക് ഉറ്റുനോക്കി ഇരുന്നതേയുള്ളൂ. കണ്ണുകളിൽ അനുരാഗഭാവം സ്ഫുരിക്കുന്ന ആ ഇരുത്തമാണ് ഉത്തമനായികാലക്ഷണം (പത്മിനിയുടെ ലക്ഷണവും).

42. *കാപികപോലതലേ മിലിതാലപിതും കിം അപി ശ്രുതിമൂലേ*
ചാരുചുചുംബനിതംബവതീദയിതം പുളകൈർഅനുകൂലേ
മറ്റൊരുവൾ എന്തോ രഹസ്യം പറയാനെന്നപോലെ തന്റെ കവിൾത്തടത്തെ കൃഷ്ണന്റെ കാതോരം ചേർത്തുപിടിച്ചു. രണ്ടുകവിളും ഒട്ടിയപ്പോൾ ആ നിതംബിനി പെട്ടെന്ന് കൃഷ്ണനെ ചുംബിച്ച് പുളകിതയായിത്തീർന്നു.(ഹാലാസ്യസപ്തശതിയിലെ ഗാഥ 114ൽ പറയുന്നതിനു സദൃശമാണ് ആ വരികൾ)

43. *കേലികലാകുതുകേന ച കാചിദ് അമും ജമുനാജലകൂലേ*
മഞ്ജുളവഞ്ജുളകുഞ്ജഗതം വിചകർഷകരേണദുകൂലേ
കേളീകലയില് കൌതുകമാർന്ന ഒരുവള് യമുനാനദീതീരത്തിലെ ഒരു വള്ളിക്കുടിലിലേക്ക് കൃഷ്ണനെ കൂട്ടിക്കൊണ്ടുപോയി. മഞ്ജുളമായ വഞ്ജുളദലം വിരിച്ച നികുഞ്ജത്തിൽവെച്ച്. കാമവതിയായ അവൾ കൃഷ്ണന്റെ ഉത്തരീയം പിടിച്ചുവലിച്ച് അഴിച്ചു. (ഇവൾ ഹസ്തിനി എന്ന ഇനത്തില് പെട്ട സ്ത്രീയാണെന്ന് അർത്ഥം).

44. *കരതലതാലതരളവലയാവലി കലിതകാലസ്വനവംശേ*
രാസരസേ സഹനൃത്യപരാ ഹരിണാ യുവതീപ്രശശംസേ
മറ്റൊരു യുവതി കൈകൊണ്ട് താളം പിടിച്ചും, തരളങ്ങളായ വളകളുടെ സ്വരം ഓടക്കുഴലിന്റെ ശ്രുതിയോടു ചേരുമാറും കൃഷ്ണന്റെ കൂടെ രാസരസത്തോടെ ചുവടുവെച്ച് നൃത്തമാടി. ഇടക്കിടെ അവളുടെ രാസനൃത്തവൈഭവത്തെ ഹരി പ്രശംസിച്ചുകൊണ്ടിരുന്നു. ചുംബിച്ചവളെയോ,ഉടുതുണി പിടിച്ചഴിച്ചവളെയോ ലജ്ജാവതിയേയോ അല്ല,ഈ യുവതിയെ മാത്രമാണ് ഹരി ശ്രദ്ധിക്കുന്നതും പ്രശംസിക്കുന്നതും. ശ്രുതി,താളം,കാലപ്രമാണം,രസാനുഭവം,നൃത്തം ഇവയിൽ പ്രഗത്ഭയായി തന്നോടുചേർന്ന് സഹനൃത്യപരയായ യുവതിക്കുമാത്രമാണ് ഹരിയുടെ പ്രശംസ. അവളാണ് കൃഷ്ണന്റെ രസികപ്രിയ. ശാരീരികവികാരങ്ങൾക്ക് അടിമപ്പെട്ടവരല്ല, കലാരസനക്ക് അടിമപ്പെട്ടവനാണ് ഹരി. ഇവിടെയും ജയദേവന്റെ ആത്മാംശമുണ്ട്. പത്മാവതിയുടെ നൃത്താദികലകളിലെ പ്രാഗത്ഭ്യം കവി ഇവിടെ ഓർക്കുന്നുണ്ട്.
കാമകലയെ മാത്രമല്ല, രസാനുഭൂതിപരമായ സുകുമാരകലകളെക്കൂടിയാണ് തന്റെ ഗ്രന്ഥം പുകഴ്ത്തുന്നതെന്നു കവി പറയുകയാണിവിടെ. *കൃഷ്ണന്റെ പ്രശംസയിലൂടെ ഈ ആശയം ധ്വനിപ്പിക്കുന്നു. കാമസലിലവും സുന്ദരമായ ശരീരവടിവുകളും പല സ്ത്രീകൾക്കുമുണ്ടാവാം. സൂക്ഷ്മമായ കലാസാമർത്ഥ്യം ചുരുക്കം ചിലർക്കേ ഉള്ളൂ .അവരാണ് പ്രശംസനീയരെന്ന് കൃഷ്ണന്റെ പ്രശംസയിലൂടെ സ്വന്തം അഭിപ്രായം കവി പറയുന്നു.*

45. *ശ്ലിഷ്യതി കാം അപി ചുംബതി കാം അപി കാം അപി രമയതി രാമാം*
പശ്യതി സസ്മിതചാരുതനും അപരാം അനുഗഛതി വാമാം
ഒരുവളെ ആശ്ലേഷിക്കുന്നു. ഒരുവളെ ചുംബിക്കുന്നു. മറ്റൊരുവളോട് രമിക്കുന്നു. മനോഹരമായ മന്ദഹാസത്താൽ മറ്റൊരുവളെ (വാമ- സുന്ദരി) തന്നിലേക്ക് ആകർഷിക്കുന്നു. ഇനിയും മറ്റൊരുവളാൽ ആകൃഷ്ടനായി അവളെ പിന്തുടരുന്നു. ഇങ്ങനെ ഹരി ഒരേ സമയം അഞ്ചുപേരോട് അഞ്ചു വിധം പെരുമാറി അവരിൽ കാമം വർദ്ധിപ്പിക്കുന്നു.
മദ്ധ്യകാലഭാരതത്തിൽ,ഉത്തരേന്ത്യയിൽ അഷ്ടപദിയിലെ കഥയെ ആസ്പദമാക്കി ചില രാഗമാലികാചിത്രങ്ങൾ വരക്കപ്പെട്ടിരുന്നു.അവയൊക്കെ ഇത്തരം ചേഷ്ടകളാണ് കാണിക്കുന്നത്. കൊണാരക്കിലേയും മറ്റും രതിശിൽപ്പങ്ങളിലും ഇത്തരം ചേഷ്ടകളുണ്ട്. മിസ്റ്റിക്കൽ അദ്വൈതപരമായ അർത്ഥങ്ങളും കാവ്യാലങ്കാരഗീതപ്രബന്ധരസാനുഭവസ്പർശികളായ വ്യാഖ്യാനങ്ങളുടെ പ്രാധാന്യവും നഷ്ടപ്പെട്ട് കാമശാസ്ത്രപരമായ അർത്ഥങ്ങള് മാത്രം നിലനിൽക്കാനുള്ള കാരണങ്ങളിലൊന്ന് മനുഷ്യസഹജമായ കാമത്തെ വർദ്ധിപ്പിക്കുന്ന ഇത്തരം രചനകൾക്ക് മദ്ധ്യകാലത്ത് കൂടുതലായി പ്രചാരം കിട്ടിയതാണ്. കൃഷ്ണന്റെ സ്ഥാനത്ത് നവാബുമാരും ചക്രവർത്തിമാരും ഉള്ള പെയിന്റിങ്ങുകളും കവിതകളും അന്നന്നത്തെ ഭരണാധികാരികൾക്കുവേണ്ടി ആസ്ഥാ നകവികളും ചിത്രകാരന്മാരും മത്സരിച്ച് സൃഷ്ടിച്ചു.
44 ആം ശ്ലോകത്തിന്റെ തുടർച്ചയായതുകൊണ്ട് സംഗീതപരമായ അർത്ഥമാണ് ഇവിടെ അനുയോജ്യമെന്ന് എനിക്ക് തോന്നുന്നു. സാ പ, രാധാകൃഷ്ണന്മാരുടെ അർദ്ധനാരീശ്വരരൂപം.

രിഗമസനി- എന്ന ബാക്കി അഞ്ചുപേരോട് ഈ അർദ്ധനാരീശ്വരരൂപം രമിക്കുന്നു. 40ആം ശ്ലോകം സരാഗം അനുരാഗയതി എന്നു പറയുന്നതുമുതൽ, ഈ സംഗീതശാസ്ത്രപരമായ അർത്ഥത്തിനാണ് പ്രാമുഖ്യം. ജ്യോതിഷത്തിൽ സൂര്യചന്ദ്രന്മാരും ഭൂമിയും (ആത്മാവ്,മനസ്സ്, ശരീരം) പഞ്ചഗ്രഹങ്ങളും (കുജൻ,ബുധൻ,ശുക്രൻ,വ്യാഴം,ശനി) കൂടിയാണ് ഈ രാസരാശിനൃത്തം.

46. *ശ്രീജയദേവഭണിതം ഇദം അത്ഭുതകേശവകേലിരഹസ്യം*
വൃന്ദാവനവിപിനേ ലളിതം വിതനോതു ശുഭാനിയശസ്യം

വൃന്ദാവനവിപിനത്തില് നടന്ന അത്ഭുതകരമായ ഈ കേശവകേളിരഹസ്യം ശ്രീജയദേവകവി വിരചിതമാണ്. ശ്രീകൃഷ്ണനും ഗോപികമാർക്കും മാത്രമല്ല, കേൾക്കുന്നവർക്കും പാടുന്നവർക്കും ഇത് ആനന്ദവും ശുഭവും യശസ്സും തരുന്നു. സർവ്വരഞ്ജകമാണ് പരമാത്മകേളിരഹസ്യം. ഇത് ഏതെങ്കിലും ഒരാൾക്കോ ,ഒരു വിഭാഗത്തിനോ ഉള്ളതല്ല. കേശവന്റെ കേശത്തിലെ ഒറ്റമുടിയിഴയുടെ നൂറിലൊന്നുഭാഗംകൊണ്ട് 16008 രാഗിണിമാരും അനന്തം ജീവരാശികളും ചരാചരങ്ങളും ബ്രഹ്മാണ്ഡകോടികളും ഉൾപ്പെട്ട പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു എന്നു വേദം.
അതായത്,അനംഗിയായ ബ്രഹ്മത്തിന്റെ അംഗോപാംഗങ്ങൾ മാത്രമാണ് ഇക്കാണുന്ന സർവ്വവും. ഒരംഗം മറ്റൊരംഗത്തെ സ്നേഹിക്കുന്നത് ഭഗവാനെ സ്നേഹിക്കുന്നതിനു തുല്യമാണ്. ഭഗവാൻ പൂർണ്ണധർമ്മകായം. തന്നിൽനിന്നുണ്ടായ സർവ്വവും തന്റെ ശക്തി(ഹ്ലാദിനി)യിലൂടെ ആനന്ദിക്കുന്നു. ആനന്ദിപ്പിക്കുന്നു. അത്ഭുതകരമായ അദ്വൈതരഹസ്യമാണ് കേശവകേളീരഹസ്യം. അത് എല്ലാവർക്കും ഗ്രഹിക്കാനാണ് കൃഷ്ണന് വൃന്ദാവനകേളി ആടുന്നത്. ജയദേവകവി അതിനെ കീർത്തിക്കുന്നതും മറ്റൊരുദ്ദേശം വെച്ചല്ല എന്ന് ധ്വനി.

പ്രബന്ധം 5

47. *സഖി*
വിശ്വേശാം അനുരഞ്ജനേന ജനയൻ ആനന്ദം ഇന്ദീവര-
ശ്രേണീശ്യാമളകോമളൈർ അപനയൻഅംഗൈര് അനംഗോത്സവം
സ്വഛന്ദം വ്രജസുന്ദരീഭിർ അഭിതമപ്രത്യംഗം ആലിംഗിതാ
ശൃംഗാരസഖിമൂർത്തിമാനിവമസൌ മുഗ്ദ്ധൌ ഹരിക്രീഡതി

വിശ്വേശ്വരനായ ഭഗവാൻ ശ്രീഹരി ഇങ്ങനെ സർവ്വജനങ്ങളേയും അനുരഞ്ജനം ചെയ്ത് ആനന്ദം അനുഭവിപ്പിക്കുന്നു..നീലത്താമരപോലെ,ഇന്ദ്രനീയരത്നംപോലെ മനോഹരമായി ശ്യാമളകോമളാംഗനായ ഹരി സ്വഛന്ദം വ്രജസുന്ദരികളാൽ അംഗപ്രത്യംഗം ആലിംഗനാദി ഉപചാരങ്ങൾ ചെയ്യപ്പെട്ട് അംഗോപാംഗം അനംഗോത്സവത്തില് ഏർപ്പെട്ട് ശൃംഗാരമൂർത്തിയായി മുഗ്ദ്ധനായി ക്രീഡിക്കുന്നു.
ബ്രഹ്മാനുഭവവും സംഗീതരസാനുഭവവും എല്ലാവർക്കും അവകാശപ്പെട്ട ഈശ്വരവരദാനങ്ങളാണെങ്കിലും അവ ലഭിക്കാനുള്ള ഭാഗ്യം എല്ലാവരും ചെയ്തിട്ടില്ല. ഭഗവാന്റെ അവതാരം ഭാഗ്യവാന്മാരായ ചിലർക്കുവേണ്ടി മാത്രമല്ല, സർവ്വചരാചരങ്ങളേയും രഞ്ജിപ്പിക്കുന്നതിനാണ്. ബ്രഹ്മാനുഭവത്തിനു പററിയ അവസരങ്ങൾ,ചുററുപാടുകൾ, മസ്തിഷ്കഘടന എന്നിവയില്ലാത്ത കോടാനുകോടി ജീവജാലങ്ങൾ ഈ ഭൂമിയിലുണ്ട്. അവരും അനംഗമായ ബ്രഹ്മാനന്ദം അനുഭവിക്കുന്നുണ്ട്. എന്നാൽ അത്, വെറും ശാരീരികസുഖത്തിലൂടെയുള്ള അൽപ്പാനന്ദമാണെന്നു മാത്രം. അംഗൈർ അനംഗോത്സവം, പ്രത്യംഗം ആലിംഗിതം എന്ന പ്രയോഗങ്ങൾ കാവ്യാത്മകമായി ലോകനിയമം ധ്വനിപ്പിക്കുന്നു. സ്വഛന്ദമാണ് ജീവജാലങ്ങളുടെ ഈ അനംഗലീല. പൂക്കൾ,മൃഗപക്ഷികൾ, കാട്ടുഗിരിവർഗ്ഗക്കാര്, ഇടയന്മാർ ഇങ്ങനെയാണ് നമ്മള് ജീവിതമാരംഭിച്ചത്. അന്നും ശൃംഗാരമൂർത്തിയായ ഹരിയുടെ ആദിമസർഗ്ഗക്രിയയാല് സർവ്വരും രഞ്ജിപ്പിക്കപ്പെട്ടിരുന്നു (രഞ്ജയതി രാഗ). അനുരാഗ,രാഗവിവശരാക്കിക്കൊണ്ടുള്ള ആനന്ദം (അനുരഞ്ജനം) യൂണിവേഴ്സലാണ്. സ്ഥിതി,സൃഷ്ടി ഇവയുടെ നിഗൂഢരഹസ്യമാണ്. സൃഷ്ടിസ്ഥിതികൾക്ക് അനുരഞ്ജനവും ആനന്ദവും കൂടിയേ കഴിയൂ.

48. *നിത്യോത്സംഗവസദ് ഭുജംഗകവളക്ലേശാത് ഇവേഥാചലം*
പ്രാലേയപ്ലവനേഛയാനുസരതി ശ്രീകണ്ഠശൈലാനിവ
കിം ച സ്നിഗ്ദ്ധരസാലമൌലമുകലാനി ആലോക്യ ഹർഷോദയാത്
ഉന്മീലതി കുഹൂർകുഹൂര് ഇതി കലോത്താലാപികാനാം ശിര

നിത്യവും ഉത്സവത്തിലേർപ്പെട്ട സർപ്പങ്ങള് അതിൽനിന്ന് നിവർത്തിക്കാനിഷ്ടമില്ലാതെ മലയാ

ചലത്തെ വരിഞ്ഞുമുറുക്കി കെട്ടിപ്പിടിച്ചിരിക്കുന്നു. മലയാചലത്തിലെ ചന്ദനഗന്ധവുമായി വീശുന്ന മലയാനിലൻ ഹിമാലയപ്രാന്തത്തിലേക്കു വീശിയാലും സർപ്പബന്ധം ഹേതുവായി മലയപർവ്വതം ഹിമാലയത്തെ സ്പർശിക്കുന്നില്ല. ,സ്നിദ്ധങ്ങളായ തേന്മാവുകളുടെ ശിഖരങ്ങളിലെ പൂമൊട്ടുകൾ കണ്ട് ഹർഷോദയത്താല് കുഹു കുഹു എന്ന് ആനന്ദവിവശരായ കുയിലുകള് സ്വരവിശേഷങ്ങളാകുന്ന മധുരഗീതുകൾ ആലപിക്കുന്നു.

കൃഷ്ണസർപ്പം ഇണചേരുന്നത് മാർകഴിമാസത്തിലാണ്(ഡിസംബർ ജനവരി). സർപ്പങ്ങളുടെ ഇമചേരൽ,രതിക്രീഡയുടേയും ഉർവ്വരതയുടേയും ചിഹ്നമാണ്. മലയാചലശൃംഗം ലിംഗചിഹ്നം, അതിൽ പിണഞ്ഞ കൃഷ്ണസർപ്പം, ചന്ദനഗന്ധം,മലയാനിലന്റെ വടക്കോട്ടുള്ള ഗതി, തേന്മാവിലെ മൊട്ടുവിരിയുന്ന അവസ്ഥ, കുയിലിന്റെ മദിച്ച പഞ്ചമം, (മുല്ലൈത്തിണൈ, മാർകഴിമാസം) വസന്താഗമം,സംഗീതരാഗങ്ങൾ,സംഭോഗചിഹ്നങ്ങൾ,രാഹുകേതുസവ്യാപസവ്യമായ കാലസർപ്പയോഗപ്പിണച്ചിൽ)ഇങ്ങനെ അനേകം കാമകലോദ്ദീപകങ്ങളായ കാവ്യബിംബങ്ങൾ ഈ വരികളിലുൾക്കൊള്ളിച്ചിരിക്കുന്നു. മൃഗം,സർപ്പം,പക്ഷി ,ക്ഷം ഇവ പോലും വംശം നിലനിർത്തുന്ന കാമകലയുടെ ഉദ്ദീപനമായി .പ്രകൃതിയിലില്ലാത്ത ഒന്നുമില്ല കാവ്യത്തിലും.

49. *രാസോല്ലാസഭരേണവിഭ്രമഭൃതാം ആഭീരവാമഭ്രുവാം*
അഭ്യർണ്ണാം പരിരഭ്യ നിർഭരം ഉരപ്രേമാന്ധയാ രാധയാ
സാധുത്വദ്വദനം സുധാമയം ഇതി വ്യാഹൃത്യ ഗീതസ്തുതി
വ്യാജാത് ഉദ്ഭടചുംബിതസ്മിതമനോഹാരീപാതുവാ

രാസോല്ലാസംകൊണ്ടുതളർന്ന ഗോപികമാരിൽവെച്ച് ഉത്തമിയും സുന്ദരിയുമായ (ആഭീരവാമ)പ്രേമാന്ധയായ രാധ പ്രേമപുരസ്സരം ഭഗവാന്റെ സുന്ദരവദനം നോക്കി അവിടുത്തെ മുഖം സുധാമയമായിരിക്കുന്നു എന്ന് ഗീതത്താൽ സ്തുതിച്ചുകൊണ്ട് കളവായി (ആരുംകാണാതെ) അദ്ദേഹത്തെ ആലിംഗനം ചെയ്ത് ചുംബിച്ചു. അവളുടെ ചുംബനമുദ്ര ചാർത്തിയ മന്ദഹസിക്കുന്ന ശ്രീകൃഷ്ണവദനം സർവ്വജനസംരക്ഷകമാണ്. ആഭീരമാരിൽ കൃഷ്ണന്റെ വാമഭാഗം അലങ്കരിക്കുന്ന അർദ്ധാംഗിനിയാണ് രാധ.

ഗീതസ്തുതിവ്യാജേന- ഭഗവദ്ഗീതത്തെ സ്തുതിക്കുകയാണ് എന്ന വ്യജേന. സൌന്ദര്യാനുഭവത്തിന്റെ രസാനുഭൂതിയെ പ്രശംസിക്കുകയാണ് എന്ന നാട്യത്തില്. നിന്റെ വാക്ക്, നിന്റെ സംഗീതം രസമയം ,മുഖവും നിലാവുപോലെ സുധാമയം. എന്ന് രണ്ടിനേയും (പാ ട്ടിനേയും മുഖത്തേയും) ദ്വയാർത്ഥത്തില് അവള് ഒപ്പം സ്തുതിക്കുകയാണ്. ഈ ദ്വയാർത്ഥം അവ ളും കൃഷ്ണനും മാത്രം ഗ്രഹിച്ചു. അവൾ തന്നെ രഹസ്യമായി കാമിക്കുന്നു എന്നത് കൃഷ്ണനില് അഭി മാനവും ആനന്ദവും ഉണ്ടാക്കി. അത് പുരുഷന്റെ സ്വഭാവവിശേഷമായി ചൂണ്ടിക്കാട്ടുന്നു.

ഒരു സ്ത്രീ താൻ പ്രേമിക്കുന്ന പുരുഷന് തന്നെയും പ്രേമിക്കുന്നു എന്നവാക്യം ആ പുരുഷനി ൽനിന്നു തന്നെ കേൾക്കാന് എത്രജന്മം വേണമെങ്കിലും കാത്തിരിക്കും.അത് സ്ത്രീസ്വഭാവം. അങ്ങനെ തന്നെ പ്രണയിക്കുന്ന ഒരു സ്ത്രീ എവിടെ എങ്ങനെയൊക്കെ ഒളിഞ്ഞിരുന്നാലും പുരുഷൻ അവളെ തേടി കണ്ടുപിടിക്കും .അതു പുരുഷസ്വഭാവം എന്ന് ഓഷോ.

കളവ് എന്നത് രഹസ്യമായ പരകീയരതിയാണ് തമിഴില്.അതിന് സുഖം കൂടുമത്രെ. അതിനാലാണ് രാധയുടെ രഹസ്യസ്തുതി കൃഷ്ണനിൽ ഒരാനന്ദതരംഗം സൃഷ്ടിക്കുന്നത്. ആ പാലാഴി രാധയുടെ സുധാമയമായ തേൻനിലാവിലേക്ക് ഉയരുന്നു. അവരൊന്നാകുന്നു.

ദ്വിതീയസർഗ്ഗം അക്ലേശകേശവം

1. വിഹരതി വനേ രാധാ സാധാരണപ്രണയേ ഹരൌ
   വിഗലിതനിജോത്കർഷാത് ഈർഷാവശേന ഗതാന്യതാ
   ക്വചിദ് അപി ലതാകുഞ്ജേ ഗുഞ്ജന് മധുവ്രതമണ്ഡലീ
   മുഖരശിഖരേ ലീനാദിനാപി ഉവാച രഹസഖീം.

ഒരിക്കൽ, പ്രണയകലഹത്താല്,ഹരിയെ വേർപിരിഞ്ഞ രാധ വനത്തില് സഞ്ചരിക്കവേ, സഖിയോടൊപ്പം ഒരു ലതാനികുഞ്ജത്തില് പ്രവേശിച്ചു. മറ്റുസ്ത്രീകളോടൊത്ത് തന്റെ വിരഹത്തിലും ഹരി ക്രീഡിക്കയാവുമോ എന്ന ചിന്തയാല് ഈർഷ്യയോടുകൂടി തേനീച്ചക്കൂട്ടങ്ങളേയും അവയുടെ

രീങ്കാരത്തേയും അതില് ലീനമായ അവസ്ഥയേയും കമ്ട് ദീനയായി രഹസ്യമായി സഖിയോടു പറഞ്ഞു:-
ഹരൌ എന്നത് ബഹുവചനവും ഹര എന്നത് രാധയുടെ രഹസ്യനാമവുമാണ്. അവള് ഹരനിലും ഹരിയിലുമിരിക്കുന്ന ശക്തിയാണ്. ഹരേ കൃഷ്ണാ എന്നു വിളിക്കുമ്പോള് ,ഹരേ രാമാ എന്നു വിളിക്കുമ്പോള്, നാം രാധയെക്കൂടിയാണ് വിളിക്കുന്നത്. പ്രണയകലഹത്തിലുള്ള വിരഹദുഃഖം രാദാകൃഷ്ണന്മാര്ക്ക് തുല്യമാണ്. എങ്കിലും രാധ താനല്ലാതെ മറ്റൊരു പുരുഷനുമായി ക്രീഡിക്കുമെന്ന സംശയം തെല്ലുപോലും കൃഷ്ണനില്ല. രാധക്ക് അതുണ്ട്. സ്ത്രീ മധുനിറഞ്ഞപൂവാണ്.പുരുഷന് അതുനുകരുന്ന കരിവണ്ടും. സ്ത്രീ ജീവാത്മാവും പുരുഷന് പരമാത്മാവുമാണ്. അതിനാലാണ് ഈ ശങ്ക.
മധുവ്രതമണ്ഡലിഃ- മധുവിദ്യ അംഗിരസശിഷ്യനായ കൃഷ്ണന് രാധയില്നിന്നും രാധ കൃഷ്ണനില്നിന്നും പരസ്പരം അഭ്യസിച്ചു,അനുഭവിച്ചു. ഉദ്ധവനിലൂടെയാണ് ഏകാന്തികഭക്തിയുടെ ഈ ലീനാവസ്ഥ പിന്നീട് ഭൂമിയിലാകെ പ്രചരിച്ചത്. ദ്വയാര്ത്ഥത്തിലാണ് ഈ പദപ്രയോഗങ്ങളെല്ലാം.

2. ഗുര്ജ്ജരിരാഗം (ഗുരജ്ജരിതോഡി) യതിതാളം(ആദി-രൂപകം)
   സഞ്ചരത് അധരസുധാമധുരധ്വനി മുഖരിതമോഹനവംശം
   ചലിതദൃഗഞ്ചലചഞ്ചലമൌലികപോലവിലോലവതംസം
   രാസേ ഹരിം ഇവ വിഹിതവിലാസം സ്മരതിമനോമമകൃതപരിഹാസം (ധ്രുവ)
   ഹരിയുടെ അധരസുധ നുകര്ന്നും മധുരധ്വനിമുഖരിതമായ മോഹനമുരളീരവം കേട്ടും ചലിക്കുന്ന കണ്ണുകളിലെ കടാക്ഷവിക്ഷേപവും ഇളകുന്നശിരസ്സിലെ പീലിയും ലോലകപോലങ്ങളും നോക്കിയിരുന്നും രാസലീലയിലെ അവന്റെ വിഹിതവിലാസങ്ങള് സദാ സ്മരിച്ചും ഇരിക്കുന്നഎന്റെ മനസ്സിനെ ഇവര് (ഈ മധുവ്രതക്കാര്) പരിഹസിക്കയാണ്.
   അമ്പാടിയില് കൃഷ്ണദൂതനായെത്തിയ ഉദ്ധവനോട് ഗോപികള് ചോദിച്ചു, കൃഷ്ണന് മഥുരാപുരിയിലെ നാരിമാരോട് ഗ്രാമീണപ്പെണ്ണുങ്ങലായ ഞങ്ങളുടെ അപരിഷ്കൃതങ്ങളായ വിഡ്ഡിത്തങ്ങള് പറഞ്ഞ് പരിഹസിച്ചുചിരിക്കുകയാണോ എന്ന്.രാധ ഭ്രമരഗീതം പാടി,കൃഷ്ണനെന്നല്ല, ഭൂമിയിലെ ഉദ്ധവനടക്കമുള്ള പുരുഷന്മാരെമുഴവന് ഭ്രമരസ്വഭാവികളെന്ന് വിശേഷിപ്പിച്ചു. (ചിലപ്പതികാരത്തിലെ മാധവി കോവലനോടുചെയ്ത പോലെ). വണ്ടിന്റെ രൂപഭാവങ്ങളിലും ഗാനത്തിലും ഭ്രമിച്ച് ലയിച്ച്മുഗ്ധയായി, പരാഗവും തേനും അവന് കൊടുത്ത്, സദാ ആ അനുഭവത്തില് ലയിച്ചും സ്മരിച്ചും കഴിയുന്ന പൂവിനെ പരിഹസിച്ച് ഒന്നില്നിന്ന് ഒന്നിലേക്ക് സഞ്ചരിക്കുന്ന മധുവ്രതമാണ് വണ്ടിന്. അതറിഞ്ഞുതന്നെയാണ് താനതില് ലീനയായിരിക്കുന്നത് എന്ന സ്വാവബോധമുണ്ട് പൂവിന്. കൃഷ്ണനിലുള്ള ഈ ഏകാഗ്രമായ ഏകാന്തികഭക്തി കണ്ട് പ്രകൃതി (വണ്ടും പൂവും നിറഞ്ഞ കാനനം) തന്നെ പരിഹസിക്കയാണെന്ന് രാധ വിചാരിക്കുന്നു. പ്രകൃതി ഹരിയുടെ രാസലീല അനുസ്മരിപ്പിക്കുന്നു.കാണുന്നതെല്ലാം ഹരിമയം . കേള്ക്കുന്നതെല്ലാം ഹരിമയം. മനസ്സില് ഹരിസ്മരണയല്ലാതൊന്നില്ല. ചിത്തം പൂര്ണ്ണമായി ഹരിയില് ലീനമായ ചിത്തലയം,ഹരിലയം,നാദലയം.
3. ചന്ദ്രകചാരുമയൂരശിഖണ്ഡകമണ്ഡലവലയിതകേശം
   പ്രചുരപുരന്ദരധനുരനുരഞ്ജിതമേദുരമുദിതസുവേഷം (രാസേ)
   മയില്പ്പീലി ചുറ്റിക്കെട്ടിയ മനോഹരമായ മുടി,നാലമേഘത്തില് ഇന്ദ്രധനുസ്സ് പോലെ നീലമേനിയില് സ്വര്ണ്ണപീതാംബരം അണിഞ്ഞ മനോഹരവേഷം സദാ സ്മരിക്കുന്ന എന്നെ ഇവര് പരിഹസിക്കുന്നു. രാസലീലയില് ആണ്മയിലിന്റെ പീലിപോലെ അഴിഞ്ഞമുടിയും പീലിചുററിക്കൊട്ടിയ ശിരസ്സുമായി ഷഡ്ജമുതിര്ക്കുന്ന കൃഷ്ണന് . അവന്റെ നീലമേനിയിലെ സ്വര്ണ്ണാംബരം പോലെ സുവര്ണ്ണനിറമുള്ള രാധ, ബഹുവര്ണ്ണഭൂഷകളണിഞ്ഞ മഴവില്ല് നീലമേഘത്തിലേക്ക് ചാഞ്ഞപോലെ പറ്റിക്കിടക്കുന്നു. അന്നത്തെ രാസക്രീഡയുടെ ഓര്മ്മ, ആ രാസമനോഹരസുവേഷം- കാട് അവളില് ജനിപ്പിക്കുന്നു. അതുണ്ട് പ്രകൃതി എന്നെ പരിഹസിക്കുകയാണോ എന്ന് പരിഭവം പറയുന്നു.
4. ഗോപകദംബനിതംബവതീമുഖചുംബനലംബിതലോഭം
   ബന്ധുജീവമധുരാദരപല്ലവം ഉല്ലസിതസ്മിതശോഭം (രാസേ)
   നിതംബവതികളായ ഗോപവനിതകളുടെ മുഖചുംബനംആസ്വദിക്കുന്നതില് ലോഭമുള്ളവനാണ് എന്റെ പ്രഭു. അതിനാല് സദാ അവന്റെ മധുരാധരപല്ലവങ്ങള് ബന്ധുജീവപുഷ്പം (ചെമ്പ

രത്തിപ്പൂ)പോലെ ചുവന്നും ഉല്ലാസസ്മിതംകൊണ്ട് ശോഭിച്ചുമിരിക്കുന്നു. അതിനെത്തന്നെ സ്മരിച്ചുകൊണ്ടിരിക്കുന്നതിന് എന്നെ പരിഹസിക്കുകയാണിവര്. ഗോപ,കദംബ,നിതംബവതി എന്ന് പദം മുറിച്ചും പാടാവുന്നതാണ്. ഗോപവൃന്ദം,കദംബവൃക്ഷം,നിതംബവതികള് ഇവരുടെയെല്ലാം മുഖചുംബനം കൊതിക്കുന്നു. കൃഷ്ണന് പരമാത്മാവാണ്. ഇവരെല്ലാം കൃഷ്ണന്റെ ബന്ധുക്കളായ ജീവാത്മാക്കളും(ബന്ധുജീവ).അതുകൊണ്ട് ബന്ധത്തിന്റെ (സംസാരം) രജസ്സ് (പൊടി,രജോഗുണം)രാഗമായി(ചുവപ്പുനിറം,അനുരാഗം,സംഗീതരാഗം എന്ന് മൂന്ന് അര്ത്ഥം) സദാ ആ അധരപുടങ്ങളില് മധുരംനിറക്കുന്നു. ഉല്ലാസവും മന്ദസ്മിതവും കൊണ്ട് ശോഭിതമാണ് ബന്ധുജീവന്മാരാല് സദാ ചുംബിക്കപ്പെടുന്ന ആ ചുവന്ന അധരത്തളിരുകള്. മൂന്നുവിധത്തിലും ഭംഗിയാര്ന്ന (ത്രിഭംഗി) അധരത്തില് , ചുംബനരതി രാഗമൊഴുക്കുന്ന ഓടക്കുഴലിനോടും അനുരാഗവതികളായ നിതംബിനികളോടും പരാഗവതികളായ കദംബവൃക്ഷത്തോടും ഒരേ പോലെയാണ്. എല്ലാവരിലും രതിയുണ്ടാക്കുന്നതുമാണ്. ജീവനെ അഴിയാത്ത ബന്ധത്തില് ,ബന്ധനത്തില് ,പെടുത്തുന്നതാണ് ആ തരി. അങ്ങനെയുള്ള ഇഷ്ടവസ്തുവിനോട് എന്റെ അനുരാഗം സ്വാഭാവികം.എന്നിട്ടും ഇവരെന്നെ പരിഹസിക്കുന്നതെന്തിന് എന്ന് രാധക്ക് പരിഭവം.

5. ജലദപടലചലദ് ഇന്ദുവിനിന്ദകചന്ദനതിലകലലാടം
   പീനപയോധരപരിസരമര്ദ്ദനനിര്ദ്ദയഹൃദയകപാടം
   മേഘങ്ങള്ക്കിടയില് ചലിക്കുന്ന ഇന്ദുബിംബത്തെ നിന്ദിക്കുന്ന ചന്ദനതിലകം ശോഭിക്കുന്ന നെ റ്റി, ഹൃദയത്തിലെ ആശയാകട്ടെ ,നിറഞ്ഞമാറിന്റെ പരിസരത്തെ നിര്ദ്ദയമായി മര്ദ്ദിക്കു ന്നതിന്നും. എന്നിട്ടും ഞാനവനെ സദാ സ്മരിക്കുന്നതിന് ഇവരെന്നെ പരിഹസിക്കുന്നു. കൃഷ്ണന്റെ മുഖവും കുറുനിരകളും കാര്മേഘം,ചന്ദനതിലകം അമ്പിളി. കാര്മേഘവും മുഖവും രസമയം,ജലപൂര്ണ്ണം. ചന്ദനവും മേഘവും കുളിര്മയുള്ളവ.ചന്ദ്രബിംബം ,ജലദത്തിന്റെ ചല നവൃത്തം,ചന്ദ്രഗതി എല്ലാം വര്ത്തുലം,സര്പ്പിളം. മേഘത്തെ മര്ദ്ദിച്ച് ജലംതരുന്നു. മധുമ യവും വൃത്താകൃതിയുമായ സ്തനമമ്ഡലത്തേയും മര്ദ്ദിച്ച് മധുമയമാക്കാനാമ് ആശ. ആദ്യ ത്തേത് ജീവജാലങ്ങളോട് ദയ,കരുണ. രണ്ടാമത്തേതോ, രാധയോടുള്ള നിര്ദ്ദയത്വം. ഒരേ പ്രക്രിയയുടെ രണ്ടവസ്ഥയല്ലേ ഇവിടെ ദയയും നിര്ദ്ദയത്വവുമായി പറയപ്പെടുന്നത്. ഒന്ന് ദയയാണെങ്കില്,മറ്റേതും ദയയാവണം. ഒന്ന് ആശയെങ്കില്,മറ്റേതും ആശയാവണം. രണ്ടും വംശവൃദ്ധിക്കുള്ള ആശയും ദയയുമാണ്. നിര്ദ്ദയ എന്നതിനുപകരം രക്തിയുള്ളവനെന്നോ,രഞ്ജിപ്പിക്കുന്നവനെന്നോ അര്ത്ഥം വരുന്ന രഞ്ജയ,രക്തയ എന്നും പാടിക്കേള്ക്കാറുണ്ട്.മര്ദ്ദനത്തിലെ ദ്ദ എന്ന പദത്തിന് അനുപ്രാസമായിട്ടാണ് നിര്ദ്ദയപദം.

6. വിപുലപുളകഭുജപല്ലവവലയിതഭല്ലവയുവതിസഹസ്രം
   കരചരണോരസിമണിഗണഭൂഷണകിരണവിഭിന്നതമിസ്രം
   ആയിരം ഗോപയുവതികളുടെ പുളകാങ്കുരം ചൂടിയ നീണ്ടഭുജപല്ലവങ്ങളാല് ചുറ്റപ്പെട്ട ശരീരത്തിലും കരചരണങ്ങളിലും അനേകം മണിഗണങ്ങളണഇഞ്ഞിട്ടുണ്ട്.അവയുടെ രശ്മികളാല്, രാത്രിയുടെ ഇരുട്ടകറ്റുന്ന ഹരിയെ രാസക്രീഡാലോലുപനായി ഞാന് സദാ സ്മരിക്കുന്നതിനാണ് ഇവരെന്നെ പരിഹസിക്കുന്നത്. വലയിതം,സഹസ്രം,ഉരസിമണിഗണഭൂഷണകിരണവിഭിന്നസഹസ്രം മുതലായ പദങ്ങളാല് സര്പ്പവേഷ്ടിതം,നാഗബന്ധം,ആയിരം ശിരസ്സിലെ മണഇഗണങ്ങളാല് ഇരുട്ടകറ്റുന്ന അനന്തന് ,അവയിലോരോന്നിലും പ്രതിഫലിക്കുന്ന ആയിരം ബിംബങ്ങളെന്നിവ ധ്വനിക്കുന്നുണ്ട്. ഇരുട്ടകറ്റുന്നത്,ഗുരുവുമാണ്,സൂര്യനുമാണ്.പത്മിനി പകലില് സൂര്യസംയോഗം ചെയ്യുന്ന താമരപ്പൊയ്കയാണ്. പത്മിനിയായ രാധക്കുവേണ്ടി കൃഷ്ണന് തന്റെ രത്നശോഭകൊണ്ട് രാത്രിയെപ്പോലും പകലാക്കുന്നു.

7. മണിമയമകരമനോഹരകുണ്ഡലമണ്ഡിതഗണ്ഡമുദാരം
   പീതവസനം അനുഗതമുനിമനുജസുരാസുരവരപരിവാരം.
   രത്നം പതിച്ച മകരകുണ്ഡലം പ്രതിബിംബിക്കുന്ന മനോഹരമായ കവിൾ,പീതാംബരം,അനുഗമിക്കുന്ന മുനിവൃന്ദം,മനുഷ്യർ,സുരാസുരവൃന്ദം എന്നീ വരപരിവാരങ്ങൾ,- ആ ഹരിയെ സദാ അനുസ്മരിക്കുന്ന മനസ്സിനെ ഇവരിതാ കളിയാക്കുന്നു. ഗോപിക ൾമാത്രമല്ല, കൃഷ്ണന്റെ മദമമനോഹരവേഷത്തിൽ,മയങ്ങി അവനെ അനുഗമിക്കുന്നത്. പരിവാരങ്ങളായി ഒട്ടന വധി പേരുണ്ട്,മുനി മുതൽപശുവും അസുരനും വരെ. അവരുടെയെല്ലാം ജീവനാണ്, ബന്ധുവാ ണ്,കൃഷ്ണ

ൻ. അവനെ വിട്ടുപിരിയാന്, ഒരു ക്ഷണനേരത്തേക്കുപോലും അവർക്കാവുന്നില്ല.വരപരിവാരം-വര ന്റെ പരിവാരം ,ശ്രേഷ്ഠപരിവാരം എന്ന് രണ്ടർത്ഥമുണ്ടല്ലോ.അങ്ങനെയിരിക്കെ ഞാൻമാത്രം അവ ന് പരകീയ എന്നു പറയുന്നതും പരിഹസിക്കുന്നതും എങ്ങനെ ന്യായമാകും. എന്നിട്ടും മധുവ്രതികളായ തേനീച്ചകൾ(മധുവ്രതം-എന്ന ശ്രീകൃഷ്ണന്റെ മധുവിദ്യ അനുസരിക്കുന്ന പുരുഷശിഷ്യർ)എന്നെ പരിഹ സിക്കുന്നു.

8. വിശദകദംബതലേ മിലിതം കലികലുഷഭയംശമയന്തം
   മാം അപി കിം അപി   തരളതരംഗദനംഗദൃശാമനസാദമയന്തം
   പൂത്ത കദംബവൃക്ഷതലത്തിൽ,   എന്നോട്ടുമേളിച്ചവനും (ചേർന്നവൻ)കലിയുടെ
   കലുഷഭയം ശമിപ്പിക്കുന്നവനും എന്നിലല്ലാതെ മറ്റൊന്നിൽ എന്തുണ്ടെന്ന ഭാവത്തില്
   തരളതരമായ അംഗങ്ങളോടെ അനംഗനെപ്പോലെ എന്നിൽ സദാ മനസ്
   രമിക്കുന്നവനുമായ ഹരിയെ ശാനും സദാ സ്മരിക്കുന്നതിനാല്,ഇവരെന്നെ പരിഹസിക്കുന്നു.
   കദംബവൃക്ഷം സ്ത്രീയുടെ പാദസ്പർശത്താൽ,പൂവണിയും. കദംബവൃക്ഷച്ചോട്ടിൽ രാധയുടെ
   പാദസ്പർശം കൊണ്ട് ഹരി അനുരാഗപുഷ്പമണിഞ്ഞു. ആ സംഗത്തെ
   കലികന്മഷഭയഹാരിയായി അറിയണം.
   മാം അപി കിം അപി:- എന്നിലിരിക്കുന്നതല്ലാതെ മറ്റെന്തുണ്ട്. മാ- ദേവീസൂചകം.
   ശക്തിസൂചകം.എന്റെ ശക്തിയിലിരിക്കുന്നതല്ലാതെ പ്രപഞ്ചത്തിൽ മറ്റെന്താണുള്ളത്.
   കദംബതലത്തിലെ അർദ്ധനാരീശ്വരന്മാരായി ഇണചേർന്ന രാധാകൃഷ്ണരൂപം അനംഗനെ
   (കാമം,ബ്രഹ്മം)ദൃശ്യമായി കാണണമെങ്കിൽഅംഗം
   (ബാഹ്യനേത്രം)വേണമെന്നുള്ളവർക്കുവേണ്ട് കലിയുഗജനതയോടുള്ളദയകൊണ്ട്,
   എന്നോടുചേർന്ന തരളാംഗങ്ങളോടെയുള്ള അനംഗസദൃശരൂപം
   ,തരളതരംഗങ്ങൾപോലെ എന്റെ മനസ്സിലെ സ്മരണയെ സദാ ചലിപ്പിച്ച് സദാ
   സജീവമാക്കി ഇരുത്തുന്നു. ആ ചലനത്തെ ഇവർഹസിക്കുകയാണ്.ആ
   ചലനമില്ലെങ്കിൽ,പ്രപഞ്ചങ്ങളുമില്ല,അറിവുമില്ല,മധുവിദ്യയില്ല,പരിഹസിക്കുന്ന ഇവരുടെ
   ചലനങ്ങളുമില്ല.
9. ശ്രീജയദേവഭണിതം അതിസുന്ദരമോഹനമധുരിപുരൂപം
   ഹരിചരണസ്മരണം പ്രതിസംപ്രതി പുണ്യവതാം അനുരൂപം
   ശ്രീജയദേവരചിതമായ മോഹനമധുരിപുരൂപം ധ്യാനിച്ച് ഹരിചരണസ്മരണം പുണ്യവാന്മാ ർക്കെല്ലാം സദാ അനുരൂപമായിരിക്കും. മധുശത്രു മധുരിപു,മധുസൂദനൻ,എന്ന കൃഷ്ണനും തേനീ ച്ചയും രണ്ടർത്ഥം. രാധ (താമരപ്പൂ,പത്മിനി)സദാ സ്മരിക്കുന്ന രൂപം ആ കൃഷ്ണരൂപം അഥവാ ഭ്രമരരൂപം. സദാ ഹരിചരണസ്മരണകൊണ്ട് പുണ്യവതിയായി അവൾ,ഹരിയുടെ അനുരൂ പയായി.രൂപഭാവ,രസത്തിലെല്ലാം ഹരിതന്നെയായി രാധ.അവരൊന്നാണ്.ഉദ്ധവരും ആ ഴ്വാരും ഹരിഭക്തരുമെല്ലാം നിരന്തരം ഹരിസ്മരണത്താൽ,ഹരിയുടെ തന്മയതനേടി അനു രൂപരായി. ആ പ്രബന്ധം ഹരിപാദസ്മരണയോടെ നിത്യം അനുധ്യാനം ചെയ്യുന്നവർക്കും കൃഷ്ണസാരൂപ്യം ലഭിക്കുമെന്ന് കവി പറയുന്നു. ഹരിപാദപത്മത്തിൽഭ്രമിച്ച്,അതിനെത്തന്നെ ച്ചുറ്റഇക്കറങ്ങി,രസാനുഭൂതിയുടെ രീങ്കാരം (അനുരാഗഗാനം)പാടിപ്പാടി രാധയും മധുസൂദന നായിത്തീർന്നു.കൃഷ്ണനായി,തേനീച്ചയായി മാറി.

   പ്രബന്ധം 6

10. ഗണയതി ഗുണഗ്രാമം ഭ്രാമം ഭ്രമാദ് അപിനേഹതേ
    വഹതിചപരിതോഷം ദോഷം വിമുഞ്ചതി ദൂരതാ
    യുവതിഷുവലത് തൃഷ്ണേ കൃഷ്ണേ വിഹാരിണി മാം വിനാ
    പുനരപിമനോവാമം കാമം കരോതി കരോതി കിം
    പ്രേമംകൊണ്ടുഭ്രമിച്ച രാധ കൃഷ്ണന്റെ ഗുണവിശേഷങ്ങൾ സ്മരിച്ച് വർണ്ണിച്ചുപാടുന്നതുകേട്ട് സഖി പറഞ്ഞു.യുവതികൾ,കൃഷ്ണനെ വളഞ്ഞിരിക്കുന്നു.അവനവരിൽ തൃഷ്ണയൊടിരിക്കുന്നു. പിന്നെ നീ അവനെച്ചൊല്ലി ഇവിടെയിരുന്ന് വിലപിച്ചിട്ടെന്തു കാര്യം.രാധ പറഞ്ഞു. കൃഷ്ണനി ലൊരു ദോഷവുമില്ല.ഉണ്ടെങ്കിലാ ദോഷം എന്നിലുമുണ്ടാവണം.(അവന്റേതെല്ലാം എന്റേതു കൂടിയാകയാൽ)യുവതികൾ അവനിൽ കാമം പൂണ്ടെങ്കിൽ,അവനെന്തു ചെയ്യാനാണ്. കൃഷ്ണന്റെ അളവറ്റ ഗുണങ്ങൾമനനം ചെയ്തുകൊണ്ട് ആ പാദപത്മത്തിലെ ആനന്ദരസമുണ്ട്

ഭ്രമണം ചെയ്യുന്ന ഭ്രമരമാണ് രാധ.അതുകൊണ്ട്,മറ്റുയുവതികൾ,അവനെ തൃഷ്ണാപൂർവ്വം വലയംചെയ്ത് ഭ്രമിച്ചുചുറ്റും കൂടി മുതലായ വചനങ്ങൾകേട്ട് അവളവനെ കുറ്റപ്പെടുത്തുന്നില്ല. ഞാനും കൃഷ്ണനും ഒന്നായതുകൊണ്ട്,അവനിലുള്ളതെല്ലാം (ഗുണമായാലും ദോഷമായാലും) എന്നിലുമുണ്ട് എന്നവൾക്കറിയാം.അത്തരം അറിവ് ഗുണദോഷങ്ങൾക്കതീതമായ പരാവിദ്യയാണ്.രാധ ആ അവബോധം ഉണർന്ന ജ്ഞാനിയാണ്.കൃഷ്ണന് താനനുരൂപയാണെന്ന് ആ അവബോധം കൊണ്ടവൾ തെളിയിക്കുന്നു.

അഷ്ടപദി 6 മായാമാളവഗൌള ഏകതാളം (കാംബോജി ത്രിപുട)

11. നിഭൃതനികുഞ്ജഗൃഹം ഗതയാ നിശി രഹസിനിലീയവസന്തം
ചകിതവിലോചിതസകലഭിശാരതിരഭസഭരേണഹസന്തം
സഖിഹേ,കേശീമഥനമുദാരം രമയാമയാസഹ മദനമനോരഥഭാവിതയാ സവികാരം
ശാന്തമായ നികുഞ്ജഗൃഹത്തിൽ,രാത്രി,രഹസ്യമായി,ഏകാകിയായി പ്രവേശിച്ച് ഹരി എന്നെ കാത്തിരിക്കും.സകലനിശകളിലും ചകിതദൃഷ്ടികളാൽആരെങ്കിലും വരുന്നുണ്ടോ എന്നു നോക്കും.രതികേളികളെ ഭാവനചെയ്ത് പ്രതീക്ഷിച്ച് മന്ദഹസിക്കും.ഉദാരനും കേശീമഥനം ചെയ്തവനും സവികാരം എന്നെ മദനമനോരഥഭാവത്തോടെ കാത്തിരിക്കുന്നവനുമായ അവനോട് രമിക്കാനായി ,അനുരൂപയായ എന്നെ എത്രയും വേഗം അവനോടു ചേർത്താലും , ഹേ, സഖീ.
രഹസ്യരതിക്രീഡക്ക് ഒരുങ്ങിയ ഏതൊരു പുരുഷനും സ്ത്രീയും ചെയ്യുന്നതാണ് കവി ഇവിടെ രാധാകൃഷ്ണന്മാർക്ക് കൊടുത്ത വേഷം.താൻമദനമനോരഥഭാവത്തിലും അവനനുരൂപയാണെന്ന് രാധയെക്കോണ്ടു പറയിക്കുന്നു.കേശീമഥനം വരാനിരിക്കുന്ന രതിലീലയുടെ ധ്വനി ഉൾക്കൊണ്ടിരിക്കുന്നു.ഗുണത്തിലും ശരീരഭംഗിയിലും വശ്യയോനിപ്പൊരുത്തങ്ങളിലും അറിവിലും എല്ലാം രാധാകൃഷ്ണന്മാർ അനുരൂപരാണ്. കേശി കുതിരയുടെ രൂപമാണ്. കാമശാസ്ത്രത്തിൽ ലിംഗലക്ഷണം വെച്ച് ശശ,ഋഷഭ,അശ്വങ്ങളെന്ന് മൂന്നായി പുരുഷന്മാരേയും ഹരിണി (മൃഗി)അശ്വിനി(ബഡവ),കരിണി(ഹസ്തിനി) എന്ന് യോനിലക്ഷണം വെച്ച് സ്ത്രീകളേയും തരം തിരിക്കുന്നു. കേശീമഥനം അനുരൂപയായ രാധക്ക് അശ്വിയായ പുരുഷനോടുള്ള പൊരുത്തം (യോനിപ്പൊരുത്തം)പറയുന്നു.

12. പ്രഥമസമാഗമലജ്ജിതയാപടചാടുശതൈർഅനുകൂലം
മൃദുമധുരസ്മിതഭാഷിതയാ ശിഥിലീകൃതജഘനദുകൂലം
പ്രഥമസമാഗമവേളയിൽ ലജ്ജിച്ച എന്നോട് അതിചതുരമായി മധുരഭാഷണം ചെയ്ത് ചിരിച്ച് പരവശപ്പെടുത്തി ,അവനനുകൂലമാക്കിച്ചെയ്ത്,(വശംവദ)ലജ്ജയെ നീക്കിയശേഷം ജഘനത്തെ മൂടിയ ദുകൂലത്തേയും ശിഥിലീകൃതമാക്കിയ(നീക്കിയ)അവനോട് ,ആ ചാതുര്യശാലിയോട്,എന്നെ നീ വേഗം ചേർത്താലും.കൃഷ്ണസമാഗമം കാത്തിരിക്കുന്ന വിരഹിണിരാധ തങ്ങളുടെ ആദ്യസമാഗമമധുരം ഓർക്കുകയാണ്.അന്ന് രാധ ലജ്ജിതയായിരുന്നു. ഹരിയോ,ചതുരനായകനും.മധുരസംഭാഷണം,മൃദുമന്ദഹാസം ഇവകൊണ്ട് ഹൃദയത്തെ വശീകരിച്ച് രതിസന്നദ്ധയാക്കാനും അരക്കെട്ടിനെ മൂടിയ പട്ടുവസ്ത്രം നീക്കാനും ഒക്കെ സമർത്ഥനായിരുന്നു.ആദ്യസമാഗമത്തിലെ ആ അനുഭവങ്ങളോർക്കവേ, രസാനുഭവസ്മൃതിയാൽ, രാധയുടെ ഹൃദയം,വിരഹത്തിലും രതിസന്നദ്ധമാവുന്നു.അടക്കാനാവാത്ത മോഹം ജനിക്കുന്നു.ഇവിടുന്നങ്ങോട്ടുള്ള വരികളിൽ കാമശാസ്ത്രത്തില് വാത്സ്യായനന് നിർദ്ദേശിച്ച പടികളോരോന്നായി,നല്ല കവിതാശൈലിയിൽ വർണ്ണഇക്കുകയാണ് ജയദേവൻ. രാധയുടെ സ്മരണയിൽ തെളിയുന്ന ഫ്ലാഷ്ബാക്ക് ആയിട്ടാണ് ഈ വർണ്ണന.

13. കിസലയശയനനിവേശിതയാചിരം ഉരസിമമൈവശയാനം
കൃതപരിരംഭണചുംബനയാ പരിരഭ്യകൃതാധരപാനം
തളിരുകള് ഒട്ടിച്ചുണ്ടാക്കിയ മൃദുവായ നികുഞ്ജശയ്യയിൽ,ശയിക്കയായിരുന്നു രാധ.രാധയുടെ മാറിൽ തലചായ്ച്ച് പ്രഭു ശയിച്ചു.ആലിംഗനചുംബനാദികളിൽ ഏർപ്പെട്ട് പരിരംഭണവേളയി ല്,മതിയാവോളം അധരപാനം ചെയ്തു.സഖീ,വേഗം എന്നെ അവനോടു ചേർക്കുക എന്ന് അതോർക്കവേ രാധ സഖിയോടു പറയുന്നു.

14. അലസനിമീലിതലോചനയാ പുലകാവലിലലിതകപോലം
ശ്രമജലസകലകളേബരയാവരമദനമദാദതിലോലം

രതിശ്രമംകൊണ്ട് വിയർപ്പുപൊടിഞ്ഞ് സമ്പൂർണ്ണകലകൾ തികഞ്ഞ എന്റെ ശരീരത്തിൽ, ശ്രേഷ്ഠമായ മദനമദത്താൽ എന്നില് അതിലോലുപനായ ഹരി അലസമായി, അർദ്ധനിമീ ലിതലോചനങ്ങളാൽ കണ്ണോടിക്കവേ,പുളകാവലി കൊണ്ട് ലളിതമോഹനമായ അവന്റെ കവിൾത്തടങ്ങളെ സ്മരിക്കുന്നു.സഖീ,എന്നെ വേഗം എന്റെ പ്രിയതമനോടു ചേർക്കുക.

15. കോകിലകലരവകൂജിതയാജിതമനസിജതന്ത്രവിചാരം
ശ്ലഥകുസുമാകുലകുന്തലയാ നഖലിഖിതഘനസ്തനഭാരം
കുയിലിന്റെ കളരവകൂജിതത്തെ വെല്ലുമാറ് പാടുന്നവനും ,കാമതന്ത്രവിശാരദനും (കാമനെ ത്തന്നെ ജയിച്ചവനും) രതിക്രീഡയിൽചൂടിയപൂക്കൾകൊഴിഞ്ഞുകെട്ടഴിഞ്ഞ കുന്തൽകൊണ്ടു മൂടിയ എന്റെ ഘനസ്തനങ്ങളിൽ, ആ കുന്തൽ നീക്കി നഖചിത്രമെഴുതുന്നവനുമായ ഹരിയോ ട് സഖീ,നീയെന്നെ വേഗം ചേർത്താലും.
രതിക്രീഡയിൽ,പ്രത്യേകഅവയവങ്ങളിൽ,പ്രത്യേകതരം നഖചിത്രം വരക്കുന്നത് കാമശാസ്ത്ര ത്തി ൽ പറഞ്ഞിട്ടുള്ളതാണ്.കാമിനിക്ക് എന്നേക്കും ഓർമ്മിക്കാനായിട്ടാണ് ഇത് ചെയ്യുന്ന തത്രെ.കൃഷ്ണൻ കാമശാസ്ത്രപടുവാണെന്ന് ജയദേവന് സൂചിപ്പിക്കുകയാണ് ഇത്തരം പരാമ ർശം കൊണ്ട്. അത് അനുഭവസ്ഥയായ രാധയെക്കൊണ്ടുതന്നെ പറയിക്കുകയുമാണ് ക വി.പതിനൊന്നുവയസ്സിലാണ് ചരിത്രപുരുഷനായ കൃഷ്ണൻ ഗോകുലം വിട്ട്,രാധയെ വിട്ട് മഥുരക്ക് പോയതെന്ന്പോലും കവി ഇവിടെ ഓർക്ക്ന്നില്ല.ആ പ്രായത്തിലൊരു കുട്ടിക്ക് എത്രമാത്രം കാമകലാജ്ഞാനം ഉണ്ടാവും.

16. ചരണരണിതമണിനൂപുരയാപരിപൂരിതസുരതവിതാനം
മുഖരവിശൃംഖലമേഖലയാസകചഗ്രഹചുംബനദാനം
സുരതവളയിൽ അതിന്റെ താളത്തിനൊപ്പിച്ച് പാദചലനം ചെയ്ത് മണിനൂപുരധ്വനി ഉണ്ടാക്കുമ്പോൾ,ആ ധ്വനിയാൽ തന്റെ സുരതസുഖത്തെ പരിപൂരണം ചെയ്യുന്നവനും മേഖലയെ അഴിച്ചുകളയുന്നവനും മുടി കൂട്ടിപ്പിടിച്ച് മുഖചുംബനം ചെയ്യുന്നവനുമായ പ്രഭുവോട് സഖീ,നീ എന്നെ വേഗം ചേർക്കുക.രതിതന്ത്രത്തിലും താൻകൃഷ്ണനനുരൂപയാണെന്ന് താളത്തിനൊത്ത് പാദചലനം ചെയ്ത് ആ ധ്വനികൊണ്ട് സുരതസുഖം കൂട്ടുക എന്ന പരാമർശത്താല് രാധ സൂചിപ്പിക്കുന്നു.കചഗ്രഹചുംബനദാനം കാമശാസ്ത്രവിദിതമാണ്.

17. രതിസുഖസമയരസാലസയാദരമുകുലിതനയനസരോജം
നിഃസ്സഹനിപതിതതനുലതയാ മധുസൂദനംഉദിതമനോജം
രതിസുഖസമയത്ത് രസാലസ്യം കൊണ്ട് മുകുളിതമായ നയനസരോജങ്ങളോടെ നിഃസ്സ ഹായയായി തളർന്നവസ്സിപോലെ എന്റെ ശരീരം കിടക്കുന്നതുകാണുമ്പോൾ,വീണ്ടും കാമാ വേശം ഉണർന്ന് എന്നെ രതിസന്നദ്ധയാക്കുന്നവനാണ് മധുസൂദനൻ.അവനോട് എന്നെ നീ വേഗം ചേർത്താലും.

18. ശ്രീജയദേവഭണിതംഇദംഅതിശയമധുരിപുനിധുവനശീലം
സുഖംഉത്കണ്ഠിതഗോപവധൂകഥിതംവിതനോതുസലീലം
ശ്രീജയദേവകവിവിരചിതവും അതിശയകരമായ മധുരിപുവിന്റെ രാസകേളീശീലങ്ങളെ വിവരിക്കുന്നതുമായ ഈ കാവ്യം ,സ്വയം അനുഭവിച്ചറിഞ്ഞ ഉത്കണ്ഠിത എന്നനായികാവ സ്ഥയിലുള്ള ഗോപവധുവിന്റെ വാക്കുകളാണ്. ഇത് പാടുന്നവർക്കും കേൾക്കുന്നവർക്കും ഇഹപരസുഖങ്ങളെല്ലാം ലഭിക്കുന്നു.

പ്രബന്ധം 7

19. ഹസ്തസ്രസ്തവിലാസവംശം അനൃജുഭ്രൂവല്ലീമദ്ബല്ലവി
വൃന്ദോദ്സാരീദൃഗന്തവീക്ഷ്സിതം അതിവേദാർദ്ര്ഗണ്ഡസ്ഥലം
മാം ഉദ്വീക്ഷ്യ വിലജ്ജിതം സ്മിതസുധാമുഗ്ദ്ധാനനം കാനനേ
ഗോവിന്ദം വ്രജസുന്ദരീഗണവൃതം പശ്യാമി ഹൃശ്യാമി ച
കയ്യിൽനിന്നു വഴുതിവീണ വിലാസമുരളി,വളഞ്ഞപുരികക്കൊടി,വല്ലവീവൃന്ദത്താല് ചുറ്റപ്പെട്ട് നൃത്തമാടി വിയർപ്പുപൊടിഞ്ഞ കവിൾത്തടം,എന്നെ ണ്ടതുകൊണ്ട് ലജ്ജിച്ച് പുഞ്ചിരിച്ച സു ധാമുഗ്ദ്ധാനനം, കാട്ടിൽ വ്രജസുന്ദരീസേവിതനായ ഗോവിന്ദനെ കണ്ടത് മനസാ സ്മരിച്ച് ഞാനിതാ ആനന്ദമൂർഛ അടയുന്നു.

20. ദുരാലോകസ്തോകസ്തബകനവകാശോകലതികാ
വികാസകാസരോപവനപവനോപി വ്യഥയതി
അപി ഭ്രാമ്യത് ഭൃംഗീരണിതരമണീയ നവമുകുല
പ്രസൂതിശ്ചൂതാനാം സഖി ശിഖരിണീയം സുഖയതി.
എന്റെ ദുഃഖാവസ്ഥ നോക്കുക,പുതിയപൂങ്കുലകളെ വഹിക്കുന്നഅശോകലതികകളും വികാസം പ്രാപിച്ച ഉപവനപുഷ്പങ്ങളെ ലാളിക്കുന്ന മന്ദപവനനും എന്റെ വ്യഥയെ വർദ്ധിപ്പിക്കുന്നു. പൂത്തപൂമരങ്ങളോ മാന്പൂമൊട്ടുകളിൽഭ്രമിച്ച് ചുറ്റിക്കറങ്ങി രാഗമാലപിക്കുന്ന പോലെ രീങ്കാരം മുഴക്കുന്ന ഭൃംഗങ്ങളോ ഒന്നും തന്നെ എന്നെ ഒട്ടും സുഖിപ്പിക്കുന്നില്ല(വിരഹം കൊണ്ട്).

21. സാളുതസ്മിതം ആകുലാകുലഗലത് ദമ്മിലം ഉല്ലാസിത
ഭൂവല്ലികം അളീകദർശിതഭുജമൂലോർദ്ധ്വഹസ്തസ്തനം
ഗോപീനാംനിഭൃതംനിരീക്ഷ്യഗമിതാകാംക്ഷശ്ചിരംചിന്തയൻ,
അന്തർമുദ്ധമനോഹരം ഹരതുവക്ലേശം നവ കേശവഃ
ശ്രീകൃഷ്ണന്റെ പുഞ്ചിരി,ഭൂവല്ലീകടാക്ഷം,കൃഷ്ണവധുക്കളായഗോപീജനങ്ങളുടെ സ്തനാദി അംഗ ങ്ങൾ,ഉല്ലാസകേളികൾ, ഗോപികമാരാൽചുറ്റപ്പെട്ട കൃഷ്ണനെ ആകാംക്ഷാപൂർവ്വം നിരന്തരം ചിന്തിക്കുന്നപക്ഷം അത് മൂർഖന്മാരെപ്പോലും പാപം ,ദുഃഖം എന്നിവ നീക്കി പുണ്യവാന്മാരാക്കിത്തീർക്കും.അന്തർമുദ്ധമനോഹരമായ ഈ പുതിയ കേശവരൂപം സർവ്വക്ലേശങ്ങളും നീക്കട്ടെ.

തൃതീയസർഗ്ഗം മുഗ്ദ്ധമധുസൂദനം

1.. കംസാരിർ   അപിസംസാരവാസനാബന്ധശൃംഖലാം

രാധാം ആധായഹൃദയേ തത് യാജവ്രജസുന്ദരീ

കംസാരിയായ പ്രഭു സംസാരികളുടെ വാസനാശൃംഖലയായ രാധയെമാത്രം മുറുക്കെ തന്റെ ഹൃദയത്തോടു ഗാഢാശ്ലേഷത്താൽ,ചേർത്തുപിടിച്ചിരുത്തുകയാൽ,മറ്റവ്രജസുന്ദരിമാരെയെല്ലാം ഉപേക്ഷിച്ചു.ഇതുവരെ രാധ കൃഷ്ണനിൽമാത്രം ചിത്തമുറപ്പിച്ച് സ്മരണയോടിരിക്കുന്നതായി പറഞ്ഞു.കൃഷ്ണനോ. അതേ വിരഹവ്യഥയിലൂടെ ,രാധാവിചാരത്തിലൂടെ ഒരു തപസ്സനുഷ്ഠിക്കുകയാണ്.ബന്ധമുക്തനായ കൃഷ്ണൻ(പുരുഷൻ)ബ്രഹ്മപുരുഷനായി ആ പ്രകൃതിയെ സ്വഹൃദയത്തി ൽ,സദാ ധരിച്ച് ചിത്തവൃത്തിനിരോധം ചെയ്ത്,അവളെ മാതരം ഏകാഗ്രധ്യാനം ചെയ്യുന്ന മഹായോഗീശ്വരനാണ്.. പ്രകൃതീപുരുഷസംയോഗമാണ് അവരുടെ നിത്യരാസലീല.

2..ഇതസ്തതസ്താംഅനുസൃത്യരാധികാം അനംഗബാണവ്രണഖിന്നമാനസ
കൃതാനുതാപ സകലിന്ദനന്ദനീ തടാന്തകുഞ്ജേ വിസശാദ മാധവ.
കാമബാണമേറ്റ് ഖിന്നനായി മുറിഞ്ഞമനസ്സോടെ താപം പൊറുക്കാതെ അങ്ങുമിങ്ങും രാധയെ തേടിനടന്ന് ഒടുവിൽ,കളിന്ദകന്യയുടെ തീരത്ത് ഒരു വള്ളിക്കുടിലിൽ,മാധവൻ വന്നുചേർന്നു.രാധ കൃഷ്ണനെ തേടുന്നപോലെ കൃഷ്ണൻ രാധയേയും തേടുകയാണ്. ഗുരു ശിഷ്യനെ തേടുന്നു.ശിഷ്യനോ,ഗുരുവിനെ തേടുന്നു. ഭക്തൻഭഗവാനേയും ഭഗവാൻ ഭക്തനേയും തേടുന്നു. പരസ്പരം കണ്ടെത്തുംവരെ ആ അന്വേഷണം നീളുന്നു. കണ്ടാലോ പൂർണ്ണലയനമായി. തന്നെമാത്രം മനസ്സിൽധ്യാനിച്ച്,തനിക്കായി എത്രജന്മവും കാത്തിരിക്കുന്ന സ്ത്രീയെ പുരുഷൻ,കണ്ടെത്തും.അത് പുരുഷന്റെ സഹജസ്വഭാവമാണെന്ന് ഓഷോ പറഞ്ഞിട്ടുണ്ട്.അവളെവിടെ ഒളിച്ചിരുന്നാലും അവനവളെ തേടി കണ്ടുപിടിക്കുന്നു.

പ്രബന്ധം 7 ഗുർജ്ജരിരാഗം യതി (ഭൂപാളം,ത്രിപുട)

3. .മാം ഇയം ചലിതാ വിലോക്യവൃതം വധൂനിചയേന

സാപരാധതയാ മയാപി ന വാരിതാനിഭയേന

ഹരിഹരിഹതാദരതയാഗതാസാകുപിതേവ(ധ്രുവ)

ഗോപവധുക്കൾക്കിടയില് എന്നെ ചലിതനായിക്കണ്ട രാധിക എവിടേക്കോ പോയിമറഞ്ഞു.അപരാധം ചെയ്തവനായ ഞാൻ,ഭയത്താലവളെ തടുത്തതുമില്ല.സാന്ത്വനം ചൊല്ലിയുമില്ല. കുപിതയായ അവളാകട്ടെ,അനാദരിക്കപ്െട്ടിട്ടും ഹരീ ഹരീ എന്ന് എന്റെ പേരുതന്നെ ഉച്ചരിച്ചും കൊണ്ട് പാടി അപ്രത്യക്ഷയായി. ഹരിയാൽവഞ്ചിതയായിട്ടും ഹരീ എന്നാ

ണ് സ്മരിച്ചപാടുന്നത്. അതവളുടെ പ്രേമത്തിന്റേയും വിശ്വാസത്തില്റേയും ആഴം കാണിക്കുന്നു. പതിവ്രതയും കൃഷ്ണവ്രതയുമായ അവളുടെ ഹരിനാമസങ്കീർത്തനം ഹരിയില് കുറ്റബോധം ഉണ്ടാക്കുന്നു.അവളാകുന്ന ഹരിയിൽ പ്രസാദിക്കാൻ,താനാകുന്ന ഹരി താമസിച്ചുപോയോ എന്ന ചിന്തയോടെ വരമരുളാനായി അവളുടെ പാദമുദ്ര തേടുന്നു. ഭക്തന്റെ പാദമുദ്ര ഭഗവാന്റെ ഹൃദയത്തിലും ഭഗവാന്റെ പാദമുദ്ര ഭക്തഹൃദയത്തിലും പരസ്പരം പതിക്കുന്നു. ആ സുമുഹൂർത്തം സർവ്വത്ര പരിപാവനമായ തീർത്ഥപദമായിത്തീരുന്നു.

4.കിം കരിഷ്യതി കിം വദിഷ്യതി സാ ചിരം വിരഹേന

കിം ധനേന ജനേന കിം മമ ജീവിതേന ഗൃഹേന

എന്തുചെയ്യുമം,എന്തുപറയണം എന്നറിയാതെ ഞാനിതാ നിത്യവിരഹിയായിത്തീർന്നു.ധനം,ബന്ധുമിത്രാദികൾ,ഗൃഹം ഇവകൊണ്ടും ജീവിതം കൊണ്ടുതന്നെയും ഇനിയെന്തു പ്രയോജനം. തനിക്കു പ്രിയപ്പെട്ട ഭക്തരെക്കൂടാതെ ,എവിടെ എങ്ങനെ ഇരുന്നാലും ഭഗവാന് സുഖമില്ല. ഗോകുലവും രാധയുമില്ലാതെ ,മഥുരയിലിനി ഏറെക്കാലം വിരഹിയായി കഴിയേണ്ട കൃഷ്ണൻ,ഇപ്പോൾത്തന്നെ അതിന്റെ സ്വാദ് അനുഭവിച്ചുതുടങ്ങുകയാണ്.മഥുര,ദ്വാരക,ഹസ്തിനപുരം –എവിടെപോയാലും രാധാസ്മൃതി ജീവിതകാലം മുഴുവനും ഭഗവാനും വേട്ടയാടാനിരിക്കുന്നതേയുള്ളു.ആ നിത്യവിരഹാവസ്ഥയുടെ പ്രവചനം പോലെ ഹ്രസ്വമായ ഈ വേർപാട് കലാശിച്ചു.

5.ചിന്തയാമി തദാനനം കുടിലഭ്രൂകോപഭരേണ
ശോണപത്മമിവോപരിഭ്രമതാകുലം ഭ്രമരേണ

വളഞ്ഞ് ഭ്രൂചാപങ്ങളിൽ സ്ഫുരിക്കുന്ന കോപം,ഭ്രമരങ്ങളെപ്പോലെ സദാ ഭ്രമിക്കുന്നതും ,ചെന്താമരപോലെ ചുവന്നതുമായ കണ്ണുകളുടെ കടാക്ഷവിക്ഷേപം –രാധയുടെ മുഖം തന്നെ ഞാൻസദാ ചിന്തിക്കുന്നു. നിത്യസ്മരണത്തിൽ, രാധാമുഖത്തിൽ, പൂവും വണ്ടും (ഭ്രമരഗീതം) ഭഗവാനും കാണുന്നു.ചിത്തവൃത്തിനിരോധത്താൽ,അനന്യശ്ചിന്തയന്തോ മാം എന്ന ഗീതാവചനംപോലെ രാധയിൽമാത്രം തന്റെ ചിത്തഭൃംഗത്തെ ഭഗവാനുറപ്പിച്ചിരിക്കുന്നു. രാധമാത്രം ശരണം എന്ന മാനസികാവസ്ഥ ,നിത്യസ്മരണം,സദാസ്മരണം-യോഗസാധനയുടെ ഈ പടികളെല്ലാം യോഗയോഗേശ്വരൻ രാധയിലൂടെ അഭ്യസിക്കുകയാണ്.

6.താം അഹം ഹൃദിസംഗതാം അനിശം ഭൃശം രമയാമി

കിം വനേനുസരാമി താം ഇഹകിം വൃഥാവിലപാമി

ഞാൻനിന്നെ സദാ ഹൃദയത്തിൽവഹിച്ച് നിന്നോടുമനസാ രമിച്ചുകൊണ്ടിരിക്കുന്നു.ഈ വിശാലമായ വനത്തിൽ,പിന്നെ എവിടെ,എന്തിനെന്നറിയാതെ നിന്നെത്തേടി നടക്കുന്നു.ഇപ്രകാരം വിലപിച്ചുകൊണ്ടെന്തു ഫലം.അകത്തിരിക്കുന്നതിനെ പുറത്തുതേടി വിലപിച്ചിട്ടെന്ത്.പുറത്ത് എവിടെ,എന്തിന്,എന്നറിയാതെ ഈശ്വരനെ തേടുന്ന ഹൃദയം തന്റെ ഉള്ളിൽസദാ വിളങ്ങുന്ന ,രമിക്കുന്ന,അന്തര്യാമിയെ അനുഭവിച്ച് അതിന്റെ അവബോധം വരുമ്പോൾ,ചോദിക്കുന്ന ചോദ്യമാണിത്. ആദ്യയോഗാനുഭൂതിയാൽ,തന്റെ ഹൃദയപത്മം രാധയുടെ വാഹനമാണെന്ന് കൃഷ്ണഹൃദയം അനുഭവിച്ചറിയുന്നു.

7.തന്വിഖിന്നം അസൂയയാ ഹൃദയം തവാകലയാമി

തന്നവേദ്മികുതോഗതാസി ന തേനതേനുനയാമി

നിന്നോട് ഞാനപരാദം ചെയ്തു.അസൂയകൊണ്ട് നിന്നെ ഖിന്നയാക്കി.ഹൃദയത്തെ ആകുലമാക്കി. നീ എവിടെ എന്നറിയാതെ ഞാൻ പശ്ചാത്തപിക്കുന്നു,നിന്നെ തിരയുന്നു.ആരെങ്കിലും നിന്നെ കാണിച്ചുതരുന്നപക്ഷം ,നിന്നെ അനുനയിച്ച് നിന്റെ ദുഃഖം ഞാന് തീർത്തുതരുമായിരുന്നു.ഇടക്ക് അകത്തും ഇടക്ക് പുറത്തുമായി സംഗമം,വിരഹം എന്ന രണ്ട് അവസ്ഥകളിലൂടെ ഇഷ്ടദേവതയായ രാധ കൃഷ്ണനെ ആനന്ദിപ്പിക്കുന്നു,ദുഃഖിപ്പിക്കുന്നു. സ്വന്തം ആനന്ദത്തേക്കാളേറെ ഭക്തന്റെ ആനന്ദത്തെക്കുറിച്ച് ആലോചിക്കുന്ന ഉത്തമനായകസ്ഥാനത്തേക്ക് കൃഷ്ണനെ ഉയർത്തിയത് രാധയാണ്.

8.ദൃശ്യസേപുരതോഗതാഗതം ഏവ മേ വിദധാസി കിം പുരേവസസംഭ്രമം പരിരംഭണം ന ദദാസി

എപ്പോഴാണ് നിന്നെ വീണ്ടും കണ്മുന്നിൽ കാണുക.പഴയപോലെ നീ എപ്പോഴാണ് സംഭ്രമത്തോടെ ഓടിവന്ന് എനിക്ക് പരിരംഭണസുഖം ദാനം ചെയ്യുക എന്ന് ഞാൻ സദാ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.ഈശ്വരദർശനം ,സ്പർശനം മുതലായവക്കായി വിരഹിയായ ഭഗവാൻ(രാധയുടെ ഭക്തൻ) അനുനിമിഷം മോഹിക്കുന്നു.തപിക്കുന്നു.രാധ വരാതിരിക്കില്ല എന്ന ശുഭപ്രതീക്ഷ ഉള്ളതിനാൽ,ഈ വിപ്രലംഭശൃംഗാരവും സുഖകരമായ ഒരു വേദനയാണ്.

9.ക്ഷമ്യതാം അപരം കദാപിതവേദൃശം ന കരോതി

ദേഹിസുന്ദരി ദർശനംമമ മന്മഥേനദുനോമി

എന്റെ അപരാധം ക്ഷമിക്കുക.നിന്റെ ദർശനസുഖം നിഷേധിക്കാതിരിക്കുക. മന്മഥനാൽപിളർക്കപ്പെട്ടുകൊണ്ടിരിക്കുന്ന എനിക്ക് ,സുന്ദരീ,ദർശനം തരിക.ത്രിപുരസുന്ദരിയായ സ്വശക്തിയോടുള്ള പ്രാർത്ഥനാരൂപമാണിത്. ആരാധനാമൂർത്തിയോട് സർവ്വാപരാധം ക്ഷമസ്വ,ദർശനമരുളുക,കാമാദികളായ സംസാരദുഃഖങ്ങളാൽ വ്രണപ്പെട്ട എനിക്ക് മുക്തി തരിക എന്നാമ് പ്രാർത്ഥന. (രണ്ടർത്ഥത്തിലും അറിയുക)

10.വർണ്ണിതം ജയദേവകേന ഹരേർഇദം പ്രവണതേന

കിന്ദുബില്വസമുദ്രസംഭവരോഹിണീരമണേന

ജയദേവകവി ഇപ്രകാരം ഹരിയുടെ വിരഹദുഃഖത്തെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുമ്പോള്,രോഹിണീരമണനായ ചന്ദ്രനുദിച്ചു. കിന്ദുബില്വസമുദ്രം വേലിയേറ്റത്താൽ ഇളകി.കൃഷ്ണന്റെ വിരഹദുഃഖം വർദ്ധിച്ചു.കേൾക്കുന്നവർക്കും ആ വിരഹദുഃഖതീവ്രത അനുഭവപ്പെടുന്നു. ചന്ദ്രവംശമാണ് യാദവകുലം.കൃഷ്ണന്റെ പിതൃക്കളിൽ ഒന്നാമത്തെ ആളാണ് ചന്ദ്രൻ.രോഹിണി (കൃഷ്ണന്റെ ജന്മനക്ഷത്രം) ചന്ദ്രന് പ്രിയപത്നിയും. ഋഷഭരാശിയിൽരോഹിണിയി ൽരോഹിണീരമണനായി ചന്ദ്രൻനിൽക്കെ,ഏറ്റവും ആനന്ദവാനാണ് .(ചന്ദ്രന്റെ ഉച്ചം).ആ ചന്ദ്രന്റെ സ്വഭാവങ്ങളോടെ രോഹിണിയിലുദിച്ച ചന്ദ്രവംശകുലതിലകമായ കൃഷ്ണൻ ഇഷ്ടപ്രേയസിക്കായി വിരഹവ്യഥയാല് തപിക്കവെ,ആ ചൂട് തട്ടിയിട്ടെന്നപോലെ സമുദ്രം ഉയർന്നുപൊങ്ങി,വേലിയേറ്റത്തിരകളാൽ പ്രേമസന്ദേശമയച്ചു.കിന്ദുബില്വദേശത്തിൽ.കവി ഇതെഴുതുമ്പോ ൾ,ചന്ദ്രൻഉച്ചത്തിലാണ്,ശ്രാവണമാസത്തിലാണ്,കാലവർഷാരംഭമാണ്,സമുദ്രത്തിൽവേലിയേറ്റമുണ്ട് എന്നു കവിഇവിടെ പറയുന്നു.താനും ഹരിക്കനുരൂപനായ ബക്തനാണ്,പത്മാവതിയെ പിരിഞ്ഞ് കൃഷ്ണന്റെ മാനസികാവസ്ഥ അനുഭവിക്കയാണ് എന്ന് ആത്മാംശം ചേർക്കുന്നു.

ദേവകീപുത്രനാമ് ജയദേവനായ കൃഷ്ണൻ.തന്റെ നാമത്തോട് കകാരം ചേർത്ത് ജയദേവകനെന്നെഴുതുമ്പോ ൾ,നേരത്തെ രാധ കൃഷ്ണന്റെ രതിസ്വഭാവം വർണ്ണിച്ചപോലെ അനുഭവസ്ഥനായ കൃഷ്ണന്റെ വിരഹവേദന കൃഷ്ണസ്വരൂപനായ ഭക്തകവിയായ താനും വർണ്ണിക്കുന്നു എന്ന് ധ്വനി. സമുദ്രസംഭവനായ ചന്ദ്രനെന്നതുകൊണ്ട് സമുദ്രം (ദേവകി,യശോദ) മാതൃവാത്സല്യത്തോടെ ദുഃഖിതനായ പുത്രനെ സമാശ്വസിപ്പിക്കാൻതിരക്കൈ ഉയർത്തി എന്നും വേണമെങ്കില് അർത്ഥമെടുക്കാം. ഇഷ്ടപ്രേയസി ഒരാള്ക്ക് കാമുകിയും ഭാര്യയും മാത്രമല്ല,ആത്മസുഹൃത്തും വേദനയിൽ, ദുഖത്തി ൽ, സാന്ത്വനിപ്പിക്കുന്ന മാതാവുമാണ്.

11.ഭ്രൂപല്ലവം ധനുരപാംഗതരംഗിതാനി

ബാണാഗുണശ്രവണപാലിരിത് സ്മരേണ

തസ്യാം അനംഗജയജംഗമദേവതായാം

അസ്ത്രാമിനിർജ്ജിത ദഗന്തി കിം അർപ്പിതാനി

ഭ്രൂപല്ലവം ധനുസ്സ്,കടാക്ഷതരംഗങ്ങൾ ബാണങ്ങൾ, ശ്രുണങ്ങൾ ഞാൻ,രാധ കാമദേവന്റെ സഞ്ചരിക്കുന്ന വില്ലും അമ്പുമാണ് .അവളാൽ,അനംഗൻ എന്നെ ജയിച്ചു. (എന്നെ ജയിക്കതുകൊണ്ട്,അവൻ സർവ്വജഗത്തിനേയും ജയിച്ചവനായി.) പ്രിയതമയായ പത്മാവതിയുടെ നൃത്തവേളയിലെ ചലനങ്ങളെ ജയദേവൻസ്മരിക്കുന്നു. അനംഗജയജംഗമ ദേവത എന്നതിലെ ജയദേവതാപദം അവൾതനിക്ക് എല്ലാംകൊണ്ടും രാധ കൃഷ്ണനെന്നപോലെ അനുരൂപയാണെന്ന് ധ്വനിപ്പിക്കുന്നു.നാമംപോലും അങ്ങനെയാണ്. അനംഗജയദേവനെന്നാൽ കാമോപമനായ ജയദേവൻ,അവന്റെ സഞ്ചരിക്കുന്ന ജയദേവത അഥവാ വിജയലക്ഷ്മിയായ ശക്തി. അവരിരുവരും പരസ്പരം ജയിച്ചവരാണ്, മന്മഥയുദ്ധത്തി

ൽ. അങ്ങനെ സംസാരത്തെ(ജഗത്തിനെ)ജയിച്ച ജീവന്മുക്തരാണ്.അനംഗരംഗത്തിന്റെ തുടക്കത്തിൽ, കല്യാണവ ർമ്മ ൻ പറഞ്ഞ കാമശാസ്ത്രത്തിന്റെ ഉദ്ദേശം ഈ സംസാരമുക്തിയാണ്.അത് തങ്ങളുടെ കാര്യത്തിൽരാധാകൃഷ്ണന്മാ ർക്കെന്ന പോലെ സത്യമായിരിക്കുന്നു എന്ന് കവി ധ്വനിപ്പിക്കുന്നു. സ്വശക്തിയായ പത്മാവതീദേവിയെ (ശ്രീനിവാസപ ത്നി)കൃഷ്ണനും ജയദേവനും പ്രശംസിക്കുന്ന വരികളായിട്ടാണ്ഇവ എഴുതപ്പെട്ടിരിക്കുന്നത്. കൃഷ്ണവാക്യം കവിവാക്യമായി രൂപപ്പെടുത്തിയിരിക്കുന്നു.

12.ഹൃദി ബിസലതാഹരോനായംഭുജംഗമനായക

കുവലയദലശ്രേണീകണ്ഠേനസാഗരലദ്യുതി

മലയജരാജോനേദംഭസ്മപ്രിയാരഹിതേമയി

പ്രഹരനഹരഭ്രാന്ത്യാനംഗക്രുധാകിമുധാവസി

ഞാൻപരമശിവനല്ല.അവനെപ്പോലെ നിന്നോടെതിർത്ത് അചഞ്ചലനായിരിക്കാനെനിക്ക് കഴിവുമില്ല.എന്റെ മാറി ൽ,മൃദുവായ താമരമാലയാണ്,സർപ്പരാജാവായ വാസുകിയല്ല.കഴുത്തിൽനീലത്താമരയിതൾകോർത്ത മാലയാണ്, വിഷമല്ല.ശരീരമാകെ മലയാനിലൻ കൊണ്ടുവന്ന് പൂശിയ ചന്ദനപ്പൊടിയാണ്,ചുടലഭസ്മമല്ല.പിന്നെയെന്തിന് മന്മഥ രാജാ,എന്നെ ക്രോധിച്ച് പ്രഹരിച്ച് ബുദ്ധിമുട്ടിക്കുന്നു.നിനക്ക് കീഴടങ്ങിയ പരാജിതനായ ഞാനെങ്ങനെ നിന്റെ ശത്രു വാകും.മന്മഥയുദ്ധത്തിൽജയപരാജയങ്ങളില്ല.മന്മഥന് കീഴടങ്ങലാണ് മന്മഥയുദ്ധവിജയം. അതറിയാത്തവിഡ്ഢിയല്ല, ഞാ ൻ. (ശിവനെപ്പോലെ നിന്നെ ഒരുപിടി ചുടലഭസ്മമാക്കിയശേഷം വീണ്ടും കാമമോഹിതനാവാനുള്ള വിഡ്ഢിത്തം എനിക്കില്ല.പിന്നെ എന്നോടെന്തിനു ശത്രുത.അനംഗജംഗമജയദേവതയായ കാമുകിക്ക് നിരുപാധികം കീഴടങ്ങിയ എനിക്കെതിരെ വീണ്ടുമെന്തിന് അനെഗൻയുദ്ധം പ്രഖ്യാപിക്കണം.

13.പാണൌ മാ കുന്ദചൂതസായകം അമും കാ ചാപം ആരോപയ

ക്രീഡാനിർജ്ജിതവിശ്വമൂർഛിതജനാഘാതേനകിം പൌരുഷം

തസ്യാ ഏവമൃഗീദൃശോ മനസിജപ്രേംഖത് കടാക്ഷാശുഗ

ശ്രേണീജജ്ജരിതം മനാഗപിമനോനാദ്ധ്യാപിസംദുക്ഷതേ

നിന്റെ കൈകളിലെ മുല്ലയും മാമ്പൂവും എന്നിൽബാണങ്ങളായി വർഷിക്കരുത്.എന്റെ നേർക്ക് നിന്റെ വില്ലു കുലക്ക രുത്.നീ ലീലകളാൽ,വിശ്വത്തെ മൂർഛിപ്പിച്ച് ജയിച്ചവനാമ്.ഒരുപ്രാവശ്യം ജയിച്ചതിനെ വീണ്ടും എതിർത്തുതോൽപ്പിക്കു ന്നതി ൽ എന്തുപൌരുഷമാണുള്ളത്.പ്രയോഗിച്ചേ തീരൂ എന്നാണെങ്കിൽ,മൃഗിയെപ്പോലെ കടാക്ഷവിക്ഷേപങ്ങളാല് എന്നെ ജയിച്ച് കീഴടക്കി,സ്വയം കാമനാൽ ജയിക്കപ്പെടാതെ കഴിയുന്ന എന്റെ പ്രണയിനി രാധയെ എന്നില് കാമവ ശഗയാക്കൂ. ഒരിക്കൽനൂറുനൂറായി കാമബാണം കൊണ്ടുനുറുങ്ങിപ്പോയ എന്റെ മനസ്സിനെ വീണ്ടും താഡിച്ച് ധർമ്മലോ പം വരുത്തരുത്.(മ-ടി കാമശാസ്ത്രപരമായ പദമാമ്.പത്നിയെ കാമപരവശയാക്കുന്നതിന് ഇതിനുസദൃശമായ ഒരു മന്ത്രം ബൃഹദാരണ്യകോപനിഷത്തിലുണ്ട്)

14.ഭ്രൂചാപവിഹിതകടാക്ഷവിശിഖോനിർമ്മാതുമർമ്മവ്യഥാം

ശ്യാമാത്മാ കുടിലകരോതു കബരീഭാരോപിമാരോദ്യമം

മോഹം താവദ്അയം ച തന്വിതനുതാം ബിംബാധരോ രാഗവാൻ,

സദ്വൃത്താസ്തനമണ്ഡലസ്തവകഥം പ്രാണൈർമമക്രീഡതി.

ഭ്രൂചാപത്തിനാൽ വിക്ഷേപിക്കപ്പെട്ട കടാക്ഷവിശിഖങ്ങളാൽരാധ എന്റെ ഹൃദയമർമ്മം ഭേദിച്ചുകഴിഞ്ഞിരിക്കുന്നു. ശ്യാമ വ ർണ്ണയായി ചുരുണ്ടുനീണ്ടകബരീഭാരം മാരോദ്യമത്തിനായി വലിച്ചുകെട്ടിയ ഞാൺകയറാണ്.ഹേ,തന്വീ,നിന്റെ ശരീ രത്തിലുള്ളമോഹംകൊണ്ടും നിന്റെ ബിംബാധരത്തിലുള്ള രാഗത്താലും സദ്വൃത്തമായ സ്തനമണ്ഡലത്തെ സ്തവങ്ങളാ ൽകഥിക്കുന്നതിൽമാത്രമാണ് എന്റെ പ്രാണൻഇപ്പോൾക്രീഡിക്കുന്നത്.സദ് വൃത്തർ,സജ്ജനങ്ങൾ.സത്തായ വൃത്താകൃ

തിയിലുള്ള സ്തനമണ്ഡലത്തേയും അങ്ങനെ വിളിച്ചിരിക്കുന്നു.സദ്വൃത്തരായ സജ്ജനത്തെ സ്തുതിച്ചുപാടുന്നതിലാണ് ഭഗവാന്റെ പ്രാണനാനന്ദം.സ്തനത്തിന് ഇടിനാദം മുഴക്കുന്ന (സ്തനിതം)മേഘമെന്നും അർത്ഥം. ബിംബാധരത്തിലെ അനുരാഗധാര,രാഗ(സംഗീത)ധാര,ചുവപ്പുനിറം,ഓങ്കാരം മുഴക്കുന്ന നാദബ്രഹ്മരൂപമായ മേഘമണ്ഡലത്തിന്റെ (കറുത്ത കൃഷ്ണമേഘമണ്ഡലം)സദ് വൃത്തമായ നാദ,രാസമയനൃത്തകഥനം-തന്റെ പ്രാണന് തന്റെ ഭക്തമണ്ഡലത്തിലാണെന്ന പ്രഖ്യാപനം ഇവയെല്ലാം ഇവിടെ കാണാം.

15.താനിസ്പർശസുഖാനി തേ ച തരളസ്നിഗ്ദ്ധദൃശോർവിഭ്രമാ-

സ്തദ് വക്ത്രാംബുജസൌരഭം സ ച സുധാസ്യന്ദീഗിരാം വക്രിമാ

സാ ബിംബാധരമാധുരീതിവിഷയാ സംഗേപിചെന്മാനസം

തസ്യാം ലഗ്നസമാധിഹന്തവിരഹവ്യാധികഥം വർദ്ധതേ

അവയെ(സദ് വൃത്തമായ മണ്ഡലത്തെ)സ്പർശിക്കുന്നതിലുള്ള സുഖാനുഭവം,തരളവും സ്നിഗ്ദ്ധവുമായ മിഴികള് വിഭ്രമിക്കുന്ന (വണ്ടുപോലെ)വദനാംബുജത്തിന്റെ സൌരഭ്യം,സുധാസ്യന്ദിയും വക്രോക്തിപാടവമുള്ളതുമായ നിന്റെ ഗീർവ്വാണി, ഇവയിൽത്തന്നെ നിരന്തരചിന്തയാല് സമാധിസ്ഥമായിരിക്കുന്നു എന്റെ മനസ്സ്. നിന്റെ ബിംബാധരമാധുരിയിലുള്ള വിഷയസംഗം വിരഹവ്യാധിപീഢിതമായ മനസ്സിൽ വർദ്ധിച്ചുവരുന്നു.(സമാധിയിൽ രോഗം മാറേണ്ടതാണ്.ഇവിടെ വർദ്ധനവാണ്).സ്മരണം,ചിത്തവൃത്തിനിരോധം,ഇഷ്ടദേവതാനിഷ്ഠയാൽദേവത ഹൃദയത്തിലും പ്രപഞ്ചത്തിലും സദാ വിളങ്ങുന്ന അവബോധം, സർവ്വാപരാധക്ഷമാപണപ്രാർത്ഥന,മുക്തിക്കും ദർശനത്തിനും ദാഹം,അതിന്റെ രസജലത്തിന്റെ വേലിയേറ്റം,പൂർണ്ണമായ ആത്മാർപ്പണത്തിന്റെ ദാസഭാവം,പൂർണ്ണസംസാരജയം, ഇനിയൊരിക്കൽസംസാരത്തിന് കീഴടങ്ങാത്തവിധം ധ്യാനമുറക്കൽ,സദ്വൃത്തരോട് (സജ്ജന)സംസർഗ്ഗം,കീർത്തനം,ഹരികഥ ഇവയിൽമാത്രം രമിക്കലെന്നിങ്ങനെ ഓരോന്നായി യോഗാവസ്ഥയുടെ ചിഹ്നങ്ങൾക്കുശേഷം കൃഷ്ണൻരാധാലയയോഗത്തി ൽപൂർണ്ണസമാധിസ്ഥനായി യോഗാരൂഢനാവുന്നു.

16തിര്യഗ് കന്ദവിലോലമൌലിതരലോത്തംസസ്യവംശോച്ചരത്

ഗീതസ്ഥാനകൃതാവധാനലലനാലക്ഷൈർന സംലക്ഷിത

സമ്മുഗ്ദ്ധേ മധുസൂദനസ്യ മധുരേ രാധാമുകുന്ദൌസുധാ

സാരേ കുന്ദലിതാശ്ചിരം ദദാതുവക്ഷമം കടാക്ഷോർമയ

കൃഷ്ണന്റെ ചഞ്ചലമായ വിശാലമിഴികൾ,രാധയിൽമാത്രം പതിച്ചിരിക്കുന്നു.കൃഷ്ണന്റെ മിഴി രാധയിലേക്കു ചാഞ്ഞതുകൊണ്ട് ക്ഷേത്രങ്ങളിലെ ഗോപുരങ്ങളും ചാഞ്ഞു.മൌലിയിലെ അലങ്കാരങ്ങൾകൊഴിഞ്ഞുവീണു.ഈശ്വരന്റെ ഗീതസ്ഥാനങ്ങൾ, (പുല്ലാങ്കുഴലിലെ സ്വരസ്ഥാനങ്ങൾ,ഭഗവദ് ഗീതയുടെ പ്രധാനസ്ഥാനങ്ങൾ)മാത്രം ശ്രദ്ധിച്ച് അതിൽമാത്രം കൃതാവധാനകളായിരിക്കുന്ന ലലനകൾ(രാധ)അങ്ങനെ രസാനുഭൂതിയിൽ മുങ്ങിയിട്ടും അവനിലേക്ക് (ലജ്ജകൊണ്ട്) ഓടിവന്നില്ല.മുഗ്ദ്ധമധുസൂദനന്റെ വായിൽനിന്നുതന്നെ മധുപോലെ മധുമധുരമായൊഴുകുന്ന രാധാമുകുന്ദന്മാരുടെ പ്രണയസുധാസാരത്തിന്റെ സുഖാനുഭവം ചിരകാലം മറ്റുള്ളവരും അനുഭവിക്കട്ടെ.രാമകൃഷ്ണന്മാരുടെ കടാക്ഷം കൊണ്ട് സർവ്വർക്കും ക്ഷേമം കിട്ടട്ടെ എന്നു വിചാരിച്ചാണ് രാധ കൃഷ്ണനെ വിരഹദുഃഖം അനുഭവിപ്പിച്ച് വിട്ടുനിന്നത്. തന്നെക്കാളും മറ്റുള്ളവരുടെ ആനന്ദത്തെ വിലമതിക്കുന്ന ഉത്തമനായികാനായകസ്ഥാനമാണ് രാധാകൃഷ്ണന്മാർക്ക്. അവർ വിരഹദുഃഖം അനുഭവിച്ചത് മറ്റുള്ളവർക്ക് രസാനുഭൂതി കൊടുക്കുന്നതിനാണ്.(ശ്രീരാമനും സീതയും ഇതിന് ഉദാഹരണങ്ങളാണ്)

ചതുർത്ഥസർഗ്ഗം സ്നിഗ്ദ്ധമധുസൂദനം(സ്നിഗ്ദ്ധമാധവം)

1. യമുനാതീരവാണീരനികുഞ്ജേ മന്ദമാസ്ഥിതം
   പ്രാഹപ്രേമഭാരോദ്ഭ്രാന്തം മാധവം രാധികാസഖീ
   യമുപുളിനത്തിലെ പുഷ്പനികുഞ്ജത്തിൽ,രാധികയോടുള്ള പ്രേമഭാരത്താൽ,ഉദ്ഭ്രാന്തമായ മനസ്സോടെ മാധവൻമന്ദമന്ദം ആഗതനായി ഇരുപ്പുറപ്പിച്ചു.അവനോട് രാധികയുടെ സഖി പറഞ്ഞു.

2. (അഷ്ടപദി 8 ഹരിവല്ലഭഅശോകപല്ലവം.)
നിന്ദതിചന്ദനംഇന്ദുകിരണം അനുവിന്ദതിഖേദം അധീരം
വ്യാളനിലയമിലനേനഗരളംഇവകലയതി മലയസമീരം
മാധവമനസിജവിശിഖഭയാത് ഇവ ഭാവനയാത്വയിലീനാ
എന്റെ സഖി കുളിരേകുന്ന ചന്ദനച്ചാറും ഇന്ദുകിരണവും ചൂടുള്ളതെന്ന് തെറ്റിദ്ധരിച്ച് നിന്ദിച്ച് ഉപേക്ഷിച്ചിരിക്കുന്നു. സർപ്പങ്ങളുടെ ക്ഷേത്രമായമലയപർവ്വതത്തിൽനിന്ന് വരുന്ന കുളിർത്ത മലയസമീരണനേയും അവള് വിഷമെന്ന് തിരസ്കരിച്ചു.ഖേദിച്ചും അധീരയായും കാമാസ്ത്രങ്ങളെ ഭയന്നും വിരഹത്താൽദീനയായും മെലിഞ്ഞും വിളർത്തും കാണപ്പെടുന്നു.അവൾനിന്നിൽലീന(ലയം പേരാപിച്ചവള്)യായതുകൊണ്ട് സ്വയം നീയെന്നു ഭാവിച്ച് (ഭാവന ചെയ്ത്)ഇരിക്കയാണ്.അഹം ബ്രഹ്മാസ്മി ,ഞാനാണ് കൃഷ്ണനെന്ന് രാധ ഭാവിക്കുന്നു.
3. അവിരളനിപതിതമദനശരാത്ഇവ ഭവദവനായവിശാലം
സ്വഹൃദയമർമ്മനിവർമ്മകരോതി സജലനളിനീദലജാലം
വളരെക്കാലമായി രാധ ഹൃദയത്തിൽനിന്നെ മാത്രം പ്രതിഷ്ഠിച്ച് അവിരളം തന്നിൽവീഴുന്ന മദനശരങ്ങളാല് പീഡിതയായി വീണ്ടും വീണ്ടും വർദ്ധിതമാകുന്ന കൃഷ്ണപ്രേമം കൊണ്ട് കൃഷ്ണൻതന്നെയായിരിക്കുന്നു. അതുകൊണ്ട്,കാമബാണങ്ങൾതന്നിൽ വീഴുമ്പോൾ, തന്റെ ഹൃദയമർമ്മത്തിലിരിക്കുന്ന കൃഷ്ണന് വേദനിക്കുമോ എന്ന് കരുതി സ്വഹൃദയത്തെ അവനെ പൊതിഞ്ഞുപിടിച്ച കവചമാക്കി സംരക്ഷിക്കുന്നു.അവളുടെ ഹൃദയം ജലത്തോടുകൂടിയ താമരയിതളുകളെപ്പോലെ ആയിരിക്കുന്നു. (താമരയിതളും മൃദുലമാണ്.വെള്ളം നിൽക്കുകയുമില്ല). രാധ സുഖദുഃഖാദിദ്വന്ദ്വങ്ങൾ മനസ്സിലൊട്ടാത്ത സംസാരബന്ധനമറ്റ അവസ്ഥയില് തന്നെക്കുറിച്ച് ചിന്തിക്കുന്നതേയില്ല.മൃദുലമായ സ്വഹൃദയത്താൽ കൃഷ്ണനെ കവചമണിയിച്ച് സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. ആ മൃദുലഹൃദയത്തില്,കൃഷ്ണൻസദാ ഇരിക്കുന്നതിനാൽ, സംസാരജലം പറ്റാത്ത താമരയിതൾപോലെ കോമളശീതളവും രസാനുഭൂതിനിർഭരവുമായി സംസാരസരസ്സിലുപരി പൊങ്ങിക്കിടക്കുന്നു. പ്രേമഭാരംകൊണ്ട് ഉദ്ഭ്രാന്തമാണ് മാധവഹൃദയമെങ്കിൽ,പ്രേമത്താൽസർവ്വഭാരവുമൊഴിഞ്ഞ് ലോലമായി ശാന്തമായിരിക്കുന്നു രാധാഹൃദയം.ഗുരുത്വാകർഷണത്താൽ,ഗുരുവായി രാധ കൃഷ്ണനെ തന്നിലേക്കാകർഷിക്കുമ്പോ ൾ,ഗുരുത്വാകർഷണമേ ഇല്ലാത്ത അവസ്ഥയിലേക്ക് കൃഷ്ണനവളെ ഉയർത്തുന്നു.സൂര്യനും ഭൂമിയുംപോലെയുള്ള ഈ പരസ്പരഗുരുത്വം അവരെ അർദ്ധനാരീശ്വരരാക്കുന്നു.
4. കുസുമവിശിഖശതതല്പം അനല്പവിലാസകലാകമനീയം
വ്രതംഇവതവപരിരംഭസുഖായകരോതി കുസുമശയനീയം
അവൾ,സദാ നിന്റെ വരവും കാത്തിരിക്കയാണ്.കുസുമശയ്യയിൽനിന്നെ പ്രതീക്ഷിച്ച് കാമകലാവിലാസ ചതുരയായ അവൾ,കമനീയയായി ശയിക്കുന്നു.നിന്റെ പരിരംഭണസുഖത്തിനായി പ്രത്യേകം ഒരുക്കിയതാണ് അവളുടെ തല്പം.എന്നാൽ,നിന്നിൽമാത്രം വ്രതനിഷ്ഠയായ അവൾക്ക് ആ പുഷ്പതല്പം ,നിന്റെ അഭാവത്താലും അനാദരവിനാലും ശരശയ്യയായിത്തീർന്നിരിക്കുന്നു.
5. വഹതി ച ചലിതവിലോചനജലഭരം ആനനകമലമുദാരം
വിധും ഇവവികടവിധുൻതുടദന്തദലനഗലിതാമൃതധാരം
അവളുടെഉദാരമായ വദനകമലം പ്രപഞ്ചത്തിനുമുഴുവനും അമൃതധാര ഒഴുക്കിക്കൊടുക്കുന്ന ചന്ദ്രസദൃശമാണ്. അതിനെ രാഹു ഗ്രസിച്ചപോലെ കൃഷ്ണവിരഹദുഃഖം കളങ്കപ്പെടുത്തുന്നു.അതിനാൽ,ചലിക്കുന്ന ആ സുന്ദരനയനങ്ങ ൾ,ജലപൂർണ്ണങ്ങളായി കണ്ണീരൊഴുക്കുന്നു.കൃഷ്ണാമൃതം ഒഴുക്കേണ്ട കണ്ണുകൾ കണ്ണീരൊഴുക്കുന്നതിന്റെ അപരാധിത്വം കൃഷ്ണന്റേതാണ് എന്ന് സഖി സൂചിപ്പിക്കുന്നു.
6. വിലിഖതി രഹസി കുരംഗമദേനഭവന്തംഅസമശരഭൂതം
പ്രണമതി മകരം അധോവിനിധായകരേ ച ശരം നവചൂതം
രാധ രഹസ്യമായി വിജനസ്ഥലത്ത് ചെന്നിരുന്ന് ചെയ്യുന്ന ലീലകളെ കേൾക്കുക. അവൾനിന്നെ ചിത്രരൂപത്തി ൽ വരക്കുന്നു. കാമദേവനായി സങ്കൽപ്പിച്ച് ഗരുഡന് പകരം മകരവാഹനവും മാമ്പൂക്കൾബാണവും വരക്കുന്നു.അവ താഴെ നില്ക്കുന്ന തന്നിലേക്ക് എയ്യുന്നു എന്നു സങ്കൽപിച്ച് ചിത്രത്തിനുമുന്നില് നമസ്കരിക്കുന്നു. കാമദേവരൂപത്തിലുള്ള നിന്റെ ചിത്രം നോക്കിയിരുന്ന് (നിന്നെ ദർശിക്കാതെയു)അവൾതന്റെ ജീവനെ നിലനിർത്തുന്നു.
7. ധ്യാനലയേന പുരേ പരികല്പ്യഭവന്തം അതീവദുരാപം
വിലപതി ഹസതി വിശീദതി രോദിതി ചഞ്ചതിമുഞ്ചതി താപം
ധ്യാനലയം കൊണ്ട് നിന്റെ മുന്നിൽ നമസ്കരിച്ച് ദുഃഖിതയായ രാധ
വിലപിക്കുന്നു,ചിരിക്കുന്നു,കരയുന്നു,പരിഭവംപറഞ്ഞ് തപിക്കുന്നു.അവതാരത്തിനായി ഭക്തരുടെ കാത്തിരിപ്പ്,

കളത്തിൽചിത്രമെഴുതിയും തല്പമൊരുക്കിയും അശ്രുവാർത്തും സ്മരണം,കീർത്തനം,മനനം,ധ്യാനം ,പൂജാനമസ്കാരാദികള്,ചിരി,കരച്ചിൽ,പരിഭവം,വിലാപം,തപസ്സ് എല്ലാം ഏകാന്തികഭക്തിയുടെ വ്രതാനുഷ്ഠാനവും ഫലവുമാണ്.ധ്യാനലയാവസ്ഥയിലെത്തിയ യോഗീചിത്തമാണ് രാധയുടേത്. ചിത്തവൃത്തിലയം കൃഷ്ണനിൽമാത്രം ഏകാഗ്രമാണവൾക്ക്. ഇപ്രകാരം വ്രതനിഷ്ഠയുള്ള പതിവ്രതയായ ഭക്തയെ,പ്രിയതമയെ ഒരു പുരുഷന് മറ്റെവിടെ കിട്ടും ൊന്ന് രാധയുടെ രഹസ്യചേഷ്ട വർണ്ണിക്കുന്ന തോഴി കൃഷ്ണനെ ബോദ്ധ്യപ്പെടുത്തുകയാണ്.

8. പ്രതിപദം ഇദം അപി നിഗദതി മാധവതവചരണേ പരിതാഹം
ത്വയിവിമുഖേ മയി സപദി സുധാനിധിരപിതനുതേ തനുദാഹം
ഹേ,മാധവാ,നിന്റെ ചരണത്തിൽപതിച്ച് പ്രതിപദം ഇപ്രകാരം നിന്നെ മാത്രം സ്മരിച്ചും സ്തുതിച്ചും കഴിയുകയാണ് രാധ. അവളുടെ ശരീരത്തിലെ ദാഹം (അഗ്നി-താപം)അസഹനീയമായിരിക്കുന്നു.രാധ കൃഷ്ണനി ൽവിമുഖയല്ല. കണ്ണനെവിടെയിരിക്കുന്ന് എന്നറിയാഞ്ഞ് ദുഃഖിക്കുകയാണ്. ആശ്രിതവത്സലനായതുകൊണ്ട് നിരന്തരസ്മരണ വെറുതെയാവില്ലെന്ന് അവൾക്കറിയാം.തനുതാപം(തപസ്സ്)സുധാനിധിയായ കൃഷ്ണനിലാണ് പൂർണ്ണശരണാഗതിയടഞ്ഞ അവളുടെ പരിപൂർണ്ണവിശ്വാസം തനുദാഹം ശമിപ്പിക്കുന്ന കൃഷ്ണചന്ദ്രനിലാകകൊണ്ട് വ്യഥാവിലാവില്ല.

9. ശ്രീജയദേവഭണിതം ഇദം അധികം യദിമനസാ നടനീയം
ഹരിവിരഹാകുലഭല്ലവിയുവതിസഖീവചനം പഠനീയം
ശ്രീജയദേവവിരചിതവും ഹരിവിരഹാകുലയായ രാധയുടെ സഖിയാൽ പറയപ്പെട്ടതും പഠനീയവും നടനീയവും ആയ ഈ പദം പാട്ടുന്നതും കേള്ക്കുന്നതും ഒട്ടേറെ ആനന്ദം തരും.കഥാകാലക്ഷേപക്കാർക്കും നൃത്യനാടകക്കാർക്കും ഗായകർക്കും വിരഹഭക്തിയുടെ രസാനുഭവം പ്രകടിപ്പിക്കാനും അനുഭവിപ്പിക്കാനുമാണ് രചന.

10. ആവാസോ വിപിനായതേ പ്രിയസഖീമാലാപി ജാലായതേ
താപോപിശ്വസിതേനദാവദഹനജ്വാലാകലാപായതേ
സാപിത്വദ് വിരഹേനഹന്ത ഹരിണീരൂപായതേ ഹാ കഥം
കന്ദർപ്പോപിയമായതേ വിരചയന് ശാർദ്ദൂലവിക്രീഡിതം
പുഷ്പശയ്യയില്വറങ്ങേണ്ട രാധ മുള്ളുവിരിച്ച കാട്ടിൽനിന്നെ തിരഞ്ഞുനടക്കുന്നു. അവളുടെ നിശ്വാസംപോലും ദാവാനിലജ്വാലപോലെ പൊള്ളുന്നു.നിന്റെ വിരഹത്താൽ തപിച്ച് കാട്ടുതീ പടരുന്ന വനത്തില് വിരഹതാപത്തോടെ നടക്കുന്ന ഹരിണിരൂപയായ അവൾക്ക് കാട്ടുപുലിയെക്കണ്ടപോലെ കാമനും കൂടി യമതുല്യമായിത്തീരുന്നു.(ശാർദ്ദൂലവിക്രീഡിതം വൃത്തമുദ്രയുമാണ്).വൃത്തമുദ്ര അർത്ഥം പോകാതെ ,ഉചിതമായി പ്രയോഗിക്കുന്നത് പാണ്ഡിത്യലക്ഷണമാണ്. ഇത്തരം കാര്യങ്ങളിൽ ജയദേവന്റെ കഴിവ് പൂര്ണ്ണമായും പ്രകടമാക്കുന്നതാണ് ഈ കൃതി. ഹരിണി മാൻപേട. ഹരിയുടെ ഇണ എന്നും അർത്ഥം. നിന്റെ ഇണയായ ഹരിണി ,നീ (ഹരി) ഇല്ലാതെ കാമനെ യമനായിക്കാണുന്നു എന്ന് ശാർദ്ദൂലവിക്രീഡിതമുദ്ര ചാർത്തി പറയുമ്പോള്,ഒരേ സമയം കവിത്വവും പാണ്ഡിത്യവും സ്ഫുരിക്കുന്നു.

പ്രബന്ധം 9 അഷ്ടപദി 9 ദേശാഖ്യരാഗം ആകതാളം (ദേശാക്ഷി,ത്രിപുട)

11. സ്തനവിനിഹിതം അപി ഹാരം ഉദാരം സാമനുതേ കൃശതനുരിവ ഭാരം
രാധികാ തവവിരഹേ കേശവാ (ധ്രുവ)
കേശവാ,നിന്റെ വിരഹംകൊണ്ട് വല്ലാതെ വിളർത്തുമെലിഞ്ഞ രാധക്ക് സ്തനങ്ങളിൽഅണിഞ്ഞ ഹാരങ്ങൾപോലും ഭാരമായിമാറിയിരിക്കുന്നു.

12. സരസമസൃണമപി മലയജപങ്കം പശ്യതി വിഷമിവ വപുസി ശശാങ്കം (രാധികാ)
കേശവാ, നിന്റെ വിരഹംകൊണ്ട് കുളിർത്ത സരസ്സുകളെ തഴുകിവരുന്ന മലയമാരുതനും ചന്ദനവും ചന്ദ്രസദൃശമായ ശരീരത്തിൽ വിഷമായി അനുഭവപ്പെടുന്നു.

13. ശ്വസിതപവനം അനുപമപരിണാഹം മദനദഹനം ഇവ വഹതി സദാഹം (രാധികാ)
കൃഷ്ണദാഹംകൊണ്ടു വലയുന്ന രാധയുടെ ശ്വാസക്കാറ്റിന്റെ അനുപമമായ ചൂട് മദനദഹനത്തിനുള്ള തപസ്സുപോലെ കാണുന്നു.കേശവാ,ഇതിന് നിന്റെ വിരഹമാണ് കാരണം.

14. ദിശിദിശി കിരതിസജലകണജാലം നയനനളിനം ഇവ വിഹലിതനാലം(രാധികാ)
പത്തുദിക്കിലേക്കും സജലങ്ങളായ നയനദളിനങ്ങളാൽനിന്നെത്തിരഞ്ഞ് കടാക്ഷങ്ങളയക്കുന്നത് ദിക്പാലന്മാരെ താമരപ്പൂക്കളാലർച്ചിക്കുന്നതുപോലെ തോന്നുന്നു.

15. ത്യജതിന പാണിതലേനകപോലം ബാലശശിനമിവ ശായമലോലം (രാധികാ)
കൈകളാൽ കപോലങ്ങളെ പൊതിഞ്ഞ് താങ്ങിക്കൊണ്ട്,തേഞ്ഞുപോയ ബാലശശിയെപ്പോലെ കൃശയായി ,നിന്റെ വിരഹം കൊണ്ട് രാധിക ശയിക്കുന്നു

16. നയനവിഷയം അപി കിസലയതല്പം കലയതി വിഹിതഹുതാശവികല്പം (രാധികാ)
കണ്ണുകൊണ്ടുകാണുമ്പോൾ,അവളുടെ ശയനം തളിർമെത്തയിലാണ്.എന്നാൽ,വിരഹിണിയായ അവൾക്കത് അഗ്നിശയ്യപോലെ പൊള്ളുന്നതാണ്.
17. ഹരിരിതി ഹരിരിതി ജപതി സകാമം വിരഹവിഹിതമരണേനനികാമം (രാധികാ)
ഇത്രയെല്ലാം അനാദരവും വഞ്ചനയും നിന്നിൽനിന്നുണ്ടായിട്ടും അവള് സദാ ഹരീ ഹരീ എന്ന് നിന്റെ നാമം തന്നെ സകാമയായി ജപിച്ചുകൊണ്ടിരിക്കുന്നു.മരണംവരെ നിഷ്കാമയായി ഏതുവിരഹത്തിലും അവൾനിന്നെ നിനച്ചുകൊണ്ടേയിരിക്കും. ഇതെല്ലാം ആവർത്തനമാമ്.ഒമ്പതാം പ്രബന്ധം ഒമ്പതാം അഷ്ടപദിയിൽ ആവ ർത്തന വിരസത എന്ന കാവ്യദോഷം വന്നിട്ടുണ്ട്.
18. ശ്രീജയദേവഭണിതം ഇതിഗീതം സുഖയതുകേശവപദം ഉപനീതം
ശ്രീജയദേവകൃതമായ ഈ ഗീതം സകലരേയും കേശവപദത്തിലേക്ക് നയിച്ച് സുഖിതരാക്കട്ടെ.
19. സാ രോമാഞ്ചതി സീത്കരോതി വിലപതി ഉത്കസതേതാംയതി
ധ്യായതി ഉദ്ഭ്രമതി പ്രമീലതി നിപതതി ഉദ്യാതിമൂർഛതി അപി
എതാവതിഅതനുജ്വരേവരതനുർജീവന് ന കിം തേ രസാത്
സ്വർ വൈദ്യപ്രതിമപ്രസീദതി യദി ത്യക്തോന്യഥാ ഹസ്തക
രാധ രോമാഞ്ചമണിയുന്നു,നടുങ്ങുന്നു,വിലപിക്കുന്നു,കമ്പിതയാവുന്നു,നിന്നെത്തന്നെ ധ്യാനിക്കുന്നു.ഉന്മത്തയാവുന്നു,നിലത്തുവീഴുന്നു,എഴുന്നേല്ക്കുന്നു,മൂർഛിക്കുന്നു,പ്രേമജ്വരത്താൽശരീരം ക്ഷീണിച്ചിട്ടും നിന്റെ രസം നിറഞ്ഞ ആ ജീവൻ നിലനില്ക്കുന്നു.കൃഷ്ണൻമാത്രമാണ് ആ ജ്വരമില്ലാതാക്കാനുള്ള വൈദ്യനും മരുന്നും. അതുകൊണ്ട്,സ്വർഗ്ഗവൈദ്യനെപ്പോലെ വരിക.രൂപവും ഗുണവും (വൈദ്യന്റെ) രാധക്കുവേണം. നീ പ്രസാദിച്ചാലും .അവളുടെ ജ്വരം മാറ്റാനുള്ള ബിഷക്കും ഭേഷജവുമായി നേരിട്ടുചെന്നാലും.
20. സ്മരാതുരം ദൈവതവൈദ്യഹൃദ്യ ത്വദംഗസംഗാമൃതമാത്രസാദ്ധ്യാം
നിവൃത്തബാധാം കുരുഷേനരാധാം ഉപേന്ദ്രവജ്രാത് അപിദാരുണോസി.
സ്മരാതുരമായ അവളുടെ ജ്വരം മാറ്റാൻ,ദൈവീകനായ ഹേ,വൈദ്യാ,ഹൃദ്യമായ നിന്റെ അംഗസംഗമെന്ന അമൃതിനു മാത്രമേ കഴിയൂ.ഹേ,ഉപേന്ദ്രാ,നീ ദാരുണമായ വജ്രം പോലെ ഹൃദയമുള്ളവനല്ലെങ്കിൽ, രാധയുടെ ബാധക്ക് (കൃഷ്ണനാണ് രാധയെ ബാധിച്ചിരിക്കുന്നത്) നിവൃത്തിചെയ്യാനായി വേഗം വരിക.വിഷ്ണുസഹസ്രനാമത്തിൽ,വൈദ്യപര്യായമുണ്ട്. ധന്വന്തരീരൂപമായ വിഷ്ണു അമൃത് തരുന്ന ചന്ദ്രനുമാണ്.ഉപേന്ദ്രവജ്ര എന്ന വൃത്തമുദ്രയെ ഉപേന്ദ്രന്റെ വജ്രം എന്നർത്ഥത്തിലും ഉപേന്ദ്രാ എന്ന് അഭിസംബോധന.യായും ഉപയോഗിച്ചതിലെ കവിത്വം,സ്വാരസ്യം കാണുക.
21. കന്ദർപ്പജ്വരസംജ്വരാതുരതനോര് ആശ്ചര്യമസ്യാസ്ഛിരം
ചേതഛന്ദനചന്ദ്രമകമലിനീചിന്താസുസംതാമ്യതി
കിന്തുക്ലാന്തിവശേന ശീതളതനും ത്വാം ഏകമേവപ്രിയാം
ധ്യായന്തിരഹസിസ്ഥിതാകഥമപി ക്ഷീണാക്ഷണംപ്രാണിതി
രാധയുടെ ചേതസ്സ് ചന്ദനം,അമ്പിളി,താമരപ്പൊയ്ക ഇവപോലെ സ്വാഭാവികമായി കുളിർമ്മയും സുഖവും സൌന്ദര്യവും സുഗന്ധവും മൃദുത്വവും ചേർന്നതാണ്. എന്നിട്ടും കൃഷ്ണവിരഹതാപത്താൽ, കൃഷ്ണൻ,ഏകം മാത്രം പ്രിയം എന്ന അവസ്ഥയിൽ മറ്റെല്ലാമുണ്ടായിട്ടും അവള് താപം സഹിക്കുന്നവളായിത്തീർന്നു. കന്ദർപ്പജ്വരം കൊണ്ട് ആതുരമായ രാധയുടെ ശരീരം –ആശ്ചര്യം-അവിടുത്തെ നിരന്തരം ധ്യാനിക്കയാൽ,മാത്രം നിലനില്ക്കു ന്നു.രഹസ്യമായ ആ ധ്യാനത്തെ പൂർണ്ണമാക്കാനും അവളുടെ ക്ഷീണം മാറ്റി പ്രാണാമൃതം നല്കാനും അങ്ങ് വ ന്നേ തീരൂ. വൈദ്യൻപ്രാണദാതാവാണ്.പ്രാണൻപോകാറായത് രഹസ്യസ്ഥാനത്തിരുന്ന് ധ്യാനം ,തപസ്സ് ചെയ്കയാലാണ്.അതികഠിനമായ ആ തപസ്സിന്റെ ഫലം കൊടുക്കാനണയുന്ന ഇഷ്ടദേവനാണ് ഇവിടെ പ്രാ ണനും വൈദ്യനുമെല്ലാം. പത്തൊമ്പതാം ശ്ലോകത്തിൽ കൃഷ്ണന്റെ ശരീരം പരാമർശിച്ചു. ഇവിടെ രാധയുടെ പ്രാണനും.രാധാകൃഷ്ണന്മാരുടെ പ്രാണനും ശരീരവും ഒന്നാണ്.അവ പരസ്പരം വിട്ടുനിൽക്കാന് ഏറെ നാൾസാ ധിക്കയില്ല.
22. ക്ഷണമപി വിരഹപുരാനസേഹേ നയനനിമീലനഖിന്നയായയാതേ
ശ്വസിതികഥം അസൌരസാലശാഖാം ചിരവിരഹേനവിലോക്യപുഷ്പിതാഗ്രാം
മുമ്പേ,ക്ഷണമാത്രവും നിന്റെ വിരഹം സഹിക്കാൻ,അവൾക്ക് ശക്തിയുണ്ടായിരുന്നില്ല. നീ കണ്മുന്നിൽ വന്നാൽ അവള് കണ്ണൊരുനിമിഷം പോലും അടക്കില്ല. ആ ദർശനസുഖം നഷ്ടപ്പെടാതിരിക്കാൻ. സർവ്വം മറന്നിരി ക്കും. അങ്ങനെയുള്ളവൾ,ഏറെക്കാലം വിരഹം സഹിച്ച് തപിച്ച് ,പുഷ്പിതാഗ്രകളായ മാവുകളുടെ

ശാഖക ൾകൊഴിച്ച കാമാസ്ത്രങ്ങൾ(മാമ്പൂ)നോക്കി ദീർഘശ്വാസം വിടുന്നത് അങ്ങറിയുന്നില്ല. പുഷ്പിതാഗ്ര എന്ന വൃത്ത മുദ്ര അർത്ഥവിലോപം കൂടാതെ സന്ദർഭോചിതമായി കാവ്യഭംഗിയോടെ ഉപയോഗിച്ചിരിക്കുന്നു.

23. സൃഷ്ടിവ്യാകുലഗോകുലാവനരസാത് ഉദ്ധ-ത്യഗോവർദ്ധനം
ബിഭ്രത് വല്ലവവല്ലഭാഭിരധികാനന്ദാച്ചിരംചുംബിത
ദർപ്പണേവ തദർപ്പിതാധരതതീസിന്ദൂരമുദ്രാങ്കിതോ
ബാഹർഗോപതനോസോതനോതുഭവതാം ശ്രേയാംസികംസധ്വിഷ
മുമ്പ് മഴകൊണ്ടു വ്യാകുലമായ ഗോകുലത്തിന്റെ രക്ഷക്കായി നീ ഗോവർദ്ധനം ഉയർത്തിപ്പിടിച്ചു.ചുറ്റം കറങ്ങുന്ന,ഭ്രമിക്കുന്ന,വല്ലവിമാരുടം വല്ലഭനായി അവരിലുള്ള അധികാനന്ദത്തോടും ആനന്ദമുണ്ടാക്കുമാറും (ആനന്ദയതി, ആനന്ദയാതി ഇവ രണ്ടും ഒന്നാണെന്ന് ശങ്കരാചാര്ർചിരം ചുംബനങ്ങളർപ്പിച്ചും അവരാലർച്ചിക്കപ്പെട്ടും അധരങ്ങളിലെ സിന്ദൂരമുദ്രയണിഞ്ഞും കൈകളാൽ ഗോപികാസ്തനങ്ങളെ സ്പർശിച്ചും അവരെ പ്രസാദിച്ചനുഭവിച്ച് അനുഗ്രഹിച്ചു.കംസദ്വേഷിയായ ദേവന്റെ ഈവ്വശലീലകൾ കേൾക്കുന്നവർക്കും പാടുന്നവർക്കും ശ്രേയസ്സ തരട്ടെ.

പഞ്ചമസർഗ്ഗം സാകാംക്ഷപുണ്ഡരീകാക്ഷം

1. അഹമിഹനിവസാമി യാഹി രാധാം
അനുനയമദ് വചനേന ചാനയേതാ
ഇതിമധുരിപുണാ സഖീനിയുക്താ
സ്വയമിദം ഐെയപുനർജഗാദരാധാം
ഞാനിവിടെ ഈ നികുഞ്ജത്തിൽ ഏകാകിയായി അവളേയും കാത്തിരിക്കുന്നുണ്ട്. അനുനയമായി എന്റെ ഈ വാക്കുകൾപറഞ്ഞ് അവളെ എങ്ങനെയെങ്കിലും കൂട്ടിക്കൊണ്ടുവരിക. ഇപ്രകാരം മധുരിപു നിയോഗിച്ചു.സഖി രാധയെ സമീപിച്ച് അവളോട് പറഞ്ഞു.
പ്രബന്ധം 10 ദേശീവരാടിരാഗം രൂപകതാളം

2. വഹതിമലയസമീരേ മദനം ഉപനിധായ സ്ഫുടതികുസുമനികരേ വിരഹി ഹൃദയദല്മായ
തവവിരഹേ വനമാലീ സഖീ സീദതി (ധ്രുവ)
മദനനിൽനിന്ന് വിശേഷാനുഗ്രഹം കിട്ടിയ മലയസമീരണന് വിരഹികളുടെ ഹൃദയത്തെ ദഹിപ്പിക്കുമാറ് പുഷ്പ സുഗന്ധം വഹിച്ച് സഞ്ചരിക്കവേ,നിന്നെ പിരിഞ്ഞ് വിരഹം കൊണ്ട് ആർത്തനായി വനമാലി നികുഞ്ജത്തിലിരിക്കുന്നുണ്ട്,ഹേ,സഖീ. വന്നുനോക്കുക.
3. ദഹതിശിശിരമയൂഖേ മരണം അനുകരോതി
പതതിമദനവിശിഖേഖിലപതി വികലതരോതി
ചന്ദ്രകിരണങ്ങൾ അവനെ ദഹിപ്പിക്കുന്നു.മദനന്റെ അസ്ത്രങ്ങൾ പതിക്കുമ്പോൾ,വിലപിച്ച് കൃഷ്ണന് മരണാവസ്ഥ പ്രാപിക്കുന്നു. കൃഷ്ണനോട് രാധയെപ്പറ്റി പറഞ്ഞപോലെ രാധയോട് കൃഷ്ണനെപ്പറ്റി പറഞ്ഞ് രണ്ടുപേരേയും അനുനയിപ്പിച്ച് ഒന്നിക്കലാണ് സഖിയുടെ ദൌത്യം.
4. ധ്വനതി മധുപസമൂഹേ ശ്രവണം അപിദധാതി
മനസികലിതവിരഹേ നിശിനിശി രുജം ഉപയാതി
മധുപസമൂഹത്തിന്റെ ധ്വനിപോലും കേൾക്കാനാവാതെ ചെവിപൊത്തി ഇരിക്കുകയാണ് നിന്റെ പ്രിയതമൻ. മനസ്സിലെ വിരഹദുഃഖം രാത്രിരാത്രി വർദ്ധിച്ചുവരുന്നു.വിരഹംകൊണ്ട് വനമാലി കഷ്ടത്തിലായിരിക്കുന്നു.കൃഷ്ണന്റെ ചിത്തവൃത്തിനിരൊധം പൂർണ്ണമാണ്.ഒരു കൊച്ചുശബ്ദംപോലും കേള്ക്കാത്ത ഇന്ദ്രിയനിഗ്രഹാവസ്ഥയിലാണ് രാധാലീനമനസ്കനായി അവനിരിക്കുന്നത്.
5. വസതിവിപിനവിതാനേ ത്യജതി ലലിതധാമ
യുതതിധരണിശയനേ ബഹുവിലപതിതവനാമാ
ലളിതധാമങ്ങളെല്ലാം (അലങ്കാരങ്ങളെല്ലാം)ഉപേക്ഷിച്ച് കാട്ടിലെ വെറും തറയിൽ,വെറും നിലത്ത് ഉറങ്ങുകയാണദ്ദേഹം. നിന്റെ നാമം മാത്രം ജപിച്ച് വിലപിക്കയാണ്.വിരഹിയായ വനമാലിയെ നീ നികുഞ്ജത്തിൽചെന്നു കണ്ടാലും .വ്രതനിഷ്ഠനായി ,രാധാനാമംജപിച്ച് ഭൂമിശയനം ചെയ്ത് ആഢംബരം ത്യജിച്ച് തപസ്സിലാണ് അദ്ദേഹം.
6. ഭണതികവിജയദേവേ വിരഹിവിലസിതേന
മനസിരഭസവിഭാവേ ഹരിർഉദയതുസുകൃതേന
ജയദേവകവിരചിതവും കൃഷ്ണന്റെ വിരഹവിലസിതവുമായ ഈ വരികളിൽ,സുകൃതത്താൽ ഹരിതന്നെ ഉദയം

ചെയ്തിരിക്കുന്നു.വായിക്കുന്നവരും പാടുന്നവരും കേൾക്കുന്നവരും അഭിനയിക്കുന്നവരുമെല്ലാം ഹരിയുടെ സുകൃതം അനുഭവിക്കുന്നു. കവിസുകൃതം കൊണ്ട് ഈ വരികളിലുദിച്ച ഹരിയെ മറ്റുള്ളവരും അനുഭവിക്കട്ടെ എന്ന് പ്രാർത്ഥന.

7. പൂർവ്വം യത്രസമം ത്വധാരതിപതേർആസാദിതാസിദ്ധയ
സ്തസ്മിൻ ഏവം നികുഞ്ജമന്മഥമഹാതീർത്ഥേ പുനർമാധവ
ധ്യായം ത്വം അനിശം ജപന്നപിതവൈവാലാപമന്ത്രാവലീം
ഭൂയസ്ത്വത്കുചകുംഭനിർഭരപരിരംഭാമൃതം വാഞ്ഛതി
മുമ്പ് നിങ്ങളിരുവരും കാമനും രതിയും പോലെ ഏതൊരു മന്മഥമഹാതീർത്ഥത്തിൽവെച്ച് പരമപുരുഷാർത്ഥം ആസ്വദിച്ച് സിദ്ധരായിതതീർന്നുവോ,അതേ തീർത്ഥത്തിൽപ്രവേശിച്ച് നിന്നെ ധ്യാനിച്ചും നിന്റെ നാമം ജപിച്ചും രാധാമന്ത്രമാലപിച്ചും നിന്റെ കുചകുംഭങ്ങളുടെ പരിരംഭാമൃതം ആസ്വദിക്കാനാഗ്രഹിച്ചും (ധ്യാനജപാദികളുടെ ഫലസിദ്ധി അതാണ്) വീണ്ടും മാധവനിതാ നിന്നെ കാത്തിരിക്കുന്നു.ഇവിടെ പൂർവ്വജന്മസുകൃതം പറയുമ്പോൾ,തികച്ചും ആത്മീയമായൊരു ജീവിതയാത്രയുടെ പ്രതീതി ഉണർത്തുന്ന പദങ്ങളാണ് കവി ഉപയോഗിക്കുന്നത്. സിദ്ധർ,മഹാതീർത്ഥം,ധ്യായം,ജപം.ആലാപമന്ത്രാവലി –ഇവയെല്ലാം പൂർവ്വം (മുമ്പ് ,കിഴക്ക് രണ്ടർത്ഥം) സമമായി (അർദ്ധനാരീശ്വരർ) അവർചെയ്ത തപസ്സാണ്.മന്മഥമഹാതീർത്ഥത്തിലാണ് ഇവകളാൽസമസിദ്ധി നേടിയത് .മഹാലക്ഷ്മിയുടെ ചിഹ്നമായ കുംഭത്തിൽനിറച്ച അമൃതം ഇന്നും ഹരി അന്നെന്ന പോലെ ആഗ്രഹിക്കുന്നു.അത് നീയവന് കൊടുക്കുക. (കുചകുംഭനിർഭരപരിരംഭാമൃതം) നീ പ്രതീക്ഷിക്കുന്ന സിദ്ധി അവനിൽനിന്ന് നേടുക. പൂർവ്വജന്മത്തിലെന്നപോലെ,ഇപ്പോഴും ഒന്നാവുക.
പ്രബന്ധം 11 ഗുർജ്ജരി ഏകതാളം (കേദാരഗൌള,ആദി)

8. രതിസുഖസാരേ ഗതമഭിസാരേ മദനമനോഹരവേഷം
നകുരുനിതംബിനിഗമനവിളംബിതം അനുസരതം ഹൃദയേശം
ധീരസമീരേ യമുനാതീരേ   വസതിവനേ വനമാലീ
ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലീ(ധ്രുവ)
നിന്നോടുചേർന്ന് രതിസുഖം അനുഭവിക്കാനുള്ള ആശയോടെ മദനമനോഹരവേഷധാരിയായ കൃഷ്ണൻ,കാറ്റുലക്കുന്ന യമുനാതീരത്ത് ,കാട്ടുപൂക്കൾനിറഞ്ഞ നികുഞ്ജത്തിൽ,നിന്നെ കാത്തിരിക്കുന്നു. ഹൃദയേശ്വരനും ഗോപികളുടെ ഉയർന്നമാറിനെ സദാ മർദ്ദിച്ച് ചഞ്ചലങ്ങളായ കൈകളുള്ളവനും ആയ വനമാലിയെ അനുസരിച്ച് (പിന്നാലെ) നീയും ആ നികുഞ്ജത്തിലേക്ക് ,നിന്റെ മനോഹരങ്ങളായ നിതംബങ്ങളെ ചലിപ്പിച്ചു കൊണ്ട് മന്ദമന്ദം പോവുക.അവനെ അനുസരിക്കുക.

9. നാമസമേതം കൃതസങ്കേതം വാദയതേ മൃദുവേണും
ബഹുമനുതേനനുതേതനുസംഗതപവനചലിതംഅപിരേണും   (ധീര)
ആ മൃദുലവേണുവിൽ നീ സങ്കേതത്തിലണയാനായി,നിന്റെ നാമം ഗാനം ചെയ്യപ്പെടുന്നു.നിന്റെ ശരീരം തൊട്ട് കാറ്റുകൊണ്ടുവന്ന പരാഗരേണുക്കളെ പോലും അവനിതാ നിന്റെ ദേഹമെന്നു സങ്കല്പിച്ച് ആനന്ദപൂർവ്വം സ്വന്തം ദേഹത്തിലണിയുന്നു.

10. പതതി പതത്രേ വിചലതിപത്രേ ശങ്കിതഭവദുപയാനം
രചയതിശയനം സചകിതനയനം പശ്യതി തവപന്ഥാനം
ഒരിലയോ പക്ഷിത്തൂവലോ വീണാൽപോലുമുണ്ടാവുന്ന നേർത്ത ഇലയനക്കം കേട്ടാൽപോലും ഹരി നിന്റെ വരവെന്ന് വിചാരിക്കുന്നു.നിനക്കായി തല്പം വിരിച്ച് ,പരിഭ്രമം പൂണ്ട കണ്ണോടെ ,നീ വരുന്ന വഴിയിലേക്കു കണ്ണു നട്ടിരിക്കുന്നു.

11. മുഖരമധീരംത്യജമഞ്ജീരം രിപു ഇവ കേലിസുലോലം
ചലസഖികുഞ്ജം സതിമിരപുഞ്ജം ശീലയനീലനിചോലം
ശബ്ദമുണ്ടാക്കുന്ന ആ ചിലങ്ക അഴിച്ചുവെക്കൂ. അവ ഒച്ചവെക്കുന്ന ശത്രുക്കളെപ്പോലെയാണ്,രതികേളിക്ക് പോകുമ്പോ ൾ. ഇരുളടഞ്ഞരാത്രിയുടെ നീലനിചോളം കൊണ്ട് ദേഹം മൂടി ,ഇരുണ്ടനികുഞ്ജത്തിലിരിക്കുന്ന (ഇരുണ്ട ഹരിയിലേക്ക്) ആരും കേൾക്കാതെ,ആരും കാണാതെ,സഖീ,വേഗം പോവുക.

12. ഉരസിമുരാരേരുപഹിതഹാരേ ഘനഇവതരളബലാകേ
തദിദിവപീതേ   രതിവിപരീതേ രാജസിസുരതവിപാകേ
ഇരുണ്ടമേഘത്തിനുമുകളിൽ,തരളങ്ങളായ വെളുത്ത നീർപ്പക്ഷികള് ഉണ്ടാക്കിയ അടയാളംപോലെ മുരാരിയുടെ വക്ഷസ്സിൽ, നിന്റെ ആഭരണങ്ങൾപതിക്കട്ടെ. സുരതവേളയിൽ വിപരീതരതി ചെയ്ത് നീ വിജയിക്കുമ്പോൾ,നീയാകുന്ന മിന്നൽ കൃഷ്ണവക്ഷസ്സാകുന്ന മേഘപാളിമേല് സ്വർണ്ണവര്ണണമായി ശോഭിക്കട്ടെ.

13. വിഗലിതവസം പരിഹൃതരസനം ഘടയജഘനം അപിധാനം
കിസലയശയനേ പങ്കജനയനേ നിധിം ഇവ ഹർഷനിധാനം
വസ്ത്രങ്ങളെല്ലാം അഴിച്ചുകളയൂ.അരക്കെട്ടിലെ വസ്ത്രം അയച്ചുകൊടുത്ത് ,നിന്റെ ജഘനത്തെ വിടർത്തുക. കുളിർശയ്യമേൽ,നീ കൊടുക്കുന്ന ആ സമ്മാനം പങ്കജനയനന് നിധിപോലെ ഹർഷോന്മാദം അരുളുന്നതാണ്.
14. ഹരിർഅഭിമാനിരജനിർഇദാനീം ഇവം അപി യാതിവിരാമം
കുരുമേവചനംസത്വരരചനം പൂരയമധുരിപുകാമം
ഹരിയാണെങ്കിലോ,വലിയ അഭിമാനിയാണ്.രാത്രിയോ,ഇതാ ഇപ്പോളവസാനിക്കും.അവനോട് നിന്നെ അവിടെ എത്തിക്കാമെന്ന് കൊടുത്ത എന്റെ വാക്ക് വേഗം പൂർത്തീകരിക്കുക.വേഗം ചെന്ന് മധുരിപുവിന്റെ കാമത്തെ പൂർത്തീകരിക്കുക.
15. ശ്രീജയദേവേകൃതഹരിസേവേ ഭണതിപരമരമണീയം
പ്രമുദിതഹൃദയം ഹരിം അതിസദയം നമതസുകൃതകമനീയം
ഹരിസേവക്കുവേണ്ടി ശ്രീജയദേവൻരചിച്ച പരമരമണീയമായ ഈ ഗാനം ഹരിഹൃദയത്തെ ആനന്ദിപ്പിക്കുന്നതാണ്. ഹരി ദയാലുവാണ്.അവൻനമ്മുടെ സുകൃതങ്ങളെ സ്നേഹിക്കുന്നു.അവനെ നമിക്കുക
16. സഖിഃ വിദിരതി മുഹശ്വാസാൻആശാപുരോമുഹർഈക്ഷതേ
പ്രവിശതിമുഹകുഞ്ജം ഗുഞ്ജൻമുഹർബഹുതാമ്യതി
രചയതി മുഹശയ്യാം പര്യാകുലം മുഹര് ഈക്ഷതേ
മദനകദനക്ലാന്ത കാന്തേ പ്രിയസ്തവവർത്തതേ
ദീർഘശ്വാസം ഉതിർത്തുകൊണ്ട് തന്റെ ആശകളെ അവന് പറയുന്നു,നിമിഷംപ്രതി ദിശകളിൽകണ്ണോടിക്കുന്നു.,ശ്വാസം അടക്കിപ്പിടിക്കുന്നു,വീണ്ടും വീണ്ടും ഖിന്നനായി ശയ്യ ഒരുക്കുന്നു.അതിൽ നീയില്ലാത്ത ശൂന്യാവസ്ഥ നോക്കി ആകുലപ്പെടുന്നു.കാന്തംപോലെ അവനെ ആകർഷിക്കുന്ന കാന്തേ,(സുന്ദരീ),നിന്റെ പ്രിയതമൻ മദനകദനംകൊണ്ട് ക്ലാന്തനായി പരിതപിക്കുകയാണ്.
17. ത്വദ്വാക്യേനസമം സമഗ്രം അധുനാതിമാംസുർഅസ്തംഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം പ്രാപ്തം തമസാന്ദ്രതാം
കോകാനാം കരുണസ്വനേന സദൃശിദീർഘാമദ് അഭ്യർത്ഥനാ
തൻമുഗ്ധേവിഫലം വിലംബനംഅസൌരമ്യോഭിസാരക്ഷണം
ഉഷ്ണകിരണനായ സൂര്യനസ്തമിച്ച് ,നിന്റെ പിണക്കം തീർന്നു.ഗോവിന്ദന്റെ ഉന്മാദസമമായ മനോരഥംപോലെ (മോഹംപോലെ)രാത്രിയുടെ സാന്ദ്രതമസ്സ് പരന്നു(മോഹം സാധിക്കാറായെന്ന് സൂചന)വിരഹികളായി ഏകാകികളായിരിക്കുന്ന ചക്രവാകങ്ങളുടെ കരുണസ്വരം എന്റെ അഭ്യർത്ഥന തന്നെ ആവർത്തിക്കുന്നു. മുഗ്ധേ,ഇനിയും താമസിക്കുന്നതിലർത്ഥമില്ല.കാമികളായ നിങ്ങൾക്ക് സംഗമവേളയായി.
18. ആശ്ലേഷാദ്അനുചുംബനാദ് അനുനഖോല്ലേഖാദ് അനുസ്വാന്തജം
പ്രോദ്ബോധാത് അനുസംഭ്രമാദ് അനുരതരംഭാദ് അനുപ്രീതയോ
അന്യാർത്ഥം ഗതയോർഭ്രമാൻമിലിതയോസംഭാഷണൈര് ജാനതോര്
ദമ്പത്യോർഇഹ കോ ന കോ ന തമസി വ്രീഡാവിമിശ്രോരസഃ
ആശ്ലേഷം,പരസ്പരചുംബനം,പരസ്പരം നഖചിത്രമെഴുതൽ, പരസ്പരം മനസ്സിലുള്ളതെല്ലാം തുറന്നുപറയ ൽ,രണ്ടുപേർക്കും സംഭ്രമംതോന്നൽ,പരസ്പരസംയോഗത്താലാനന്ദിപ്പിക്കൽ,ഇതൊക്കെ കമിതാക്കള് തമ്മില് കണ്ടുമുട്ടുമ്പോളുണ്ടാവുന്നു.അതിനല്ല,മറ്റെന്തിനോ വന്നതാണെന്ന് തോന്നിക്കുന്ന മട്ടിൽ സംസാരിക്കാൻ രണ്ടുപേരും ശ്രമിക്കുമ്പോൾ, പരസ്പരം നന്നായിമനസ്സിലാക്കിയ ആ ദമ്പതിമാർ ഇരുട്ടിലും ലജ്ജകലർന്ന മന്ദഹാസവും രസാനുഭവവും പരസ്പരം പങ്കിടുന്നു.
19. സഭയചകിതം വിന്യസ്യന്തി ദൃശംതിമിരേപതി
പ്രണിതരുമുഹസ്ഥിത്വാമന്ദംപദാനിവിതന്വതിം
കഥംഅപിരഹപ്രാപ്തം അംഗൈരനംഗതരംഗിഭി
സുമുഖിസുഭഗപശ്യൻ സത്വാം ഉപൈതുകൃതാർത്ഥതാം.
ഇരുട്ടുകണ്ടുപേടിച്ച് നീ ഓരോ അടി വെക്കുമ്പോളും ,ഓരോരോ മരച്ചോട്ടിലും ഒരു മുഹൂർത്തം നിന്നും പദങ്ങളുന്നളന്നും നീ സഞ്ചരിക്കുമ്പോളും, നിന്റെഓരോ അംഗത്തിലും അനംഗതരംഗങ്ങളുയരുമ്പോ ൾ,രഹസ്യമായി അവനെ പ്രാപിക്കാനുള്ള നിന്റെ ആ വരവും നോക്കിക്കൊണ്ട്,നിന്നെത്തന്നെ ഉറ്റുനോക്കിക്കൊണ്ട് ,കൃതാർത്ഥതയോടെ സുഭഗനായ നിന്റെ പ്രിയൻ,ഹേ,സുമുഖീ,ആ നികുഞ്ജത്തിലിരിക്കുന്നുണ്ട്.

20. രാധാമുഗ്ദ്ധമുഖാരവിന്ദമധുപസ്ത്രൈലോക്യമൌലിസ്ഥലി
നേപത്ഥ്യോചിതനീലരത്നംഅവനീഭാരാവതാരാന്തക
സ്വഛന്ദംവ്രജസുന്ദരീജനമനസ്തോഷപ്രദോഷോദയാത്
കംസധ്വംസനധൂമകേതുരവതുത്വാം ദേവകീനന്ദന
രാധയുടെ മുഖമാകുന്ന നീലത്താമരയിലെ മധുപൻ,ത്രൈലോക്യമൌലിയിൽചാർത്തിയ അമൂല്യമായ നീല രത്നം, ഭൂഭാരം തീർക്കാനായി അവതാരമെടുത്തവൻ,സ്വഛന്ദമായി വ്രജസുന്ദരിമാരുടെ മനസ്സിൽ ആനന്ദോ ദയമുണ്ടാക്കിയവൻ,കംസധ്വംസനത്തിനുദിച്ച ധൂമകേതുപോലെ ദേവകീനന്ദനനായി പിറന്നവൻ-അങ്ങനെയു ള്ള ശ്രീകൃഷ്ണന് നമസ്കാരം.

ഷഷ്ടസർഗ്ഗം സോത്കണ്ഠവൈകുണ്ഠം .(ആര്യാവൃത്തം)

1. അഥതാം ഗന്തും അശക്തം ചിരം അനുരക്തം ലതാഗൃഹേദൃഷ്ട്വാ
   തച്ചരിതംഗോവിന്ദേ മനസിജമന്ദേസഖീപ്രാഹഃ
   ചിരകാലമായ അനുരാഗംകൊണ്ട് ബന്ധിതയായി ബലഹീനയായ രാധയെ ലതാഗൃഹത്തിൽചെന്ന് ഇപ്രകാരം പറഞ്ഞ് പ്രചോദിപ്പിച്ച ശേഷം കാമപീഢിതനായ ഗോവിന്ദന്റെ അടുത്തുചെന്ന് സഖി ആ ചരിത്രം പറഞ്ഞുകേൾപ്പിച്ചു.
   (ഗുണകരിരാഗം രൂപകതാളം)
   പ്രബന്ധം 12 ഗുണ്ഡക്രിയ രൂപകം (ശങ്കരാഭരണം ത്രിപുട)
2. പശ്യതി ദിശിദിശി രഹസിഭവന്തം തദ് അധരമധുരമധൂനിപിബന്തം
   നാഥഹരേ സീദതി രാധാവാസഗൃഹേ(ധ്രുവ)
   ഏകാകിനിയായിരിക്കുന്ന രാധ സർവ്വദിക്കിലും അധരത്തിലെ മധുരമധുകുടിക്കുന്ന അങ്ങയെ മാത്രം ,ഹേ, നാഥാ,ഹരേ,ദർശിക്കുന്നു.അവൾ,ദുഃഖമനുഭവിക്കുന്നു.നാഥഹരേ എന്നവിളി രാധയേയും കൃഷ്ണനേയും ഒരുമി ച്ചാണ്.ഹര രാധയുടെ നിഗൂഢനാമമായതുകൊണ്ട്. അവരൊരുപോലെ പരസ്പരധ്യാനം ചെയ്യുന്നു. എ ങ്ങും പരസ്പരം ദർശിക്കുന്നു,വിരഹവും സംയോഗവും ഒപ്പമനുഭവിക്കുന്നു.സർവ്വദിശകളിലും മധുനാഡികളി ലൂടെ മധു ഒഴുക്കുന്ന വിദ്യ (മധുവിദ്യ-ഛാന്ദോഗ്യം)രാധാകൃഷ്ണന്മാർക്കറിയാം.
3. ത്വദ് അഭിസരണരഭസേനവലന്തീ പതതി പദാനി കിയന്തിചലന്തി
   നിന്നിലേക്ക് ഉഴറി വരുന്ന അവൾആ അഭിസരണവേളയില് കാലിടറി വീഴുന്നു.വീണ്ടും നടക്കുന്നു.കാലിടറാതെ വീണ്ടും നടക്കാൻ നിന്നെ സന്ധിക്കാമല്ലോ എന്ന ഒറ്റ പ്രതീക്ഷയാണ് അവളെ സഹായിക്കുന്നത്.
4. വിഹിതവിഷാദബിസകിസലയവലയേ ജീവതിപരം ഇഹതവരതികലയാ
   താമരത്തളിരുകൊണ്ട് വളകളുണ്ടാക്കി നിന്റെ രതികലയുടെ അടയാളങ്ങളെന്നപോലെ അണിഞ്ഞിട്ട് വിഷാദവതിയായ എന്റെ സഖി ജീവനെ നിലനിർത്തുന്നു.നിന്റെ രതികലയുടെ ഓർമ്മയാണവളുടെ ജീവനെ നിലനിർത്തുന്നതെന്ന് സാരം.
5. മുഹർഅവലോകിതമണ്ഡനലീലാമധുരിപുരഹമിതി ഭാവനശീലാ
   തന്റെ ആഭരണങ്ങളുടെ ലീല നോക്കിയിരിക്കുന്ന അവൾഞാനാണ് മധുരിപു എന്ന് ഭാവന ചെയ്യുന്നു. അഹം ബ്രഹ്മാസ്മി എന്ന മനനം വേദാന്തി ബ്രഹ്മതന്മയതക്കായി ചെയ്യുന്നു.ഇവിടെ അതേ അദ്ധ്യാസമാ ണ് ഞാനാണ് കൃഷ്ണനെന്ന ഭാവിക്കുന്ന രാധ ചെയ്യുന്നതും.ഭാവനാശീലർക്കുമാത്രമേ ആ രസാനുഭൂതി സാധിക്കുകയുള്ളു എന്ന തത്വം ഇവിടെ പറയുന്നു.
6. ത്വരിതമുപൈതിന കഥമഭിസാരം ഹരിരിതിവദതി സഖിം അനുവാരം
   എന്തുകൊണ്ടാണ് ഹരി വേഗത്തിലെന്നിലേക്കു വരാത്തത് എന്ന് അവൾ സഖിമാരോട് സദാ ചോദി ക്കുന്നു.
7. ശ്ലിഷ്യതി ചുംബതിജലധരകല്പം ഹരിരുപഗത ഇതി തിമിരമനല്പം
   അനല്പമായ ഇരുട്ടിന്റെ (രാത്രി)കാർമേഘരൂപംകണ്ട് ഇതാ ഹരി വന്നു എന്നു പറഞ്ഞ് അവള് ഇരുട്ടി നെ ആശ്ലേഷിക്കുന്നു,ചുംബിക്കുന്നു.
8. ഭവതിവിളംബിനി വിഗലിതലജ്ജാവിലപതി രോദിതി വാസകസജ്ജാ
   ലജ്ജഅവളെ തടുക്കുന്നതുകൊണ്ട് വിലപിച്ചും രോദനംചെയ്തും നിന്റെ സംഗമമിഛിച്ച് വാസകസജ്ജയാ യി അവൾകാത്തിരിക്കുന്നു.ലജ്ജകൊണ്ടാണ് അവളിത്ര താമസിച്ചതെന്നറിയുക. പ്രണയമില്ലാഞ്ഞിട്ടല്ല. ആശയെ തടുക്കുന്നത് ഉത്തമനായികമാരുടെ (പത്മിനിയുടെ)ലക്ഷണമാണ്.

9. ശ്രീജയദേവകവേരിദമുദിതം രസികജനം തനുതാമതിമുദിതം.
ശ്രീജയദേവകവിയാൽഇപ്രകാരം പറയപ്പെട്ടത് രസികജനങ്ങൾക്ക് അതിയായ ആനന്ദംതരട്ടെ. രസികജനം ഹരിയുടെ രസികജനമാണ്,നൃത്തം,ഗാനം ,നാടകം,സാഹിത്യം ഇവയുടെ രസികജനവുമാണ്. കാമശാസ്ത്രത്തിന്റെ രസികജനവുമാകാം. ആറുതരം രസികർക്കാണ് കവിയുടെ ഈ രചന.

10. വിപുലപുലകപാലി സ്ഫീതസീത്ക്കാരമന്തർ-
ജ്ജനിതജഡിമകാകുവ്യാകുലം വ്യാഹരന്തി
തവകിടയവിധായാമണ്ഡകന്ദർപ്പചിന്തം
രസജലനിധിമഗ്നാ ധ്യാനലഗ്നാ മൃഗാക്ഷീ.
ശരീരമാകെ മഹത്തായ പുളകം ചൂടി, സീൽക്കാരശബ്ദമുണ്ടാക്കി,അന്തർജനിതമായ വികാരതമസ്സാൽവ്യാകുലയായി,കാമചിന്താമഗ്നയായി നിന്നിൽധ്യാനമഗ്നയായി, നീയാകുന്ന രസസമുദ്രത്തി ൽ മുഴുകി മൃഗാക്ഷിയായ രാധ ഇരിക്കുന്നു.ധ്യാനലഗ്നയായി കൃഷ്ണരസജലാധിയിൽമുങ്ങിയ സാത്വിക ഭാവസ്ഫുരണങ്ങളുള്ള യോഗിനിയാണ് രാധ. പുളകം,സീത്കാരം എന്നിവ കന്ദർപ്പചിന്ത എന്ന പദപ്രയോഗത്താല് കാമശാസ്ത്രത്തിനും ചേരും.രസോ വൈ സ എന്ന ബ്രഹ്മരസമാണ് കൃഷ്ഷരസജലധി. അതിലാണ് രാധയുടെ ലയനമെന്നതിനാൽ,ഇത് ബ്രഹ്മലയനവുമാണ്.

11. അംഗേഷ്വാഭരണം കരോതി ബഹുഷാപക്രേപിസഞ്ചാരിണീ
പ്രാപ്തം ത്വം പരിശങ്കതേ വിടനുതേ ശയ്യാം ചിരം ധായതി
ഇതിആകല്പവികല്പ തല്പരചനാസങ്കല്പലീലാശത-
വ്യാസക്താപി വീണാത്വയാവരതനുർനൈശാനിശാം നേശ്യതി
ഒരിലവീണശബ്ദം കേട്ടാലും അവൾനീയെന്നുകരുതി
അംഗങ്ങളിൽആഭരണമണിയുന്നു.നീവരുന്നതുകാത്ത് നിരന്തരം നിന്നെധ്യാനിച്ച് ശയ്യഒരുക്കി കാത്തിരിക്കുന്നു.ഇപ്രകാരം ആഭരണങ്ങളാലും ഭാവനകളാലും തല്പംരചിച്ചും സങ്കല്പലീലാശതങ്ങളി ൽആസക്തയായിരിക്കുന്നവളുടെ,നിനക്കുമാത്രം സ്വന്തവും വീണപോലെ ശ്രേഷ്ഠവുമായ ശരീരം വിരഹത്തെ ഒരുരാത്രി കൂടി സഹിച്ച് പിടിച്ചുനില്ക്കാനശക്തമാംവണ്ണം തളർന്നിരിക്കുന്നു.ചിരംധ്യായതി എന്നതുകൊണ്ട് ധ്യാനം നിരന്തരമാണ്.സമാധി എന്നർത്ഥം.സമാധിയിലിരിക്കുന്ന ഋഷിക്ക് ഇഷ്ടപ്പെട്ട വരം നൽകേണ്ടത് ഈശ്വരന്റെ കടമയാണല്ലോ.

12. കിംവിശ്രാഭ്യസി കൃഷ്ണഭോഗിഭവനേ ഭാണ്ഡീരഭൂമീരുഹി
ബ്രാതർയാസിനദൃഷ്ടിഗോചരമിതസാനന്ദനന്ദാസ്പദം
രാധായാവചനം തദധ്വഗമുഖാൻനന്ദാന്തികേ ഗോപതോ
ഗോവിന്ദസ്യജയന്തിശായം അതിഥിപ്രാഗസ്ത്യഗർഭാഗിര
ഹേ,സഹോദരാ,എന്താണ് കൃഷ്ണഭോഗീഭവനമായ ഈ ഭാണ്ഡീരകവൃക്ഷഭൂമിയിൽ വിശ്രമിക്കുന്നത്. അടുത്തുതന്നെ കാണുന്നതാണ്,ആനന്ദഭൂമിയായ നന്ദഗോപഭവനം. നന്ദസവിധത്തിൽവെച്ച് രാധ രഹസ്യഭാഷയിൽപറഞ്ഞതുകേട്ട ഗോവിന്ദൻ, അതിഥിയെ സൽക്കാരഭാവേന ഭാണ്ഡീരകവൃക്ഷച്ചുവട്ടിൽനിന്ന് നന്ദവാടത്തിലേക്ക് അയച്ചു. സംയോഗത്തിനൊരുങ്ങുന്ന ആ ഗോവിന്ദൻ, വിജയിക്കട്ടെ (കവിവാക്യം). രാത്രി ഭാണ്ഡീരകവൃക്ഷച്ചുവട്ടിൽസന്ധിക്കാമെന്നാണ് സിദ്ധഭാഷയിൽരാധ ധരിപ്പിച്ചത്.കൃഷ്ണൻ നേരത്തേ സങ്കേതത്തിലെത്തി. അവിടെ ഒരു സഞ്ചാരി (അതിഥി) വിശ്രമിക്കുന്നു. അയാളെ രാധ വരുംമുമ്പ് മറ്റൊരിടത്തേക്ക് സൂത്രത്തിലയക്കണം. കൃഷ്ണഭോഗി എന്നവാക്കിൽ പകുതി സത്യവും പകുതി നുണയുമുണ്ട്. കൃഷ്ണസർപ്പമെന്നാണ് കൃഷ്ണഭോഗിക്ക് ഒരർത്ഥം. കൃഷ്ണസർപ്പമിരിക്കുന്ന വൃക്ഷച്ചുവട്ടിലിരിക്കേണ്ട എന്ന് വഴിയാത്രക്കാരനെ ഭയപ്പെടുത്തി. അന്ന് അവിടെ ഭോഗിയായ കൃഷ്ണൻ തന്റെ ഭോഗഭവനമായി തെരഞ്ഞെടുത്തിരിക്കയാൽ സത്യവുമാണ്. അടുത്ത ശ്ലോകം കുലടാകുലപഥം (കുലകുണ്ഡലിനിയായ സർപ്പരാജ്ഞിയുടെ-ശക്തിയുടെ മാർഗ്ഗം)പരാമർശിക്കുന്നുമുണ്ട്. കൃഷ്ണന്റെ ഭോഗാനന്ദം തന്റെ ശക്തി(രാധ)യുമായുള്ള യോഗാനന്ദമാണെന്ന് ധ്വനി.
ഭാണ്ഡീരഭാഷ അഥവാ ബാന്ദീരഭാഷ എന്ന സാന്ധ്യഭാഷ രാധാമംഗലഭാഷ എന്ന പ്രാകൃതഭാഷയായി വ്രജഭൂമിയിൽകൃഷ്ണന്റെ ജീവിതകാലത്ത് നിലവിലിരുന്നു. ഭാരതത്തിലെ ആദിവാസികളെല്ലാം നാഗഗണങ്ങളായിരുന്നു.അവരുടെ പ്രാകൃതപ്രാചീനഭാഷയാണത്. കൃഷ്ണോപനിഷത്തിൽഗരുഡോവടഭാണ്ഡീര എന്നു കണ്ടുവല്ലോ.ഭാണ്ഡീരകമായി വിഷ്ണുവാഹനമായ ഗരുഡനാണ് കൃഷ്ണാവതാരകാലത്ത് ജനിച്ചത്. ഗരുഡന്റെ കാലിൽതൂക്കിയിട്ട കൃഷ്ണസർപ്പം(കൃഷ്ണഭോഗി),അമൃതകലശം എന്നിവ കാണാം.കൃഷ്ണനും രാധയും ഇപ്പോളവയാണ്. ചതുർഭുജവിഷ്ണു,സത്യഭാമാരൂപമായ രാധ)അമൃതും വിഷവും വഹിക്കുന്ന ഭാണ്ഡീരക

വൃക്ഷം തന്റെ പതിയേയും തന്നേയും വഹിച്ച് ആനന്ദാനുഭൂതിയുടെ ആകാശഭൂമികകളിലേക്ക് ഉയർത്തുന്ന ഗരുഡവാഹനമാണ്.കൃഷ്ണസർപ്പസംഭോഗം വിജനതയിലേ നടക്കൂ.അതിഥി,മാറിപ്പോവുക എന്ന് അർത്ഥം. രാധ മനസാദേവിയും (പത്മാവതി) ശങ്കരശിഷ്യയും, കൃഷ്ണപ്രാണപ്രിയയുമാകയാൽ, രാധാകൃഷ്ണന്മാരുടെ ഇണചേരല്, ഗൌരീശങ്കര (ശിവശക്തി) സംയോഗവുമാണ്. കുണ്ഡലിനീയോഗവുമാണ്. നന്ദസവിധത്തിൽവെച്ച് ഭാണ്ഡീരക വൃക്ഷത്തിൽഒരു കൃഷ്ണഭോഗി താമസമുണ്ട് ,എന്ന് രാധ പറഞ്ഞതിന്റെ അർത്ഥം ഗ്രഹിച്ച ഭഗവാൻ,അത് അതിഥിയോട് ആവർത്തിക്കുന്നു.അയാൾക്കത് മനസ്സിലാവില്ലെന്ന ഉറപ്പോടുകൂടി. പ്രേമികളുടെ രഹസ്യ ഭാഷ അവർക്കുമാത്രമേ മനസ്സിലാവൂ. സിദ്ധന്മാരുടെ ഭാഷയും അങ്ങനെയാണ്. രാധാകൃഷ്ണന്മാരോ, സിദ്ധയോഗികളുമാണ്,പ്രേമികളുമാണ്.

സപ്തമസർഗ്ഗം നാഗരനാരായണം

1. അത്രാന്തരേ ച കുലടാ കുലവർത്മഗാട
സംജാതപാതകഇവസ്ഫുടലാഞ്ഛനശ്രീ
വൃന്ദാവനാന്തരം അധിപയദ് അംശുജാലൈർ
ദിക് സുന്ദരീവദനചന്ദനബിന്ദുരിന്ദു

രാത്രി വന്നു. കുലടാകുലത്തിന്റെ രഹസ്യമാർഗ്ഗങ്ങള് പ്രദർശിപ്പിക്കുന്നതുപോലെ വികാരങ്ങളുടെ ഛായയി ൽ മാറ്റം സ്ഫുരിച്ചു.വൃന്ദാവനാന്തരത്തിൽ ചന്ദ്രകിരണങ്ങളുടെ വല വീണു.ദിങ്മുഖമാകുന്ന സുന്ദരിക്ക് ചാർത്തിയ ചന്ദനപ്പൊട്ടുപോലെ ചന്ദ്രനുദിച്ചു.

2.പ്രസരതി ശശിബിംബേ വിഹിതവിളംബേ ച മാധവാ വിധുരാ
വിരചിതവിവിധവിലാപം സാ പരിതാപം ച കരോച്ചൈ

ചന്ദ്രനുദിക്കുമ്പോൾവരാമെന്നുപറഞ്ഞ മാധവനെത്തിയില്ല.ഞാനെന്റെ ദുഃഖം ആരോടുപറയും.സഖിയുടെ വാക്കുകേട്ട് വഞ്ചിതയായി.കൃഷ്ണൻ അതിഥിയെ നന്ദവാടത്തിലേക്കയച്ച് സൽക്കരിച്ച്,തിരികെ വരുമ്പോഴേക്കും സങ്കേതത്തിലെത്തി കാത്തിരിക്കേണ്ടിവന്ന രാധ കൃഷ്ണൻവാക്കുപാലിച്ചില്ല എന്നു കരുതി പരിഭവിക്കുന്നു.

.

പ്രബന്ധം 13 മാളവരാഗം ആദിതാളം (ആഹിരി ഝംപാദി)

3. കഥിതസമയേപി ഹരിരഹഹനവയൌവനം മമവിഫലം ഇദംഅമലരൂപം അപിയൌവനം
യാമിഹെകംഇഹശരണം സഖീജനവചനവഞ്ചിത(ധ്രുവ)
പറഞ്ഞസമയത്ത് ഹരി വന്നില്ല.എന്റെ നവയൌവനവും രൂപഭംഗിയും വെറുതെയായി. സഖീജനവചനത്താൽ,ഞാൻ വഞ്ചിതയായി. എനിക്കാരുണ്ട് ശരണം. പ്രണയകലഹം ,പരിഭവം ഇവചേർന്ന ഈ മനോഭാവം വരാനിരിക്കുന്ന സൌഭാഗ്യത്തിന്റെ മുന്നോടിയാണ്
4. യദ് അനുഗമനായ നിശിഗഹനംഅപിശീലിതം
തേനമമഹൃദയംഇദംഅസമസാരകീലിതം
ഈ രാത്രി ഗഹനമായ വനത്തിലേക്ക് ഞാനവനെ പിന്തുടർന്നുവന്നു.എന്റെ ഹൃദയത്തെ കാമബാണങ്ങളാൽപിളർന്ന അനർഹനും വഞ്ചകനുമായ കാമുകന്റേയും സഖിയുടേയും വാക്കുകേട്ട് ,രാത്രി,ഒറ്റക്ക്, വനത്തിലേക്ക് വന്നത് തെറ്റായിപ്പോയോ എന്ന് രാധ സംശയിക്കുന്നു.കാമബാണങ്ങളാൽ അത്രമാത്രം തന്റെ ഹൃദയം പിളർന്നതാണിതിനു കാരണമെന്നും തിരിച്ചറിയുന്നു.
5. മമമരണം ഏവവരം ഇതിവിതഥകേതനാ
കിമിഹവിസഹാമി വിരഹാനലം അചേതനാ
ഇങ്ങനെ ഉപയോഗശൂന്യമായ ശരീരത്തിൽജീവിക്കുന്നതിനേക്കാളും മരണമാണ് അനുഗ്രഹം .അചേതനവസ്തുവെപ്പോലെ വിരഹാഗ്നി സഹിച്ചുകൊണ്ട്ഞാനെന്തിനു ജീവിക്കണം. വിതഥകേതനമെന്നാൽ, കൊടിക്കൂറ (പതാക) മുറിച്ചുകളഞ്ഞത്.സ്ത്രീശരീരത്തെ രഥമായി ഉപമിക്കാറുണ്ട്. മദനപതാക മുറിച്ചുകളഞ്ഞപോലെ ആനന്ദമറ്റ ജീവിതമാണ് കൃഷ്ണനില്ലാത്ത രാധയുടേതെന്ന് വ്യംഗ്യം.
6. മാം അഹഹവിധുരയതിമധുരമധുയാമിനി
കാപിഹരിംഅനുഭവതികാമിനി
മധുരയായ ഈ മധുയാമിനി(വസന്തരാത്രി) എന്റെ വിധുരാവസ്ഥയെ വർദ്ധിപ്പിക്കുന്നു.മറ്റേതെങ്കിലും സുകൃതകാമിനി ഇപ്പോൾ ഹരിയുടെ പ്രേമം അനുഭവിക്കുന്നുണ്ടാവുമോ.

7. അഹഹകലയാമി വലയാദിഭൂഷണാം
ഹരിവിരഹദഹനവഹനേനബഹുദൂഷണാം
വളകളും മണിഭൂഷണങ്ങളും എന്നെ വേദനിപ്പിക്കുന്നു.ഹരിയുടെ വിരഹമാകുന്ന അഗ്നിയെ അവ വഹിക്കുന്നുണ്ട്.
8. കുസുമസുകുമാരതനുംഅതനുശരലീലയാ
സ്രഗ് അപി ഹൃദിഹന്തിമാം അതിവിഷമശീലയാ
എന്റെ പൂപോലുള്ള സുകുമാരശരീരം ,അനംഗബാണലീലകൊണ്ട് ഒരു ചെറിയ പൂമാലയുടെ ഭാരംപോലും ഹൃദയത്തെ പ്രഹരിക്കുംവിധം അതിവിഷമശീലമായിരിക്കുന്നു. അംഗങ്ങൾക്ക് അനംഗലീലകൊണ്ട് ഭാരം താങ്ങാനാവാതായി. സുകുമാരശീലം വിഷമശീലമായി.
9. അഹമിഹനിവസാമി നഗണിതവനമവതസാ
സ്മരതിമധുസൂദനോ മാമപി ന ചേതസാ
വനത്തിലെ പുല്ലുകളിലൊന്നുപോലെ ഞാനവനെ കാത്ത് ഇവിടെ ഇരിക്കുന്നു.മധുസൂദനനോ എന്നെ സ്മരിക്കുന്നുപോലുമില്ല.സമയം തെറ്റി,യൌവനം വിഫലമായി.സൌന്ദര്യം വെറുതെയായി.രാത്രി കാട്ടിലേക്കുവന്നതും വെറുതെ.കൃഷ്ണന്റെ വഞ്ചന,വിരഹദുഃഖം-ഇനിമരിച്ചാൽമതിയെന്ന തോന്നൽ, അതിന്റെ പിന്നാലെ ശങ്ക,അവനെ വല്ലവരും തടുത്തുവോ,ആ തടുത്തത് ഒരു സ്ത്രീയാണെന്നു വരുമോ.ഉടനെ അസൂയ ഉദിക്കുന്നു.താനിവിടെ ഹരിയുടെ പാദസ്പർശവും കാത്ത് പുൽക്കൊടിപോലെ കിടക്കുന്നതോർത്ത് ഗർവ്വഭംഗം,വിനയം,ഹരി തന്നെ സ്മരിക്കാത്തതിലുള്ള ഇച്ഛാഭംഗം. പ്രേമിച്ചിട്ടുള്ള ഏതൊരു സ്ത്രീക്കും ജയദേവന്റെ രാധയുടെ വികാരവിചാരങ്ങൾ സ്വാഭാവികമായിത്തോന്നുന്നു.അതായത്,ജയദേവന്റെ രാധ ഏതുകാലത്തേയും ഏതു സ്ത്രീക്കും ചേരുന്ന സ്വഭാവക്കാരിയാണ്.ഈശ്വരിയല്ല.
10. ഹരിചരണശരണജയദേവകവിഭാരതി
വസതുഹൃദിയുവതിരിവ കോമളകലാവതി
ഹരിചരണങ്ങളെ ശരണംപ്രാപിച്ച ജയദേവകവിയുടെ ഭാരതി (സരസ്വതി, വാക്ക്)കോമളകലാവതിയായ യുവതിയെപ്പോലെ നിങ്ങളുടെ ഹൃദയത്തിൽ വസിക്കട്ടെ. ഭാരതി (സരസ്വതി)യും രാധയും കോമളകലാവതിയാണെന്ന അഭേദകല്പന കൊണ്ട് രസാനുഭൂതിവർദ്ധന സംഭവിക്കുന്നു.
11. സഖിഃ- തത് കിം കാം അപി കാമിനീം അഭിസൃതകിം വാ കലാകേളിഭിർ,
ബദ്ധോബന്ധുഭിരന്ധകാരിണീ വനാഭ്യർണ്ണേ കിമുദ്ഭ്രാമ്യതി
കാന്തക്ലാന്തമനാമനാഗപിപതിപ്രസ്ഥാതും ഏവാക്ഷമാ
സങ്കേതീകൃതമഞ്ജുവഞ്ജുളലതാകുഞ്ജേപിയന്നാഗത
അവനെ ഏതെങ്കിലും കാമിനി തടുത്തുനിർത്തിയോ.അവളുടെ
കലാകേളിയിലവൻമയങ്ങിയോ.ബന്ധുക്കളാരെങ്കിലും അവനെ ബന്ധിച്ചുവോ.ഇരുണ്ടവനത്തിൽവഴിതെറ്റി വട്ടം ചുറ്റുകയാണോ.കാന്തക്ലാന്തമനസ്സായ എന്റെ പതി അക്ഷമയും ധൃതിയും കൊണ്ട് വഴിതെറ്റി മനോഹരമായ ഈ വഞ്ജുളലതാഗൃഹത്തിലെത്താനാവാതെ കുഴങ്ങുകയാണോ.ആദ്യം സ്ത്രീസഹജമായ അസൂയ,പിന്നാലെ കൃഷ്ണന്റെ സുരക്ഷിതത്വത്തെപ്പറ്റി ആശങ്ക,മനസ്സ് അവിടെ ഉദാത്തമാകുന്നു.മറ്റൊരു സ്ത്രീയുമായി രമിച്ചാലും വേണ്ടില്ല,കണ്ണന് അപകടമൊന്നും പറ്റരുത്.ഇത് ഓർത്തിരിക്കവെ കൃഷ്ണനോട് ദൂതുമായിപ്പോയ സഖി തനിച്ച് തിരിച്ചുവരുന്നു.പെട്ടെന്നുവീണ്ടും ശങ്ക.ഇവൾകൃഷ്ണനുമായി രമിച്ചുവരികയാണോ.അതൊളിക്കാനാണോ ഇവളെ ആദ്യം തിരിച്ചയച്ചത്.മനസ്സ് ആരോഹണാവരോഹണങ്ങളിലാണ്.
12. അഥാഗതം മാധവം അന്തരേണ സഖിം ഇയം വീക്ഷ്യവിഷാദമൂകം
വിശങ്കമാനാ രമിതംകയാപിജനാർദ്ദനംധൃഷ്ടവതേദാഹ.
മാധവനെക്കൂടാതെ ഒറ്റക്ക് തിരിച്ചുവരുന്ന സഖിയെക്കണ്ട് രാധ വിഷാദമൂകയായി.ശങ്കയോടെ അവൾപറഞ്ഞു.
ഇവിടെ ജനാർദ്ദനനാമം പ്രയോഗിക്കുന്നു.ജനാർദ്ദനൻസർവ്വജനങ്ങളേയും ആനന്ദിപ്പിക്കുന്നവനാണ്. സഖിയാണെങ്കിലും ഇവളും കണ്ണനെ മോഹിച്ചിരിക്കാം.ജനാർദ്ദനനവളെ ആനന്ദിപ്പിച്ചിരിക്കാം എന്ന ചിന്ത.നേരിട്ട് അതെങ്ങനെയാണ് ചോദിക്കുക.അതുകൊണ്ട് താൻ സ്വപ്നത്തില് ഒരു സുന്ദരി കണ്ണനുമായി സ്മരയുദ്ധം നടത്തുന്നത് കണ്ടതായി രാധ സഖിയോടു പറയുന്നു.സഖിയുടെ ഭാവമാറ്റം ശ്രദ്ധിക്കാനാണിത്.
പ്രബന്ധം 14 വസന്തരാഗം ഏകതാളം (ശ്രീരാഗം ആദി)
13. സ്മരസമരോചിതവിരചിതവേഷാ ഗലിതകുസുമധരവിദലിതകേശാ
കാപിമധുരിപുണാ വിലസതി യുവതിർഅധികഗുണാ (ധ്രുവാ)

മന്മഥയുദ്ധോചിതവേഷങ്ങളണിഞ്ഞിരിക്കുന്നു,അഴിഞ്ഞകേശത്തിൽ പൂമാല വാടിച്ചിതറിക്കിടക്കുന്നു.മറ്റേതെങ്കിലും അധികഗുണവതിയായ യുവതി മധുരിപുവിനോട് ചേർന്ന് വിലസുകയാണ്. ഗലിതകുസുമധരവികലിതകേശ- സുന്ദരിയെ സ്മരയുദ്ധം കഴിഞ്ഞവേഷത്തിലാണ് സ്വപ്നദർശനം. കാട്ടിലൂടെ ഓടിവന്ന സഖിയുടെ പൂമാല ചിതറി വസ്ത്രം ഉലഞ്ഞുകണ്ടതിനാലുണ്ടായശങ്കയാണ് അവളുടെ ഭാവംകാണാനുള്ള ഈ വാക്കുകളുടെ ഉത്ഭവസ്ഥാനം.

14. ഹരിപരിരംഭണചലിതവികാരാ കുചകലശോപരിതരളിതഹാരാ
15. വിചലദളകലലിതാനനചന്ദ്രാ തദധരപാനരസഭൃതതന്ദ്രാ
16. ചഞ്ചലകുണ്ഡലദലിതകപോലാ മുഖരിതരശനാജഘനകടിലോലാ
17. ദലിതവിലോകിതലജ്ജിതഹസിതാ ബഹുവിധകൂജിതരതിരസരസിതാ
18. വിപുലപുളകപൃഥുവേപഥുഭംഗാ ശ്വസിതനിമീലിതവികസദനംഗാ
19. ശ്രമജലകണഭരസുഭഗശരീരാ പരിപതിനോരസിരതിരണധീരാ
20. ശ്രീജയദേവഭണിതഹരിരമിതം കലികലുഷംജനയതുപരിശമിതം

ഹരിയെ പരിരംഭണം ചെയ്തതുകൊണ്ട് അവളുടെ വികാരങ്ങളിളകി.കുചകലശങ്ങൾക്കുമുകളിലെ ഹാരങ്ങളെല്ലാം തരളിതമായി വിറപൂണ്ടു.(കുചങ്ങളുടെ ത്രാസം കൊണ്ട്) ചുരുണ്ടഅളകങ്ങൾമുഖചന്ദ്രനെ ചുംബിച്ചു. കൃഷ്ണന്റെ അധരപാനം ചെയ്ത് മതിവരാതെ തളർന്നു.ചലിക്കുന്ന കുണ്ഡലങ്ങൾകപോലംതൊട്ട് താളമിട്ടു. ജഘനവും അരക്കെട്ടും ചലിക്കവേ അരഞ്ഞാണത്തിന്റെ നാദം താളത്തിൽമുഴങ്ങി.പുളകാങ്കുരങ്ങളും വിയർപ്പുമുത്തും ചാർത്തി,പാതി മിഴിയടച്ച് കാമദേവന്റെ വിടർന്നപൂപോലെ അവൾശ്വാസോച്ഛ്വാസം കഴിച്ചു. പ്രിയൻ,അതെല്ലാം നോക്കുന്നു എന്നുകണ്ട് ലജ്ജിച്ച് മന്ദഹസിച്ചു.രതിരസരസികയായ അവളുടെ ബഹുവിധരതികൂജനങ്ങൾ കൃഷ്ണനെ ആനന്ദിപ്പിച്ചു.അവളുടെ സുഭഗശരീരം കാമകേളീശ്രമത്താൽതളർന്ന് പതിയുടെ മാറത്ത് വീണു.ശ്രീജയദേവകവിതയിൽരമിക്കുന്ന ഹരിയുടെ ആനന്ദം കലികന്മഷംനശിപ്പിക്കുന്നതാണ്. തിരക്കിട്ട് കടന്നുവന്ന സഖിയുടെ ഉയർന്നുതാഴുന്ന മാറിടം,ഇളകുന്നമാല, ഉലഞ്ഞമുടിയും അളകങ്ങളും, തളർന്നഭാവം,കുണ്ഡലംആടിക്കളിച്ചും അരഞ്ഞാണം കിലുങ്ങിയുമുള്ള വരവ് –അതെല്ലാം തനിക്ക് സുപരിചിതമായ ഹരിയുടെ രതികേളീവിലാസം മാത്രമോർത്തിരിക്കുന്ന രാധക്ക് ശങ്ക ജനിപ്പിക്കുന്നു.തന്റെ അന്നത്തെ അവസ്ഥയിലാണോ സഖി എന്നു പരീക്ഷിക്കാനായി സ്വപ്നരൂപേണ കഥപറയുന്നു,രാധ.സഖിയുടെ ഉള്ളറിയാനും തന്റെ അത്തരം രതികേളിയിലുള്ള ആസക്തി പറഞ്ഞുതീർക്കാനും സ്വപ്നവ്യാജേനയുള്ള ഈ കഥനം അവളെ സഹായിക്കുന്നു. രതിരണധീരഃ- രതിരണത്തില് തനിക്കുധൈര്യം തരാനുപദേശിച്ച ഇവ ശ്രരതിരണധീരയാവണമെന്ന് അനുമാനിച്ചാണ് ഈ പ്രയോഗം.ഇത്ര രതിരണധീരയും ചതുരയുമായ സഖി സൂത്രത്തിൽകൃഷ്ണനെ വശത്താക്കില്ല എന്ന് എങ്ങനെ ഉറപ്പിക്കാമെന്നാണ് രാധ കരുതുന്നത്.

21. വിരഹപാണ്ഡുമുരാരിമുഖാംബുജ ദ്യുതിരയം തിരയന്നപി വേദനാം
വിദ്ധതീവതനോതിമനോഭവ സുഹൃദയേ ഹൃദയേ മദനവ്യഥാം

മുരാരിയുടെ മുഖാംബുജംപോലെ ഏകാകിയായി വിരഹിയായ ചന്ദ്രന്റെ മുഖവും വിളർത്തു.കാമന്റെ സുഹൃത്തായിട്ടും ഈ ചന്ദ്രനെന്റെ ഹൃദയത്തിൽ,മദനവ്യഥ വിടർത്തുന്നു. രാധയെപിരിഞ്ഞ ശ്യാമന്റെ മുഖം ശ്യാമനിറം വിട്ട് പാണ്ഡരമായി വിളർത്തു.താരങ്ങളില്ലാത്ത ആകാശത്തിൽ വിളർത്തചന്ദ്രമുഖത്തിന് കൃഷ്ണന്റെ മുഖത്തോട് സാദൃശ്യം. അതുകണ്ട് രാധക്ക് മന്മഥവ്യഥ കൂട്ടുന്നു.സഖി വിളർക്കുന്നുണ്ടോ എന്ന് നോക്കുന്നുണ്ട് രാധ. മന്മഥയുദ്ധത്തിൽ തന്നെ സഹായിക്കാന് കാമന്റെ ബന്ധുവായി വന്ന സഖിയുടെ മുഖചന്ദ്രനും വിളർക്കുന്നുണ്ടോ എന്നത് രാധയെ ശങ്കാകുലയാക്കുന്നു.സുഹൃത്തുതന്നെ ശത്രുവായി കലാശിച്ചുവോ എന്ന സംശയം അതുകൊണ്ടാണുന്നയിക്കുന്നത്.

പ്രബന്ധം 15 ഗുർജ്ജരിരാഗം ഏകതാളം(സാവേരി ആദി)

22. സമുദിതമദനേ രമണീവദനേ ചുംബനവലിതാധരേ
മൃഗമദതിലകം ലിഖതിസപുളകം മൃഗമിവ രജനികരേ
രമതേ യമുനാപുളിനവനേ വിജയീമുരാരിരധുനാ(ധ്രുവ)

അവനെ ചുംബിക്കുമ്പോൾ അധരങ്ങളനുഭവിച്ച മദനവികാരം അവളുടെ മുഖത്ത് സ്ഫുരിക്കുന്നു.അവനോ, ചന്ദ്രനിൽമാനെന്നപോലെ അവൾക്ക് മൃഗമദതിലകം വരക്കുന്നു.യമുനാപുളിനത്തിലിജയിയായ മുരാരി ഇപ്പോൾ,തന്റെ വിജയം ആഘോഷിച്ച് രമിക്കുകയാണ്. സ്വപ്നത്തിൽദേശകാലങ്ങളെന്നപോലെ വ്യക്തികളും സ്ഥിരങ്ങളല്ല.താനും കൃഷ്ണനും ആഘോഷിച്ച മന്മഥവിജയമാണ് രാധ സഖിയിലാരോപിക്കുന്നത്.

23. ഘനചയരുചിരേ രചയതി ചികുരേ തരളിതതരുണാനനേ
കുരബകകുസുമം ചപലാസുഷമം രതിപതിമൃഗകാനനേ

അവളുടെ തരുണാനനത്തെ വലയംചെയ്ത മുടിയുടെ
മേഘസദൃശമായസൌകമാര്യത്തിൽ,കൃഷ്ണൻകദംബകുസുമങ്ങള് കോർത്തമാല
അണിയിക്കുന്നു.രതിപതിയായ കാമൻ(കൃഷ്ണൻ)നായാട്ടിനിറങ്ങിയ (മൃഗയാവിനോദം)കാട്ടിൽ ചപലമായ
മിന്നൽ(മിന്നൽപോലെ ശോഭിക്കുന്ന ചപലകളായ സ്ത്രീകൾ) തിളങ്ങുന്നു. അവനിറങ്ങിയ കാട് രാധയുടെ
മുടിയാണ്.അതിലെ മിന്നലോ,അവനണിയിച്ച മാലയും. ദക്ഷിണേന്ത്യയിൽ പുരുഷൻ,കദംബവൃക്ഷത്തിന്റെ
ഇല കൊഴിച്ച് അതുകൊണ്ട് സ്ത്രീയെ തഴയുട ചാർത്തിക്കുന്നതും കദംബപ്പൂമാല ചാർത്തിക്കുന്നതും ഇതെന്റെ
കാമിനിയാണ് എന്ന് പ്രഖ്യാപിക്കലാണ്. മൃഗയാവിനോദം അഥവാ നായാട്ട് എന്ന പദം എന്റെ ഇര എന്നൊ
ര ർത്ഥം കൂടി ധ്വനിപ്പിക്കുന്നില്ലേ എന്ന് ആലോചിക്കേണ്ടതുണ്ട്. അത് ജയദേവന് സ്ത്രീയോടുള്ള മനോഭാവത്തി
ന്റെ തെളിവാണോ എന്നും.

24. ഘടയതി സുഘനേ കുചയുഗഗഗനേ മൃഗമദരുചിരൂഷിതേ
മണിശരമമലം താരകപടലം നഖപടശശിഭൂഷിതേ
സുഘനങ്ങളായ കുചയുഗഗഗനത്തില്,കസ്തൂരിച്ചാറ് അണിയിച്ച് ഭംഗി നോക്കുന്നു.അവളുടെ മാറത്ത് മുത്തുമ
ണിമാലകളാൽ നക്ഷത്രപടലങ്ങളും നഖക്ഷതപ്പാടുകളാല് അർദ്ധചന്ദ്രമുദ്രയും അവൻരചിക്കുന്നു. ഇത്
കാമശാസ്ത്രപരമായി വിലാസകേളികളെ വർണ്ണിക്കുന്നതാണ്.

25. ജിതബിസശകലേ മൃദുഭുജയുഗളേ കരതലനളിനീദലേ
മരതകവലയം മധുകരനിചയം വിതരതി ഹിമശീതളേ
താമരത്താളിനെ വെല്ലുന്ന മൃദുവായ ഭുജങ്ങലിൽ,താമരദലംപോലുള്ള
കരതലത്താൽഅവൻമരതകവളകളണിയിക്കുന്നു.അവന്റെ മൃദുലകരങ്ങള്,ഹിമശീതളമായ അവളുടെ
കൈകളെ മധുകരനിചയം പോലെ വന്നുപൊതിയുന്നു. സ്വർണ്ണത്താമരപോലെ തണുത്ത രാധയുടെ
കൈകൾ, കറുത്തതേൻവണ്ടുപോലുള്ള കൃഷ്ണന്റെ കൈകളാല് പൊതിയുന്നു.ഇളംപച്ചനിറമുള്ള കൈക
ൾഅവളുടെ കൈകളെ മരതകവള ചാർത്തുന്നു. പരസ്പരസ്പർശനം താമരദലംപോലെ മൃദുലം,ശീതളം,
സുഖകരം.സ്നേഹപൂർവ്വം പരസ്പരം വേദനിപ്പിക്കാത്ത മൃദുസ്പർശമാണത്.

26. രതിഗൃഹജഘനേ വിപുലാപഘനേ മനസിജമാനകാസനേ
മണിമയരശനം തോരണഹസനം വികിരതി കൃതവാസനേ
അവളുടെ വിപുലമായ ജഘനം രതിഗൃഹമാണ്.കാമന്റെ സുവർണ്ണസിംഹാസനമാണ്. തന്റെ വിജയാഘോ
ഷസൂചകമായ തോരണംപോലെ മണിമയമായ അരഞ്ഞാണം അവനവളെ അണിയിക്കുന്നു.കാമന്റെ സ്വ
ർണ്ണസിംഹാസനവും രതിയുടെ ഗൃഹവുമായ ജഘനത്തിൽ,മണിമയരസനെ ചാർത്തുകയാല് അവന് കാമ
ദേവനെ ജയിച്ചു.ആ തോരമം വിജയത്തിന്റെ ലക്ഷണമാണ്.

27. ചരണകിസലയേ കമലാനിലയേ നഖമണിഗണപൂജിതേ
സഹിരപവരണം യാവകഭരണം ജനയദിഹൃദിയോജിതേ
അവളുടെ പാദത്തളിരുകളിലെ നഖമണിഗണം കൊണ്ട് കമലാനിലയമായ തന്റെ മാറ് പൂജിതമാക്കി ,മാറ
ത്തുചേർത്തുവെച്ച്,അവനതിൽ ചെമ്പഞ്ഞിച്ചാറുപുരട്ടുന്നു. കൃഷ്ണവക്ഷസ്സിലാണ് രമ വാഴുന്നത്. അവിടെ ചവിട്ടാ
നാരും വിചാരിക്ക പോലുമില്ല. അങ്ങനെയിരിക്കെ രാധയുടെ പാദം തന്റെ നെഞ്ഞത്ത് ചേർത്തുപിടിച്ച് പൂജി
തമാക്കിയതെന്തിന്. താനും തന്റെ മാറിലെ ലക്ഷ്മിയും അവളുടെ പാദസ്പർശം കൊണ്ട് പൂജിതരാവാനാണ്.
ബഹുമാനിതരാവാനാണ്. രാധ ഭൃഗുപാദം പതിച്ച വക്ഷസ്സിൽ വാഴുന്ന ലക്ഷ്മിതന്നെയാണ്. ഭൃഗുനന്ദിനിയാണ്.
ഇന്ദ്രിയാസ്വാദനതൃഷ്ണയില്ലാതെ നിഷ്കാമയായ ലക്ഷ്മിയും നിഷ്കാമനായ വിഷ്ണുവും നിഷ്കാമമായ രാധാപാദം
കൊണ്ട് ബഹുമാന്യരായി. കൃഷ്ണന് ആനന്ദം എന്തുതരുന്നു ,അതൊക്കെ രാധക്കും ആനന്ദമാണ്.ഭഗവാന്
തന്റെ പാദം ഹൃദയത്തിൽ വെക്കാനിഷ്ടമാണെങ്കിൽ, ഭക്തനും അതിഷ്ടമാണ്. ഭക്തപാദം ഹൃദയത്തിലേറ്റുന്ന
ഭഗവാൻ,ധന്യനാവുന്നു. രാധാപാദം ഭഗവാനെ തീർത്ഥപാദനാക്കുന്നു.

28. രമയതി സുഭൃശം കാമപി സുദൃശം ഖലഹരധരസോദരേ
കിമഫലമവശം ചിരമിഹവിരസം വദസഖിവിടപോദരേ
ഹലധരനായ ബലരാമനെപ്പോലെ അവന്റെ സഹോദരനും ഖലനായിരിക്കമം. ഏതോ ഒരു സുന്ദരിയെ
അവനാനന്ദിപ്പിക്കുമ്പോൾ,ഫലംകിട്ടാത്ത അവശവും വിരസവുമായ എന്റെ ചിരതപസ്സിനാൽ ഈ വൃക്ഷച്ചുവ
ടിനെ എന്തിനു വലക്കുന്നു. മദ്യത്തിലും മദിരയിലും ആസക്തമാണ് ബലരാമഹൃദയം.ഇഷ്ടമില്ലാഞ്ഞിട്ടും യമുന
യെ പിടിച്ചുവലിച്ച് ആസ്വദിച്ചവനാമ്. അതിനാലാണ് ഖലപദം.

29. ഇഹരസഭണനേ ക-തഹരിഗുണനേ മധുരിപുപദസേവകേ
കലിയുഗരചിതു ന വസതുദുരിതം കവിനൃപജയദേവകേ

കവിനൃപനായ ജയദേവന് മധുരിപുവിന്റെ പാദസേവകനാണ്.ഹരിഗുണങ്ങളിൽ സമർത്ഥനായ അവന്റെ രസഭരിതമായ കാവ്യം കലിയുഗദുരിതം നീക്കട്ടെ. ഹരിയുടെ ഭാവങ്ങളെല്ലാം ഹരിപാദസേവകനായ തന്റെ സ്വഭാവങ്ങളുമാണ് .കവി ഹരിയിൽ തന്മയീഭവിച്ചവനാണെന്ന് പറയുന്നു.

30. നായതസഖിനിർദ്ദയോയതിശതസ്ത്വംദൂതി കിം ദൂയസേ
സ്വഛന്ദം ബഹുവല്ലഭ സ രമയന്തേ കിം തത്ര തേ ദൂഷണം
പശ്യാദ്യപ്രിയസംഗമായ ദയിതസ്യാകൃഷ്യമാനംഗുണൈര്-
ഉത്ക്കാന്താർത്തിഭരാത് ഇവസ്ഫുടതിദം ചേതസ്വയംയാസ്യദി
നിർദ്ദയനായ അവനിവിടെ വരാത്തതിൽ,സഖീ,ദൂതിയായ നീയെന്തിനു ദുഃഖിക്കണം. സ്വഛന്ദംഅനേകം വല്ലഭമാരുമൊത്തു രമിക്കുന്ന രതിതന്ത്രത്തിൽ അവനെന്നും മിടുക്കനാണ്. നോക്കൂ.പ്രിയസംഗമത്തിനായി ഞാൻ കൊതിക്കുന്നു.ദയിതന്റെ കൃഷ്യമാനമായ ഗുണങ്ങളിൽ ഉത്കാന്തമായ ആർത്തികൊണ്ടാണത്. ആ കാമമോഹത്തെ അടക്കാൻ ഞാൻസ്വയം ശ്രമിച്ചുകൊണ്ടിരിക്കയാണ്.ദൂതിയാണ് കൃഷ്ണൻ വരാത്തതിനു കാരണക്കാരി െന്ന് ശങ്കിക്കുന്ന രാധ അതുപറയാതെ ,കൃഷ്ണന്റെ സ്വഭാവം അങ്ങനെയായതിൽ,ദൂതിയായ നീ എന്തിനുദുഖിക്കണമെന്ന് മാറ്റിപ്പറയുന്നു. എനിക്ക് അടക്കാനാവാത്ത പ്രേമമുണ്ട് ,അവനല്ലാതെ ഒരാളെ ഓർക്കാനും കൂടി സാദ്ധ്യമല്ല.അവനോ,ഒരു ദൂതിയെ കിട്ടിയാലും മതി,രമിക്കുന്ന രതിതന്ത്രത്തിൽ മിടുക്കുകാട്ടാൻ.

പ്രബന്ധം 16 ദേവവരാടിരാഗം രൂപകതാളം (പുന്നാഗവരാളി, ആദി)

31. അനിലതരളകുവലയനയനേന തപതിന സാ കിസലയശയനേന
സഖി യാരമിതാ വനമാലിനാ(ധ്രുവ)
അനിലനാൽ തരളിതമായ കുവലയനയനങ്ങളാലും ,തപിപ്പിക്കുന്ന കിസലയശയനങ്ങളാലും വനമാലി അവളെ (മറ്റേതോ ഗോപികയെ) സുഖിപ്പിക്കുകയാണ് സഖീ. കാറ്റ് ഉലച്ച് താമരപോലെ ചഞ്ചലശീതളമാണവന്റെ കടാക്ഷങ്ങള്. ചൂടേ ഇല്ലാത്ത തണുപ്പിച്ച തളിരാണ് മെത്ത. കാമതാപം അവകൊണ്ടുതന്നെ അവൻതീർത്തുതരുന്നു.രാധ ഏതോ സുകൃതിനിയെ പ്രേമതപസ്വിനിയായ തന്നോട് ഉപമിക്കയാണ്.

32. വികസിതസരസിജലലിതമുഖേന സ്ഫുടതി ന സാ മനസിജവിശിഖേന
33. അമൃതമധുരമൃദുതരവചനേന ജ്വലതി നസാ മലയജപവനേന
34. സ്ഥലജലരുഹരുചികരചരണേന ലുഠതി ന സാ ഹി മകരകിരണേന
35. സജലജലദസമുദയരുചിരേണ ദലതിന സഹൃദി ചിരവിരഹേന
36. കനകനിഷകരുചിശുചിവസനേന ശ്വസതി ന സാ പരിജനവിരഹേന
37. സകലഭുവനജനവരതരുണേന വഹതിന സാ രുജമതികരുണേന
38. ശ്രീജയദേവഭണിതവചനേന പ്രവിശതുഹരിരപി ഹൃദയമനേന
വിരിഞ്ഞ താമരപോലുള്ള അവന്റെ മുഖലാളനം ഏല്ക്കുന്ന അവൾ കാമാസ്ത്രങ്ങളാൽ, എന്നെപ്പോലെ പീഡിതയാകുന്നില്ല. അമൃതമധുരമായ അവന്റെ മൃദുതരവചനങ്ങളാലാനന്ദിക്കപ്പെട്ട അവളെ മലയമാരുതൻ ഒട്ടും പൊള്ളിക്കുന്നില്ല. ഭൂമിയിലും ജലത്തിലുമുള്ള പൂമരങ്ങളുടെ ചുവപ്പെല്ലാം ചേർത്ത ഇടുത്ത പാദം അട്ടുത്തുളളതിനാൽ ചന്ദ്രകിരണം അവളെ തുടിപ്പിക്കുന്നില്ല. ജലം വഹിച്ച മേഘം ഉദിച്ചപോലുള്ള സൌന്ദര്യത്താൽ ചിരവിരഹിണിയായ എന്നെപ്പോലെ അവളുടെ ഹൃദയം വിണ്ടുകീറുന്നില്ല. ശ്യാമമേനിയിലണിഞ്ഞ കനകവർണ്ണമായ പീതാംബരശോഭയില് പരിജനങ്ങളുടെ പരിഹാസം കേട്ട് ദീർഘനിശ്വാസം ചെയ്യേണ്ടിവരുന്നില്ല. സകലഭുവനജനങ്ങൾക്കും വരണീയനായ ആ തരുണന്റെ സാമീപ്യം കൊണ്ട് അതികരുണമായ പരിതാപത്തിന് അവൾ പാത്രമാകുന്നില്ല. സഖീ, വനമാലി ഏതോ ഭാഗ്യവതിയുമായി രമിച്ച് അവളെ ആനന്ദിപ്പിക്കയാണ്. ശ്രീജയദേവന്റെ ഈ വചനം കൊണ്ട് ഹരി നിങ്ങളുടെ ഹൃദയങ്ങളിലും പ്രവേശിക്കട്ടെ. കവിതാഭംഗി,സംഗീതാത്മകത,ഔചിത്യബോധം ഇവ പ്രകടമാകുന്ന വരികളാണിവ.

39. മനോഭവാനന്ദനചന്ദനാനില പ്രസീദരേ ദക്ഷിണമുഞ്ചരവാമതാം
ക്ഷണം ജഗത്പ്രാണനിധായമാധവം പുരോമമ പ്രാണഹരോ ഭവിഷ്യതി
കാമനെ ആനന്ദിപ്പിച്ചുകൊണ്ട് ദക്ഷിണം വാമം ഊഞ്ചരം എന്നീ ദിശകളിലെല്ലാം വീശുന്ന കാറ്റേ,(തെക്കുപടിഞ്ഞാറ ൻകാറ്റ്) ചന്ദനാനിലാ,എന്നിൽ പ്രസാദിക്കുക. വേദനക്ക് ശമനം തരിക.ജഗദ്പ്രാണനായ നീ ജഗദ്പ്രാണനായ മാധവനെ ഉടനെ എന്റെ മുന്നിലെത്തിക്കുക(പ്രത്യക്ഷമാക്കുക).അല്ലെങ്കിൽ ജഗദ്പ്രാണനായ നീ എന്റെ പ്രാണഹരനായിത്തീരും. സംഘത്തമിഴിലെ മുല്ലൈത്തിണൈയിൽ വിരഹത്തോടും പുനസ്സമാഗമത്തോടും ബന്ധപ്പെട്ട ഋതുവർണ്ണന ജയദേവന് പ്രിയങ്കരമായിരുന്നു എന്ന് കാണുന്നു. ചന്ദനം വളരുന്ന

സലയപർവ്വതത്തിലെ കാറ്റിനെ (മൺസൂൺ) അതിന്റെ ഗതിസഹിതം കൃത്യമായി പറയുന്നു.വെയിൽ (വിരഹ ത്തിന്റെ കത്തിരിച്ചൂട്) പോയി ഉടനേ തണുത്തകാറ്റും (ജഗത് പ്രാണൻ) മേഘവും (വിഷ്ണു) ജീവനമാരിയുമായി വരും എന്ന മീറ്റിറിയോളജിക്കൽപ്രവചനവുമാണത്.പ്രകൃതിയും മനുഷ്യനും ഒരേസമയം തപിക്കുന്നു,ഒന്നിച്ചു കുളിർക്കുന്നു.

40. ഋതുരിവ സഖിസംവാസോയം ശിഖിവാഹിമാനലോ
വിഷമിവസുധാരശ്മിർയസ്മിൻദുനോതി മനോഗതേ
ഹൃദയമദയേതസ്മിന്നൈവം പുനർവ്വലതേ ബലാത്
കുവലയദൃശാം വാമകാമോനികാമനിരങ്കുശ

സംവാസം ഋതുക്കളെപ്പോലെ വരുന്നു,പോകുന്നു.തണുത്തകാറ്റ് അഗ്നിപോലെ ചുടുന്നു.സുധാരശ്മിയും വിഷ മാവുന്നു.കൃഷ്ണനെന്റെ മനസ്സിനെ വേദനിപ്പിക്കുന്നു.നിർദ്ദയനായിട്ടും അവനെത്തന്നെ ഹൃദയം ശക്തമായി കാമിക്കുന്നു.കുവലയനയനകളായ വാമാംഗിമാരിടെ കാമം നിരങ്കുശമായ നികാമമാണ്.ഇതൊരു മനോവൈ രുദ്ധ്യം തന്നെ.

വിപ്രലംഭം,സംയോഗം,വീണ്ടും വിരഹം. വേനലും വർഷവും വീണ്ടും വേനലും. ഋതുചക്രം തുടരുന്നു. വർഷത്തില് യോദ്ധാക്കളെല്ലാം വീട്ടിലെത്തുന്നു.സംവാസസുഖം കൊടുക്കുന്നു.മഴതീർന്നാൽ,വീണ്ടും പടയൊരുക്കമായി, വിര ഹാനുഭവമായി. ഇപ്പോൾ വര്ഷം വന്നു,കൃഷ്ണനെത്തിയുമില്ല.വർഷവും വേനൽപോലെ ചുടുന്നു.രാധക്കുമാത്രം വ ർഷക്കാലത്തെ ഋതുഭേദമോ,സംവാസമോ ഉണ്ടായില്ല. വാമ സുന്ദരി,അർദ്ധാംഗിനി എന്ന് രണ്ടർത്ഥം. ഇട ത്തുഭാഗമെടുത്തവളുടെ സ്വാഭാവികഗുണം വിപരീതരതി. അത് പുരുഷന് വിപരീതമായ സ്വഭാവമാണ്. പുരു ഷൻ നിർദ്ദയനായി ഉപേക്ഷിക്കുമ്പോളും അവളവനെ നിരങ്കുശയായി കാമിക്കുന്നു.അടുക്കുമ്പോൾ ലജ്ജകൊ ണ്ടകലുന്നു.അകലുമ്പോൾ,കാമത്തോടെ അടുത്തുചെല്ലുന്നു.

41. ബാധാംവിദേഹിമലയാനിലപഞ്ചബാണ
പ്രാണാൻഗൃഹാണ ന ഗൃഹാം പുനരാശ്രയഷ്യേ
കിംതേകൃതാന്തഭഗിനീക്ഷമയാതരംഗൈ-
രംഗാനിസിഞ്ചമമ ശരയതു ദേഹദാഹ

മലയാനിലപഞ്ചബാണാ,എന്റെ ബാധയൊഴിച്ച് എന്നെ വിദേഹിയാക്കൂ.എന്റെ പ്രാണനെ സ്വീകരിക്കൂ .ഇനി യും മറ്റൊരുഗൃഹത്തെ ആശ്രയിക്കാണ്ടാത്തവിധത്തിലുള്ള മുക്തി തരൂ.കൃതാന്തനായ യമന്റെ സഹോദരിയാ യ യമുനേ,നീ മാത്രം എന്നിലെന്തിന് കരുണ കാട്ടണം. എന്റെ അംഗങ്ങളെ തരംഗങ്ങളാൽ പൂർണ്ണമായി മൂടുക.എന്റെ ദേഹദാഹം പൂർണ്ണമായും ശമിക്കട്ടെ.

കാമമുണ്ടാവുമ്പോൾ,ബാധ ശരീരമാണ്.ദേഹത്തിന്റെ ബാധയൊഴിച്ച് വിദേഹം(ആത്മാവ്) ആക്കി മാറ്റുക, പ്രാ ണനെ ഊറ്റിക്കുടിച്ച് ജഗദ്പ്രാണനായ വായുവാക്കി (ഗുരുവായുപുരേശമാക്കി) മാറ്റുക, ഇനിയൊരു ഗൃഹം (സംസാരജീവിതം) ആശ്രയിക്കാനിടയില്ലാത്ത വിധം പരമമുക്തി തരിക എന്നാണ് യോഗിനിയായ അവളുടെ പ്രാർത്ഥന. മലയാനിലപഞ്ചബാണൻ,തന്നെ കാലസ്വരൂപിയായ കൃഷ്ണപരമാത്മാവ്,അനംഗമായ ബ്രഹ്മം. സർവ്വകർമ്മവും അവസാനിച്ച കൃതാന്തരൂപമായ പ്രലയം. ആ യമന്റെ സംയമനീപുരത്തിലെ (സം യമനം യോഗിയുടെ ഗുണമാണ്) സഹോദരി യമുന എന്ന കാളിന്ദി,കൃഷ്ണ. കാമതാപം തീരാനായി കാളിന്ദിയിൽമുങ്ങിക്കിടക്കുന്ന രാധ,തന്റെ ദേഹദാഹം തീർത്ത് വിദേഹിയാക്കാന്,തരംഗങ്ങളായിമൂടുന്ന യമുനയോട് അപേക്ഷിക്കുന്നു.(കൃഷ്ണാപഞ്ചാംഗത്തിൽ അസ്തി,ഗതി,പ്രിയം ബ്രഹ്മസ്വരൂപം. നാമരൂപങ്ങൾ പ്രപഞ്ചസ്വരൂപം.) നാമരൂപാത്മകമായ തന്റെ പ്രപഞ്ചസ്വരൂപത്തെ മുക്കിക്കൊണ്ട്,അവയിലെ ദുരഭിമാനം നീക്കി,പരമശുദ്ധമായ അസ്തിഭാതിപ്രിയസ്വരൂപമായ പരമാത്മാവാക്കി കൃഷ്ണബ്രഹ്മമാക്കി ,വൈദേഹിയാ ക്കാനുള്ള പ്രാർത്ഥന.

42. പ്രാതർന്നീലനിചോളമച്യുതമുരസംവീതപീതാംശുകം
രാധായാശ്ചകിതം വിലോക്യഹസതിസ്വൈരം സഖീമണ്ഡലേ
വ്രീഡാചഞ്ചലം അഞ്ചലം നയനയോരാധായ രാധാനനേ
സ്വാദുസ്മേരമുഖോയമസ്തു ജഗതാനന്ദായ നന്ദാത്മജ.

രാവിലെ അച്യുതന്റെ ശരീരത്തിൽ, രാധയുടെ നീലനിചോളം,രാധയുടെശരീരത്തിൽ മഞ്ഞപ്പട്ട്. പരസ്പരം മാറിയുടുത്ത വസ്ത്രം കണ്ട് സഖികളെല്ലാം പരിഹസിച്ചപ്പോൾ,രാധ പരിഭ്രമിച്ച് ഭയവിവശയായി. രാധയുടെ പരിഭ്രമം ,ഭയം,ചഞ്ചലനയനങ്ങളിൽ പ്രതിഫലിച്ചു. ആ മുഖഭാവങ്ങളെ ചെറിയൊരു പുഞ്ചിരിയുമായി നോക്കി യിരുന്ന് നന്ദാത്മജൻനന്നായി ആസ്വദിച്ചു രസിച്ചു.നന്ദാത്മജന്റെ ആനന്ദം ജഗദാനന്ദകാരണമായിത്തീ ർന്നു. നാല്പത്തൊന്നാം ശ്ലോകത്തിലെ ലയനം പരിപൂർണ്ണമായി എന്നതിനെ സൂചിപ്പിക്കുന്നു. കൃഷ്ണൻ നീല,പട്ട്

മഞ്ഞ. രാധ സ്വർണ്ണനിറം,പട്ട് നീല. ലയനശേഷം അറിയാതെ പട്ടുമാറിയുടുത്തു. രാധ സ്വർണ്ണമയം, കൃഷ്ണ ൻശ്യാമമയം.രാധ ബ്രഹ്മം,കൃഷ്ണൻപ്രപഞ്ചം. രാധ ആത്മാ,കൃഷ്ണൻദേഹം. കൃഷ്ണന്റെ ആനന്ദവും രാധയുടെ ഭയ പരിഭ്രമങ്ങളും ലയനത്തിലുണ്ട്. കൃഷ്ണന് ആനന്ദമെന്നാൽ,പ്രപഞ്ചത്തിനു മുഴുവനും ആനന്ദം. അങ്ങനെ കൃഷ്ണന് ആനന്ദമരുളിയ രാധ ജഗദാനന്ദകാരിണിയായ അവന്റെ ശക്തിയായി. അവളുള്ളതിനാലാണ് ,കൃഷ്ണന്റെ ആനന്ദം ഈ ജഗത്ത് അനുഭവിച്ചത്.

അഷ്ടമസർഗ്ഗം വിലക്ഷ്യലക്ഷ്മീപതി

1. അഥകഥം അപിയാമിനീം വിനീയ
 സ്മരശരജർജ്ജരിതാപിസാപ്രഭാതേ
 അനുനയവചനംവദന്തം അഗ്രേ
 പ്രണതമപിപ്രിയമാഹസാഭ്യസൂയം

 കാമശരങ്ങളും ജർജ്ജരവും കൊണ്ട് പീഢിതമായി ക്ഷീണിച്ച രാത്രിയിലെ പ്രയത്നത്തിനുശേഷം ,പ്രഭാതത്തില്, അനുനയവാക്കുകൾപറഞ്ഞ് മുന്നില് കുമ്പിട്ടുനില്ക്കുന്ന പ്രിയനെ അവളിപ്രകാരം ശാസിച്ചു. രാത്രി രതിക്രീഡകൊണ്ട് രാധയെ കൃഷ്ണൻതളർത്തിക്കളഞ്ഞു.ജർജ്ജരമെന്നാൽ,നാട്യശാസ്ത്രത്തിൽ ദേവേന്ദ്രപുത്രനായ ജയന്തൻ ഉർവ്വശിയുടെ കാമുകനായി ഭൂമിയിൽപിറന്നതാണ്.നാട്യമണ്ഡപത്തിൽ 3 തട്ടുള്ള(3 ദിനത്തിലെ കളി) ഒരു യൂപമാണത്.ഇതിൽയുദ്ധത്തിൽപരാജിതരായ രാജാക്കന്മാരുടെ ചെങ്കോലുപയോഗിക്കും.അത് ദേവദാസികൾക്ക് തലക്കോലായി സമ്മാനിക്കും.ഒരേസമയം വിജയം,കാമം, നാട്യനൃത്തസംഗീതാദികലകള്,-ഇവയെ സൂചിപ്പിക്കുന്നു. ഇപ്പോള് ക്ഷേത്രങ്ങളിൽ,കൊടിമരമായും യാഗത്തിൽയൂപമായും ,സപ്താഹത്തിൽ 7 കമ്പുള്ള മുളയായും ഒക്കെ ഇത് പ്രതിനിധീകരിക്കപ്പെടുന്നു. സ്ത്രീപുരുഷ ബന്ധത്തിൽ,പുരുഷലിംഗോദ്ധാരമാണിത്. ഇവിടെ കാമശരവും ജർജ്ജരവും കൊണ്ട് പീഡിതയായി ക്ഷീണിച്ചു എന്ന് പറയുമ്പോൾ,അവസാനം പറഞ്ഞ പുരുഷലിംഗസൂചകമായ അർത്ഥമാണ്. പത്മാവതി നർത്തകിയാകയാല് രണ്ടർത്ഥവും ചേരും.രാത്രി നൃത്തം കഴിഞ്ഞുവന്ന പത്മാവതിയെ ക്ഷീണിതയെങ്കിലും രതിക്രീഡക്ക് പ്രേരിപ്പിച്ചപ്പോൾ അതിനു വഴങ്ങിയെങ്കിലും പിന്നീട് അവളദ്ദേഹത്തെ ശകാരിച്ചിരിക്കണം. ക്ഷമിക്കണമെന്ന് വിനയപൂർവ്വം രാധയുടെ മിന്നിൽപ്രണമിച്ച്,ഭക്തിയോടെ നില്ക്കുന്നു കൃഷ്ണൻ. ഇവിടെ കവി തനിക്ക് ഭാര്യയോടുള്ള വികാരം ഉറന്നുസമ്മതിക്കുന്നതോടൊപ്പം അവളെ ബഹുമാനിക്കുന്നു എന്നും കാണിക്കുന്നുണ്ട്.

 പ്രബന്ധം 17 ഭൈരവിരാഗം യതിതാളം (ആരഭി,ആദി)

2. രജനിജനിതഗുരുജാഗരരാഗകഷായിതാം അലസനിവേശം
 വഹതിനയനമനുരാഗമിവസ്ഫുടം ഉദിതരസാഭിനിവേശം
 ഹരിഹരി, യാഹിമാധവ,യാഹി കേശവ മാവദകൈതവപാദം
 താമനുസരസരസീരുഹലോചനയാതവഹരതിവിഷാദം(ധ്രുവ)

 രാത്രിയിൽജനിച്ച ഗുരുജാഗരരാഗകഷായിതയായ അവൾ,ഇപ്പോളഗാധമായി നയനങ്ങളിലനുരാഗം നിറച്ച്,സ്ഫുടമായുദിച്ച ,വീണ്ടും രസാനുഭവത്തിനുള്ള തീവ്രാഭിനിവേശം തിരതല്ലമാറ് ,ഹരിഹരി , മാധവാ, കേശവാ എന്നോട് നിന്റെ കൈതവഭാവമൊന്നും വേണ്ട,അവളുടെ പിന്നാലെത്തന്നെ പൊയ്ക്കൊള്ളൂ, ഹേ ,സരസീരുഹലോചനാ, അവൾതീർത്തുതരട്ടെ നിന്റെ വിഷാദമൊക്കെ എന്നു പറഞ്ഞു.
 ഗുരുജാഗരരാഗകഷായിതഃ- ണ്ടാളുടെ തിരുപ്പാവൈയിൽ,പതിമൂന്നാംദിനത്തിലെ പുള്ളിൻവായ് എന്ന പാസുരത്തിൽ, വെള്ളി (ശുക്രന്) അഥവാ കാമം ഉദിച്ചു,വ്യാഴം(ഗുരു) ഉറങ്ങി എന്നുകാണാം. കൃഷ്ണപത്നി യുടെ കലന്തൽ(ലയനം,കലഹം രണ്ടർത്ഥം) കൂടാതെ കൃഷ്ണന് പൂർണ്ണാനന്ദാനുഭവമില്ല. പൂർണ്ണാനന്ദത്തിന്റെ സ്വാനുഭവം കിട്ടാഞ്ഞാൽ,ഗുരുവാകാന് യോഗ്യത തികയില്ല. പൂർണ്ണതന്മയത നേടാതെ അലസമായി ഉറങ്ങുന്ന ലോകഗുരുവിനെ ഉണർത്തി തന്മയത കൊടുക്കുന്ന ആർദ്രാജാഗരണവ്രതമാണ് പാർവ്വതിയുടേതും രാധയുടേതുമൊക്കെ. തന്നിലലിയാൻ,അവളവനെ ഉണർത്തി. (ലിംഗോദ്ധാരണം) ലയനത്തിലവ ൾക്ക് രാഗം(നിറം,അനുരാഗം) പകർന്നു,വർദ്ധിച്ചു. രാത്രി മുഴുവനും ഉറക്കമിളച്ച് അനുരാഗം രാഗമാക്കി പാടി. നൃത്തം വെച്ചു. ഇങ്ങനെ മൂന്നുവിധരാഗച്ഛായയും മധുരമായ ആലസ്യമായി സ്ഫുടമായി കാണപ്പെടുന്ന രാധാമുഖം ഇനിയും ആ അനുഭവം വേണമെന്ന രസാനുഭവാഭിനിവേശം പ്രകടമാക്കുന്നു. പിണക്കം അഭിനയിച്ച് മാധവനോട് പരിഭവം കാട്ടി,വീണ്ടും അവനെ ഉദ്ധരിക്കുകയാണവൾ. ഹരിഹരിമാധവാ കേശവാ എന്നവിളിയിൽ പരിഭവത്തിലൊളിപ്പിച്ച അനുരാഗം വ്യക്തമാണ്. തളർന്നവളെങ്കിലും അവളവനെ അനുസരിക്കുന്ന(വശംവദ) അനുരാഗിണി. വീണ്ടും കർമ്മസന്നദ്ധനാക്കി ഉണരൂ എന്ന് അനുനയമായി ക്ഷണിക്കുന്നവളാണ് ധർമ്മപത്നി. ഹരീ,ഹരീ എന്നുവിളിച്ച് അവളവന്റെ വിഷാദം ഹരിച്ചുതരും

(ഹരതി) എന്നപരിബവത്തിൽ,ആ അവൾതാനാണെന്ന് നിഗൂഢമായി പറയുകകൂടിയാണ്. മറ്റാർക്കും നിന്റെ കാമത്തിന് (രതിക്ക്) തുല്യയാകാനാവില്ല,എനിക്കൊഴികെ എന്ന ആത്മവിശ്വാസത്തിന്റെ ലഹരിയാണത്.

3. കജ്ജലമലിനവിലോചനചുംബനവിരചിതനീലിമരൂപം
ദശനവസനമരുണം തവകൃഷ്ണതനോതിതനോരനുരൂപം
കണ്മഷികൊണ്ടു കറുത്തുമലിനമായ അവളുടെ കണ്ണുചുംബിച്ച് നിന്റെ ചുണ്ടും നീലയായി, ശരീരവർണ്ണത്തിന് യോജിച്ചതായി. അവളുടെ പല്ലുകൊണ്ട് ചുവന്ന നിന്റെ ശരീരഭാഗങ്ങൾ സൂര്യോദയത്തിൽ, അരുണിമ ചേർന്ന നീലാകാശംപോലെയിരിക്കുന്നു. രാധാസംഗമത്തിൽ,കൃഷ്ണന്റെ രൂപവും നിറവും (അനുരൂപം,അനുവർണ്ണം) മാറി.വസ്ത്രം മാത്രമല്ല,പരസ്പരം മാറിയത്.ശരീരവർണ്ണംപോലും പരസ്പരം മാറി.ലയനം പരിപൂർണ്ണമെന്നതിന് തെളിവ്. നാമത്തിലും (ഹരി,ഹര) അവരരനുരൂപരാണ്,അനുവർണ്ണരാണ്.

4. വപുരനുഹരതിതവസ്മരസംഗരഖരനഖരക്ഷതരേഖം
മരതകശാകലകലിതകലാധൌതലിപേരിവരതിജയലേഖം
മന്മഥയുദ്ധത്തിൽ രാധയുടെ നഖരേഖ വഹിക്കുന്ന ശരീരം മരതകശിലയിൽ,സ്വർണ്ണപ്പൊടി കൊണ്ട് രതിജയലേഖമെഴുതിയപോലെ ശോഭിക്കുന്നു. രാജാക്കന്മാർ,ജയിച്ചാൽ വിജയസ്തംഭം നാട്ടും.രാധ മന്മഥയുദ്ധം ജയിച്ചു. കൃഷ്ണശരീരമാകുന്ന മരതകശിലമേൽ, സ്വർണ്ണപ്പൊടികൊണ്ട്(നഖനിറം) അവളവളുടെ രതിജയലേഖം രചിച്ചു. ത്രിഭുവനത്തെ വെന്ന ഈശ്വരനെ രാധ ജയിച്ചു. അതിധന്യമായ ആ നിമിഷത്തിന്റെ അനശ്വരവിജയസ്തംഭംപോലെ നഖചിത്രമണിഞ്ഞ കൃഷ്ണശരീരം കാണുന്നു.

5. ചരണകമലഗലതലക്തകസിക്തം ഇദംതവഹൃദയംഉദാരം
ദർശയതീവബഹിർമദനദ്രുമനവകിസലയപരിവാരം
അവളുടെ പാദകമലത്തിൽനിന്നൊഴുകിയ ചെമ്പഞ്ഞിച്ചാറ് കൃഷ്ണന്റെ ഉദാരഹൃദയത്തെ (മാറിനെ) ചുവപ്പിച്ചു. മദനദ്രുമത്തിൽനിന്ന് ചുവന്ന തളിരുപുറപ്പെടുന്നപോലെ അവ മാറത്തു കാണുന്നു. (മദനദ്രുമം മദനവൃക്ഷം,ഇതിൽനിന്ന് മദനകാമേശ്വരീലേഹ്യം ഉണ്ടാക്കുന്നു) കൃഷ്ണശരീരത്തെ കാമമുണ്ടാക്കുന്ന വസ്തുവായ മദനദ്രുമമായും,രാധയുടെ പാദമുദ്രയിചെ ചെമ്പഞ്ഞിച്ചാറിനെ അതിലെ തളിരായും പറയുന്നു. ഭഗവാനെ മദനകാമേശ്വരനാക്കിയത് രാധയുടെ രാഗം(അനുരാഗം,നിറം) അഥവാ അംഗരാഗമാണ്. അതില്ലായിരുന്നെങ്കിൽ ഭഗവാൻനിഷ്കാമനായി യോഗനിദ്രയിൽകിടക്കുകയേ ഉള്ളൂ. ലോകക്ഷേമത്തിനായി അവതരിക്കയില്ല.

6. അനുപദംഭവദധരഗതം മമ ജനയതി ചേതസി ഖേദം
കഥയതികഥമധുനാപി മയാസഹ തവവപുരേതദഭേദം
അവളുടെ പല്ലുകൾ നിന്നിലുണ്ടാക്കിയ മുദ്രകൾ,എന്റെ ചേതസ്സില് ഖേദം ജനിപ്പിക്കുന്നു. ഇപ്പോഴെന്തിന് നിന്റെ ശരീരം എന്റേതുമായി സംഗമിച്ച് അഭേദാവസ്ഥ അറിയാനായി പ്രേരിപ്പിക്കുന്നു.

7. ബഹിരിവമലിനതരം തവ കൃഷ്ണമനോപിഭവിഷ്യതി നീനം
കഥമഥവാഞ്ചരയസേ ജനമനുഗതം അസമശരജ്വരദൂനം
പുറത്തെന്നപോലെ നീ അകത്തും കളങ്കമുള്ളവനാണ്(കറുത്തനിറം).കൃഷ്ണനാണ്.അല്ലെങ്കിൽ,നിന്നെ മാത്രം ആശ്രയിച്ച വിശ്വസ്തയായ എന്നെപ്പോലെ ഒരു ജീവിയെ മദനജ്വരംകൊണ്ട് പീഢിതയാക്കി വഞ്ചിക്കുമായിരുന്നുവോ.

8. ഭ്രമതിഭവാനബലാകവലായവനേഷുകിമത്രവിചിത്രം
പ്രഥയതിപൂതനികൈവവധൂവധനിർദ്ദയബാലചരിത്രം
വനത്തിൽ അബലകളുമായി നീ ക്രീഡിച്ചുനടക്കുന്നതിന് ഞാനിങ്ങനെ ഖേദിക്കുന്നത് വിചിത്രമായിരിക്കുന്നു.നിന്റെ ബാലചരിത്രത്തിൽത്തന്നെ
പൂതനികാകഥ,നീവധൂവധനിർദ്ദയസ്വഭാവനാണെന്ന് തെളിയിച്ചിട്ടുളളതല്ലേ. ഭ്രമിച്ചുനടക്കുന്ന ഭ്രമരചിത്രം കൃഷ്ണന്റെ ഏകാന്തികഭക്തിയെന്ന ആംഗിരസമായ മധുവിദ്യയുടെ പേരിലാണ്. രതിക്രീഡയിൽ, ചില പ്രയോഗങ്ങൾകൊണ്ട്, രാജാക്കന്മാർ തങ്ങളുടെ വധുക്കളെ വധിച്ചിട്ടുണ്ട്. പൂതനാമോക്ഷം പൂതനയുടെ സ്തനത്തിലേല്പ്പിച്ച രതിക്രീഡയോടുപമിക്കുന്നു,ഇവിടെ. വധൂവധം എന്നവാക്ക് ഉപയോഗിച്ചത് അത് ധ്വനിപ്പിക്കാനാണ്. മുല കുടിക്കുകമാത്രമല്ല, കടിക്കുകയും,മറ്റേമുലമേൽ,മറുകൈ കൊണ്ട് താഡനമേ ല്പ്പിക്കയും , എല്ലാം കുഞ്ഞും കാമുകനും ചെയ്യുന്നുണ്ട്. ഇത് ഫ്രോയിഡിയൻചിന്താഗതിയുടെ ആദിമരൂപമാണ്. ഫ്രോയിഡും ജയദേവനും ഒരുപോലെ ചിന്തിക്കുന്നു എന്ന് വേണമെങ്കിൽ പറയാം. പൂതനിക ഒരു പുഷ്പ

നാമവുമാണ്. ആ പൂവിലെ (സ്തനത്തിലെ)മധുമുഴുവനും ഊറ്റിക്കുടിച്ച് വലിച്ചെറിഞ്ഞ ഭ്രമരമായും ഇവിടെ സങ്കല്പ്പമുണ്ട്. സ്ത്രീ പൂവും പുരുഷൻവണ്ടുമെന്നാണ് കവിസങ്കല്പം.

9. ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപം
ശൃണുതസുധാമധുരം വിബുധാലയനോപിദുരാപം
രതിവഞ്ചിതയായ ഖണ്ഡിതയുവതിയുടെ വിലാപം ജയദേവകവി പറഞ്ഞത് സുധാമധുരമാണ്. ഇത് ദേവലോകത്തുകൂടി കിട്ടാൻ സുദുർല്ലഭമായ മധുവാണ്. അതുകൊണ്ട്,ഇത് കേട്ടാലും ,വിബുധരായ മഹത്തുക്കളേ.

10. തവേദം പശ്യന്ത്യാപ്രസരത് അനുരാഗം ബഹിരിവ
പ്രിയാപാദാലക്തച്ഛുരിതം അരുണദ്യോതിഹൃദയം
മമാദ്യപ്രഖ്യാതപ്രണയഭരഭംഗേനകിടവത്വ-
ദാലോകശോകാദപി കിം അപി ലജ്ജാം ജനയതി
പ്രിയാപാദത്തിലെ ചെമ്പഞ്ഞിച്ചാറ് വികാരം കൊണ്ട് ചുവന്ന നിന്റെ ഹൃദയത്തിലെ നിറഞ്ഞ അനുരാഗം കവിഞ്ഞുപുറത്തേക്ക് പ്രസരിച്ചപോലെ കാണുന്നു.ഇതുകാണുമ്പോൾ,നമ്മുടെ ആദ്യപ്രണയഭംഗം വരുത്തിയ നിന്നെ ഓർത്ത് ദുഃഖത്തേക്കാളേറെ ലജ്ജയാണ് എനിക്ക് തോന്നുന്നത്. മറ്റൊരു സ്ത്രീയിൽ, പ്രിയൻരതിചെയ്തതിൽ,രാധക്ക് ദുഃഖമല്ല,ലജ്ജയാണ് മുന്നിട്ടുനില്ക്കുന്നത്. എന്തിനാണ് ലജ്ജ. കൃഷ്ണൻ തന്നേക്കാളും ഗുണംകൊണ്ടു താഴ്ന്നവനാണ്,വിശ്വസ്തനല്ല്,അനുരൂപനല്ല, എന്നു തെളിഞ്ഞതിലുള്ള ലജ്ജ. കൃഷ്ണനെ ആനന്ദിപ്പിക്കുന്ന രതിതന്ത്രത്തിൽ,താനവനോളം മിടുക്കിയല്ലാത്തതിനാലാവാം പരാജയപ്പെട്ടതംന്ന ലജ്ജ. ചതുരനായികയാണ് രാധ. എവിടെയാണ് തനിക്ക് പരാജയം പറ്റിയതെന്ന് അറിഞ്ഞ്, അതിലും വിജയിക്കുന്ന പ്രണയതന്ത്രമാണ് അവൾക്കു ശ്രദ്ധ. ഇനിയൊരിക്കലും ഇനിയൊരു സ്ത്രീയിലും തന്റെ പ്രിയനനുരക്തനാവാത്ത വിധം രതിതന്ത്രത്തിൽ ജ്ഞാനം നേടി അവന്റെ ദാഹവും മോഹവും പൂർണ്ണമായി ശമിപ്പിക്കയാണ് അവളുടെ ലക്ഷ്യമായ വിജയം.

11. അന്തർമ്മോഹനമൌലിഘൂർണ്ണനചലന്മന്ദാരവിഭ്രംശന
സ്തംഭാകർഷണദൃഷ്ടിഹർഷണമഹാമന്ത്രകുരംഗീദൃശം
ദൃഷ്യാദ് ദാനവദൂയമാനദിവിസദ് ദുർവ്വാരദുഃഖപദാം
ഭ്രംശകംസരിപോർവ്യപോഹയതുവശ്രേയാംസി വംശീരവഃ
വ്രജയുവതികളെ വശംവദകളാക്കി അവരെ ഭ്രംശംവരുത്തുന്ന കംസരിപുവിന്റെ മോഹനമൌലിയിലണിഞ്ഞ മന്ദാരമലരുകൾ,സ്ത്രീജനങ്ങളോട് അവൻചെയ്യുന്ന സ്തംഭം,ആകർഷണം,ദൃഷ്ടിഹർഷണം, മഹാമന്ത്രങ്ങളിവയുടെ ഫലത്താൽ, ആ സുന്ദരിമാരെപ്പോലെ ഉടഞ്ഞും ചതഞ്ഞും സ്ഥാനം തെറ്റിയും ചഞ്ചലിതമായും കാണുന്നു. അചരങ്ങളായ പൂക്കൾപോലും ഇങ്ങനെ. ധ്യാനയോഗികളും യോഗഭ്രംശംവന്നാലിങ്ങനെയാണ്. ദൈത്യദാനവാദ്കൾക്ക് ദുഃഖം കൊടുത്തും സത്തുക്കളായ ദേവന്മാരെ സംരക്ഷിച്ചും ഇരിക്കുന്ന പ്രഭു വിന്റെ വംശീരവം ശ്രേയസ്സരുളട്ടെ.

കാമശാസ്ത്രത്തിൽ,വശീകരണത്തിനുപയോഗിക്കുന്നവയാണ്സ്തംഭം,ആകർഷണം,ദൃഷ്ടിഹർഷണമഹാമന്ത്രാദികൾ.(അനംഗരംഗം) മദനദ്രുമവും അതിനുള്ളതുതന്നെ. കൃഷ്ണന്റെ അനന്യസാധാരണമാ യ വശ്യശക്തി മുരളീഗാനാലാപം കൊണ്ടും,സൌന്ദര്യസൌശീല്യാദി ഗുണംകൊണ്ടുമാണെന്ന് ഭക്തകവികളെല്ലാം കരുതുമ്പോള്,ജയദേവകവി കാമശാസ്ത്രവിജ്ഞാനീയത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. കാമശാസ്ത്രത്തെ കൂട്ടുപിടിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ കാവ്യരചന നടത്തിയിരിക്കുന്നതുതന്നെ. അദ്ദേഹം ഭക്തകവിയല്ലെന്നതിന് ഇത്തരം പദപ്രയോഗങ്ങളാണ് തെളിവായി ചൂണ്ടിക്കാണിക്കാവുന്നവ. ചതുരനായകനെ വശീകരിക്കുന്ന ചതുരനായികയുടെ രതിതന്ത്രമാണ് രാധയുടേത് എന്ന ധ്വനിയോടൊപ്പം കൃഷ്ണന്റെ തന്ത്രവും അതാണെന്ന് കവി അസന്നിദ്ധമായി ഇവിടെ ധ്വനിപ്പിക്കുന്നു.

നവമസർഗ്ഗം മുഗ്ദ്ധമുകുന്ദം

1. താമഥമന്മഥഖിന്നാം രതിര(ഭ)സഭിന്നാം വിഷാദസമ്പന്നാം
ഔചിന്തിതഹരിചരിതാം കലഹാന്തരിതാം ഉവായരഹസിസഖി
മന്മഥഖിന്നയായി ,രതിരസത്താൽ ഭിന്നയായി ,വിഷാദസമ്പന്നയായി ,ഹരിചരിതം മാത്രം ചിന്തിച്ചുചിന്തിച്ച് ,കലഹാന്തരിതയായിരിക്കുന്ന അവളോട് സഖി രഹസ്യം പറഞ്ഞു. ഇടക്കിടെ

ഫ്ലാഷ്ബാക്ക് പോലെയാണ് സഖിയുടെ വരവും സംഭാഷണവും.കലഹാന്തരിത കാമശാസ്ത്രത്തിലെ ഒരു തരം നായികാവിശേഷമാണ്.

2. ഹരിരഭിസരതി വഹതിമധുപവനേ
   കിമപരമധികസുഖം സഖിഭവനേ
   മാധവേ മാ കുരു മാനിനി മാനം അയേ(ധ്രുവ)
   മധുപവനനെ വഹിച്ചുകൊണ്ട് ഇതാ ഹരി വരുന്നു(അഭിസരിക്കുന്നു).ഇതിനേക്കാളും വലിയ ഒരു സുഖം നിന്റെ വീട്ടിലിനി സംഭവിക്കാനെന്തുണ്ട്. സഖീ,മാനിനീ,നിന്റെ വ്രണപ്പെട്ട അഭിമാനമൊന്നും മാധവന്റെ മുന്നിൽ കാണിക്കരുതേ. അവനും അഭിമാനിയാണ്.
   മധുപവനവാഹകനായിട്ടാണ് ഹരിയുടെ വരവ്. മധുവ്രതിയായ ആ മാധവനെന്ന ഗുരുപവനന്റെ ഗൃഹപ്രവേശത്തിൽമധുവിദ്യ ഉപദേശിക്കപ്പെടേണ്ട ശിഷ്യയും രാധ,മധുവിദ്യ അവനുനല്കി ആനന്ദിപ്പിക്കേണ്ട ഗുരുവും രാധ..അവിടെ മാനാഭിമാനങ്ങളില്ല. ഇതിനേക്കാളും മനോഹരമായ ഒരു മുഹൂർത്തം ഇനിയുണ്ടാവാനുമില്ല. മാധവന് അവന്റെ തപോഫലം കൊടുക്കാനാണ് സഖി ഉപദേശിക്കുന്നത്.
3. താലഫലാദപി ഗുരുമതിസരസം
   കിംവിഫലീകുരുഷേ കുചകലശം
   നിന്റെ കുചകലശങ്ങൾ താലഫലങ്ങളേക്കാളും ഗുരുവും (വലുത്)അതിസരസവുമാണ്(രസം നിറഞ്ഞത്,മധുരം).ആ ഫലങ്ങളെ എന്തിനു വിഫലമാക്കണം. ഗുരുജാഗരിതരാഗകഷായിതയാണ് രാധ. അവളുടെ ഗുരുവും അതിസരസവുമായ സ്തനങ്ങളും രതിജ്ഞാന വും പെരുമാറ്റവും എല്ലാം കൃഷ്ണന്റെ രസാനുഭവത്തിന് എല്ലാ വിധത്തിലും ഫലപ്രദമാകയാലാണ് ഗുരുജാഗരിതം സംഭവിക്കുന്നത്. മൂന്നുതവണ ഇങ്ങനെ ഗുരുപദം ഉപയോഗിച്ച് സ്ത്രീപുരുഷന്മാർ പരസ്പരം കാമശാസ്ത്രജ്ഞാനം ഉണർത്തുന്ന ഗുരുശിഷ്യന്മാരാണെന്ന് ഓർമ്മിപ്പിക്കുന്നു
4. കടി ന കഥിതം ഇദംഅനുപദംഅചിരം
   മാപരിഹരഹരിം അതിശയരുചിരം
   ഞാനൊന്നുതന്നെ വീണ്ടും വീണ്ടും നിന്നോടു പറയണം. ഹരി അതിശയരുചിരമാം വണ്ണം നിന്നോട് അടുത്തുപെരുമാറുമ്പോള്,അകന്നുനിന്ന്,മാറിക്കളയരുതേ. ലജ്ജ കൂടുതലുള്ള സ്ത്രീകൾ പുരുഷൻഅടുത്തുവരുമ്പോൾ,അകന്നുമാറുന്നു. രാധയുടെ സ്വഭാവം നന്നായറിയാം സഖിക്ക്. മാനസികമായി അവളെ സംയോഗത്തിന് ഒരുക്കുകയാണ് സഖി. രതിസന്നദ്ധത മനസ്സിലുണ്ടാവാഞ്ഞാൽ,രാധ ലജ്ജമൂലം സ്വയം ാനന്ദം അനുഭവിക്കയുമില്ല,കൃഷ്ണനെ അനുഭവിപ്പിക്കയുമില്ല. (ഉത്തമനായികയായ പത്മിനിയുടെ സ്വഭാവമാണ് രാധക്ക്).
5. കിമിതി വിശിദശിരോദിശി വികലാ
   വിഹസതിയുവതി സദാ തവ സകലാ
   നീയെന്തിനിങ്ങനെ നിരാശപ്പെട്ടു കരയുന്നു. നിന്റെ സഖികളായ യുവതികൾ നിന്നെ പരിഹസിച്ചു ചിരിക്കയാണ്.
6. സജലനളിനീദലശീതളശയനേ
   ഹരിമവലോകയ സഫലയനയനേ
   സജലങ്ങളായ താമരയിതളുകൊണ്ടുണ്ടാക്കിയ കുളിർത്ത ശയ്യയിൽ,ഹരിയെ അവലോകനം ചെയ്ത് നിന്റെ നയനങ്ങളെ സഫലങ്ങളാക്കുക. അതിനേക്കാളും മഹത്തരവും ജന്മസാഫല്യം തരുന്നതുമായ മറ്റൊരു ദർശനമുണ്ടോ.
   രാധയുടെ കണ്ണുകളും സജലങ്ങളായ താമരയിതളുപോലാണ്. ശയ്യയും കണ്ണും സഫലം,ശീതളം, മനോഹരം,ഹരിയെ സ്വീകരിക്കുക എന്ന കർമ്മം കൊണ്ടു ധന്യം. ഹരിയെ ആനന്ദിപ്പിക്കലാണ് രണ്ടിനും ലക്ഷ്യം. ദ്വൈതഭാവത്തിലാണ് ലജ്ജ.സംഗമത്തിന് തടസ്സവും നിരാശയും അതുകൊണ്ടാണ്. ദ്വൈതം മാറി,ഉടലുമുയിരും ഒന്നായ അദ്വൈതതന്മയതയിലാണ് ജന്മസാഫല്യം.

7. ജനയസിമനസി കിമിതിഗുരുവേദം
   ശ്രുണമമവചനംഅനിഹിതഭേദം
   ഇത്രവലിയ വേദം (ഗുരുവേദം) മനസ്സിൽ ജനിപ്പിക്കുന്നതെന്തിന്. ഭേദങ്ങളൊന്നും ഇല്ലാതാക്കുന്ന (നിങ്ങളെ ഒന്നാക്കുന്ന) എന്റെ വചനം കേൾക്കു.നിങ്ങളിരുവരും രണ്ടല്ല,ഒന്നാണ്. അദ്വൈതമായ ആ ഗുരുവേദം അഥവാ ശ്രുതി എന്നിൽനിന്നു കേട്ടാലും.(ശ്രവണം).അവനിലൂടെ (ഗുരുവിലൂടെ) അറിയൂ.(സ്വാനുഭൂതി) നീ വലിയതെന്നു(ഗുരുവെന്നു) കരുതിവെച്ച ദ്വൈതമല്ല നിന്റെ യഥാർത്ഥഗുരു.
8. ഹരിരുപയാതുവദതുബഹുമധുരം
   കിമിതികരോസി ഹൃദയം അതിവിധുരം
   ഹരി വരട്ടെ.അവന്റെ ബഹുമധുരമായ വാക്കുകൾ കേൾക്കട്ടെ. അതിവിധുരമായ നിന്റെ ഹൃദയത്തെ വെറുതെ എന്തിനിങ്ങനെ പീഢിപ്പിക്കുന്നു.
9. ശ്രീജയദേവഭണിതം അതിലലിതം
   സുഖയതുരസികജനം ഹരിചരിതം
   ശ്രീജയദേവകവിയുടെ അതിലളിതമായ ഈ ഗാനവും ഹരിചരിതവും രസികജനങ്ങളെ സുഖിപ്പിക്കട്ടെ.
10. സ്നിഗ്ധേ യത്പരുശശിയത് പ്രണമതിസ്തബ്ധമസിയദ് രാഗിണീ
    ദ്വേഷസ്ഥാസിയദുന്മുഖേ വിമുക്താം യാതാസിതസ്മിൻപ്രിയേ
    തദ് യുക്തം വിപരീതകാരിണീ തവശ്രീകണ്ഢചർച്ചാവിഷം
    ശീതാംശ്രുസ്തപനോഹിമം ഹുവൈഹക്രീഡാമുകോയാതന
    അവൻ സ്നിഗ്ധനായാൽ,നീ പാരുഷ്യം കാട്ടും.പ്രണമിച്ചാൽ മന്ദയാകും.രാഗം കാട്ടിയാൽ ദ്വേഷം കാട്ടും. ഉന്മുഖനായാൽ വിമുക്തയാവും. അടുത്താലകലും.നിന്റെ വിപരീതകാരിണിയായ ഈ യുക്തിയാണ് ചന്ദനച്ചാറിനെ വിഷവും ചന്ദ്രനെ അഗ്നിയും ഹിമത്തെ ചൂടുമാക്കുന്നത്. ഈ നരകയാതന ഉപേക്ഷിക്കു,രതിക്രീഡയുടെ ആനന്ദരസം സ്വീകരിക്കു.
11. സാന്ദ്രാനന്ദപുരന്ദരാദിവിഷദ് വൃന്ദൈരമന്ദാദരാത്
    ആനമ്രൈർമുകുടേന്ദ്രനീലമണിഭിസന്ദർശിതേന്ദീവരം
    സ്വഛന്ദം മകരന്ദസുന്ദരഗലന്മന്ദാകിനീമേദുരം
    ശ്രീഗോവിന്ദപദാരവിന്ദമശുഭസ്കന്ധായ വന്ദാമഹേ

    ദേവേന്ദ്രാദികൾ,ആനന്ദാദരപൂർവ്വം നമിക്കുമ്പോള്,കിരീടരത്നങ്ങളിൽപ്രതിഫലിച്ച് ഇന്ദ്രനീലശോഭ നല്കുന്ന നീലത്താമരപോലെയും,സ്വഛന്ദം പ്രവഹിക്കുന്ന സംഗീതമകരന്ദം കൊണ്ട് ഗംഗയായലിഞ്ഞ് സുന്ദരവും പാവനവുമായി ശിവശിരസ്സിൽ പതിക്കുന്നതായും ഇരിക്കുന്ന ശ്രീഗോവിന്ദപാദാരവിന്ദം അശുഭങ്ങളെ ഒഴിവാക്കാനായി നമിക്കുന്നു. ഭക്തർക്ക് സദാ കാമവർഷദ്യുതികിസലയവും സാന്ദ്രാനന്ദാവബോധാത്മകവുമായ ഭഗവദ്പാദത്തിൽനിന്നും ശിവൻശ്രീരാഗം പാടിയപ്പോളലിഞ്ഞു ദ്രവിച്ച് ഒഴുകിയ വിഷ്ണുശരീരമാണ് ഗംഗാദേവി. ആ മധുജലം ശിവശിരസ്സിൽ ധാരയായി. ധാരയായൊഴുകുന്ന പ്രേമജലധാര രാധ. ശിവൻ ധാര(അഭിഷേക) പ്രിയനാണ്. കൃഷ്ണനോ,രാധാപ്രിയനും. ശിവൻ വിഷ്ണുവിന്റെ അനുരാഗകാമവർഷത്തിന്റെ സാന്ദ്രാനന്ദാവബോധത്തില് ലയിച്ചു. കൃഷ്ണനോ,രാധയുടേയും. സർവ്വഅശുഭചിന്തയും ലയനത്തിലവസാനിച്ചു.സർവ്വദുരിതവും ലയനത്തോടെ അവസാനിച്ചു. വരാനിരിക്കുന്ന സാന്ദ്രാനന്ദലയനത്തെ ഈ ശ്ലോകം പ്രവചിക്കുന്നു. ഭൂമിയിൽ രാധാകൃഷ്ണന്മാർക്ക് രണ്ടുകയ്യുള്ള മനുഷ്യരൂപമാണ്. ഗോലോക വൈകുണ്ഠങ്ങളിൽ ചതുർഭുജമായ രൂപവും.(ദേവീഭാഗവതം) ഭാഗവതം ദശമസ്കന്ധത്തിലാണ് ശ്രീകൃഷ്ണചരിതം. ചതുരചതുർഭുജമെന്ന ദശമസർഗ്ഗം ഇതുരണ്ടും ഓർത്താണ് ജയദേവന് നാമകരണം ചെയ്യുന്നത്. ചതുർഭുജം ഒരു ജ്യാമിതീരൂപം ,നാലുവശമുള്ള നാലുപേരുള്ള ഒരു വ്യൂഹം,നാലുദണ്ഡം (ചതുർദണ്ഡി) ചേർന്ന ഒരു സന്യാസരൂപം.

    ദശമസർഗ്ഗം ചതുരചതുർഭുജം

    ദശമസർഗ്ഗത്തിന് 8 വിധം പ്രാധാന്യമുണ്ട്.

    1. ചതുരനായകരൂപം ,ജ്യാമിതീയം,വ്യൂഹം,ചതുർദണ്ഡി എന്ന സന്യാസരൂപം ഈ വാക്കിലുണ്ട്.
    2. ഏറ്റവും പ്രസിദ്ധമായ പത്തൊമ്പതാം പ്രബന്ധം വദനിയദി ഈ സർഗ്ഗത്തിലാണ് വരുന്നത്.
    3. എട്ടാംഗീതത്തിലെ മമശിരസിമണ്ഡനംദേഹിപദപല്ലവം ഉദാരമെന്ന വരി കൃഷ്ണൻതന്നെ പ്രത്യക്ഷപ്പെട്ട് എഴുതിയതാണെന്ന് കരുതുന്നു

4. രണ്ടുഭുജം ജയദേവന്റേതും രമ്ട്ടകൃഷ്ണന്റേതുമായി ചതുർഭുജമെന്ന ദശമസർഗ്ഗം പത്മാവതിക്കായി നാലുകൈകളാണെഴുതിയത്.
5. ദേഹം മറന്ന ലയനത്തിൽ,അദ്വൈതത്തിന്റെ വിദേഹമുക്തി തികച്ചും കാമശാസ്ത്രഭാഷയുമാണ്,അദ്വൈതതനമ്യതയുമാണ്.
6. രാധയും ചണ്ഡികയും ഒന്നാണെന്ന സൂചന ഈ സ്കന്ധത്തിലാണ് തരുന്നത്
7. കൃഷ്ണഭോഗിക്ക് അനുരൂപയായ കരാളസർപ്പിയാണ് രാധയെന്ന് ഈ സ്കന്ധം പറയുന്നു.
8. പത്മാവതീപര(ദേവീഭാഗവതം)മായ മന്ത്രമാണത്.

1. അത്രാന്തരേ മസൃണരോഷവശാം അപാര
നിശ്വാസനിസ്സഹമുഖീം ഉപേത്യ
സവ്രീഡമീക്ഷിതസഖീവദനാംദിനാന്തേ
സാനന്ദഗദ്ഗദപദം ഹരിരിതി ഉവാച
രാത്രിവന്നു.രോഷംതണുത്ത്,നിരന്തരനിശ്വാസത്താൽ തളർന്ന സുമുഖിയായ രാധയിലേക്ക് ഹരി വന്നു. ദിനാന്തത്തിൽ,ഹരി സാനന്ദഗദ്ഗദപദം ഉതിർക്കുമ്പോൾ,അവളും ലജ്ജാവിവശ യായി സഖിയുടെ മുഖത്തേക്കുനോക്കി.പകലെല്ലാം കൃഷ്ണനെ ശകാരിച്ചിട്ട്,രാത്രി അവനെ കാത്തി രിക്കുകയാണ്. സഖിക്കതറിയാം. അതാണ് ലജ്ജാവിവശയായത്.ഹരിയുടെ വാക്കുകളി ൽഗ ദ്ഗദത്തോടൊപ്പം സാനന്ദവും കലർന്നിരിക്കുന്നതും അവളുടെ ഈ മുഗ്ധാവസ്ഥ കണ്ടിട്ടാണ്.
പ്രബന്ധം 19 ദേശവരാടി (മുഖാരി ഝംപ)
2. വദസിയദികിഞ്ചിദ് അപിദന്തരുചികൌമുദീ ഹരതിദരതിമിരംഅതിഘോരം
സ്ഫുരതധരശീധവേതവവദനചന്ദ്രമാ രചയതുലോചനചകോരം
പ്രിയേ,ചാരുശീലേ, മുഞ്ചമയിമാനം അനിദാനം സപദി മദനാനലോ ദഹതി മമമാനസം
ദേഹി മുഖകമലമധുപാനം(ധ്രുവ)
നീ സംസാരിക്കുമ്പോൾ,പല്ലുകളുടെ പൂനിലാവ് ഘോരഭയത്തിന്റെ ഇരുട്ടകറ്റുന്നു.നിന്റെ വദന ചന്ദ്ര ൻ, എന്റെ ലോചനചകോരത്തെ അധരങ്ങളിലെ മധു നുകരാൻക്ഷണിക്കുന്നു. പ്രിയേ,ചാ രുശീലേ,നിദാനമറ്റ നിന്റെ ദുരഭിമാനം കളയൂ.മദനാഗ്നി എന്റെ മനസ്സിനെ ദഹിപ്പിക്കുകയാ ണ്.നിന്റെ മുഖകമലത്തിലെ മധുപാനം അനുവദിക്കുക.
പ്രബന്ധം പതിനേഴിൽ യാ തവഹരതി വിഷാദം എന്നുപരിഭവിച്ചതിന്റെ മറുപടിയാണ് ഈ ഹരിവചനം. നിന്റെ വിഷാദവും ഭയവും ദുഃഖവും ഹരിക്കുന്നവനാര് എന്നതിനുത്തരം അനുനയ പൂർവ്വം ചതുരനായകനായ ഹരി മൊഴിയുന്നു. പ്രിയേ,ചാരുശീലേ എന്ന് മധുരമായ അനുനയ പദം കേട്ടാലലിയാത്തവളാരുണ്ട്. ചാരുശീലയായി മാറാത്തവളാരുണ്ട്. മധുവ്രതിയായ കൃഷ്ണ ഭൃംഗം മധുപാനവരമാണ് ചോദിച്ചത്. മധുവിദ്യ പഠിക്കാനാണ്,അതിസരസമായ ഈ താമരതേ ടി ശിഷ്യനായി അവനെത്തിയിരിക്കുന്നത്. മനസ്സിനെ ദഹിപ്പിക്കുന്ന മദനാനിലനാണ് ഇവിടെ ഗുരുവെ സമീപിക്കുന്ന ഈ ശിഷ്യന്റെ സമിത്ത്.
3. സത്യമേതാസി യദിസുദതി മയി കോപിനി ദേഹി ഖരനഖരശരഘാതം
ഘടയഭുജബന്ധനം ജനയരദഖണ്ഡനം യേന വാ ഭവതിസുഖജാതം
സത്യത്തിൽനീയെന്നിൽ കോപിക്കുന്നുണ്ടെങ്കിൽ,െനിക്ക് ശിക്ഷ തരിക. മൂർഛയേറിയ നഖ ങ്ങളാകുന്ന ശരങ്ങളാൽ,വ്രണങ്ങളുണ്ടാക്കുക.(നഖചിത്രം).നിന്റെ ഭുജബന്ധത്തെ വിധിക്കുക (ആലിംഗനമെന്ന ബന്ധനം)പല്ലുകളാൽ കടിച്ച് മുറിവേൽപ്പിക്കുക.(ദന്തപ്രയോഗം)ഭവതിക്ക് എന്തൊക്കെ (കാമ)സുഖം തരുന്നുവോ,അതൊക്കെ എന്നിൽ പ്രയോഗിക്കുക.
ശിക്ഷകളെല്ലാം കാമശാസ്ത്രത്തിലെ രതിക്രീഡാവിധികളാണ്. അവകൊണ്ട് തനിക്ക് സുഖം കിട്ടുമെന്നല്ല,സൂത്രക്കാരനായ നായകന്റെ വാക്ക്.നിനക്ക് സുഖം കിട്ടുന്നവ എന്നാണ്. (ഭവതിസു ഖജാതം) ഗദ്ഗദം അഭിനയിച്ചുകൊണ്ടുള്ള ആ സാനന്ദപദം രാധയെ കൃഷ്ണൻ ശരിക്കും അളന്നി രിക്കുന്നു എന്നതിന് തെളിവാണ്. അതവളെ ലജ്ജിപ്പിക്കുന്നു. ലജ്ജിക്കേണ്ടതില്ല െന്ന് അടുത്ത വരിയിലെ അനുനയം കാണിക്കുന്നു. കളിയാക്കുന്ന സ്വരമില്ല,അവിടെ. നീയും ഞാനും ഒന്നാണ്, നീ എന്റെ അലങ്കാരവും ജീവനും നിധിയുമാണ്.സദാ അങ്ങനെയായിരിക്കണമെന്നേ ഞാൻ പ്രാ ർത്ഥിക്കുന്നുള്ളു. കൃഷ്ണന്റെ ഈ വാക്കുകേട്ട് രാധ ആനന്ദം കൊണ്ടും പ്രേമമൂർഛകൊണ്ടും

അലിയുന്നു. ലജ്ജയാലടക്കിവെച്ചതെല്ലാം അവളിൽനിന്നുപുറത്തെടുക്കലാണ് കൃഷ്ണന്റെ ലക്ഷ്യവും.

4. ത്വമസിമമഭൂഷണം ത്വമസിമമ ജീവനം ത്വമസി മമ ഭവജലധിരത്നം
ഭവതുഭവതീഹമയിസതതമനുരോധിനി തത്ര മമ ഹൃദയമതിയത്നം
നീയെന്റെ ഭൂഷണമാണ്,ജീവനമാണ്,എന്റെ സംസാരസാഗരത്തിലെ രത്നമാണ്. നീയെന്നും എന്റേതായി ,എനിക്കു വശംവദയായി, ഭവിക്കട്ടെ എന്നേ എന്റെ ഹൃദയം പ്രാർത്ഥിക്കുന്നുള്ളു. അതിനേ അതിയത്നം ചെയ്യുന്നുള്ളു.

5. നീലനളിനാഭം അപിതന്വിതവലോചനം ധാരയതി കോകനദരൂപം
കുസുമശരബാണഭാവേന യദിരഞ്ജയസി കൃഷ്ണമിദമേതദനുരൂപം
നീലത്താമരയുടെ ശോഭയുള്ള നിന്റെ കണ്ണുകൾ,കോകനദരൂപം (ചുവപ്പുനിറം)കൈക്കൊണ്ടിരിക്കുന്നു. തന്വീ, നിന്റെ കുസുമശരബാണം ഭാവംകൊണ്ട് രഞ്ജിക്കപ്പെട്ട എന്റെ ശ്യാമവർണ്ണവും അതിനനുരൂപമായി വികാരം കൊണ്ടുചുവന്നു. നീലക്കണ്ണ് ചുവന്നു എന്ന് ഒരർത്ഥം. നദം സരസ്സ്,നദി. ധാരയതി ഒഴുകുന്നത്. ചക്രവാകം വിരഹിണിയായി വിഹരിക്കുന്ന,സരസ്സിലെ(നദിയിലെ)ധാരയായി വർഷിക്കുന്ന (ജലപാതം) സരസ്വതി (ധാരയതി) രാധയുടെ പ്രേമത്തിന്റെ ശക്തമായ ഒഴുക്ക്. രാധയുടെ കണ്ണുചുവന്നു,വർഷമേഘംപോലെ നീരൊഴുകി.കൃഷ്ണന്റെ വികാരം തണുപ്പിക്കാൻ അവള് ജലധാരയായി, സരസയായി, രസപൂർണ്ണയായി. കൃഷ്ണനും വികാരത്താൽചുവന്നു. രാധയുടെ കണ്ണിന്റെ ചുവപ്പ് ,അതിലെ ജലം അവന്റെ മദനാഗ്നി തണുപ്പിച്ചു. രൂപം,ഭാവം,വികാരം,വശ്യം,യോനിപ്പൊരുത്തം –എല്ലാത്തിലും അവരനുരൂപരാണ്. കവിവാക്യം ഇത് സൂചിപ്പിക്കുന്നു.

6. സ്ഫുരതുകുചകുംഭയോരുപരിമണിമഞ്ജരി രഞ്ജയതു തവ ഹൃദയദേശം
രസതുരശനാപി തവ ഘനജഘനമണ്ഡലേ ഘോഷയതു മദനനിദേശം
കുചകുംഭങ്ങൾക്കുമേലേ ചാർത്തിയ മുത്തുമാലകളുടെ ചലനം നിന്റെ ഹൃദയദേശത്തെ രഞ്ജിപ്പിക്കുന്ന വികാരത്തെ സ്ഫുരിപ്പിക്കുന്നു.നിന്റെ ജഘനഘനമണ്ഡലത്തിലെ അരഞ്ഞാണക്കിലുക്കം മദനനിർദ്ദേശത്തെ (കല്പന)അനുസരിച്ച് ഘോഷിക്കട്ടെ. വികാരത്തിന്റെ ആരോഹണാവരോഹണങ്ങളാലുയർന്നുതാഴുന്ന കുചങ്ങൾക്കുമേല് മാലകളിളകുന്നത് അവളെത്ര മറയ്ക്കാ ൻശ്രമിച്ചാലും കൃഷ്ണൻകാണുന്നു.നന്ദനിർദ്ദേശം അനുസരിച്ചല്ല,മദനനിർദ്ദേശം അനുസരിച്ചാണ് രാസലീല. സംയോഗവേളയിൽകുചവും ജഘനവും താളത്തിൽചലിച്ച് അരഞ്ഞാണത്തിന്റെ ശബ്ദം മദനന്റെ കല്പന ഘോഷിക്കുന്നപോലെ ഉയരുന്നതുകേൾക്കാൻതനിക്ക് തിടുക്കമായെന്ന് രാധയോടു തുറന്നുപറയുന്നു.ആ താളത്തിൽഅവളുടെ രസനയും വ്യക്തമാകട്ടെ.
അനുരാഗിണിയായ രാധയെ അവസാനലയനത്തിന് ക്ഷണിക്കുകയാണ് ഏറ്റവും ആന്തരികമായ ഈ രഹസ്യവും മനോഹരവുമായ മുഹൂർത്തത്തില്,

7. സ്ഥലകമലഗഞ്ജനം മമഹൃദയരഞ്ജനം ജനിതരതിരംഗപരഭാഗം
ഭണമസൃണവാണികരവാണിചരണദ്വയം സരസലസദ് അയക്തകരാഗം
സ്ഥലകമലംപോലെ തുടുത്തനിന്റെ പാദം എന്റെ ഹൃദയത്തെ രഞ്ജിപ്പിക്കുന്നു. രതിരംഗവേദിയിൽ,നിന്റെ പരഭാഗം എന്നിൽരതി ജനിപ്പിക്കുന്നു .മസൃണ വാണിയായ രാധേ,എന്റെ കയ്യുകൊണ്ട് നിന്റെ രണ്ടുപാദത്തിലും ഞാനീ ചുവന്ന ചെമ്പഞ്ഞി ചാറണിയട്ടെ. നീയെന്നോട് എന്തെങ്കിലുമൊന്ന് പറയൂ. താമര ജലത്തെ അലങ്കരിക്കുന്നു.രാധയുടെ പാദം നിലത്തെ അലങ്കരിക്കുന്ന താമരയാണ്. അതിനെ നീലജലംപോലുള്ള തന്റെ വക്ഷസ്സിൽവെച്ച്,സ്വഹൃദയത്തെ ഹരി അലങ്കരിക്കുന്നു. രാധാപാദം നൃത്തമാടി അനുരഞ്ജിപ്പിക്കുന്നത് കൃഷ്ണന്റെ ഹൃദയവേദിയിലാണ്. മുദ്രചാർത്തിയ (ഭണം)മധുരവാണി(സരസ്വതി)അഥവാ കവിതാത്മകമായ സംഗീതഭാഷ ,കരവാണി (ആംഗ്യമുദ്ര,അഭിനയമുദ്ര,നാട്യം)ഇരുചരണങ്ങളാലാടുന്ന നൃത്തഭാഷ –സരസമധുരവും സഹജവുമായ അനുരാഗം –ഇവയോടുകൂടിയ തന്റെ പരഭാഗം (അർദ്ധാംഗിനി)ആയ പത്മാവതിയോട് (ജയദേവൻ) കൃഷ്ണരൂപത്തിൽപറയുന്നതാണീ വാക്കുകൾ.നൃത്തം വെക്കുന്ന മൃദുപാദങ്ങളെ ചെമ്പഞ്ഞിച്ചാറുപൂശി അലങ്കാരപൂജ ചെയ്യുന്ന ഭക്തനാണിവിടെ ഹരി. 7,8 ഗീതങ്ങൾപ്രധാനമാണ്. ജയദേവനേയും പത്മാവതിയേയും പ്രസിദ്ധരാക്കിയത് ഈ ഗീതങ്ങളോടു ബന്ധപ്പെട്ട ഐതിഹ്യങ്ങളാണെന്നു പറയാം. കൃഷ്ണന്റെ ശിരസ്സിൽ രാധാപാദം വെക്കാമോ,കൃഷ്ണൻഈശ്വരനല്ലേ, പുരുഷനല്ലേ എന്ന സംശയം എട്ടാം ഗീതം എഴുതുമ്പോളുണ്ടായത് ജയദേവനെ

അലട്ടി. ആ വരി വെട്ടി കുളിക്കാനായിട്ട് പോയി. കൃഷ്ണൻ ആ സമയത്ത് ജയദേവവേഷത്തിലെത്തി, പത്മാവതി വിളമ്പിയ ഭക്ഷണം കഴിച്ച്,ആ വരി പഴയപോലെത്തന്നെ എഴുതിയിട്ട് പോയി. ജയദേവനല്ല,പത്മാവതിക്കാണ് കൃഷ്ണൻനേരിട്ടുവന്ന് ദർശനം കൊടുത്തത്. ഇതേവരികൾ പാടിയാണ് മറ്റൊരിക്കൽ, മരിച്ചുകിടന്ന പത്മാവതിയെ ജയദേവകവി ജീവിപ്പിച്ചത്.(രാഗചികിത്സ).

8. സ്മരഗരലഖണ്ഡനം മമശിരസിമണ്ഡനം ദേഹിപദപല്ലവമുദാരം
ജ്വലതിമയിദാരുണോമദനകദനാരുണോ ഹരതുതദുപാഹിതവികാരം
കാമവിഷംഹരിക്കുന്ന നിന്റെ ഉദാരമായ പദപല്ലവം എന്റെ ശിരസ്സിന് അലങ്കാരമാക്കുക.മദനകദനമെന്ന സൂര്യനാൽ,ദാരുണമായി ജ്വലിക്കുന്ന എന്റെ വികാരം നിന്റെ ചരണംകൊണ്ട് ശമിക്കട്ടെ. (മമ ശിരസി മണ്ഡനം ദേഹി പദപല്ലവമുദാരം എന്നതാണ് കൃഷ്ണനെഴുതിച്ചേർത്തത്.).പാദതാഡിതകം അഥവാ ശിരസ്സിൽപാദം പതിപ്പിക്കുന്ന ഒരു തരം രതിക്രീഡ പത്മിനിക്കു മാത്രം സാധിക്കുന്ന ഒന്നാണ്. (അനംഗരംഗം).കാമശാസ്ത്രത്തിലെ മറ്റെല്ലാം കൃത്യമായെഴുതിയ ജയദേവൻ ഇതുമാത്രം ആകാമോ എന്നു സംശയിക്കാനെന്താണ് കാരണം. അതിനുത്തരം പത്മാവതിയിലൂടെ കൃഷ്ണൻ കൊടുത്തു എന്നതാണ് പ്രധാനം. പത്മാവതി ജയദേവനെക്കാളും ഭക്തികൊണ്ടും മറ്റെല്ലാം കൊണ്ടും ഉത്തമിയും ഭഗവാന് പ്രിയങ്കരിയുമാണെന്നും അത് ജയദേവനും അംഗീകരിക്കുന്നു എന്നുമാണ് മനസ്സിലാക്കേണ്ടത്. ഐതിഹ്യത്തിന്റെ സന്ദേശവും അതാണ്.

9. ഇതിചടുലചാടുപടുചാരുമുരവൈരിണോ രാധികാം അധിവചനജാതം
ജയതുജയദേവകവിഭാരതിഭൂഷിതം മാനിനി ജനജനിതശതം
ഇങ്ങനെ ചതുരമായ ചാരുവചനങ്ങളാൽ മുരാരി രാധികയെ അനുനയിപ്പിച്ചു. ആ അധിവചനജാതമായ സുഖം ജയദേവകവിഭാരതികൊണ്ട് അലങ്കരിക്കപ്പെട്ട് തന്റെ മാനിനിക്കും മറ്റനേകം ജനങ്ങൾക്കുമായി പാടപ്പെട്ടത് വിജയിക്കട്ടെ. കൃഷ്ണനെപ്പോലെ താനും ചതുരനായകനാണ്, രാധയെപ്പോലെ തന്റെ പതിയുംമാനിനിയും പത്മിനിയും ചതുരനായികയുമാണ്. ഇതിന് സാക്ഷി കൃഷ്ണനാണ്, തന്റെ രചന പത്മാവതിക്കും മറ്റുള്ളവർക്കും വേണ്ടിയാണ് .മറ്റുള്ളവരുംകൂടി പത്മാവതിയുടെ മഹത്വം അറിയാനും കൂടിയാണ്. അധിവിദ്യ എന്ന മഹാസംഹിതയില് ഗുരുശിഷ്യന്മാരുടെ സന്ധിയാണ് നടക്കുന്നത്. ഇവിടെ രാധ കൃഷ്ണന്റെ ഗുരുവാണ്. (ഗുരുപാദം ശിരസ്സിൽവെച്ച കൃഷ്ണനാമ് ശിഷ്യനാവുന്നത്) കാമശാസ്ത്രത്തിലും കൃഷ്ണഭക്തിയിലും പത്മാവതിയാണ് തന്റെ ഗുരു എന്ന് ജയദേവകവി അംഗീകരിക്കുന്നു.

10. പരിഹരകൃതാതങ്കേ ശങ്കാം സതതഘനസ്തനജഘനയാക്രാന്തേ സ്വാന്തേപരാനവകാശിനീ
വിശതിവിതനോരന്യോധന്യോനകോപിമമാന്തരംപ്രണയിനിപരിരംഭാരംഭേവിദേഹിവിധേയതാം
രാധേ,നിന്റെ ശങ്കയുംവിഷമവും പരിഹരിച്ചാലും. നിന്റെ ഘനസ്തനജഘനങ്ങളാൽ സദാ ആക്രമി ക്കപ്പെട്ട് കീഴടക്കപ്പെട്ട എന്റെ മനസ്സിൽമറ്റൊരവകാശിനി എങ്ങനെ ഉണ്ടാവാനാണ്. പ്രണയിനീ,നിന്നെ പരിരംഭണം ചെയ്യുമ്പോൾ വിദേഹിക്കുവിധേയനാണ്,ഞാൻ. (ദേഹബോധമേ ഇല്ല)അതിനാലെന്നോട്,കോപിക്കാതെ ഈ വേളയെ ആനന്ദാനുഭവംകൊണ്ട് ധന്യമാക്കുക. ശരീരബോധമുണ്ടെങ്കിലല്ലേ, ലജ്ജ വേണ്ടൂ.ശരീരത്തെ (സ്തനജഘനാദികളെ) സദാ സ്മരിച്ച് ഞാനിതാ വിദേഹിയായി എന്നും ,അവയാൽ ആക്രമിക്കപ്പെടുന്ന മുഹൂർത്തത്തിന്റെ ആനന്ദാനുഭവം വിദേഹമുക്തിയാണെന്നും അതിനാണ് തന്റെ യാചനയെന്നും പറയുന്ന പ്രിയകാമുകന്ന് രാധ അലിവോടെ വശംവദയാവുന്നു.കവി കാമശാസ്ത്രനിപുണനാണ് എന്ന് അർത്ഥം. എന്തെങ്കിലും കുറ്റം താൻ ചെയ്തിട്ടുണ്ടെങ്കില് അതിനുള്ള ശിക്ഷ തരൂ എന്ന ശിക്ഷയുടെ വർണ്ണനമാണ് പതിനൊന്നാം ഗീതം. (അധിവിദ്യ ശിക്ഷാവല്ലിയിലാണ് എന്ന് ആനുഷംഗികമായി ഓർക്കേണ്ടതാണ്)

11. മുഗ്ധേവിദേഹിമയി നിർദ്ദയദന്തദംശദോർവ്വല്ലിബന്ധനിബിഡസ്തനപീഢനാനി
ചണ്ഡി,ത്വമേവമുദമുദ്വഹപഞ്ചബാണചണ്ഡാലകാണ്ഡദലനാദസവപ്രയക്തി
മുഗ്ധേ,നിർദ്ദയമായ ദന്തദംശംകൊണ്ട് എന്നെ വിദേഹനാക്കുക.കൈകളാകുന്ന ലതകളാല് കെട്ടിവരിഞ്ഞ് ബന്ധിച്ചിട്ട് നിബിഡസ്തനങ്ങളാൽ ഇഷ്ടംപോലെ പീഢനം ചെയ്യുക. ചണ്ഡീ, അപ്പോഴത്തെ വിജയാനന്ദാതിരേകത്താൽ, നീ ബലഹീനയായിപ്പോകരുത്. പഞ്ചബാണ ചണ്ഡാലന്റെ കൂർത്തശരം എന്നെ കീറിമുറിച്ച് എന്റെ ശക്തിയെ ഊറ്റിക്കുടിക്കുംവരെ എന്നെ പീഢിപ്പിക്കുക.രാധയുമായുള്ള സംഗമം കൃഷ്ണന് വിദേഹമുക്തിയാണ്. അനംഗപഞ്ചബാണനാ

ണ് ചണ്ഡാലൻ.അവന്റെ സഹായിയായ ചണ്ഡി രാധയും. ശിവശക്തിയായ അർദ്ധാംഗിനി യാണ് ചണ്ഡിക.ശിവന്റെ അനംഗതാപം തീർത്തവളാണ്. അനംഗന് സഹായിയായി നിന്ന് ശിവനെ തോല്പിച്ചവളാണ് വിപരീതരതിയില് പ്രസിദ്ധയായ മംഗലചണ്ഡിക. വിപരീതരതി യിൽ തളരാതെ ശക്തയായി തന്നെ കീഴടക്കി,തന്റെ ശക്തിയായിരിക്കണം എന്ന് കൃഷ്ണന്റെ അപേ ക്ഷ. .അനംഗരംഗമെന്ന കാമ ശാസ്ത്രഗ്രന്ഥം ഗണപതിയേയോ സരസ്വതിയേയോ അല്ല, ശക്തിസ്വരൂപിണിയായ പാർവ്വതിയെയാണ് ആദ്യം വണങ്ങുന്നത്.

12. ശശിമുഖിതവഭാതി ഭംഗുരഭ്രൂർയുവജനമോഹകരാളകാലസർപ്പീ
തദുദിതഭയഭഞ്ജനായയൂനാം ത്വദാധാരസിധുസുധൈവസിദ്ധമന്ത്രെ.
ചന്ദ്രമുഖീ,നിന്നെച്ചൊല്ലിയ യുവജനങ്ങളുടെ മോഹത്തിന് ഭംഗംവരുത്തുന്ന തീക്ഷ്ണമായ ഭ്രൂവിലാസത്തോട്ടുകൂടിയ കരാളകാലസർപ്പീ, അതിൽനിന്നുണ്ടായ ഭയംനീക്കാൻ, ഉള്ള ഒരേ ഒരു സിദ്ധമന്ത്രം നിന്റെ മുഖചന്ദ്രന്റെ അമൃതുമാത്രമാണ്. കൃഷ്ണഭോഗിയുടെ ഇണയായ കൃഷ്ണസ ർപ്പമാണ് രാധ. അവളെ മറ്റാരെങ്കിലും മോഹിച്ചാല് അവളവർക്ക് വിഷകന്യകയായി ഭവിക്കും. വിഷവും ,വിഷഭയംനീക്കുന്ന അമൃതും സിദ്ധമന്ത്രവും അവളാണ്. നേരത്തെ കൃഷ്ണഭോഗി ,ഗരുഡ ൻ, ഭാണ്ഡീരകവടം ഇവയെക്കുറിച്ച പരാമർശങ്ങളോട്ടു ചേർത്താണ് കരാളകാലസർപ്പീ എന്ന പ്രയോഗം വായിച്ചു മനസ്സിലാക്കേണ്ടത്. സർപ്പം തമിഴകത്ത് കർപ്പ് അഥവാ പാതിവ്രത്യത്തി ന്റെ സിംബലാണ്. അവൾ ചണ്ഡികയുടേയും ശിവന്റേയും വിഷ്ണുവിന്റെയും സുബ്രഹ്മണ്യന്റെയും മഹായോഗികളുടേയും ചിഹ്നവുമാണ്. ജിനനും ബുദ്ധനും യോഗാചാര്യനായ പതഞ്ജലിക്കും വിഷ്ണുവിനും സർപ്പക്കുട കാണാം.

13. വ്യഥയതി വൃഥാമൌനം തന്വിപ്രപഞ്ചയപഞ്ചമം
തരുണിമധുരായാപൈസ്താപം വിനോദയദൃഷ്ടിഭി
സുമുഖി വിമുഖിഭാവം താവദ് വിമുഞ്ചന മുഞ്ചമാം
സ്വയമതിശയസ്നിഗ്ദ്ധോമുഗ്ദ്ധേപ്രിയോയംഉപസ്ഥിത
നിന്റെ വൃഥാമൌനം എന്റെ വ്യഥ കൂട്ടുകയാണ്. തന്വീ,മധുരമായ പഞ്ചമം ആലപിച്ചും ലീലാക ടാക്ഷത്താലും എന്റെ താപം തീർക്കുക. സുമുഖീ,നിന്റെ വിമുഖീഭാവം ഉപേക്ഷിക്കുക. എന്നെ ഉപേ ക്ഷിക്കരുതേ. നിന്നിൽ അതിശയകരമായ മുഗ്ദ്ധഭാവം പൂണ്ട നിന്റെ പ്രിയനായിട്ടാണ് ,ഹേ,മുഗ്ദ്ധ യായ തരുണീ, ഞാനിപ്പോൾ നിന്റെ മുന്നിലെത്തി നില്ക്കുന്നത്. എനിക്ക് ആനന്ദഭിക്ഷ തരിക.
കലാദിമൂലംകമലാസ്തനൈപുണീവിലാസമീശാനമനോവിനോദനം
കുലാചലാധീശസുതാവലോകനം ഫലായിതാനന്ദമെനിക്കുനല്കണം(സുലോചന . നാലപ്പാട്ട്)
ഇതിന്റെ പൂർവ്വാർദ്ധത്തില് പറയുന്ന പാർവ്വതീരൂപമാണ് രാധയുടെ മംഗലചണ്ഡികാരൂപം. തന്റെ മനസ്സിന് ആനന്ദമേകുന്ന ശക്തിരൂപമാണ് കൃഷ്ണപരമാത്മാവ് രാധയില് കാണുന്നത്.

14. ബന്ധൂകദ്യുതിബാന്ധവോയമധരസ്നിഗ്ദ്ധോമധൂകച്ഛവിര്-
ഗണ്ഡശ്ചണ്ഡി ച കാസ്തിനീലനളിനശ്രീമോചനം ലോചനം
നാസാഭ്യേതിതിലപ്രസൂനപദവീം കുന്ദാഭദന്തിപ്രിയേ
പ്രായസ്ത്വന്മുഖസേവയാ വിജയതേ വിശ്വംസപുഷ്പായുധ.
അധരം ബന്ധൂകപുഷ്പശോഭയോടും കവിൾത്തടം മധൂകപുഷ്പശോഭയോടും കാണുന്നു.ഹേ,ചണ്ഡികേ,കണ്ണുകളോ,നീലത്താമരയുടെ ശ്രീമോചനമായിരിക്കുന്നു. നാസ എള്ളിൻപൂ.പല്ലുകൾമുല്ലമൊട്ടുകൾ.പ്രിയേ,നിന്റെ മുഖസേവ ഒന്നുകൊണ്ടുമാത്രമാണ് കാമ ൻവിശ്വ ത്തെ ജയിച്ച് വിശ്വജിത്തായത്. പുഷ്പബാണങ്ങളേന്തിയ രാധയെ ആ ചണ്ഡാലന് അനുരൂപ യായ ചണ്ഡികയായി, രതീദേവിയായി അഭിസംബോധന ചെയ്യുന്നു.

15. ദൃശൌതവമദാലസേ വദനം ഇന്ദുസന്ദീപനം
ഗതിർജനമനോരമാ വിജിതരംഭം ഊരുദ്വയം
രതിസ്തവകലാവതീ രുചിരചിത്രലേഖേഭ്രുവാ
അഹോവിബുധയൌവനം വഹസിതന്വിപൃഥീഗതാ
നിന്റെ മദാലസവദനം കണ്ട് ചന്ദ്രൻ വികാരംകൊണ്ട് ഉണർന്നു. രംഭയെ (വാഴത്തണ്ട്, അപ്സ രസ്സ്) ജയിച്ച ഉടകളിളക്കിയ നിന്റെ ഗതി(നടത്തം)സർവ്വജനമനസ്സും മോഹിപ്പിച്ചു.രതീ, നിന്റെ രതി കലാവതിയുടെ (നിഗൂഢ)സ്തവമാണ്.(Secret Mystic rite/song)പുരികം രുചിരമായ ചിത്രലേ ഖനമാണ്. നീ ഭൂമിയിലവതരിച്ച സ്വർഗ്ഗയൌവനത്തിന്റെ വാഹനമാണ്. (അപ്സരകന്യക) കലാ

ദിമൂലവും കലാവതിയും ഗതിഗമകാദികൾക്ക് അധീശയുമായി കമലാസ്തനൈപുണീവിലാസമായി, ഈശന്റെ മനോവിനോദനമായി അർദ്ധാംഗിനിയായിരിക്കുന്നു,രാധാദേവി. അവളെ കൃഷ്ണൻപൂജിച്ചു. ഇത് ദേവീഭഗവതത്തിൽപറയപ്പെട്ടിട്ടുള്ളതാണ്. ദേവീപൂജയിൽപ്രധാനമാണ് കുംഭാഭിഷേകം.അഥവാ കലശപൂജ.രാധയുടെ പീനപയോധരങ്ങളെ കുംഭാഭിഷേകത്തിനുള്ള പൂർണ്ണകലശങ്ങളായി കാണുന്നു. കംസന്റെ മദിച്ച ആനയോടു യുദ്ധംചെയ്യുമ്പോൾപോലും തന്റെ വിജയലക്ഷ്മിയായ രാധയുടെ കുചകുംഭധ്യാനമാണ് ഹരി ചെയ്യുന്നത്. രാധയാണവന്റെ വിജയരഹസ്യം.

16. സപ്രീതിം തനുതാം ഹരി(പ്രീതിം വസ്തനുതാം ഹരി)
കുവലയാപീഢേനസാർദ്ധം രണേ
രാധാപീനപയോധരസ്മരണകൃത് കുംഭേനസംഭേദവാൻ,
യത്രസ്വിദ്യതി മീലതി ക്ഷണം അപി ക്ഷിപ്രം തദാലോകന
വ്യാമോഹേനജിതംജിതംഅഭൂത്കംസസ്യകോലാഹല
ഇങ്ങനെ ഹരി അവളെ പ്രീതയാക്കി .കുവലയാപീഢത്തോടുള്ള യുദ്ധം പകുതിയായപ്പോ ൾ,രാധയുടെ പീനപയോധരസ്മൃതിയുണ്ടായി,ഹരിക്ക്. അവയുടെ സാമ്യത്താൽ(ഉയർച്ച,കാഠിന്യം) മനസാ താരതമ്യധ്യാനംചെയ്ത ഹരി അവയെ അടിച്ചുടക്കാന് മടിച്ചു. ആ മസ്തകത്തിലെ മുത്തു പെറുക്കി ഇതെന്റെ രാധക്ക് മുത്തുമാല കോർക്കാനാണെന്നു പറഞ്ഞ് സുഹൃത്തിനെ ഏല്പ്പിച്ചതായി നാരായമീയത്തിലുണ്ട്. ഇത് ഭാഗവതത്തിലുള്ളതല്ല. ജയദേവകൃതിയാവാം മേല്പ്പത്തൂരിന് ഇങ്ങനെ ഒരാശയത്തിന് പ്രചോദനമായത്.
ഏകാദശസർഗ്ഗം സാനന്ദദാമോദരം

1. സുചിരമനുനയേന പ്രീണയേത്വാ മൃഗാക്ഷിം
ഗതവതികൃതവേഷേ കേശവേ കുഞ്ജശയ്യാം
രചിതരുചിരഭൂഷാം ദൃഷ്ടിമോഷേപ്രദോഷേ
സ്ഫുരതി നിരവസാദാം കാപിരാധാം ജഗാദ
മൃഗാക്ഷിയായ അവളെ അനുനയിച്ച് പ്രീതയാക്കി സുരതത്തിനൊരുക്കിയ വേഷഭൂഷാദികളോടെ കേശവൻ തന്റെ കുഞ്ജശയ്യയിലേക്കാനയിച്ചു.(ക്ഷണിച്ചു)മനോഹരങ്ങളായ ആടയലങ്കാരങ്ങളണിഞ്ഞ് പ്രദോഷം അവയെ മറ്റുള്ളവരുടെ ദൃഷ്ടികലിൽനിന്നു മറക്കുന്ന ഇരുട്ടത്ത് സഖി വേഗം വേഗം എന്ന് ത്വരിതപ്പെടുത്തവേ രാധ അവിടേക്കു യാത്രയായി. ഇരുട്ടത്ത് ആരുടെ കണ്ണിലും പെടാതെ (കണ്ണുപറ്റാതെ)മനോഹരിയായിരിക്കുന്ന രാധ സുരതസന്നദ്ധയായി കൃഷ്ണനിൽലയിക്കാൻപുറപ്പെട്ടു.ചതുരനായ കൃഷ്ണനും സമർത്ഥയായ സഖിയുമാണ് സ്വതേ ലജ്ജാശീലയായ അവളെ അതിന് ധൈര്യപ്പെടുത്തിയത്.
പ്രബന്ധം 20 വസന്തരാഗം യതിതാളം (രൂപകം) (കല്യാണി ആദി)

2. വിരചിതചതുവചനരചനം ചരണേ രചിതപ്രണിപാതം
സംപ്രതിമഞ്ജുളവഞ്ജുളസീമനികേലീശയനം അനുയാനം
മുഗ്ദ്ധേമധുമഥനം അനുഗതം അനുസരരാധികേ (ധ്രുവ)

ചതുരമായ സ്തുതിവാക്കുകൊണ്ട് അവനവളെ (നിന്നെ)ആശ്വസിപ്പിച്ചു. കാലിൽപ്രണമിച്ച് മാപ്പുചോദിച്ചു. മഞ്ജുളമായ വഞ്ജുളത്തിനരികെ കേളശയനത്തിൽനിന്നെ അവൻകാത്തിരിക്കുന്നു.മുഗ്ദ്ധേ,മധുമഥനനായ ഹരി നിന്റേതുമാത്രമാണ്.അവനെ അനുഗമിച്ചനുസരിച്ചാലും,രാധികേ.
വീണ്ടും സഖീവചനമായി കഥ തുടരുകയാണ്. മധുമഥനം മധുവ്രതക്കാരനും ഘോരഅംഗിരസശിഷ്യനുമായ കൃഷ്ണനും വണ്ടിനും പൊതുസ്വഭാവമാമ്. ്ഥനത്തിന് ശിഷ്യയായി ,തുണയായി,ഇണയായി അനുഗമിക്കുക എന്നാണ് ഉപദേശം. പാലാഴിമഥനത്തില് മന്ഥരത്തെ പൃഷ്ഠത്തിൽധരിച്ച്,കടഞ്ഞ് അമൃതെടുത്തു കൂർമ്മവേഷധാരിയായ ഹരി.രാധയും പാൽ കടഞ്ഞ് കൃഷ്ണന് പ്രിയമായ വെണ്ണയെടുക്കുന്ന ക്രിയയില് മിടുക്കിയായ ഗോപികയാണ്. രാധ എന്ന പാലാഴിയിലെ മധു കടഞ്ഞെടുക്കാനും കൃഷ്ണനെ അനുവദിക്കുക,അവനെ അനുസരിക്കുക.

3. ഘനജഘനസ്തനഭരഭരേ ദരമന്ഥരചരണവിഹാരം
   മുഖരിതമണിമഞ്ജീരം ഉപൈഹിവിദേഹിമരാശവികാരം
   ഘനമേറിയ ജഘനവും സ്തനവും ഭാരമേറിയതാകയാല്,ക്ഷീണിച്ച് പതുക്കെ നടക്കുന്നവളേ, നിന്റെ വരവറിയിക്കുന്ന കാൽച്ചിലങ്കകളുടെ നാദം മുഖരിതമാക്കി,മരാളവികാരംപോലെ (മരാളഗാമിനിയായി) വിദേഹി(അനംഗി) യായി വേഗം പോയാട്ടെ.മരാളം ഹംസം. ഹംസവികാരം വിദേഹമുക്തിയാണ്. പാലും നീരും വേർതിരിക്കുന്ന പരമഹംസമാണത്. ശരീരബോധമില്ല.കാമത്തിനും ബ്രഹ്മത്തിനും ഉണത്തിൽ(അനംഗി,വിദേഹി) സാമ്യമുണ്ട്. വിദേഹിയായി ,ദേഹത്തിലെ അംഗങ്ങൾ ഭാരമായി,വരവ് ഘോഷിക്കുന്ന മധുരസ്വരത്തോടെയാണ് വരവ്. അംഗം,അനംഗം, ദേഹം,വിദേഹം ഈ അവസ്ഥകൾക്കു ഭേദമില്ലാത്തതായ അദ്വൈതിയുടെ വരവാണ്. അവ ഒരു നാണ്യത്തിന്റെ ഇരുവശം മാത്രം. സംസാരവും നിർവ്വാണവും അവിടെ ഒന്നാവുന്നു.
4. ശൃങ്ഗരമണീയതരം തരുണീജനമോഹനമധുപവിരാവം
   കുസുമശരാസനശാസനബന്ധിനിപികനികരേഭജഭാവം
   തരുണികളെ മോഹിപ്പിക്കുന്ന മധുപന്മാരുടെ രമണീയതരമായ നാദം ശ്രവിക്കുക.കാമശാസനത്താൽ ബന്ധിതയായവളേ,കുയിലുകൾ അവനാൽ ബന്ധിതരായി കാമഭാവത്തോടെ ഭജനപാടുമ്പോൾ,അവരോടും അനുകമ്പ കാണിക്കണേ. മധുവിദ്യയുടെ നാദം പൂക്കളെയെന്നപോലെ ജീവാത്മാക്കളായ തരുണികളെ ആകർഷിക്കുന്നു. അവരിതാ പഞ്ചമരാഗത്തിൽ കാമാവേശത്തോടെ ഭജന പാടുന്നു. അവര്ക്ക് പരമാത്മാവിലുള്ള കാമം കണ്ട് അവരെ പരിഹസിക്കരുതേ. നീരസംതോന്നാതെ ,കരുണ കാട്ടി, (അതു ലോകസ്വഭാ വമാകയാൽ) അവരെ അനുഗ്രഹിച്ച് പരമാത്മാവായ നിന്റെ നാഥനിൽ ചേര്ക്കുക. നീയും ആ അനുഭവം ഇപ്പോളറിഞ്ഞതാണല്ലോ. അതിനാലവരെ മനസ്സിലാക്കാനും അനുകമ്പ കാട്ടാനും കഴിയുമല്ലൊ.
5. അനിലതരളകിസലയനികരേണ ലതാനികുരംബം
   പ്രേരണമിവ കരഭോരുകരോതിഗതിപ്രതിമുഞ്ജവിലംബം
   അനിലനാൽതരളിതമായ തളിരുകളാകുന്ന കരങ്ങളെ നീട്ട് ലതാനികുഞ്ജങ്ങളിതാ നിന്റെ വാഴത്തണ്ടുപോലുള്ള തുടയിൽ തൊട്ടു താളമിട്ട് ,വിളംബംകൂടാതെ വേഗം ഗതി ചെയ്യാൻ പ്രേരണ ചെയ്യുന്നതുപോലെ തോന്നുന്നു. രാധ മന്ദഗാമിനിയാണ്.കാറ്റത്ത് ചലിക്കുന്ന തളിരുകൾ അവളുടെ തുടതൊട്ട് താളമിടുന്നത് വേഗംവേഗം എന്ന് ധൃതികൂട്ടുന്നപോലെയാണ്. അവർക്കുപോലും തിരക്കായി രാധാകൃഷ്ണസംഗമം കാണാനെന്നു തോന്നും. വിലംബഗതിയിലുള്ള താളം വിട്ട് ദ്രുതഗതിയിലുള്ള താളം പിടിച്ച് ലതകളെല്ലാം സംഗീതാത്മകമായ ഭാഷയിലാണ് രാധയോട് ദ്രുതഗതി സ്വീകരിക്കാനായി പറയുന്നത്.
6. സ്ഫുരിതമനംഗതരംഗവശാദിവ സൂചിതഹരിപരിരംഭം
   പ്രച്ഛമനോഹരഹാരവിമലജലധാരമമും കുചകുംഭം
   നിന്നിൽസ്ഫുരിച്ചുകാണുന്ന അനംഗതരംഗങ്ങൾ, ഹരിയുടെ പരിരംഭത്തിന്റെ അനുഭൂതി നിന്നിലുണ്ടെന്ന് സൂചിപ്പിക്കുന്നു.നിന്റെ കുചകുംഭങ്ങളോട് ചോദിക്കൂ,അവ അണിഞ്ഞിരിക്കുന്നത് മനോഹരഹാരങ്ങളോ വിമലജലധാരയോ (കാർമേഘം) എന്ന്.
7. അധിഗതമഖിലസഖിഭിരിദംതവ വപുരപിരതിരണസജ്ജം
   ചണ്ഡിരസിതരസാനരവദിണ്ഡിമം അഭിസരസരസമലജ്ജം.
   സഖികൾക്കെല്ലാം മനസ്സിലായിക്കഴിഞ്ഞു ,നിന്റെ ശരീരം രതിരണത്തിനൊരുങ്ങിക്കഴിഞ്ഞു എന്ന്. ചണ്ഡീ,നിന്റെ അരഞ്ഞാണത്തിന്റെ രസിതരസാനരവം മുഴക്കിക്കൊണ്ട്, ലജ്ജ വിട്ട്,അതിന്നായി കാത്തിരിക്കുന്ന പ്രിയനോട് സരസമായി അഭിസരിച്ചാലും. ഇവിടെ,കൃഷ്ണനെപ്പോലെ സഖിയും രാധയെ ചണ്ഡി എന്ന് വിളിക്കുന്നു. വ്യക്തരൂപത്തില് രാധ സൌമ്യയും ലജ്ജാവതിയുമാണ്. നിഗൂഢമായി കാമവികാരങ്ങളുള്ള അവ്യക്തരൂപത്തിൽ, അലജ്ജയും വിപരീതരതിപ്രിയയുമായ ചണ്ഡികാസ്വഭാവമുള്ളവളാണ്. അനംഗതരംഗങ്ങളുടെ വേലിയേറ്റം സ്ഫുരിക്കുന്ന രാധയുടെ അംഗങ്ങളുടെ മാറ്റം സഖി കാണുന്നു. മാധവ ൻമാത്രമറി

ഞ്ഞ രഹസ്യം ഇപ്പോളവളും അറിഞ്ഞുകഴിഞ്ഞു.മാത്രമല്ല,എല്ലാ സഖികളും അറിഞ്ഞുകഴി ഞ്ഞിരിക്കുന്നു എന്നാണവളുടെ വാക്യം.

8. സുരശരസുഭഗനഖേനസഖിംഅവലംബ്യകരേണസലീലം
ചലവലിതക്വണിതൈരവബോധയ ഹരിമപി നിജഗതിശീലം
സഖീ,സ്മരശരസുഭഗമായ നിന്റെ നഖങ്ങളാൽ, ലീലാലോലയായി അവനെ തഴുകി നഖചിത്രം വരക്കുക.ചലിക്കുന്ന വളകളുടെ നാദം കേൾപ്പിച്ച് ഹരിയിലേക്കുചെല്ലുക.ഹരിയെ അവബോധനം ചെയ്യുക(ഉണർത്തുക)അവന്റെ യഥാർത്ഥമായ ഗതിശീലം പ്രകടമാക്കുക. ബ്രഹ്മം അചലം.അതിന്റെ ഗതിശീലം പ്രകൃതിയാണ്.കൃഷ്ണന്റെ പ്രകൃതിയാണ് രാധ.കൃഷ്ണന്റെ അവബോധവും ഗതിശീലവും ഉണർത്തി,(യോഗനിദ്ര ഉണർത്തി)അവനെ കർമ്മനിരതനാക്കേണ്ട ശക്തിസ്വരൂപിണി.

9. ശ്രീജയദേവഭണിതം അധരീകൃതഹാരം ഉദാസിതവാമം
ഹരിവിനിഹിതമനസാമധിതിഷ്ഠതു കണ്ഠതതീമവിരാമം
ശ്രീജയദേവവിരചിതമായ ഗാനം ആഭരണങ്ങലെയെല്ലാം വെല്ലുന്ന ചുംബനമാണ്. സൌന്ദര്യത്തിന്റെ വൈരുദ്ധ്യം(വാമം-വിപരീതം)പരിഹരിക്കുന്നതാണ്. ഹരിയിലുറപ്പിച്ച ചേതസ്സുള്ളവരുടെ കണ്ഠങ്ങളിൽ, ഇത് അവിരാമം (നിർത്താതെ)അധിഷ്ഠിതമായി പാടപ്പെടട്ടെ.

10. സാ മാം ദ്രക്ഷ്യതി വക്ഷ്യതി സ്മരകഥാംപ്രതി അംഗാംആലിംഗനൈ
പ്രീതിം യാസ്യതി രംസ്യതേ സഖി സമാഗമേത്യതി ചിന്താകുലാ
സത്വാം പശ്യതി വേപഥേപുളകയതിആനന്ദതി സ്വിദ്യതി
പ്രതിഉദ്ഗഛതിമൂർഛതി സ്ഥിരതമപുഞ്ജേനികുഞ്ജേപ്രിയ.
അവളെന്നെ കാണും,എന്നോട് സ്മരകഥകൾ പറയും. എന്നെ അംഗപ്രത്യംഗം ആലിംഗനം ചെയ്യും. എന്റെ ആലിംഗനത്താൽ, പ്രീതയാവും എന്നൊക്കെ അവൻസ്വയം പറയുന്നുണ്ട്. സമാഗമചിന്തയാലവൻ ാകുലനാണ്. അവൻനിന്നെ പ്രതീക്ഷിക്കുന്നു. വേപഥു അണിയുന്നു. പുളകം ചൂടുന്നു.ആനന്ദിക്കുന്നു.വിറയാർന്നുനിൽക്കുന്നു.ഇടക്കിടെ എഴുനേല്ക്കുന്നു. മൂർഛരിക്കുന്നു.ഇരുണ്ട നികുഞ്ജത്തിൽ ഇരുണ്ടശ്യാമനായനിന്റെ പ്രിയന്റെ അവസ്ഥ ഇതാണ്. തന്റെ പ്രിയൻ തന്നെ പ്രതീക്ഷിച്ച് വ്യാകുലനാണെന്നറിയുമ്പോള് സ്ത്രീ സ്വാഭാവികമായും ഗതിശീലം കൂട്ടും.വേഗത്തിലവന്റെ ദാഹം തീർക്കാന് അവനിലണയുന്ന ദാഹജലമാവും. അത് സ്ത്രീസ്വഭാവമാണ്.

11. അക്ഷ്ണോർനിക്ഷിപജഞ്ജനംശ്രവണയോസ്താപിച്ച ഗുച്ചാവലിം
മൂർദ്ധ്നിശ്യാമസരോജധാമകുചയോകസ്തൂരികാപത്രകം
ധൂർത്താനാമഭിസാരസംഭ്രമജുശാംവിശ്വൻനികുഞ്ജേ സഖി
ധ്വാന്തം നീലനിചോളചാരുസുദൃശാം പ്രത്യംഗമാലിംഗതി
രാത്രി അവരുടെ മിഴികളില് അഞ്ജനമെഴുതുന്നു. തമാലപുഷ്പാവലികൾ ചെവികളി ൽപൂചൂട്ടുന്നു.മൂർദ്ധാവില് നീലത്താമര (സഹസ്രാരം)ഇടിക്കുന്നു. കസ്തൂരികാപത്രകങ്ങൾ കുചങ്ങളിൽ സുഗന്ധം പൂശുന്നു.ലോകത്തിന്റെ ഓരോരോ കോണിലും ഓരോരോ നികുഞ്ജത്തിലും രാത്രിയുടെ നീലനിചോളം പുതച്ച അംഗങ്ങള് കാമുകനെത്തേടി പരിഭ്രമിച്ച് ഓടിയെത്തുന്ന സുന്ദരികളായ അഭിസാരികമാരുടെ അംഗപ്രത്യംഗം ആലിംഗനം ചെയ്ത് ആനന്ദമനുഭവിക്കുന്നു.അനുഭവിപ്പിക്കുന്നു. പ്രകൃതീപുരുഷസംയോഗമാണ് രാധാകൃഷ്ണസംഗമം.

12. കാശ്മീരഗൌരവപുഷാം അഭിസാരികാനാം ആബദ്ധരേവമഭിതോരുചിമഞ്ജരീഭി
ഏതത് തമാലദലനീലതമം ന മിശ്രം തത്പ്രേമഹേമനികഷോപലടാം തനോതി
കാശ്മീരഗൌരവർണ്ണകളായ(ചുവപ്പും വെളുപ്പും കലർന്ന നിറം) അഭിസാരികമാരുടെ ശരീരം രാത്രിയുടെ ഇരുട്ടിനെ പ്രകാശരേഖകളാലലങ്കരിക്കുന്നു. തമാലദളങ്ങളുടെ നീലനിറ മുള്ള തമസ്സ് (രാത്രി) ചന്ദ്രകാനതക്കല്ലിനെ എന്നപോലെ കാമുകിമാരുടെ പ്രേമം നിറഞ്ഞ സ്വർണ്ണക്കുടങ്ങളുടെ മാറ്റ് പരിശോധിക്കാനായിട്ടെന്നപോലെ എങ്ങും സാന്ദ്രമായി പടർന്ന് അവയെ പൊതിയുന്നു. ഇവിടെ രാത്രി കൃഷ്ണനാണ്,ചന്ദ്രകാന്തക്കല്ലുപോലുള്ള സ്വർണ്ണക്കുടം രാധയുടെ കുചകുംഭവും.

13. ഹാരാവലീതരളകാഞ്ചനകാഞ്ചിദാമകേയൂരകങ്കണമണിദ്യുതിദീപിതസ്യ
ദ്വാരേനികുഞ്ജനിലയസ്യ ഹരിംനിരീക്ഷ്യവ്രീളാവതീമഥസഖീം ജ്ഞയംഇത്യുവാച

ഹാരാവലികളും ഇളകുന്നകാഞ്ചനകാഞ്ചികളും കേയൂരവും കങ്കണങ്ങളും അവയിലെ രത്ന ശോഭ പരത്തുന്നതിനാൽ,ഒരു ദീപംപോലെ നികുഞ്ജനിലയത്തിലിരിക്കുന്ന ഹരിയെ കണ്ട് വ്രീളാവതിയായ രാധ നികുഞ്ജത്തിന്റെ വാതിൽക്കൽശങ്കിച്ചുനിന്നു.സഖി അവളെ മുന്നോട്ടു നടക്കാൻ പ്രേരിപ്പിച്ചു.

പ്രബന്ധം 21 വരാളി,രൂപകം.(ഘണ്ട,മിശ്രഝംപ)

14. മഞ്ജുതരകുഞ്ജതലകേളീസദനേ
വിലസരതിരഭസഹസിതവദനേ
പ്രവിശരാധേ മാധവസമീപം ഇഹ(ധ്രുവ)
മനോഹരമായ കുഞ്ജതലകേളീസദനത്തില്,മന്ദഹസിക്കുന്ന നിന്റെ മുഖം അവന്റെ പ്രേമവിലാസരതിയാൽ ശോഭിക്കുന്നു.ഉള്ളിലേക്ക് ,മാധവസവിധത്തിലേക്ക് പ്രവേശിക്കുക. ശങ്ക വേണ്ട,രാധേ.
15. നവലസദശോകദളശയനസാരേ
വിലസകുചകലശതരളഹാരേ
പുതിയഅശോകദളങ്ങൾ പറിച്ചൊരുക്കിയ മൃദുശയ്യയില് നിന്റെ കുചകലശങ്ങളെ ,അവക്കുമുകളിൽ,തരളിതമായി ഇളകുന്ന ഹാരങ്ങളോടെ വിശ്രമിപ്പിക്കുക.
16. കുസുമചയരചിതശുചിവാസഗേഹേ
വിലസകുസുമസുകുമാരദേഹേ
പൂക്കളാൽരചിക്കപ്പെട്ട ശുദ്ധമായ വാസഗേഹത്തിൽ,പൂപോലുള്ള സുകുമാരശരീരത്തെ വിശ്രമിപ്പിക്കുക.
17. മൃദുചയമലയപവനസുരഭിഗീതേ
വിലസമദനശരനികരഭീതേ
മൃദുലമായ മലയപവനന്റെ ചന്ദനഗീതത്തില്,മദനശരനികരത്തെ ഭയപ്പെടുന്നവളേ, വിശ്രമിച്ചാലും.
18. വിതതബഹുവല്ലിനവപല്ലവഘനേ
വിരസചിരം അലസപീനജഘനേ
പുതിയതളിരുകളുടെ ഘനംപേറുന്ന അനേകം വല്ലികളില്, അലസമായ പീനജഘനത്തെ വിശ്രമിപ്പിച്ചാലും.
19. മധുമുദിതമധുപകുലകലിതരാവേ
വിലസമദനരസസരസഭാവേ
മധുവുണ്ടുമദിച്ച മധുപകുലത്തിന്റെ മൃദുനാദത്തിൽ, മദനരസസരസഭാവമുള്ളവളേ, വിശ്രമിച്ചാലും.
20. മധുരതരപികനികരനിനദമുഖരേ
വിലസദശനരുചിരുചിരശിഖരേ
മധുരതരമായ കുയിലുകളുടെ നാദംകൊണ്ട് മുഖരിതമായ കുഞ്ജത്തിൽ,മനോഹരമായ ദന്തങ്ങളുടെ ശോഭയോടെ വിശ്രമിച്ചാലും.
21. വിഹിതപത്മാവതീസുഖസമാജേ
കുരുമുരാരേ മംഗലശതാനി
ഭണതിജയദേവകവിരാജരാജേ
വിപരീതമായ സുകം പത്മാവതിയോടൊപ്പം ആസ്വദിക്കുക. മുരാരേ,മംഗലശതങ്ങൾ, അവളോടൊത്ത് ചെയ്യുക.ജയദേവകവിരാജരാജൻ പാടിക്കൊണ്ടേ ഇരിക്കാം.
22. ത്വാം ചിത്തേനചിരംവഹന്നയം അതിശ്രാന്തോ ഭൃശം താപിത
കന്ദർപ്പേന ച പാതുമിഛതി സുധാസംബന്ധ ബിംബാധരം
അസ്യാങ്കംതദലംകുരുക്ഷണം ഇഹഭ്രൂക്ഷേപലക്ഷ്മീലവം
കൃതേദാസ ഇവോപസേവിതേ പദാംബോജേ കുതസംഭ്രമഃ
നിന്നെ ചിരകാലം ചിത്തത്തിൽവഹിച്ച് അവന് തളർന്നിരിക്കുന്നു. കന്ദർപ്പനാൽ, തപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ബിംബാധരത്തിലെ സുധ പാനം ചെയ്യാന് അവനിഛിക്കുന്നു. അവന്റെ മടിയെ നിന്റെ ശരീരംകൊണ്ട് അലങ്കരിക്കുക. ഭ്രൂകടാക്ഷം കൊണ്ട് ലക്ഷ്മിയുടെ ദാസ

നായിത്തീർന്നവനിന്നിതാ, നിന്റെ പാദാരവിന്ദങ്ങളെ പാദദാസനായി ഉപസേവിക്കുന്നു. നീ എന്തിനാണ് സംഭ്രമിക്കുന്നത്.

23. സാസശാധ്വസസാനന്ദം ഗോവിന്ദലോലലോചനം
സിഞ്ചനമഞ്ജുമഞ്ജീരം പ്രവിവേശാഭിവേശനം
സംഭ്രമവും സാനന്ദവും കലർന്ന കണ്ണുകളെ ഗോവിന്ദനില് പതിപ്പിച്ചുകൊണ്ട്, മഞ്ജുളമായ ആ നികുഞ്ജത്തിലേക്ക് മഞ്ജീരധ്വനിയുടെ അകമ്പടിയോടെ രാധ പ്രവേശിച്ചു.
പ്രബന്ധം 22 വരാളി യതി(രൂപകം) (മദ്ധ്യമാവതി,ആദി)

24. രാധാവദനവിലോകനവികസിതവിവിധവികാരവിഭംഗം
ജലനിധിമിവ വിധുമണ്ഡലദർശന തരളിതതുംഗതരംഗം
ഹരിമേകരസംചിരമഭിലഷിതവിലാസം
സാ ദദർശഗുരുഹർഷവശംവദവദനം അനംഗവിലാസം(ധ്രുവ)
ചിരകാലമായി ഉള്ളിലൊതുക്കിയ അഭിലാഷങ്ങളും വികാരങ്ങളും രാധയുടെ മുഖം കണ്ട തോടെ അവന്റെ ഉള്ളിൽ ചന്ദ്രമണ്ഡലം കണ്ട തരളിയമായ ജലനിധിയിലെ തുംഗതരംഗ ങ്ങളെപ്പോലെ ഉയർന്നു. അവളും ചിരകാലമായി അഭിലഷിക്കുന്ന ഏകരസമായ ഹരിയുടെ രസാനുഭവത്തിൽ പങ്കുചേർന്നു. ദർശനസൌഭാഗ്യം കൊണ്ടുതന്നെ അനംഗനിവാസമാ യ അവന്റെ മുഖം തനിക്കുവശംവദമായിരിക്കുന്ന ഗുരുഹർഷത്തെ ഉദ്ഘോഷിച്ചു.
ഗുരുഹർഷം-മഹത്തായ,വലുതായ ഹർഷം. കാത്തിരുന്ന ശിഷ്യനെ കണ്ട ഗുരുവിന്റെ സന്തോഷമെന്നും എടുക്കാം.

25. ഹാരമമലതരതാരമുരസിദധാനം പരിലംഭ്യവിദൂരം
ശ്ഫുടതരഫേനകദംബകരംബിതമിവ യമുനാജലപൂരം
യമുനാജലം നുരകളെ ചുഴികളിലിട്ടുകറക്കുന്നതുപോലെ മാറിലണിഞ്ഞ അമലതരമായ മുത്തുകളെ (മുത്തുമാല) തന്റെ നെഞ്ചത്ത് കയ്യിലിട്ട് കറക്കിക്കൊണ്ടിരുന്നു.

26. ശ്യാമളമൃദുലകളേബരമണ്ഡലം അധിഗതഗൌരദുകൂലം
നീലനലിനമിവ പീകപരാഗപടലഭരവലയിതമൂലം
ശ്യാമളമായശരീരം മൂടിയ പട്ട് ,നീലത്താമരയെ മൂടിയ സ്വർണ്ണനിറമുള്ള പരാഗപടലത്തി ന്റെ വലയംപോലെ ശോഭിച്ചു.

27. തരലദൃശാഞ്ചലചലനമനോഹരവദനജനിതരതിരാഗം
സ്ഫുടകമലോദരഖേലിതഖഞ്ജനയുഗമിവശരദിതദാഗം
രതിരാഗരസം ജനിപ്പിക്കുന്നതും പ്രകടിപ്പിക്കുന്നതുമായ കൃഷ്ണന്റെ മനോഹരമുഖത്തിൽ ദൃഷ്ടിപ തിക്കവേ,രാധയിൽ വികാരങ്ങള് ചഞ്ചലമായി ഉണർന്നു. ശരൽക്കാലത്ത് സരസ്സില് താമരപ്പൂവിലിരുന്ന് രതികേളിയാടുന്ന നീർപ്പക്ഷിമിഥുനംപോലെ.

28. വദനകമലപരിശീലനമിലിതമിഹിരസമകുന്തലശോഭം
സ്മരരുചിരുചിരസമുല്ലസിതാധരപല്ലവകൃതരതിലോഭം
ചുറ്റും കുന്തളംപാറുന്ന വദനകമലത്തിൽ സൂര്യശോഭയാർന്ന കുണ്ഡലംതിളങ്ങി. മന്ദഹാസ മനോജ്ഞമായ മധുരമായ അധരപല്ലവം അവളിൽ രതിലോഭമുണ്ടാക്കി.

29. ശശികിരണച്ചുരിതോദരജലധരസുന്ദരസകുസുമകേശം
തിമിരോദിതവിധുമണ്ഡലനിർമ്മലമലയജതിലകനിവേശം
ചന്ദ്രകിരണങ്ങൾ മേഘത്തിലെന്നപോലെ ,സുന്ദരപുഷ്പങ്ങൾ അവന്റെ കേശത്തില് അലങ്ക രിക്കപ്പെട്ടുകണ്ടു. ഇരുട്ടുദിച്ച പൂർണ്ണചന്ദ്രമണ്ഡലംപോലെ നീലത്തിരുനെറ്റിയില് ചന്ദനതി ലകം തിളങ്ങി.

30. വിപുലപുലകഭരദന്തുരിതംരതികേളകലാഭിരധീരം
മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗശരീരം
അവളുടെ രതികേളീകലയുടെ അധീശനാണ് താനെന്ന് സൂചിപ്പിക്കുമാറ്,അവന്റെ ശരീ രത്തിൽ വിപുലമായ പുളകം രോമാഞ്ചകഞ്ചുകം വിരിച്ചു.ആ സുഭഗശരീരത്തിൽ, മണിഗണ കിരണസമൂഹങ്ങളാൽ,നിർമ്മിച്ച ഉജ്ജ്വലഭൂഷണങ്ങള് പ്രഭ ചൊരിഞ്ഞു.

31. ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃതഭൂഷണഭാരം
പ്രണമതഹൃദിവിനിധായഹരിം സുചിരം സുകൃതോദയസാരം

ശ്രീജയദേവന്റെ ഗാനം കൃഷ്ണന്റെ ഭൂഷണഭാരവിഭൂതികളെ ദ്വിഗുണീകരിക്കുന്നു.ഹൃദയത്തിൽഹരിയെ ഉറപ്പിച്ച് പ്രണമിക്കുക,അത് സുകൃതോദയസാരമാണ്.

32. അതിക്രമ്യാപാംഗം ശ്രവണപഥപര്യന്തഗമന
പ്രയാസേനേ വാ ക്ഷണോസ്തരലതരതാരം ശമിതയോ
ഇദാനീം രാധായാപ്രിയതമസമാലോകസമയേ
പപാതസ്വേദാംബുപ്രസരഇവഹർഷാശ്രുനികര.
കടക്കണ്ണ് ചെവിവരെ നീണ്ടതുകൊണ്ട് അവയുടെ അതിർത്തിയെ അതിക്രമിച്ചു.വിറക്കുന്ന കൃഷ്ണമണികളോടെ അവളുടെ തുളക്കുന്ന നോട്ടം അവനിൽപതിച്ചു.അവരുടെ നോട്ടം തമ്മിലിടഞ്ഞു.രാധ ഇപ്രകാരം പ്രിയതമന്റെ മുഖദർശനവേളയില് വിയർപ്പുതുള്ളികളും ഹർഷാശ്രുക്കളും ഒപ്പം പൊഴിച്ചു.

33. ഭജന്ത്യസ്തല്പ്പാന്തം കൃതകപടകൺഡൂതിപിഹിത
സ്മിതംയാതേ ഗേഹാദ്ബഹിരവഹിതാലീപരിജനേ
പ്രിയാസ്യം പശ്യന്ത്യാസ്മരപരവശാകൂടസുഭഗം
സലജ്ജാലജ്ജാപിവ്യഗമദിവദൂരംമൃഗദൃശഃ
അവൻതല്പ്പത്തിനടുത്തെത്തി. പുഞ്ചിരിയെ മറയ്ക്കാൻശ്രമിക്കുന്ന അവൾ, ഗൃഹത്തിനു പുറത്തു നിൽക്കുന്ന സഖിമാരും പരിജനങ്ങളും കാണുന്നുവോ എന്നു ശങ്കിച്ചു. സ്മരപരവശവും കള്ളപ്പുഞ്ചിരികൊണ്ടുസുഭഗവുമായ പ്രിയന്റെ മുഖം കണ്ടപ്പോൾ,സ്വതേ ലജ്ജാശീലയായ രാധ പോലും ലജ്ജമറന്ന് ലജ്ജിച്ചു.

34. സാനന്ദം നന്ദസൂനുർദിശകുനിസ്തപരം സമ്മദം മന്ദമന്ദം
രാധാമാധായബാഹവോർ വിവരമനുധൃതം പീഢയൻപ്രീതിയോഗാത്
തുംഗൌതസ്യാഉരജോവതനുവരതനോർനിർഗ്ഗതൌമാസ്മഭൂതാം
പൃഷ്ഠം നിർഭിദ്യതസ്മാദ് ബഹിരിതിവലിതഗ്രീവമാലോകയന് വഹ.
ആനന്ദപൂർവ്വം നന്ദസുതനിരിക്കുന്ന ദിക്കിലേക്ക് ഇനി മറ്റൊന്നില്ലാത്ത രീതിയില് മന്ദമന്ദം മദാലസയായി പ്രവേശിക്കുന്ന രാധയെ പ്രീതിയോഗത്താൽ ആശ്ലേഷിച്ച് ,അവളുടെ ശ്രേഷ്ഠമായ ശരീരത്തിലെ ഉന്നതങ്ങളായ വക്ഷോജങ്ങളെ പീഢിപ്പിച്ചും ,ആരെയും മയക്കുന്ന നിതംബത്തെ ഭേദിച്ചും,രസിച്ച ഹരി ,അതിനുശേഷം അവളുടെ വലയങ്ങളോട്ടുകൂടിയ കഴുത്തിന്റെ സൌന്ദര്യം ആലോകനം ചെയ്തു.
ഗതി,ഗമകഗീതങ്ങളേയും,മൂന്നുമടിച്ചെന്നുതമിഴില് പറയുന്ന മംഗല്യസൂത്രത്തേയും ,ഷഡ്ജ, ഗാന്ധാര,മദ്ധ്യമഗ്രാമങ്ങളേയും കാണിക്കുന്ന ത്രിവലയങ്ങൾ സൌന്ദര്യം,പാതിവ്രത്യം, സംഗീതജ്ഞാനം എന്നിവയെ സൂചിപ്പിക്കുന്നു.ഈ ത്രിവലയം രാധയുടെ കഴുത്തിലുണ്ടെന്ന് കൃഷ്ണൻകണ്ടു. സാമുദ്രികശാസ്ത്രപ്രകാരം ത്രവലയങ്ങളുള്ള സ്ത്രീ സുന്ദരിയും സുശീലയും കലാബോധമുള്ളവളും കാമങ്ങളെല്ലാം സാധിപ്പിച്ചുതരുന്ന പതിവ്രതയുമാണ്.

35. ജയശ്രീവിനയസ്സൈർമഹിതഇവമന്ദാരകുസുമൈ
സ്വയംസിന്ദൂരേണദ്വിപരണമുദാമുദ്രിതഇവ
ഭുജാപീഢക്രീഢാഹതകുവലയാപീഢകരിണ
പ്രകീർണ്ണാസ്രഗ്ബിന്ുർജയതി ഭുജദണ്ഡോ മുരജിത.
മന്ദാരകുസുമങ്ങൾചേർത്തുരചിച്ച വൈജയന്തിമാലയോടൊപ്പം ആനയോടുള്ള യുദ്ധവേളയിൽ സിന്ദൂരച്ചാർത്തുപോലെ രക്തമുദ്രിതനായവനും,കൈകൊണ്ട് കുവലയാപീഢത്തെ മർദ്ദിക്കുമ്പോൾ,രതിക്രീഢാവേളയിലെ രാധാസ്തനങ്ങളെ ഓർത്തവനും ,അതിന്റെ മസ്തകത്തിലെ മദബിന്ദുക്കളുടെ മുത്ത് അണിഞ്ഞ് വിജയശ്രീലാളിതനായി, ജയതിജയതി എന്ന് ദണ്ഡുപോലുള്ള കൈകളുയർത്തി കംസനോട് ഉദ്ഘോഷിച്ചവനുമായ മുരജിത്ത് വിജയിക്കട്ടെ. ഇവിടെ മന്മഥയുദ്ധത്തിൽ കുവലയാപീഢത്തിന്റെ മസ്തകംപോലുള്ള രാധാസ്തനങ്ങളോടാണ് ജയം. ത്രിവലയമുദ്രയുള്ള പ്രിയതമയെ കിട്ടിയത് ജീവിതവിജയം.

36. സൌന്ദര്യൈകനിധേരനംഗലലനാലാവണ്യലീലാജുഷോ
രാധായഹൃദിപല്വലേ മനസിജക്രീഡൈകരംഗസ്ഥലേ
രമ്യൌരോജസരോജഖേലനരസിത്വാദാത്മനവ്യാപയന്,

ധ്യാതുർമ്മാനസരാജഹംസനിഭതാം ദേവാൻമുകുന്ദോമുദം
സൌന്ദര്യത്തിന്റെ ഏകനിധിയും അനംഗലലനാ(രതി)യുടെ
ലാവണ്യലീലയോടുകൂടിയവളുമായ രാധയെ ,കാമന്റെ ലീലയുടെ രംഗസ്ഥലമായ ഹൃദയത്തിൽ, നെഞ്ഞത്തിരുത്തി,അതിരമ്യമായ അവളുടെ വക്ഷോജങ്ങളാകുന്ന താമരകളിൽ രസിച്ചുകളിച്ച്,സ്വാത്മാവിനെ അവയിൽമാത്രം വ്യാപരിപ്പിച്ച് ,അതിനെത്തന്നെ ധ്യാനിച്ച് ആനന്ദവാനായ മുകുന്ദൻ ധ്യാനികളായ മുക്തപരമഹംസന്മാരുടെ മാനസസരോജത്തിലെ രാജഹംസമായി ശോഭിച്ചു. രാധായോഗിനിയുടെ മുനിമാനസഹംസമാണ് കൃഷ്ണപരമാത്മാവ്. രാധ അവന്റെ (യോഗിയുടെ)മാനസഹംസവുമാമ്. പരസ്പരം മാനസഹംസങ്ങളാണ്.

ദ്വാദശസർഗ്ഗം സുപ്രീതപീതാംബരം

1. ഗതവതിസഖീവൃന്ദേ മന്ദത്രപാഭരനിർഭര-
സ്മരപരവശാത്രതസ്ഥിതസ്മിതസ്നപീതാംബരം
സരസമാനസംദൃഷ്ട്വാ രാധാം മുഹുർനവപല്ലവ
പ്രസവശയനേ നിക്ഷിപ്താക്ഷിം ഉവാച ഹരിപ്രിയാം
സഖിനാരൊക്കം അവളെ അവിടെ തനിച്ചുനിർത്തി പോയി.ലജ്ജപുരണ്ട മന്ദഹാസം കാമപരവശയായ രാധയുടെ ചുണ്ടിൽ പരന്നു.പ്രേമത്തിന്റെ ഗാഢസങ്കല്പങ്ങളും ലജ്ജയും അവളെ മാറിമാറി വിവശയാക്കാൻ മത്സരിച്ചു. തന്റെ പുതിയ തളിർമെത്തയിലേക്ക് നോട്ടമയച്ചുനില്ക്കുന്ന രാധയെക്കണ്ട് സരസമനസനായ ഹരി ഹരിപ്രിയയായ അവളോടുപറഞ്ഞു.
സഖികളെല്ലാം പോയപ്പോൾ രാധയുടെ ദൃഷ്ടി അറിയാതെ ഹരി ഒരുക്കിവെച്ച മെത്തയിലേക്കു ചെന്നു.അതിന്റെ ധ്വനി നന്നായി ഗ്രഹിച്ച സരസനായ ഹരി അവളുടെ ലജ്ജ മാറ്റാനായി സരസസംഭാഷണം തുടങ്ങി.
പ്രബന്ധം 23 വിഭാസ(ഷ)രാഗം ഏകതാളം (നാദനാമക്രിയ ആദി)
2. കിസലയശയനതലേ കുരുകാമിനി ചരണനളിനവിനിവേശം
തവപദപല്ലവവൈരിപരാഭവം ഇദമനുഭവതുസുവേഷം
ക്ഷണമധുനാ നാരായണമനുഗതമനുസര രാധികേ (ധ്രുവ)
കാമിനീ, എന്റെ തളിർമെത്തയിലേക്ക് നിന്റെ ചരണനളിനം പതിപ്പിച്ചാലും. നിന്റെ പദപല്ലവത്തിന്റെ വൈരിയാണെന്ന് എന്റെ ശയ്യക്കുള്ള പരാഭവം ആ അനുഭവത്തോടെ തീരട്ടെ. ക്ഷണത്തിൽ നാരായണനെ അനുഗമിച്ച് അനുസരിച്ചാലും,രാധികേ.
നാരായണൻ കാമതാപം പൊറുക്കാതെ ജലശയ്യയില് കിടക്കുന്നവനാണ്.താമര ജലശയനയായ ജലപുഷ്പമാണ്.ജലശയ്യയിലെ ജലപുഷ്പത്തിൽ,നാരായണന്റെ താപം ശമിക്കട്ടെ. അവൻ യോഗനിദ്രയുടെ നിർവൃതിസുഖമറിയട്ടെ.
3. കരകമലേന കരോമിചരണംഅഹം ആഗമിതാസിവിദൂരം
ക്ഷണമുപകുരുശയനോപരി മാമിവ നൂപുരമനുഗതിശൂരം
കരകമലംകൊണ്ട് ഞാനിതാ നിന്റെ പാദം തലോടുന്നു. നീ വളരെ ദൂരെനിന്ന് വന്നതല്ലേ. നിന്റെ ശയ്യഞാനാണെന്നറിഞ്ഞ് ക്ഷണത്തില് ശയനോപരി നൂപുരങ്ങളഴിച്ചു വെക്കുക.   മാമിവഃ- ഈ ഞാൻമാത്രം ശരണം. കാണുന്നതെല്ലാം ഞാനാണ്,ശയ്യപോലും ഞാനാണ്,ഞാനല്ലാതൊ മറ്റൊന്നില്ല,സർവ്വം ബ്രഹ്മമയം.
4. വദനസുധാനിധിഗലിതമമൃതംഇവ രചയവചനമനുകൂലം
വിരഹമിവാപനയാമി പയോധരരോധകമുരസി ദുകൂലം
നിന്റെ മുഖത്തിലെ നിധിയായ അമൃത് പ്രവഹിക്കട്ടെ. അമൃതുപോലുള്ള അനുകൂല വചനം രചിച്ചാലും. നമ്മുടെ വിരഹം അവസാനിക്കാനായി ഞാനെന്റെ വക്ഷസ്സെന്ന പോലെ, നിന്റെ പയോധരങ്ങളെ മൂടിയ പട്ടിനേയും അഴിച്ചുകളയട്ടേ.
അവർക്കിടയിലിപ്പോൾ,ആ ഒരു പട്ടുമാത്രമേ ഉള്ളു,തടസ്സമായിട്ട്. അതുംകൂടി നീക്കട്ടേ എന്നുചോദിക്കുന്നു. ഈ വസ്ത്രാക്ഷേപം ഗോപികാവസ്ത്രാപഹരണത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

5. പ്രിയപരിരംഭണരഭസവലിതം ഇവപുലകിതമതിദുരവാപം
മദുരസികുചകലശം വിനിവേശയ ശോഷയമനസിജതാപം
പ്രിയന്റെ പരിരംഭണം കൊതിച്ച് രസാനുഭവം മോഹിച്ച് തുടിച്ചു പുളകിതങ്ങളായി നില്ക്കുന്ന നിന്റെ കുചകലശങ്ങളിതാ കഠിനമായിരിക്കുന്നു.അവയെ എന്റെ ഉരസ്സിലർപ്പിച്ച് അമർത്തുക.ആ അമൃതംകൊണ്ട് എന്റെ കാമതാപം ശമിപ്പിക്കുക.
6. അധരസുധാരസമുപനയഭാമിനി ജീവയമൃതമിവദാസം
ത്വയിവിനിഹിതമനസം വിരഹാനലദഗ്ധവപുഷം അവിലാസം
നിന്റെ അധരസുധാരസം എനിക്കു പാനം ചെയ്യാൻ തരിക. ഹേ,ഭാമിനീ,മൃതനായ ഈ ദാസനെ ജീവിപ്പിക്കാൻ ആ അമൃതം തരിക. നിന്നിലർപ്പിതമായ മനസ്സ് വിരഹാഗ്നിയി ൽ ദഹിക്കുല്ല ശരീരം പോലെത്തന്നെ അവിലാസമായിരിക്കുന്നു. അതിനെ വീണ്ടും വിലാസലോലമാക്കുക. സമ്പൂർണ്ണരതിവിലാസം കൊണ്ട് മൃതസഞ്ജീവനം ചെയ്യുക.
7. ശശിമുഖിമുഖരയമണിരസനാഗുണം അനുഗുണകന്ദനിനാദം
ശ്രുതിയുഗളേ പികരുതവികലേ മമശമയചിരാദവസാദം
ശശിമുഖീ,നിന്റെ ശബ്ദത്തിന്റെ ശ്രുതിയോടിണങ്ങി നിന്റെ അരഞ്ഞാണം പ്രതിധ്വനിയുണ്ടാക്കട്ടെ. ചിരകാലമായി കാമാർത്തരായ കുയിലുകളുടെ രോദനം കേട്ടുകേട്ട് ആർത്തമായ എന്റെ കാതുകളുടെ വേദനമാറ്റുക. കുയിലിനേക്കാളും മധുരമായി സ്വരലയമൂർഛനകളാലും ശ്രുതിയുഗളമണിരസനഗീതങ്ങളാലും കൃഷ്ണന്റെ ശ്രുതിയെ ആനന്ദിപ്പിക്കുന്നവളാണ് രാധ. നാദാനുകൂലവും നാഥാനുകൂലവുമാണവളുടെ മധുരമൊഴി.
8. മാമതിവിഫലരുഷാവികലീകൃതമവലോകിതുമധ്യനേദം
ലജ്ജിതമിവനയനം തവ വിരമതി വിസൃജവൃഥാരതിഖേദം
രാധേ,ഇപ്പോളെന്നെ കരയിക്കുമാറ് , വെറുതേ രോഷംപൂണ്ടുവല്ലോ എന്ന ചിന്ത നിന്നെ ലജ്ജിപ്പിക്കുന്നു. ആ ലജ്ജ നീക്കുക. നിന്റെ കണ്ണുകളാൽ,നോക്കുക. എന്റെ രതിഖേദം അവസാനിപ്പിച്ചുതരിക. കുനിഞ്ഞമുഖവുമായി ലജ്ജിച്ചുനിന്നാലത് രതികേളിയിലെ ആനന്ദത്തിന് തടസ്സമാവും.
9. ശ്രീജയദേവഭണിതമിദമനുപദനിഗദിതമധുരിപുമോദം
ജനയതുരസികജനേഷു മനോരമരതിരസഭാവവിനോദം
സ്രീജയദേവകവിയുടെ ഗാനത്തിൽ, അനുപദം മധുരിപുവിന്റെ ആനന്ദം തുളുമ്പുകയാണ്. രസികജനങ്ങളിൽ മനസ്സിനെ രമിപ്പിക്കുന്ന രതിരസഭാവവിനോദം ജനിക്കട്ടെ.
10. പ്രത്യൂഹപുളകാങ്കുരേണ നിബിഡാശ്ലേഷേനിമേഷേ ന ച
ക്രീഡാകൂടവിലോകിതേ അധരസുധാപാനേകഥാകേളിഭി
ആനന്ദാധിഗമേന മന്നമഥകലായുദ്ധേപിയസ്മിന്നഭൂത്
ഉദ്ഭൂതസ തയോർബഭൂവ സുരതാരംഭപ്രിയം ഭാവുക
പുളകാങ്കുരങ്ങളുത്ഭവിക്കുന്ന ഗാഢാശ്ലേഷനിമിഷത്തിൽ,ലീലാകടാക്ഷങ്ങളും അധരസുധാപാനവും കഥാകേളികളും ആനന്ദാധിഗമങ്ങളുണ്ടാക്കുന്ന മന്മഥകലായുദ്ധത്തില് ഉണ്ടാവുന്ന രസാനുഭവം ,സുരതമാരംഭിക്കുംമുമ്പുതന്നെ രാധ പ്രിയന്നു കൊടുത്തു. അതിപ്രിയവും സംഭോഗരസംതരുന്ന പുളകവും അർദ്ധനിമീലിതമായ അക്ഷിയും (ഇമവെട്ടലും) അധരപാനവേളയിൽ കൃഷ്ണന് മറ്റുകാമകേളികൾക്കു തടസ്സമായത്രേ. എന്നാലീ വിഘ്നങ്ങൾ തന്നെ സുരതാരംഭത്തിൽ തന്നെ സുരതാന്ത്യത്തിലെ ആനന്ദം കൊടുത്ത് കൃഷ്ണന് സന്തോഷമണക്കുകയും ചെയ്തു.
11. ദോർഭ്യാം സംയമിതപയോധരഭരേണാപീഡിതപാണിജൈര്
ആവിദ്ധോദശനൈക്ഷതാധരപുടശ്രോണിതതേനാഹത
ഹസ്തേനാനമിതാ കചേ അധരമധുസ്യന്ദേനസമ്മോഹിതാ
കാന്താകാമപിതൃപ്തിമാപതദ് അഹോ കാമസ്യവാമാഗതി
കൃഷ്ണൻ രാധയെ രണ്ടുകൈകളും കൊണ്ട് മാറോടടുക്കിപ്പിടിച്ച് പാണികളാല് ഭാരമേറിയ പയോധരങ്ങളെ പീഡിപ്പിച്ച് പല്ലുകളാല് അധരപുടങ്ങളില് ക്ഷതമേല്പ്പിച്ച്, അനേക സൈന്യങ്ങളെ ജയിച്ച കൈകൊണ്ട് മുടി കൂട്ടിപ്പിടിച്ച് ,അധരമധുപാനം ചെയ്ത് ,കാന്തക്ക് തിരിച്ചും സംതൃപ്തി കൊടുത്തു. കാമന്റെ വാമാഗ്നി അത്ഭുതകരം. കാമവശഗ

യായ വാമയുടെ വിപരീതരതിയും അതിശയകരം ലജ്ജാശീലയായ രാധയുടെ ആ വാമഗതി അടുത്തവരികളില് കാണാം.

12. മാരാങ്കേ രതികേളിസങ്കലരണാരംഭേതയാസാഹസ-
പ്രായംകാന്തജയായ കിഞ്ചിദുപരിപ്രാരംഭിയത് സംഭ്രമാത്
നിഷ്പന്ദാജഘനസ്ഥലീശീതിളിതാദോർവല്ലിരുത്ക്കമ്പിതം
വക്ഷോമിളിതമക്ഷിപൌരുഷരസസ്ത്രീണാം കുടസിദ്ധ്യതി
മാരയുദ്ധത്തില്,രതിയുടെ കേളീവിജയതിതനായി ലജ്ജാവതിയായ രാധ രണാരംഭത്തി ൽത്തന്നെ ,സംഭ്രമത്തോടെ കാന്തന്റെ ഉപരി സാഹസപൂർവ്വം ആരംഭിച്ച് ,തളർന്നു പോയി. വിപരീതരതിയിൽ തളർന്നപ്പോൾ, ജഘനത്തിന്റെ ചലനം നിലച്ചു. കെട്ടിപ്പിടിച്ച ബാഹുബന്ധം ശീതളമായി (അയഞ്ഞു).വക്ഷസ്സ് മാത്രം ഉത്കമ്പിതമായി ഉയർന്നു താഴ്ന്നുകൊണ്ടിരുന്നു. ഈ സാഹസങ്ങളും മാറ്റങ്ങളും വീക്ഷിക്കുന്ന കൃഷ്ണന്റെ കണ്ണിലെ പൌരുഷരസം കണ്ടപ്പോൾ, അവൾക്ക് സ്ത്രൈണമായ നാണംകൊണ്ട് പെട്ടെന്നു രസസിദ്ധി വന്നു. മറ്റവയവങ്ങളുടെ ചലനം നിന്നിട്ടും തന്റെ മാറത്ത് തൊട്ട് വിറച്ചും ചലിച്ചും ഇനിയുമിനിയും സുരതസുഖം വേണമെന്ന് സൂചിപ്പിച്ച് സ്തനങ്ങൾ പെരുമാറുന്നത് കണ്ണുതുറന്ന് നോക്കിയിരുന്ന് രസിക്കുന്ന കണ്ണനെ ,കണ്ണടച്ച് വിപരീതരതിചെയ്യുന്ന രാധ ആദ്യം കണ്ടില്ല,ശ്രദ്ധിച്ചില്ല,കണ്ടതോടെ ആ സരസഭാവം കണ്ട്,പൌരുഷം കണ്ട് അവൾക്ക് നാണംവന്നു.അവൾക്കും, ആ നാണം കണ്ട കണ്ണനും ഒരുമിച്ച് രസസിദ്ധി വന്നു.

13. തസ്യാപാടലപാണിജാങ്കിതമുരോനിദ്രാകഷായേദൃശൌ
നിർദ്ധൌതാധരശോണിമാവിലുലിതസ്രസ്തസ്രജോമൂർദ്ധജ
കാഞ്ചീധാമധരശ്ലഥാഞ്ചലമിതി പ്രാതർനിഘാതൈർദൃശോ
ഏഭികാമശരൈസ്തദത്ഭുതമഭൂത് പത്യുർമനകീലിതം
രാധയുടെ സ്തനങ്ങളിൽ,കൃഷ്ണന്റെ ചുവന്ന നഖം പാടലീപുഷ്പംപോലുളള മുദ്രകളെ രചിച്ചു. രാത്രി ഉറങ്ങാതിരുന്നിട്ട് കണ്ണു ചുവന്നു. അടിക്കടി കൃഷ്ണന്റെ ചുംബനമേറ്റ് അധരം രക്തവർണ്ണമായി. വാടിച്ചുരുങ്ങി അഴിഞ്ഞുമുലഞ്ഞും കിടന്നമുടിയിൽ തലേന്നാളത്തെ പൂമാലകൾ ,വസ്ത്രം കീറിപ്പോയി നഗ്നമായ നിതംബത്തിലെ പൊന്നരഞ്ഞാണിന്റെ ശോഭ, പ്രഭാതത്തിൽ ഈ രൂപത്തില് അവളെ കണ്ടതും കൃഷ്ണന് വീണ്ടും കാമശരം കൊണ്ടു പീഢയേറ്റു. അത്ഭുതം, കാമപീഢിതമായ ഭർതൃമനസ്സിന്റെ കീലിതം.(അവർ പ്രഭാതത്തിലും വീണ്ടും രതിക്രീഡ ചെയ്തെന്ന് സൂചന).

14. വ്യാലോലകേശപാശസ്തരയിതം അലകൈസ്വേദമോക്ഷൌ കപോലൌ
ക്ലിഷ്ടാ ബിംബാധരശ്രീകുചകലശരുചാ ഹാരീതാഹാരയഷ്ടി
കാഞ്ചീകാന്ിർഹതാശാസ്തനജഘനപദം പാണിനാശ്ചാദ്യസാദ്ധ്യം
പശ്യന്തീ സത്രപാ സാ തദപി വിലുലിതാ മുഗ്ധകാന്തിർധിനോതി
അഴിഞ്ഞുലഞ്ഞ് കരിനാഗച്ചുരുളുപോലെ കേശപാശം, വിയർപ്പുതുള്ളികള് പറ്റിനിൽക്കുന്ന കവിളുകളും മുലകളും, മാലകളും അലങ്കാരങ്ങളും പൊഴിഞ്ഞിട്ടും രാധ രതികേളിയിൽ കൃഷ്ണനാല് ചാർത്തപ്പെട്ട ആ വിശിഷ്ടാഭരണങ്ങൾകൊണ്ട് ശോഭിച്ചു. കാഞ്ചിയഴിഞ്ഞിട്ടും,കൃഷ്ണന്റെ ആനന്ദമുദ്രയായ അതിന്റെ കാന്തി ജഘനങ്ങളിൽശോഭിച്ചു. ആഭരണങ്ങളൊന്നുമില്ലാതെയും അസാദ്ധ്യമായത് (ലോകത്തില്റെ നാഥനുതന്നെ ആനന്ദകാരിണിയാവുക എന്നത്) സാധിച്ചു എന്ന അറിവിൽ, മുഗ്ധയായ അവൾ, ത്രപയോടെ (വിറച്ചുകൊണ്ട്) സ്വസ്വരൂപം (കൃഷ്ണസ്വരൂപം) അറിഞ്ഞു.(സാരൂപ്യമുക്തി).

15. ഈശന്മീലിതദൃഷ്ടിമുഗ്ധവിലസത് സീത്ക്കാരധാരവസാദ്
അവ്യക്താകുലകേളികാകുവികസദ് ദന്താംശുധൌതാധരം
ശാസ്തസ്തബ്ധപയോധരം ദൃശപരിശ്വംഗാദ് കുരംഗീദൃശോ
ഹർഷോത്കർഷവിമുക്തനിഃസഹതനോർധന്യോധായതിആനന്ദം
രാധയുടെ അധരപാനം കൊണ്ട് ഹർഷവും ഉത്കർഷവും മുക്തിയും നേടിയതുകൊണ്ട് താനും ധന്യനായെന്ന് കൃഷ്ണനുമറിഞ്ഞു. സീത്കാരധാരകളുടെ ക്ലേശത്താലും അവ്യക്തമായ രതികേളികളിലെ സൂക്ഷ്മാനന്ദാനുഭവത്താലും വികസിതവദനയായി, കൃഷ്ണ

ന്റെ ദന്തകിരണങ്ങൾ പതിഞ്ഞ അധരപുഷ്പങ്ങളോടെ ശാന്തവും സ്തബ്ദവുമായിപ്പോയ സ്തനങ്ങളോടെ കൃഷ്ണന്റെ മാറത്ത് തളർന്നുവീണ ലജ്ജിതയും ആനന്ദവതിയുമായ രാധയുടെ അധരപാനം ചെയ്ത കൃഷ്ണനാണ് ഭാഗ്യവാനെന്ന് കവിയും കരുതുന്നു. സ്ത്രീയുടെ മഹത്വത്തെ കൃഷ്ണനെപ്പോലെ കവിയും അംഗീകരിക്കുന്നു.

16. അഥസഹസാ സുപ്രീതം സുരതാന്തേ സാ നിതാന്തഖിന്നാംഗീ
രാധാ ജഗാദ സാദരം ഇദം ആനന്ദേന ഗോവിന്ദം
സാഹസികമായ ആ സുരതം അവസാനിച്ചപ്പോൾ, സുരതക്രീഡാലക്ഷണങ്ങളാൽ ഖിന്നാംഗിയും കാമവേദന തീർന്ന് ശാന്തയും സുപ്രീതയുമായ സ്വാധീനഭർതൃകയായ രാധ ആനന്ദപൂർവ്വം സാദരം ഗോവിന്ദനോട് ഇങ്ങനെ ആവശ്യപ്പെട്ടു.
പ്രബന്ധം 24 രാമക്രീ രാഗം യതി(രൂപക)താളം. (മംഗലകൌശികി ,മിശ്രചാപ്പ്), (സുരുട്ടി, ആദി)

17. കുരുയദുനന്ദന ചന്ദനശിശിരതരേണകരേണ പയോധരേ
മൃഗമദപത്രകമത്രമനോഭവമംഗലകലശസഹോദരേ
നിജഗാദസായദുനന്ദനേ ക്രീഡതി ഹൃദയാനന്ദനേ(ധ്രുവ)
ഹൃദയാനന്ദകാരിയായ യദുനന്ദനാ, ചന്ദനംപോലെ കുളിർമ്മയുള്ള നിന്റെ കൈകൊണ്ട് കാമന്റെ മംഗലകലശംപോലുള്ള എന്റെ പയോധരങ്ങളിൽ മൃഗമദംകൊണ്ട് ചിത്രം വരച്ചുകൊള്ളുക.

18. അളികുലഗഞ്ജനം അഞ്ജനകം രതിനായകസായകമോചനേ
ത്വദധരചുംബനലംബിതകജ്ജലഉജ്വലയപ്രിയലോചനേ
രതിനായകന്റെ സായകങ്ങളിൽനിന്ന് എന്നെ മോചിപ്പിച്ചവനേ, എന്റെ കണ്ണുകളാകുന്ന താമരപ്പൂക്കൾക്ക് തേൻവണ്ടുപോലെ ഇരിക്കുന്നവനേ, നിന്റെ അധരംകൊണ്ട് പാനം ചെയ്യപ്പെട്ടുകയാല്, ഉജ്വലമായ എന്റെ വദനത്തിന്റെ സൌന്ദര്യം വർദ്ധിപ്പിക്കാനായി,നിന്റെ പ്രിയയായ എന്റെ ലോചനങ്ങളില് അഞ്ജനമെഴുതുക.

19. നയനകുരണതരംഗവികാസനിരാസകരേ ശ്രുതിമണ്ഡലേ
മനസിജപാശവിലാസധരേ ശുഭവേഷനിവേശയ കുണ്ഡലേ
മാന്മിഴികളുടെ കടാക്ഷതരംഗങ്ങളുടെ വികാസത്തെ തോൽപ്പിക്കുന്ന കടാക്ഷം ചൊരിഞ്ഞ് ,കാമന്റെ പാശവിലാസം ധരിച്ച്, കാമോപമനായി ശുഭവേഷധാരിയായിരിക്കുന്ന കല്യാണരൂപാ, എന്റെ ശ്രുതിമണ്ഡലങ്ങളിൽ കുണ്ഡലം ചാർത്തുക.

20. ഭ്രമണചയം രചയന്തമുപരിരുചിരം സുചിരം മദസമ്മുഖേ
ജിതകമലേ വിമലേ പരികർമ്മയ നർമ്മജനകമലകംമുഖേ
എന്റെ മുഖകമലത്തിനുചുറ്റും ഭ്രമണം ചെയ്യുന്ന കരിവണ്ടുകളെ പോലുള്ള അളകങ്ങളെ കോതിമാറ്റി ,നർമ്മരസംകലർന്ന കളിവാക്കുപറഞ്ഞ് രുചിരവും രമണീയവുമായ കസ്തൂരിതിലകം ചാർത്തിത്തരിക.

21. മൃഗമദരസവിലിതം ലലിതം കുരുതികം അലകരജനീകരേ
വിഹിതകലങ്കകലം കമലാനന വിശ്രമിതശ്രമശീകരേ
മൃഗമദരസം കൊണ്ട്, മാഞ്ഞുപോയ തിലകത്തെ വീണ്ടും അണിയിക്കുക. മൃഗപങ്കം (കളങ്കം)കൊണ്ടുള്ള സൌരഭ്യംകൊണ്ട് ചുറ്റും പാറി ശ്രമംകൊണ്ടുതളർന്ന അളികുലത്തിന് അല്പവിശ്രമത്തിനുശേഷം വീണ്ടും വീണ്ടും ശ്രമം കൊടുത്താലും,ഹേ,കമലാനനാ.

22. മമ രുചിരേ ചികുരേകുന്ദമാനദമാനസിജധ്വജചാമരേ
രതിഗലിതേ ലലിതേ കുസുമാനി ശിഖണ്ഡിശിഖണ്ഡദദാമരേ
എന്റെ മനോഹരമായ മുടിയിൽ, കാമന്റെ ധ്വജത്തിലെ ചാമരംപോലുള്ള കുന്തലില്, രതിവേളയിലൂർന്നുവീണ പൂമാലകൾക്കുപകരം പുതിയ പൂമാല കോർത്തു ചൂടിത്തരിക. അഴഞ്ഞുവീണ മയിൽപ്പീലിപോലുള്ള എന്റെ കേശത്തെ നീ അലങ്കരിക്കുക.

23. സരസഘനേ ജഘനേ മമശംബരദാരണവാരണകന്ദരേ
മണിരശനാവസനാഭരണാനി ശുഭാശയ വാസയ സുന്ദരേ
ശൃംഗാരരസം വഴിയുന്ന സരസ്സുകളില് മദിച്ച ആന വിളയാടുന്നതുപോലെ ,എന്റെ സരസഘനമായ ജഘനത്തിൽ വീണ്ടും മണിരശനാവസനാഭരാണാദി ചാർത്തിത്ത

ന്ന ശേഷം ,ശംബരന്റെ മദിച്ച ആന അതിന്റെ മന്ദിരമായ കന്ദരത്തിലെന്നപോലെ (ഗുഹ) ഹേ,ശുഭാശയാ, വീണ്ടും വീണ്ടും വിളയാടി രസിച്ചുകൊള്ളുക .

24. ശ്രീജയദേവവചസി രുചിരേ സദയംഹൃദയംകുരുമണ്ഡനേ
ഹരിചരണസ്മരമാമൃതനിർമ്മിതകലികലുഷജ്വരഖണ്ഡനേ
ശ്രീജയദേവന്റെ രുചിരമായ വാക്കുകളാകുന്ന ആഭരണം ചാർത്തി ഹരിചരണ സ്മര ണാമൃതം കൊണ്ടു നിർമ്മിച്ച ഈ കാവ്യത്തിൽ ശ്രീകൃഷ്ണഹൃദയം വിലസുന്നതിനാ ൽ,ക ലികന്മഷജ്വരം നീക്കുന്നതാണ്.
മംഗലശ്ലോകങ്ങൾ.

25. രചയകുചയോശ്ചിത്രം പത്രം കുരുഷ്വകപോലയോർ
ഘടയജഘനേ കാഞ്ചിം മുഗ്ദ്ധസ്രജകബരീഭരം
മലയവലയശ്രേണിം പാണൌ പദേ മണിനൂപുര-
വിതിനിഗദിതപ്രീതപീതാംബരോപി തഥാകരോത്
കൃഷ്ണനവളുടെ കുചങ്ങളിലും കപോലത്തിലും ത്രിപത്രം(കസ്തൂരി)കൊണ്ട് പൊട്ടുകുത്തി ചി ത്രം(കോലം)രചിച്ചു. ജഘനത്തിൽ കാഞ്ചി അണിയിച്ചു. മുടി കൊട്ടിവെട്ട് പൂമാല ചൂടിച്ചു. കയ്യിൽ പൊൻവളയും കാലില് മണിനൂപുരവും ചാർത്തി. അതീവപ്രീതനായ പീതാംബ രധാരി അവളെന്തുപറഞ്ഞുവോ അതെല്ലാം ചെയ്തു. സംതൃപ്തനായി,അവളെ തന്റെ മഞ്ഞപ്പട്ടും ഉടുപ്പിച്ചു.

26. പര്യങ്കീകൃതനാഗനായകഫണശ്രേണീമണീനാംഗണേ
സംക്രാന്തപ്രതിബിംബസംവലനയാ ബിഭ്രത് വിഭുപ്രക്രിയാം
പാദാംബോരുപാധാരിവാരിധിസുതാം അക്ഷാണാം ദിദൃക്ക് ഷുശതൈ
കാലവ്യൂഹം ഇവാചരൺ അപചിതൌ ഭൂയോഹരി പാതുവാ
ലക്ഷ്മീനാരായണന്റെ ശയ്യയാണ് നാഗനായകനായ അനന്തൻ. അവന്റെ ആയിരം ഫണത്തിലെ മണിഗണങ്ങളിൽ ലക്ഷ്മീനാരായണന്റെ അനന്തെ ബ്രതിബിംബങ്ങള് കാണുന്നു. കോടികോടി പ്രിയതമരൂപങ്ങളിൽ ഒരേ സമയം തന്റെ രതിക്രീഡ കാണാ നുള്ള ആശകൊണ്ട് അനേകം കണ്മാടികളിൽ (ശരീരം)ഹരി തന്നെത്തന്നെ വീക്ഷിക്കു ന്നു. ഓരോചരാചരത്തിലും സ്വന്തം പ്രതിബിംബം കണ്ടാനന്ദിക്കുന്നു.ഇപ്രകാരം കാല വ്യൂഹംപോലെ ആചരിക്കുന്ന ആ അപ്രതിമമഹിമാവായ ഹരി സംരക്ഷിക്കട്ടെ.

27. ത്വാം അപ്രാപ്യമയി സ്വയംവരപരാം ക്ഷീരോധതീരോദരേ
ശങ്കേസുന്ദരികാലകൂടമപിബൻ മൂഢോമൃഢാനീപതി
ഇത്ഥം പൂർവ്വകഥാഭിരന്യമനസാ വിക്ഷിപ്യവക്ഷോ അഞ്ചലം
രാധായാസ്തനകോരകോപരി മിലന്നേത്രോഹരിപാതുവാ
ഗാന്ധർവ്വരീതിയിലുള്ള സ്വയംവരത്തിനു വന്ന സുന്ദരി (ലക്ഷ്മി) തന്നെ സ്വീകരിക്കാ ത്തതിനാൽ ഇന്ദ്രന് മൂഢനായി. ശിവനിനി ജീവിച്ചിരുന്നിട്ടു കാര്യമില്ലെന്നുകരുതി കാള കൂടം കുടിച്ചു. നിന്നെ പ്രാപിക്കാനാവാത്തതിന്റെ ദുഃഖമാണവർക്ക്. ഇങ്ങനെ നർമ്മഭാവ ത്തിൽ പൂർവ്വജന്മകഥ പറയുന്ന വ്യാജേന രാധയുടെ ശ്രദ്ധ അതിലേക്കു തിരിച്ചിട്ട് സൂത്ര ക്കാരനായ ഹരി പതുക്കെ അവളുടെ മാറത്തുകിടന്ന വസ്ത്രം നീക്കി. പൂമൊട്ടുപോലുള്ള സ്തനങ്ങളിൽതന്റെ തൃക്കണ്ണുപതിച്ച് മതിയോവോളം അവയുടെ ഭംഗി ആസ്വദിച്ചു. ശൃം ഗാരരസരാജനായ ആ ശ്രീഹരി സംരക്ഷിക്കട്ടെ.

28. യദ്ഗന്ധർവ്വകലാസു കൌശലം അനുധ്യാനം ച യദ് വൈഷ്ണവം
യശ്ശൃംഗാരവിവേകതത്വരചനാകാവ്യേഷുലീലായിതം
തത്സർവ്വം ജയദേവപണ്ഡിതകവേകൃഷ്ണൈകതാനാത്മകാ
സാനന്ദപരിശോധയന്തു സുധിയശ്രീഗീതഗോവിന്ദതാ
ഗന്ധർകലയിലെ കൌശലം, ഷൈഷ്ണവമായ അനുധ്യാനം,ശൃംഗാരവിവേകതത്വരചന, ലീലാകാവ്യരചന ഇവയെല്ലാം ശ്രീകൃഷ്ണനിൽ
ഏകതാനാത്മകനായ(ഏകാഗ്രതന്മയത)ജയദേവനെന്ന പണ്ഡിതകവിയുടെ ഗീതഗോവിന്ദത്തിലുണ്ട്. സുധികൾ അവയെ സാനന്ദം പരിശോധിച്ച് വിലയിരുത്തിക്കൊള്ളട്ടെ. ഗീതഗോവിന്ദത്തിന്റെ രചനോദ്ദേശം

യഥാർത്ഥത്തിൽഇതാണ്. കാളിദാസനെപ്പോലെ ഒരു ആസ്ഥാനകവിയാണ് ജയദേവനും. കാളിദാസകാവ്യത്തെ നാമെങ്ങനെയാണ് വിലയിരുത്തുക. അതുപോലെ വേണം ജയദേവകവിയേയും കാവ്യത്തേയും വിലയിരുത്തേണ്ടതെന്ന് കവിതന്നെ ഇവിടെ സൂചിപ്പിക്കുന്നു. അമ്പലത്തിൽ പാടാനുളള ഭക്തികാവ്യമല്ല കുമാരസംഭവം. ഗീതഗോവിന്ദവും അല്ല.
നമ്മാൾവാരുടേയോ,കബീർ,മീര,ചൈതന്യൻ,ത്യാഗരാജനെന്നിലരുടെയോ കൂടെ പെടുത്താവുന്ന ഭക്തകവിയല്ല ജയദേവകവി. താനൊരു പണ്ഡിതകവിയാണെന്ന് ഇവിടെ പറഞ്ഞിട്ടുമുണ്ട്. സദിരിലും സദസ്സിലും പാടാനും ആടാനും അഭിനയിക്കാനും (സംഗീതനൃത്തനാടകം) കാളിദാസകൃതികളെപ്പോലെ ജയദേവകൃതികളും ഉപയോഗിക്കാം. ഈ കൃതി ഇത്രയും വ്യാഖാനിച്ചതുതന്നെ ആ ഒരൊറ്റക്കാര്യം ബോദ്ധ്യപ്പെടുത്താനാണ്. കാളിദാസനോടുളള താരതമ്യം ജയദേവനെ ഒരുവിധത്തിലും കുറച്ചുകാണലല്ല.മറിച്ച്, അദ്ദേഹത്തെ തന്റെ കൃതിയോടു ന്യയം പുലർത്തി ശരിയായ വിധത്തില് കാണലാണ്. കൃഷ്ണനെപ്പറ്റി എഴുതിയതെല്ലാം ഭക്തികാവ്യവുമല്ല, എഴുതിയവരും പാടിയവരുമെല്ലാം ഭക്തരുമല്ല. എന്നിരുന്നാലും അനേകം അർത്ഥങ്ങളെടുത്ത് ഈ കൃതിയുടെ ഭക്തി,താന്ത്രികപ്രാധാന്യം കൂടി കണ്ടെത്താനും നാം ശ്രമിക്കേണ്ടതുണ്ട്.

29. സാധൂനാം സ്വതഏവ സമ്മതിരിഹസ്യാദേവ ഭക്ത്യാർത്ഥിനാം
ആലോച്യഗ്രഥനശ്രമം ച വിദുഷാം അസ്മിൻഭാവേദ് ആധാരയേ കേചിദ്
പരകൃതിഉപശ്രുതിപരാസ്ഥാനർത്ഥയേമത്കൃതിം
ഭൂയോവീക്ഷ്യവദന്ത്വവദ്ധ്യം ഇഹ ചേത് സാ ബാന്ധനാസ്ഥാസ്യതി.

30. ശ്രീഭോജദേവപ്രഭവസ്യ രാധാദേവീസുതശ്രീജയദേവകസ്യ
പരാശരാദി പ്രിയവർഗ്ഗകാന്തേ ശ്രീഗീതഗോവിന്ദകവിത്വമസ്തു

31. സാദ്ധ്വിമാദ്ധ്വികാചിന്താനുഭവതി ഭവതശർക്കരേ കർക്കശാസീ
ദ്രാക്ഷേദ്രക്ഷ്യന്തി കേത്വാം അമൃതമൃതം അസിക്ഷീരനീരംരസസ്തേ
മാകന്ദക്രന്തകാന്താധരധരനുലാം ഗഛയഛന്തിഭാവം
യാവച്ഛൃംഗാരസാരം ശുഭമിവജയദേവസ്യവൈദഗ്ധ്യവാച
ശ്രീഭോദദേവനെന്ന പിതാവിൽനിന്ന് രാധാദേവിട്ടുടെ പുത്രനായി ജനിച്ച ജയദേവകനെന്ന കവി രചിച്ച ഗീതഗോവിന്ദം കാവ്യം പ്രിയവർഗ്ഗക്കാരായ പരാശരാദികളാകുന്ന ഗുരുപരമ്പരയുടെ അവസാനത്തെ കണ്ണിയായി വിളങ്ങുന്ന കവിത്വത്തിന്റെ ഉദാഹരണമാണ്. ശുഭകരമായ ശൃംഗാരരസം മറ്റെല്ലാ രസങ്ങളേക്കാളും മേലെയാണ്(രസരാജനാണ്). ശൃംഗാരരസസാരവും ജയദേവവൈദഗ്ധ്യവാചകവുമായ ഗീതഗോവിന്ദത്തേക്കാളും മധുരമായ മറ്റൊന്നിമില്ല. അതിന്നുമുമ്പിൽ, മധുവിന്റെ മധുരത്തെക്കുറിച്ച ചിന്തയേ ജനിക്കുന്നില്ല.ശർക്കര കർക്കശമായി അനുഭവപ്പെടും. ദ്രാക്ഷ അതിനു തുല്യമാവുന്നതല്ല.അമൃതം മൃതമായും ക്ഷീരം നീരമായും അനുഭവം തരുന്നു. ഗീതഗോവിന്ദത്തോടു താരതമ്യപ്പെടുത്തിയാൽ വിപരീതരസം തരുന്നു ഇവയെല്ലാം. എന്തിനു പറയുന്നു. ജയദേവന്റെ മധുരവാചകത്തിനു മുമ്പിൽ, മാമ്പൂവിന്റെ മകരന്ദത്തേക്കാളും മധുരമായ കാന്താധരംപോലും ലജ്ജിച്ച് സന്ധ്യയാകുന്ന പാതാളത്തിൽ പോയൊളിച്ചുകളയുന്നു.

32. ഇത്ഥം കേളിതതിർവിഹിർത്യയമുനാകൂലേസമംരാധയാ
തദ്രോമാവലി മൌക്തികാവലിയുഗേ വേണീഭ്രമംബിഭ്രതി
തത്രാഹ്ലാദികുചപ്രയോഗഫലയോർലിപ്സാവതോർഹസ്തയോർ-
വ്യാപാരാപുരുഷോത്തമസ്യദദാതു സ്ഫീതാം മുദാം സമ്പദം
ഇപ്രകാരം യമുനാതീരത്ത് രാധയോട് സമമായി, അവളുടെ രോമാവലിക്കുളളി ൽമുത്തുചാ ർത്തിച്ചും,ചുഴികളിൽ വേണീഭ്രമത്താല് കറങ്ങിയും, കുചപ്രയോഗഫലങ്ങ ൾകണ്ടാഹ്ലാദിച്ചും കേളിയാടി വിഹരിച്ച പുരുഷോത്തമൻ, ഏതൊരു പരമാനന്ദം രാസക്രീഡയിലനുഭവിച്ചുവോ, അതേ ആനന്ദം പാടിക്കേൾക്കുമ്പോളും അനുഭവിച്ച് സർവ്വസമ്പദ്സമൃദ്ധിയും ഭൂമിക്ക് നൽകട്ടെ.

വെങ്കടമഖിയുടെ ചതുർദണ്ഡിപ്രകാശികയില് ഗീതം,പ്രബന്ധം,എന്നിവ ഭാണ്ഡീരക ഭാഷയിലാണ് (പ്രാകൃതഭാഷ).തേനകപദത്തിൽ,തേന എന്ന പദത്തിന്റെ ഭാണ്ഡീരക ഭാഷാവികൃതിയാണെന്നദ്ദേഹം പറയുന്നു. വികൃതത്വം ഭാണ്ഡീരകഭാഷയിലാണ് വരുന്നത്. വിശ്വേശ്വരൻ (വാഗീശൻ)ഭാണ്ഡീരകഭാഷാവ്യാകരണത്തിൽ കൃഷ്ണൻഓടക്കുഴലിൽ ഊതിയപ്പോള്, കാംബോജം,മഗധം,കലിംഗം മുതലായ ദേശങ്ങളിലെ ഭാഷകളും കലർന്ന് അത് സംഗീതത്തിന് അനുയോജ്യമായ ഭഷയായി നിശ്ചയിക്കപ്പെട്ടതായി പറയുന്നു. ഭോജേശ്വരന്,സോമേശ്വരനെന്നിവരുടെ കാലം വരെ ഈ ഭാഷക്ക് പ്രചാരവും ആദരവും ഉണ്ടായിരുന്നു. (J of Madras Music Academy vol LV.വെങ്കടമഖിയിൻഗീതങ്ങളും പ്രബന്ധങ്ങളും പേജ് 108.ആർ വേദവല്ലി) പലഭാഷകലർന്ന ഭാണ്ഡീരകഭാഷ (ബാന്ദീര,വന്ദീര,പാണ്ഡീര എന്ന് ഭേദം ഉച്ചാരണം കൊണ്ട്)യിലെ പണ്ഡിതന്മാ ർ സിദ്ധരും സർവ്വജ്ഞരുമായിരുന്നു. പലഅർത്ഥം ധ്വനിക്കുമാറ് സാഹിത്യം പ്രകാശിക്കുന്നവരും പാണ്ഡ്യനാട്ടിലും(മധുര) അതിനും മുമ്പ് വന്ദേരിനാട്ടിലും താമസിച്ചിരുന്നവരും വ്രജവാസികളുടെ പരമ്പരയിലെ അവസാനക്കാരുമായിരുന്നു. ഭാണ്ഡീരകനാമം,രാസലീല,ദേവി,ഗുരുസംഗമം എന്ന പുണ്യമുഹൂർത്തത്തോട് ബന്ധപ്പെട്ട് സംസ്കൃതകാവ്യമായ ജയദേവഗീതാഗോവിന്ദത്തിൽ കാണുന്നവ ഭാഗവതത്തിലും ഒളിഞ്ഞും തെളിഞ്ഞും കാണുന്നുണ്ട്. പാണ്ഡവർ അജ്ഞാതവാസസമയത്ത് ആയുധം കെട്ടിയിട്ടതും രഹസ്യസ്ഥാനമായ ബാണ്ഡീരകവൃക്ഷക്കൊമ്പിലാണ്.ഭാണ്ഡീരകമായി ജനിച്ചത് കൃഷ്ണവാഹനമായ ഗരുഡനാണ്. (കൃഷ്ണോപനിഷത്ത്)ശ്രീകൃഷ്ണന്റെ കാലത്തെ ഭാഷയുടെ രഹസ്യത്തോക്കോൽ സർപ്പബന്ധനരൂപമായി സംഗീതത്തില് ഇന്നും സൂക്ഷിച്ചിട്ടുണ്ട്.

കൃഷ്ണാ കാരുണ്യസിന്ധോ ഭക്തിയോഗസംബന്ധമായ ഗ്രന്ഥമാണ്. അഷ്ടപദി എന്ന കൃതി കാവ്യഭംഗികൊണ്ടും പാണ്ഡിത്യം കൊണ്ടും നല്ല കൃതിയാണെങ്കിലും ഭക്തകവിയല്ല ഇതെഴുതിയത് എന്നാണ് എന്റെ അഭിപ്രായം. ഭക്തിയും കൂട്ടത്തിലുണ്ട് എന്നേ ഉള്ളൂ. യാദൃഛികമായാണ് ഇത് ഈ ഗ്രന്ഥത്തിലുൾപ്പെടുത്താനുള്ള തീരുമാനമുണ്ടായത്. അഷ്ടപദി ഭക്തികാവ്യമല്ലെങ്കിൽ,ഗുരുവായൂരപ്പഭക്തയായ നിങ്ങളെന്തുകൊണ്ട് അത് ഗുരുവായൂരിൽ പാടുന്നത് നിർത്തിക്കുന്നില്ല എന്ന് ചെന്നൈയിൽവെച്ച് ഒരു ചെറുപ്പക്കാരൻ ചോദിച്ചു. അതിന്റെ ആവശ്യമൊന്നും എനിക്ക് തോന്നുന്നില്ല എന്ന് ഞാനും പറഞ്ഞു.ഗുരുവായൂരിലെ ആചാരങ്ങളുടെയോ ഭരണനിയമങ്ങളുടേയോ ഭക്തയോ നിരൂപകയോ അല്ല, ഗുരുവായൂരപ്പന്റെ മാത്രം ഭക്തയാണ് ഞാനെന്ന് പറഞ്ഞു. എന്തായാലും അന്നത്തെ ആ സംഭാഷണം കൊണ്ടാണ് അഷ്ടപദിയെക്കൂടി ഈ ഗ്രന്ഥത്തിലുൾപ്പെടുത്തി എന്റെ അഭിപ്രായം പറയണമെന്ന് പ്രേരണ തന്നത്. poetics എന്ന് ആംഗലത്തില് പറയുന്ന കാവ്യമീമാംസക്കും, കാമശാസ്ത്രത്തിനും ,സംഗീത,നൃത്ത,നാട്യാഭിനയ,രസസിദ്ധാന്തങ്ങൾക്കും ഉള്ള പ്രാമുഖ്യം കവിഞ്ഞേ പണ്ഡിതകവിയായ ജയദ്വകൻ ഭക്തിക്ക് ഈ കൃതിയില് പ്രാമുഖ്യം കൊടുത്തിട്ടുള്ളൂ. രാധ ,കൃഷ്ണനെന്നത് പേരുകളാണെന്നു മാത്രം.അത് ഏതു സ്ത്രീയും ഏതുപുരുഷനുമാവാം,അവരുടെ രതികേളികളാവാം. ഏതു കമിതാവിനും കാമിനിക്കും ഇതിലുള്ളതെല്ലാം തങ്ങളുടെ അനുഭവമാകയാൽ രാധാകൃഷ്ണന്മാരാണെന്നു ഭാവന ചെയ്യാം. ഇപ്രകാരമാണതിന്റെ ഘടന. പണ്ടുകാലത്ത് മാർക്കറ്റിങ്ങ് എന്നൊന്ന് സാഹിത്യത്തിലുണ്ടായിരുന്നുവെങ്കിൽ, ഈ കൃതി അതിന്നൊരുദാഹരണമാക്കാം. ഭക്തിയുടെ മേമ്പൊടി മാത്രം ചേർത്ത്, കാമശാസ്ത്രപരമായി ഒരു ഗ്രന്ഥമെഴുതി അതിനെ പോപ്പുലറാക്കിയ Master marketing mind തീർച്ചയായും ഇന്നത്തെ മാർക്കറ്റിങ്ങ് തന്ത്രങ്ങൾക്കു സമശീർഷമാണ്. മനുഷ്യന്റെ മനശ്ശാസ്ത്രം വിറ്റു പ്രസിദ്ധിനേടാനറിയുന്ന പണ്ഡിതകവിയായിരുന്നു ജയദേവകനെന്നർത്ഥം.

നാരായണതീർത്ഥരുടെ ശ്രീകൃഷ്ണലീലാതരംഗിണി (1550 ഏ ഡി- 1645 ഏഡി)

തരംഗം 6 ശ്രീകൃഷ്ണഗോപീസമാഗമവർണ്ണനം

1. വൃന്ദാവനേ അഥ ശ്രീകൃഷ്ണഗോപീസംഗോഭിനീയതേ ആദൌ
   ഗോപ്യസ്തഥാഃകൃഷ്ണോ ഗേപീനാം കൃഷ്ണസംഗമഃ
   ഇനി വൃന്ദാവനത്തിലെ ശ്രീകൃഷ്ണഗോപീസംഗം. ആദ്യം വേദിയിലേക്ക് ഗോപിമാരും പിന്നീട് കൃഷ്ണനും പ്രവേശിക്കുന്നു. രംഗപ്രവേശത്തിനുശേഷം സംഗമം.
2. ഗോപീശ്രീകൃഷ്ണസംവാദസ്തതോഗോപീപരിഗ്രഹഃ
   ഷഷ്ഠ്യേസ്മിൻസദ്ഗ്രഹേണൈവം രാസാരംഭോനിഗദ്യതേ
   ഗോപീശ്രീകൃഷ്ണന്മാരുടെ സംവാദശേഷം ഗോപികമാരെ പരിഗ്രഹിക്കുന്നു. ആറാം തരംഗത്തിൽ,സംഗ്രഹിച്ച് ,സത്തുക്കളുടെ പരിഗ്രഹണമായ (സജ്ജനസംസർഗ്ഗമായ) രാസാരംഭം പറയുന്നു.
3. ശരദേവശരദാഗതാസ്വയം താരകോദയവിശേഷഭാവിതാ
   വാരിതേഷുസലിലേഷുധീമതാം സ്മാരിതാർത്ഥമവിഭാസയന്തസൌ
   ശരത്ക്കാലം സാക്ഷാത് ശാരദാദേവിയെപ്പോലെ വിശേഷഭാവങ്ങളോടും താരകോദയത്തോടും കൂടി ആവിർഭവിച്ചുകഴിഞ്ഞു. മഴ കഴിഞ്ഞു. ധീമത്തുക്കളായ (ബുദ്ധിമാന്മാരായ)സജ്ജനങ്ങളോട് തങ്ങളുടെ ജന്മോദ്ദേശം വിളിച്ചറിയിക്കുന്നതുപോലെ സലിലങ്ങളെല്ലാം (ശുദ്ധജലാശയം)വിളങ്ങി.
   ഗദ്യം:ഃ തത്രഭവതിശ്രീനിവാസേ പരിപാലിതനിജദാസേ സന്തതാനന്ദ കല്യാണഗുണഗണ നവരത്നരത്നാകരേ സരളമുരളീനാദസമുദഞ്ചിത വിവിധ ഗീതസമുദ്ഘോഷമന്ദഗമനമഹോല്ലാസലീലാവിലാസബഹുതരകല്ലോലജാലേ ഭുവനസുന്ദരേ ശ്രീകൃഷ്ണേ വിഹരതി തസ്മി ൻവ്രജയുവതീ മനോനദ്യാ സ്യന്ദമാനാസമഭിവ്യക്തശാരദാവിമലീകൃതാവൃത്തിവിശേഷാനുഭവരസാദ്ധ്യാതദൈകരസ്യം.അഭിലഷന്ത്യസത്വരമാവിവിഷു.ഇത്യഞ്ച താസാം വാചോവിലാസാപ്രാദുർബഭൃവു.
   ശ്രീനിവാസഭഗവാൻ തന്റെ ദാസന്മാരെ പരിപാലിക്കുന്നവനും സന്തതാനന്ദകല്യാണഗുണങ്ങളാകുന്ന നവരത്നങ്ങളുടെ രത്നാകരവും (സമുദ്രം)ആണ്. ഭഗവാൻതന്റെ സരളമുരളീനാദത്തിൽനിന്ന് ഉയർന്ന വിവിധഗീതഘോഷങ്ങളോടെ മന്ദഗമനനായി പലതരം മഹോല്ലാസലീലാവിലായങ്ങളാടവേ,ആ ഭുവനസുന്ദരമായ ശ്രീകൃഷ്ണസാഗരത്തിന്റെ കല്ലോലജാലങ്ങളിൽവിലയിക്കാനായി വ്രജയുവതിമാരുടെ മനസ്സാകുന്ന നദികളുയർന്നുപൊങ്ങി.(വേലിയേറ്റം)ശരത്കാലത്തിൽ പൂർണ്ണമായ അദ്വൈതം എന്ന സവിശേഷാനുഭൂതിക്ക് വാഞ്ഛജനിക്കുകയാല് കൃഷ്ണസാഗരത്തിലേക്ക് അതിവേഗം ഒഴുകിയെത്തി. അവരിൽനിന്ന് ഇപ്രകാരം വാചോവിലാസമുണ്ടായി.

ഗീതം 1. കേദാരഗൌള (തോഡി) ആദിതാളം

പല്ലവിഃ പരമപുരുഷം അനുയാമവയം സഖീ

അനുപല്ലവിഃ സുരുചിരഹാസം സുന്ദരനാസം

തരുണാരുണകിരണാധരസരസം

ചരണം 1. ഭാവുകശരണം ഭവസന്തരണം

ഭവ്യസേവകജനഭാഗ്യവിതരണം

അവ്യയവിമലവിഭൂതിവിജൃംഭിത

ദിവ്യമണിരചിതവിവിധാഭരമം

2. നന്ദകുമാരം നഗവരധീരം

ബൃന്ദാവനഭുവി വിവിധവിഹാരം

ബൃന്ദാരകഗണവന്ദിതചരണാരവിന്ദം

മിലിതമണിമധുകരനികരം

പരമോദാരം പാപവിദൂരം

സ്മരസായകസ്രഗ്ധരമതിചതുരം

വിരചിതമുരളീഗീതരസാമൃത

ഭരിതഘനം ഘനകൌസ്തുഭഹാരം

4.യുവതീഗീതം യോഗിസുലലിതം

കവിജനമാനസകമലവിലസിതം

ശിവനാരായണതീർത്ഥവിരചിതം

ശ്രീഗോപാലദയാരസമിലിതം

ഗോപിമാർ പിന്തുടരുന്ന പരമപുരുഷൻ, ഭവസന്തരണനും അവ്യയമായ വിമലവിഭൂതികളുള്ളവനും പാപവിദൂരനുമാണ് എന്നത് ശ്രദ്ധേയമാണ്. അവരുടെ ഗോപികാഗീതമാകട്ടെ,യോഗിസുലളിതവും ഗോപാലന്റെ ദയാരസസമ്മിളിതവുമാണ്.

5. ഭോഭോ വ്രജപുനരാര്യഃശരദസമയം പരം ശിവം മത്വാ
കൃപയാ തസ്യഭജാമോ ഗോവിന്ദം പ്രാഹരിതി തദാന്യോന്യം
അവരിങ്ങനെ പരസ്പരം പറഞ്ഞു: ഈ ശരദ്സമയം പരമമായ സിവം (മംഗലം) തന്നെയാണ്. നമുക്ക് മുമ്പെന്നപോലെ –എല്ലാ ശരദ് ഋതുവിലും നമ്മുടെയിടയിൽ പതിവുള്ളപോലെ- ഗോവിന്ദനെ ഭജിക്കുക.

ഗീതം 2. കല്യാണി (സാരംഗ) ത്രിപുടതാളം

പല്ലവി,അനുപല്ലവി:- ശങ്കേശങ്കരം ശാരദസമയം

പങ്കേരുഹപരാഗവിഭൂതിധവലം

ചരണം 1. പാപപങ്കശോഷണപടുതരകിരണം

പരിഹൃതാപരിമിതഘനഘനാവരണം

കപടകേതകീകുസുമഭാരവിരഹിതം

കലിതതാരകഗണസ്ഫടികാക്ഷാഭരണം

2. പരപുരുഷസുരതിപതികാമവിദൂരം

പണ്ഡിതമണ്ഡലപരമാഹ്ലാദകരം

പരമഹംസഗതിവിഘ്നപാടനചതുരം

പരശുകസമുദിതഫലവിദ്യാതാരം

3.നിർമ്മലരസപൂരനിരുപമഗാംഗം

നിഖിലമാനിനീജനമാനവിഭംഗം

ശർമ്മദശശിധരസരസോത്തമാംഗം

സമുദിതഗോവിന്ദകൃതബഹുസംഗം

4.ഇതിഗോപവധൂഗീതമിദമതിലലിതം

ഈശോപമശാരദസമയവിലസിതം

യതിവരശിവനാരായണതീർത്ഥഭണിതം

യാദവാബ്ധിജരതസമ്മിലിതം

ശരത്കാലം താമരപ്പൂക്കളുടെ വെളുത്ത പരാഗം പൂശി ശിവനെപ്പോലെ ഭസ്മധാരിയാണ്. നക്ഷത്രങ്ങളാകുന്ന സ്ഫടികാക്ഷമാല ആഭരണമായി ധരിച്ച് എണ്ണുന്ന പരമയോഗിയുമാണ്. പരമഹംസനും സർവ്വേന്ദ്രിയജയനുമാണ്.സർവ്വപാപവും കരിച്ചുകളയുന്ന സൂര്യാതപം കൊണ്ട് കാമദേവന്റെ പോലും അഭിമാനഭഞ്ജനംചെയ്ത പരമപുരുഷനാണ് ഇവിടെ മാനിനീജനത്തിന്റെ മാനവിഭംഗം ചെയ്യുന്ന ശർമ്മദനായ ഗോവിന്ദൻ.പരപുരുഷരതി എന്ന കാമത്തെ ഇല്ലാതാക്കുന്ന പരമപുരുഷനാണ് നായകൻ. ഇത്തരം പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്. ഓരോ ഗോപികയും ഇവിടെ പരമപുരുഷനോട് ബ്രഹ്മാത്മൈക്യം പ്രാപിക്കുന്ന പരമഹംസനാണ്. ഗംഗയിലെ ശുദ്ധജലംപോലെ ഈ ശരദൃതുവിൽ അനേകം ആത്മാക്കൾ, അനേകജന്മങ്ങളായി ഗോവിന്ദനുമായി ബഹുസംഗം ചെയ്തിട്ടുണ്ട്.(പലവട്ടം സംഗമം)ആ പരമഭാഗവ തോത്തമന്മാരായ ശുകന്മാർ അഥവാ തത്തകൾ, അവരുടെ കർമ്മഫലങ്ങളെ (പഴങ്ങളെ) മാനവർക്കായി തന്നുപോയിട്ടുമുണ്ട്.

6. ഇതി പ്രലപതി വ്രജേശരദിഗോപികാമണ്ഡലേ
സുധാകിരണമണ്ഡലേ പരിഹൃതന്ധകാരേ നിശി
പരാക്പ്രവണമാനസാസ്സഖലു കൃഷ്ണസാരാഃസ്ഫുടം
മുരാരിമുരളീരവസ്സമുദിതാസ്സമാകർഷതി

7. കാപിഗോപിപരംകാന്തം കാമചാരഫലോദയം
ഗന്തുകാമേതരാഗോപിഃത്വരയന്തീദമാഹതാം
ഇപ്രകാരം അവർസംസാരിക്കവേ ചന്ദ്രന് ഉദിച്ച് രാത്രിയുടെ ഇരുട്ടകന്നു.കൃഷ്ണന്റെ
മുരളീരവം ഉയർന്നു.പുറത്തുള്ള വസ്തുക്കളിലേക്കുള്ള മനസ്സിന്റെ സഞ്ചാരം പൂർണ്ണമായി

നിർത്തി , ഞങ്ങളെല്ലാവരും കൃഷ്ണസാരമാണെന്ന് സ്ഫുടമായി മനസ്സിലാക്കിക്കൊടുത്ത്, ആ ഗീതം അവരെ ചിത്തവൃത്തിനിരോധം എളുപ്പം സാധിപ്പിച്ചു. ഒരു ഗോപിക ഇപ്രകാരം പാടി.

ഗീതം 3 മുഖാരി(പുന്നാഗവരാളി) ത്രിപുട

പല്ലവിഃ ബൃന്ദാവനമധുനാമന്യേ സഖി ബൃഹദാരണ്യമഹം

അനുപല്ലവിഃ സുന്ദരതരവംശനാദസംസൂചിത

സ്വാനന്ദബോധാമൃതമയപുരുഷം

ചരണം 1. ഉന്നതശാഖാഗ്രം സദാനന്ദനിർണ്ണയരസപൂരഫലഭാരം

പുണ്യവതാമതിരമണീയമമരേന്ദ്രവർണ്ണിത ഭൂമപദം ഭവപാരം

2. മുനിവരപരിസേവിതംമോഹവിരാമമൂലമശേഷവിശേഷസ്പദം

അനികേതനികേതനമഖിലശോകഹരമന്ദയലയപരതരസിദ്ധഫലദം

3.സകൃദിദമവലോകിതംസമൃഗിഹസ്വസുതകലത്രാദിധനവിരസം

പ്രകടയതിപരമഹംസസമാകുലമമലമാനസവൃത്തിവിലസിതമരസം

4.പരിഹൃതരിപുവർഗ്ഗപരമയോഗീപരിപൂർണ്ണഭാവവിഷേഷോദയം

ഹരിപരിഭാവനയാഗോപികാഗീതമിതിഫണിതം നാരായണതീർത്ഥയതിനാ.

വൃന്ദാവനം ബൃഹദാരണ്യമായിത്തീർന്നു. വലിയകാടെന്നും ഉപനിഷത്തെന്നും രണ്ടർത്ഥം. സുന്ദരതരമായ വംശീനാദത്തിൽ സാന്ദ്രാനന്ദാവബോധാമൃതമയപുരുഷന് സ്വയം അവതരിച്ചിരിക്കയല്ലേ.ഇതിലെ ഉന്നതശാഖാഗ്രങ്ങളും സദാനന്ദനിർണ്ണയരസ സമ്പൂർണ്ണമായ ഫലങ്ങളുടെ ഭാരംകൊണ്ട് കുനിഞ്ഞവയും ആയ വൃക്ഷങ്ങള് പുണ്യവാന്മാർക്ക് അതിരമണീയമാണ്. അമരേന്ദ്രവർണ്ണിതമായ ഇവയുടെ പാദം ഭൂമിതൊട്ടു നിൽക്കുന്നു. ഭവം (സംസാരം)തരണം ചെയ്യിക്കുന്നവയാണവ. ഭൂമിയും ആകാശവും തൊട്ട പുണ്യാത്മാക്കളെപ്പോലെ ഓരോ വൃക്ഷവും. മുനിമാരാല് സേവിതവും മോഹത്തെ തീർക്കുന്നതും മൂലവും അശേഷവിശേഷാസ്പദവും ,വീടില്ലാത്തവർക്കു വീടും,സർവ്വർക്കും ശോകഹരവും ഭാവിഭൂതവർത്തമാനാദി ത്രികാലാതീതമായ സിദ്ധഫലം തരുന്നതുമാണ് വൃന്ദാവനം. സമ്യക്കായി അതിനെ കണ്ടവർക്ക് എന്റെ വീട്.എന്റെ ഭാര്യ മുതലായ സ്വാർത്ഥചിന്തകളെല്ലാം ശമിക്കുന്നു. അത്തരം ചിന്തകളിൽ വിരസത വരുന്നു. ഈ പരിശുദ്ധ മായ മാനസസരസ്സിലാണ് പരമഹംസങ്ങളുടെ വിഹാരഭൂമി. ആ മനസ്സിൽ പിന്നെ ശ ത്രു എന്ന ഒരു വാക്കില്ല. പരമയോഗി പരിപൂർണ്ണഭാവവിശേഷോദയംകൊണ്ട് ഹരിപര ഭാവന ഉദിച്ചാണ് ഗോപികാഗീതം പാടുന്നത്.

ഗദ്യംഃ ഇത്ഥം അന്യോന്യസ്നേഹദയാരസസ്യന്ദനദ്രവീകൃത ചിത്തവൃത്തിവിലാസോല്ലസിതവിവിധവാഗ്വിലാസവത്യോഗോകുലപുരവരയുവത്യോ ഗോവിന്ദം ബൃന്ദാവന സമുദഞ്ചരിത വിപുലതരലക്ഷ്മീവിലാസലാസ്യരംഗസ്ഥലായമാന രമ്യവക്ഷോവിശാല ഫാലാദിസുന്ദരസർവ്വാംഗം സ്വകാന്തമാലക്ഷ്യമദനമഹീപതികാർമ്മുക മഹാമേഘസമുദ്ഗലിത ശരവർഷധാരാഇവ നിബിഢതരബൃന്ദാരണ്യനിഗൂഢം നവനീതമൂഷം സമാസാദ്ധ്യ സകലലോകാഭീഷ്ടഫലം ഫലയന്തം വിശ്വഭരമിവ വർഷധാരാശ്രുതയ ഇവ ശ്രോത്രീയം സമധിഗതാസ്മത് വരമാജശ്രുഃനയനോൽപ്പലാനി ച തസ്മിന് ശ്രീനിവാസേ പ്രസാരയാമാസു.

അന്യോന്യം സ്നേഹം ,ദയാരസം ഇവ ഒഴുകിയ ദ്രവീകൃതമായ ചിത്തവൃത്തിയോടെ ശത്രുതയോ മദമാത്സര്യമോ അസൂയയോ ഒട്ടുമില്ലാതെ, വിവിധവാഗ്വിലാസവതികളായാണ് ഗോപികമാർ ഗോവിന്ദനിലേക്കു പ്രവേശിക്കുന്നത്. ബൃന്ദാവനമെന്ന ബൃഹദാരണ്യത്തില് ഉപനിഷത്തായി, ഗൂഢമായി ഒളിഞ്ഞിരിക്കുന്ന വെണ്ണ (അമൃത്) ആണ് കണ്ണൻ. അവൻ മദനശരമെയ്യുന്ന കാമൻമാത്രമല്ല,ഭൂമിയെ സമൃദ്ധമാക്കുന്ന മഴതരുന്ന

കാർമേഘവുമാണ്. ശ്രോത്രീയർക്ക് ശ്രുതി(വേദം) വർഷധാരയായി വർഷിക്കുന്ന വേദവിത്താണ്.ആ വേദാമൃതത്തെയാണ് ഗോപികമാരെല്ലാം പ്രേമിക്കുന്നതും പ്രാപിക്കുന്നതും.

8. ജ്ഞാത്വാഹരിഃസ്ഥിരം ഭാവം പരസ്മിൻ പുംസിയോഷിതാം
ആവിഷ്കാരിഷ്യന് ഗോവിന്ദസ്താസാം പ്രാഹേദമാദരാത്
ആ സ്ത്രീകൾക്ക് പരമപുരുഷനിലുള്ള ഉറച്ച സ്ഥിരഭക്തിഭാവം അറിഞ്ഞ ഹരി അവ ർക്കു മുന്നിൽ സ്വയം പ്രത്യക്ഷപ്പെട്ട് ,ആദരപൂർവ്വം അവരോടിപ്രകാരം പറഞ്ഞു.
ഗീതം 4 ശങ്കരാഭരണം അടതാളം
പല്ലവിഃ- വല്ലവാംഗനാ മാ കലയത ധർമ്മോല്ലംഘനം
അനുപല്ലവിഃ- വല്ലവാംഗനാനിജവല്ലഭപദയുഗ
പല്ലവസേവനമേവ പരോധർമ്മോ
ചരണം 1ഃഃ കുലശീലമര്യാദാകുലീനാദിജാലം
കോപസന്താപാദിനിബിഡകല്ലോലം
അലമിഹസംസാരജലധിമാഗമകൃത-
കിലധർമ്മസേതുരഥ താരയതി ബഹുലം
2. രഹസി നിശി വനേ കിം രമണീയചരണം
മഹനീയഗൃഹപതിം അപഹായതരുണം
സഹസാ പരപുരുഷാനുസരണേനാലമിഹ
ഗൃഹപതിമിഹയാതഗൃഹിണീശരണം
3.ഉരുബന്ധുജനാവജ്ഞാകുത്സിതാചാരം
പരിഹരതകുരുതപരപരിഹാരം
ത്വരയൈവഗൃഹമനുയാതപാതകബുദ്ധി-
മരിവർഗ്ഗമപി പരിഹരതനിസ്സാരം
4.പരിപൂർണ്ണബോധൈകരസമഖിലസാരം
പരമപുരുഷമനുസരതഗോപബാലം
ഉരുവരകരുണാസുധാസമുദഞ്ചിത
ശിവനാരായണതീർത്ഥയതിഗീതമതുലം
പതിവ്രതാധർമ്മം മാത്രം മതി സ്ത്രീക്ക് എന്നതാണ് പഴയ ആചാരം. സ്ത്രീ ഗൃഹപതിയുടെ സേവികയും ഉപകരണവും മാത്രമാണ്.ഒരാത്മാവിന്റെ പരമാത്മവിലയം അവൾക്കാവശ്യമില്ലെന്നാണ് പുരുഷവിരചിതമായ കുലാചാരം ധ്വനിപ്പിക്കുന്നത്. തന്നിലാകൃഷ്ടരായി ആത്മവിലയനത്തിനുവന്ന ഈ ജീവാത്മാക്കളെല്ലാവരും ആത്മനിഷ്ഠരാണോ ,അതോ, ഭർത്താവിനെയല്ലാതെ മറ്റൊരു ദൈവത്തേയും പൂജിക്കുന്നത് സദാചാരലംഘനമാണെന്ന് കരുതുന്നവരാണോ. അപ്രകാരം ഭീതിയുള്ളവർക്ക് പരമാത്മവിലയനം സാധിക്കുകയില്ല. അവരുടെ സ്ഥിരവ്രതം അറിഞ്ഞാണ് പ്രത്യക്ഷനായതെങ്കിലും അവരിൽനിന്നു തന്നെ ഉത്തരം കിട്ടണം,കൃഷ്ണന്. അത് വ്രതപരിസമാപ്തിയുടെ അവസാനഘട്ട പരീക്ഷണമാണ്. ശിവൻ പാർവ്വതിയോട് സ്വയം കുറച്ചപ്പെടുത്തി സംസാരിച്ചത് ഇപ്രകാരമുള്ള അവസാനപരീക്ഷണത്തിനാണ്.
ഗീതം 5. മംഗലകാപി അടതാളം (നാദനാമക്രിയ ആദി)
പല്ലവിഃ ശരണം ഭവകൃഷ്ണാ സംസാരതാം ശരണം ഭവകൃഷ്ണാ
അനുപല്ലവിഃ- കരുണാം തവ സംസരണപയോധിസന്തരണീ
ത്വാമനുഭവതാമസ്മാകം
ചരണം 1ഃഃ-നൂനം ത്രിഭുവനഗൃഹിണീപതിരിതി
ഗാനം മഹതാം അനുസംവിദിതം
ശ്രീനന്ദാത്മജശ്രീവസുധാധിപാ-

നന്ദംത്വാമനുയാമോ അവിരതം
2.ആരംഭണമിഹജഗതി ഫലാവധി
ധീരമുനിഭിരിഹ നിശ്ചിതമഖിലം
ഭൂരികൃപാലയമാഹുരിഹാഗമ-
സാരംത്വാമഖിലാത്മകകമലം
3.കാമിനിജനസകലകാമദുഹം
പരമകാരുണികം പ്രാഹുരേവഭവന്തം
കോമലഗിരാഗോപികാഗണഗീതം
ഗോവിന്ദമിതി നാരായണതീർത്ഥഫണിതം
ഭവസാഗരത്തെ തരണം ചെയ്യുന്നതിനുള്ള ശരണം കൃഷ്ണന്റെ കാരുണ്യം മാത്രമാണ്. അതിനാലാണ് സദാ കൃഷ്ണനെ ഹൃദയത്തിൽ ധരിച്ച് അനുഭവിച്ചുകൊണ്ടിരിക്കുക എന്നത് ഗോപികമാരുടെ വ്രതമായത്. മാത്രമല്ല,ത്രിഭുവനത്തിന്റെ ഗൃഹപതിയാണ് കൃഷ്ണപരമാത്മാവ്. അപ്രകാരം മഹത്തുക്കളെല്ലാം ഗാനം ചെയ്തിട്ടുണ്ട് .(ത്രിലോകീഗൃഹ സ്ഥായ എന്ന് വിഷ്ണുഭുജംഗം) ആ ത്രിലോകീഗൃഹസ്ഥനെയാണ് ഞങ്ങളുടെ ഗൃഹപതി യായി വരിച്ചിരിക്കുന്നത്. ഭൂമിക്കും പ്രപഞ്ചത്തിനുമുഴുവനും ഒരു ആരംഭം,ഫലം, അവസാ നം എന്നിവയുണ്ട്. അവയുടേയും പതിയായ കൃഷ്ണനോ,ഇതിനെല്ലാം അതീതമായ കൃപാലയവും ആഗമസാരവും അഖിലാത്മനും അമലവുമാണ്. സ്ത്രീപുരുഷഭേദമില്ലാത്ത അഖിലാത്മനുമാത്രമേ സ്ത്രീകളുടെ (കാമിനി)സർവ്വകാമധേനുവായി അവർക്ക് നിരതി ശയമായ മോക്ഷസുഖം തരാനുള്ള പരമകാരിണികത്വം ഉള്ളു. ഒരു വെറും ഭർത്താവിന് (ഗൃഹപതിക്ക്)അത് സാധിക്കയില്ല. ഈ തത്വം അറിഞ്ഞവരാണ് ഇവിടെ ഗോപികാവൃ ന്ദം. സംസാരസുഖമല്ല,മോക്ഷസുഖമാണ് അവർ കൃഷ്ണനോടു പ്രാർത്ഥിക്കുന്നത്. അവ ർക്കു കൃഷ്ണനിൽനിന്ന് ലഭിക്കുന്നതും അതുതന്നെ.

9. ജന്മാന്തരസഹസ്രേഷു കൃതപുണ്യഫലോദയാ
ഇദമാഹപരംകാന്തം കുർവ്വന്തീപ്രണതീർമുഹുഃ
വീണ്ടും വീണ്ടും നമസ്കരിച്ചുംകൊണ്ട് ,ആയിരം ജന്മാന്തരങ്ങളില് ചെയ്ത പുണ്യഫലോദയ ത്താല് ഒരു ഗോപിക കൃഷ്ണനോട് ഇങ്ങനെ പറഞ്ഞു.
ഗീതം 6 ബിലഹരി (മോഹനം)ആദിതാളം
പല്ലവിഃ പൂരയ മമകാമം ഗോപാലാ
അനുപല്ലവിഃ വാരംവാരം വന്ദനമസ്തു തവ വാരിജദലനയനാ
ചരണം 1 മന്യേത്വാമിഹ മാധവ ദൈവം
മായാസ്വീകൃതമാനുഷഭാവം
ധന്യൈരാഹൃതതത്വസ്വഭാവം
ധാതാരം ജഗദാമതിവിഭവം
2.വൃന്ദാവനചരബർഹാവതംസം
ബദ്ധകുഞ്ജവനബഹുതരവിലാസ
സാന്ദ്രാനന്ദസമുദ്ഗീർണ്ണഹാസ
സംഗതകേയൂരസമുദിതദാസ
3.മത്സ്യകൂർമ്മാദിദശമഹിതാവതാര
മദനുഗ്രഹാദരമദനഗോപാലാ
വാത്സല്യപാലിതവരയോഗിവൃന്ദ
വരനാരായണതീർത്ഥവർദ്ധിതമോദ
ഗോപിക വന്ദിക്കുന്നതും കാമം തീർത്തുതരാന് പ്രാർത്ഥിക്കുന്നതും ഈശ്വരനോടാണ്. മായാസ്വീകൃതമാനുഷഭാവമെടുത്ത മാധവനെന്ന ദൈവത്തോടാണ്. സർവ്വജഗത്തി

നും വിഭവസമൃദ്ധി തന്ന ധാതാവും ധന്യരാൽ പൂജിതനും തത്വസ്വഭാവവുമാണ് ഈശ്വരൻ. ആ ഈശ്വരനാണ് പീലിച്ചൂടി,ആഭരണങ്ങളണിഞ്ഞ് സാന്ദ്രാനന്ദം തരുന്ന പുഞ്ചിരിയോടെ തന്റെ പാദദാസന്മാരാൽ ചുറ്റപ്പെട്ട് വൃന്ദാവനത്തില് സഞ്ചരിക്കുന്ന കൃഷ്ണാവതാരം. അതൊരു സാധാരണ മനുഷ്യനോടുളള കാമാഭ്യർത്ഥനയല്ല. ദശാവതാരമെടുത്ത ഭഗവാനോടുളള മുക്തിവരമാണ് അവരാവശ്യപ്പെടുന്നത്. മനുഷ്യേതരമായ മത്സ്യകൂർമ്മാവതാരവും അവനാണ്. വരയോഗിവൃന്ദത്തിനെ വാത്സല്യം കൊണ്ട് പരിപാലിച്ചവനാണ് തന്നേയും അനുഗ്രഹിച്ച് ആദരിക്കുന്നതെന്ന് അറിഞ്ഞാണ് ഈ ഗോപിക പൂരയ മമകാമമെന്ന് അർത്ഥിക്കുന്നത്.

10. നൃണാം ബന്ധഹതിം കുർവ്വന് നൃസിംഹോസി ദയാഘന
ഇതിസംബോദ്ധ്യ ഗോവിന്ദം സാനന്ദം പ്രാഹ ഗോപികാ
നീ ദയാമേഘമാണ്. നരന്മാരുടെ ബന്ധം വേർപെടുത്തുന്ന മുക്തിദായകനായ നൃസിംഹമാണ്. എന്ന് സ്തുതിച്ചുകൊണ്ട് ഒരു ഗോപിക സാനന്ദം പാടി.
ഗീതം 7. സാവേരി ത്രിപുടതാളം
പല്ലവിഃ കരുണയാവലോകയമാം ശ്രീനരസിംഹാ
അനുപല്ലവിഃസുരാസുരസംഹാര ശോഭനാദ്രിശ്രീനരസിംഹാ
ചരണം 1ഃ പരിപൂർണ്ണദയാരസ പാഥോധിബൃംഹണ
പ്രഹ്ലാദചന്ദ്രോദയ ശ്രീനൃസിംഹാ
നിരസിതതാമസ നിർവ്വിശേഷമഹസാ
ഗുരുതരവീരാ ശ്രീശുദ്ധസുഗുണാലയ
2.പാതകമഹാടവി പംക്തികോപാനല
ഭക്തചന്ദനശീതല ശ്രീനൃസിംഹാ
ഉത്തുംഗസുകിരീട ഉന്നതകേയൂര
മത്തചിത്തമാതംഗ മർദ്ദനമഹാബല
3.ത്രൈഗുണ്യഫലാതീത തത്വഫലാത്മക
താപജലധിതാരക ശ്രീനൃസിംഹാ
ശ്രീഗുരുകരുണയാ ശ്രിതഭക്തിസുധാരസ
ശ്രീനാരായണതീർത്ഥ ശ്രേയോവിധായക
ഉഗ്രവീരഭാവങ്ങലെ കരുണാമയമാക്കാൻ,ലക്ഷ്മീസാന്നിദ്ധ്യത്തോടുകൂടിയ ശ്രീനരസിംഹനെ വിളിക്കുന്നു. സർവ്വതാമസ,രാജസഗുണങ്ങള്ക്കുമതീതനായി ,സർവ്വപാപത്തേയും കത്തിച്ചുകളയുന്ന അഗ്നിയായി (കാമദഹനം)സർവ്വാഹങ്കാരത്തേയും അടിച്ചമർത്തുന്ന ബലശാലിയായി ഭക്തചന്ദനശീതളനായ ശ്രീനരസിംഹത്തെ വിളിക്കുന്നു. ഗുണാതീതവും തത്വഫലാത്മകവും താപജലധിതാരകവും ശ്രീഗുരുകരുണയാൽ ശ്രിതഭക്തിസുധാരസം തന്ന് ശ്രേയസ്സിന് വിധായകനായിരിക്കുന്നതുമാണ് ഇവിടെ ഗോപികയുടെ ശ്രീകൃഷ്ണപരമാത്മാവ്.

11. അന്യാപി യുവതീകാചിദന്യാദൃശഗിരാഹരീം
ധന്യാസംബോധയന്ത്യദ്ധ്വാ സന്യായം പ്രാഹസാദരം
ധന്യയായ മറ്റൊരു യുവതി അന്യാദൃശമായി ന്യായത്തോടും ആദരവോടും കൂടിയ ഗീരുക ള് ഹരിയോട് ഉരച്ചു.
ഗീതം 8 പുന്നാഗവരാളി അടതാളം
പല്ലവിഃ ഭൂയോഭൂയോ യാചേഞ്ജലിതാ
അനുപല്ലവിഃ ഭൂമൻത്വയി മേ ദാസ്യം ദേഹി
ചരണം 1. നിമിഷാർദ്ധമപി തവദർശനവിധുരാ
നിന്ദ്യാഹി തനുരേഷാ

താമരസേക്ഷണ തവപാദകമലേ
തനുതാം തനുതാം മമ തനോരതുലാം
2.കാന്തംകാന്താരമപി തവയോഗേ
കമലേക്ഷണമന്യേ
കാന്താരം ഗൃഹമപി തു വിയോഗേ
കരുണാ തരുണീ മയി തവ ഭവതു
3 വരയാമി ഗോപാലവല്ലഭമധുനാ
ത്വരയാഹമഖിലഗുരും
സരസഗിരാഗോപയുവതികഥിതമിതി
ഗുരുകൃപയാ നാരായണതീർത്ഥഫണിതം
അഞ്ജലിബദ്ധയായി ഭഗവാന്റെ ദാസ്യമാണ് ഇവിടെ യാചിക്കുന്നത്. നിമിഷാർദ്ധം പോലും ഭഗവദ്ദർശനം സാധിക്കാതെ വന്നാല് തന്റെ ശരീരം നിന്ദ്യമാണ് എന്നതിനാലാണ് ആ താമരക്കാലടികളിലെ ദാസ്യംകൊണ്ട് ശരീരം ക്ഷയിച്ചുക്ഷയിച്ച് ഇല്ലാതാവട്ടെ എന്ന യാചന. ശ്രീകൃഷ്ണനുണ്ടെങ്കില്,(തവ യോഗേ .ശ്രീകൃഷണയോഗം കൊണ്ട്) കാട് വീടാവുന്നു,ശ്രീകൃഷ്ണയോഗമില്ലെങ്കിൽ വീടും കാടാവുന്നു. അതുകൊണ്ടാണവർ ശ്രീകൃഷ്ണനെ വല്ലഭനായി വരിക്കുന്നത്. അവിടെ ഗുരുവാ ജഗദ്ഗുരു വേഗം എന്നിലേക്കു വരട്ടെ എന്ന് ആത്മാന്വേഷിയായ ശിഷ്യന്റെ വാക്കാണ് കേൾക്കുന്നത്. ഈ വാക്കുകളെല്ലാം ഗുരുകൃപയാലാണ് താനെഴുതിയതെന്ന് കവി പറയുന്നു. ശ്ലോകത്തിൽ അന്യാദൃശഗിരാം,ധന്യാ,സന്യായം,സാദരം മുതലായ വാക്കുകൾ പ്രയോഗിച്ചിരിക്കുന്നതും ഇതുകൊണ്ടാണ്. ഗോപാലിക എന്ന ജീവാത്മാവ്. ഗോപാലവല്ലഭനായ പരമാത്മാവ് എന്ന അഖിലഗുരുവിനെ വരിക്കുന്ന (വരയാമ) സ്വയംവരഗീതമാണിത്.

12. മുരാരിവചനാവ്യഗ്രാവല്ലവീകാപിതത്പരാ
സംബോധയിത്വാ സ്വസഖീമിതി ഗായതി സാദരം
മര്റൊരുവൾ സ്വന്തം സഖിയെ സംബോധനചെയ്താണ് സാദരം പാടുന്നത്.അവൾ മുരാരിവചനത്താൽ,ഒട്ടും വ്യഗ്രചിത്തയായിട്ടില്ല. അവനിൽ പൂർണ്ണാനുരാഗിണിയാണ്.
ഗീതം9 കല്യാണി അടതാളം
പല്ലവിഃ വദകിം കരവാണി സഖി ഹേ
വദ കോകിലശുകവാണി
അനുപല്ലവിഃ ബതവനഭുവി ബർഹിബർഹാവതംസോ
വദതി കിമപി വക്രതയാലം
ചരണം 1. ഗൃഹപതിപുത്രധനാദിഷ്ടമമതാ-
ഗ്രഹപരിഗൃഹിതാന്തരംഗം
മഹനീയമുരളീസരലഗീതമന്ത്രേണ
മോചിതമപിരചയതി ഗൃഹസംഗം
2.നിമിഷമപിയുഗസഹസ്രസമതയാ
നീതംമയാ ദിനമാസായം
അമിതകൃപാനിധിരയമിതിസഹസാ
അധുനാഗതാമഹ തൃജതികഥനയം
3.തപസാകിലമഹതാഭുവികൽപ്പ-
തരുമുപലഭ്യ കാപി കാമിതദം
സഫലനീതിമനുസരതിസേയമിതി
വിവൃതംശിവനാരായണതീർത്ഥനേദം
വേദോക്തപ്രകാരം ഗൃഹം,പുത്രൻ,പതി,ധനം,എന്നിവയിലുള്ള മമതാഗ്രഹങ്ങൾ അന്ത

രംഗം പരിത്യജിക്കണം. അതിനാണ് വേദമന്ത്രങ്ങൾ .ഇവിടെ മഹനീയമുരളീ സരള ഗീതമാണ് നമ്മളെ ഗൃഹമമതകളിൽനിന്ന് മോചിപ്പിച്ച മന്ത്രം. പക്ഷേ ,ഇപ്പോൾ പീലി ധരിച്ചവൻ തന്റെ വക്രവാക്കുപറഞ്ഞ് നമുക്ക് വീണ്ടും ഗൃഹസംഗം ഉണ്ടാക്കാന് നോക്കു കയാണ്. ഓരോ നിമിഷവും ഓരോ യുഗസഹസ്രമായി എണ്ണിത്തീർത്ത് ,പരമപുരുഷൻ അമിതക-പാനിധിയെന്ന് ഉറപ്പിച്ചാണ് ഞാനതിവേഗം (നിമിഷവേഗം) ഇവിടേക്കു വന്ന ത്. ദീർഘകാലതപസ്സുകൊണ്ട് കിട്ടിയ ഫലമാണ് ഈ കൽപ്പതരുവെ (ഗോപാലനെ) പ്രാപിക്ക എന്നത്. അതിന്റെ ഫലം തരാതെ കൃഷ്ണന് ഒഴിഞ്ഞുമാറാനാവില്ല എന്ന് സാരം.

13. മദ്ധ്യേ കൃഷ്ണം മരതകമണിഛായം ഇഛാവിഹാരം
കൃത്വാഗോപ്യഃകുവലയദൃശോ നായകം വേഷ്ടവന്ത്യഃ
ഗായസ്തന്ത്യം സരസവചസാ ദാസ്യഭാവം ഭജന്ത്യോ
ബൃന്ദാരണ്യേ മണയ ഇവതാഃപത്മരാഗഇവാസന്.

14. നിഗമവൃന്ദസരോരുഹസംഗതം
നിഖിലലോകമധുസ്വസുഖാത്മകം
മധുരിപും പ്രതിലഭ്യ ച വല്ലവീ
മധുകരാത് സുകരജ്ജഗുരിത്യലം

നീലത്താമരയിതൾപോലുള്ള കണ്ണുകളുള്ള ഗോപികമാർ, ഇഛാവിഹാരം ചെയ്യുന്ന ഗോവിന്ദനെ ,മരതകമണിഛായയുള്ള തങ്ങളുടെ പ്രിയകാമുകനെ, പ്രേമപൂർവ്വം പാടിക്കൊണ്ട് പിന്തുടർന്നു. ദാസ്യവൃത്തി ചെയ്തു. തുളസീവനത്തിൽ (വൃന്ദാവനമെന്നും കൃഷ്ണശരീരമെന്നും അർത്ഥം)പതിച്ച പത്മരാഗങ്ങളെപ്പോലെ (പച്ചമേൽചുവപ്പ്) അവരെല്ലാം തിളങ്ങി. വേദവൃന്ദങ്ങളാകുന്ന താമരയിലുണ്ടായ ,സർവ്വലോകസുഖാത്മകമായ പൂന്തേനാണ് (മധു)മധുരിപു.അവനുചുറ്റും മധുകരങ്ങളെപ്പോലെ (തേനീച്ച,വണ്ട്)ആ വല്ലവിമാരെല്ലാം പാടിക്കൊണ്ട് സഞ്ചരിച്ചു.

ഗീതം 10 കേദാരഗൌള (കാമ്പോധി) അടതാളം (ത്രിപുട)
പല്ലവിഃ വനഭുവി ഗോവിന്ദമിഹ വിഹരന്തം
അനുപല്ലവിഃ വല്ലവയുവതീജനഭാസ്വന്തം
ചരണം 1 നിഗമസരോരുഹനിത്യസംഗതമധും
മധുഹരാത്മതയേഹ സമുദിതം
അഗണിതഗോധനമപരിമിതാനന്ദം
ആനന്ദകരം അമരേശിതുരപി തം
2.ഇനശശിപാവകതാരകഭാസക-
മീക്ഷണസമുദിതജഗദേകനാഥം
മുനിജനമാനസസാരസവരഹംസം
മഹനീയദൈവതമഖിലദേഹരഥം
3ലാവണ്യസരിദേകനായമഖിലസം-
രക്ഷണമമരസംരക്ഷണമധുനാ
സേവകശിവനാരായണതീർത്ഥഭാവിത-
ശ്രേയോവിധായകമിഹവേദവിധിനാ

വല്ലവിമാരാകുന്ന താമരകൾക്ക് സൂര്യനാണ് കൃഷ്ണപരമാത്മാ. വേദശാസ്ത്രങ്ങളാകുന്ന താമരകളിലെ ശാശ്വതമായ മധുവും അവനാണ്. അതായത് വല്ലവിമാര് ആ വേദശാസ്ത്രങ്ങളെ ധരിക്കുന്ന യോഗിനിമാരാണ്. ഇന്ദ്രനും സർവ്വജനങ്ങൾക്കും അഗണിത (എണ്ണാനാവാത്ത)മായ ഗോധനവും അപരിമിതാനന്ദവും ആ മധു നൽകുന്നു. അതേ സമയം മധുവെന്ന അസുരന്റെ ഹന്താവുമാണ് .സൂര്യാഗ്നിചന്ദ്രന്മാർക്കും താരകൾക്കും പ്രകാ

ശം കൊടുക്കുന്നതവനാണ്. ഒറ്റ ദൃഷ്ടി അഥവാ ഒരു സങ്കൽപ്പം കൊണ്ട് സർവ്വ പ്രപഞ്ച ങ്ങളുംസൃഷ്ടിച്ചതും അവനാണ്. മുനിജനമാനസത്തിൽ സാരസവരഹംസമായി അവനാണ് വിഹരിക്കുന്നത്. താൻതന്നെ സൃഷ്ടിച്ച സർവ്വദേഹരഥങ്ങൾക്കും അവനാണ് മഹനീയദൈവതമായ സാരഥി. ലാവണ്യസാഗരവും ഏകവുമായ അവനാലാണ് സർവ്വ ജഗത്തും സൃഷ്ടിച്ച്,സംരക്ഷിച്ച്,അനുഗ്രഹിക്കപ്പെട്ടിരിക്കുന്നത്.

15. ഗായന്ത്യോ നനൃതുശ്ചോത്ഥം ഗായന്തം നന്ദനന്ദനം വേണുനാദസുധാധാരാമുദ്ഗിരന്തം മുഹുർമുഹുഃ ഇതി ശ്രീനാരായണതീർത്ഥവിരചിതായാം ശ്രീകൃഷ്ണലീലാതരംഗിണ്യാം ശ്രീകൃഷ്ണഗോപീസമാഗമവർണ്ണനം നാമ ഷഷ്ഠതരംഗഃ
അനുനിമിഷം വേണുനാദസുധാധാരയൊഴുക്കുന്ന ആ നന്ദനന്ദനത്തെ (നന്ദന്റെ നന്ദനനെന്നും നന്ദനെ ആനന്ദിപ്പിക്കുന്നവനെന്നും നന്ദനം അഥവാ വിധൃതമെന്ന സഹസ്രാര പത്മത്തിലെ ബ്രഹ്മരന്ധ്രത്തിൽ സാന്ദ്രാനന്ദം ഒഴുക്കുന്നവനെന്നും പല അർത്ഥം) പാടിയും ആടിയും ഗോപികമാരെല്ലാം ആരാധിച്ചു. ശരത്കാലത്ത് ഗീത,വാദ്യ, നൃത്താഭിനയങ്ങളാൽ അക്ഷമാല (സ്ഫടികമാല)ധരിച്ച അക്ഷരവർണ്ണമാലികയായ സരസ്വതിയെ കൽപ്പദ്രുമമായി ഉപാസിക്കുന്നവരായ ജനത ,ആ കൽപ്പകവൃക്ഷത്തെ രാശിമണ്ഡല, രാസമണ്ഡലരൂപമാക്കി രചിച്ച് ശ്രീകൃഷ്ണനെന്നു സങ്കൽപ്പിച്ച് നടത്തുന്ന കലാരൂപങ്ങള് ഹരപ്പ,സിന്ധു-സരസ്വതീകാലം മുതലേ ഇന്ത്യയിലുണ്ട്.
നടൈർഗ്ഗീണ കണ്ഠാനാമന്യോന്യാന്തകരശ്രിയാം
നർത്തകീനാം ഭവേദ്രാസോ മണ്ഡലീഭൂയനർത്തനം
എന്ന ഭരതമുനിയുടെ മണ്ഡലീഭൂനർത്തനം സംഘകാലത്തെ ചിലപ്പതികാരത്തിലും കാണുന്നു. ഈ മണ്ഡലീഭൂയനർത്തനം തന്നെയാണ് രാസലീലയും രാശിമണ്ഡലത്തിലെ ഗ്രഹനക്ഷത്രാദികളുടെ ലീലയും. ആന്ധ്രപ്രദേശത്ത് ജനിച്ചുവളർന്ന നാരായണതീർത്ഥരും ഇതിനെ പരാമർശിക്കുന്നു.
സപ്തമതരംഗം ശ്രീകൃഷ്ണരാസക്രീഡാമഹോത്സവവർണ്ണനം
ശ്ലോകം 1. ഹരിയുടെ രാസക്രീഡ എന്ന ചരിതം അഭിനയിക്കുന്നു.ശ്രീകൃഷ്ണനും ഗോപികമാരും വനത്തിൽ കടക്കുന്നു.ശ്ലോകം 2 ഗോപികമാർക്ക് തത്വോപദേശം കൊടുത്ത് ഹരി ആഭീരാനന്ദതാണ്ഡവം എന്ന നൃത്തം ചെയ്യുന്നു. സുരന്മാരെല്ലാം പുഷ്പവൃഷ്ടി പൊഴിക്കുന്നു.ശ്ലോകം 3 ആ താണ്ഡവസംഗീതത്തില് ഗോപികമാരുടെ ചിത്തരഞ്ജനം. ഇത് ഏഴാം തരംഗത്തിൽ സംഗ്രഹമായി പറയുന്നു. ശ്ലോകം 4 അനേകജന്മസഹസ്രങ്ങളുടെ തപസ്സുകൊണ്ട് സന്തോഷിക്കപ്പെട്ട ഭഗവാൻ ഗോപികമാരുടെ ജന്മത്തെ അനുഗ്രഹിക്കാനായി ആവിർഭവിച്ചു.(അവതരിച്ചു).
ശ്രീകൃഷ്ണന്റെ തത്വോപദേശംഃ
മന്ദാരം ,പാരിജാതം,സന്താനകല്പകം,ഹരിചന്ദനം മുതലായ തരുവൃന്ദങ്ങളാൽ ആനന്ദിതവും ശുകം,പികം,ശാരിത എന്നിവയുടെ നാദം മുഴങ്ങുന്നതുമായ നന്ദനോദ്യാനമായ വൃന്ദാവനത്തിൽ, വിടർന്ന ശാരദമല്ലികാദിമകരന്ദപരിമളലാലസതയാല് സഞ്ചരച്ചഞ്ചരികഝനത്കാരനൂപുരരവംകൊണ്ട് ,വിചിത്രപതത്രികളുടെ വക്ത്രോദ്ഗലിതമായ നാനാവിധ വിനോദനിനാദതാളമൃദംഗസംഗീതാദികലാവിശേഷങ്ങളെ, നോക്കിക്കാണുന്ന അനേകകോടി വനദേവതാനാട്യരസോത്കടത്തിൽ, കളിന്ദനന്ദിനീപുളിനത്തിൽ, സമുല്ലസിതലളിതലവംഗലതാദിവിവിധലതാഭവനങ്ങളിൽ,ശരത്സാന്ദ്രചന്ദ്രികാസംഗവിലസിതവും നിരവധി മണിമൌക്തികാലങ്കൃതവുമായ വേദികയിൽ, ജലത്തിൽ ദിവ്യവിമാനമേറിയ സുരകിന്നരവരവനിതാഗണങ്ങൾ നോക്കിയിരുന്ന് പൂമഴ പൊഴിയവേ, ഗോപരമണീനയനോൽപ്പലാരാധിതനും ഭക്തസങ്കൽപസിദ്ധി അരുളുന്നവനുമായ മദനഗോപാലമൂർത്തി വാസുദേവന് ഗോപിമാരോടൊത്ത് രാസക്രീഡാമഹോത്സവം ആരംഭി

ക്കും മുമ്പ് സംഭ്രമചേതസകളായ അവർക്ക് ആത്മതത്വം ഉപദേശിച്ചു. ഗോപിമാരെല്ലാം അത് ശ്രദ്ധാപൂർവ്വം കേട്ടു.
ശ്ലോകം 6- സുധപോലെ ശൌരിയിൽനിന്ന് ഒഴുകിയ വാക്ക് ബ്രഹ്മാനുഭൂതിരസികകളായ അവരെല്ലാം കേട്ടു. ആനന്ദപൂർവ്വം കൃഷ്ണബ്രഹ്മത്തിന്റെ ആ മധു വീണ്ടും വീണ്ടും പാനം ചെയ്തു.
ശ്ലോകം 7- അവനാലുപദേശിക്കപ്പെട്ട അദ്വൈതം താന്താങ്ങൾക്ക് മനസ്സിലായ വിധത്തിലാണ് അവരോരോരുത്തരും രാസമണ്ഡലത്തിലാടിയും പാടിയും അനുകരിക്കാൻശ്രമിച്ചത്. ഓരോ ജീവാത്മാവും അങ്ങനെയാണ് ഈ ലോകമെന്ന വേദിയിൽ സഞ്ചരിക്കുന്നതെന്ന തത്വമാണ് കവി ഇവിടെ പറയുന്നത്.
ഗീതം 1. മുഖാരി ആദിതാളം (നാദനാമക്രിയയോ കാംബോജിയോ .ഝംപതാളം)

ചരണം

1. അദ്വയമഖണ്ഡിതമശേഷജഗദിമം
   യത്രച ജഗത്തിതയമാസ്ഥിതമനന്തേ
   യത്രവിലയം പുനരുപൈതി മൃദികുംഭോ
   യദ്വവധാരയത സത്യമിതി മാം ഓം

2 . യച്ച നിജശക്തിയുതമൈക്ഷതപുരസ്താത്

യത്പുനരഭ്ദ്രദിക്ൃതമൈക്ഷതസുതേജഃ

യച്ചകമഭ്രുത് പുനരവൈക്ഷതയദന്നം

ജാതമവധാരയത സത്യമിതി മാം ഓം

3.യത് പുനരഭ്രുത് ത്രിവിധപുരുഷശരീരം

യത്തദനുവിശ്യസകലം ത്രിവിധം ആസീദ്

ജീവകലയാ സകലസാക്ഷ്യവികൃതം സത്

തത്വമവധാരയത സത്യമിതി മാം ഓം

4.അന്നസലിലേ അഭവതാമസിതപീതേ

പ്രാണമനസപരിണതേ പരമസൂക്ഷ്മേ

വാഗഭവദപ്യസിതമൽപ്പപരിണാമി

ജ്യോതിരവധാരയതസത്യമിതി മാം ഓം

5.ഷോഡശകലഃപുരുഷ ഏഷ പരിശിഷ്ടഃ

താസുവിലയം പ്രതിഗതാസു ന ച വേദഃ

താസു തു സമസ്തമനുപശ്യതി തദിത്ഥം

തത്വമവധാരയത സത്യമിതി മാം ഓം.

6.യേന പുരുഷസ്സമം സത്വമുപലഭ്യ

സ്വാപസമയേ സ്വപിതി നാമക ഇഹസ്യാത്

യത്രവിലയം സമനയാതി മന ആദി

തത്വമവധാരയത സത്യമിതി മാം ഓം

7.യത്ര മധുപാഹൃതമധൂപമിതമേതത്

ചിത്രരസമേകരസതാം സമധിഗമ്യ

നൈവരസഭേദമിഹ വേദജഗദാദിം

തത്വമവധാരയത സത്യമിതി മാം ഓം

8.യത്ര ജലധൌ സമരസത്വമനുയാതാഃ

തത് പൃഥഗശേഷസരിതോ ന വിദുരേവം

ബ്രഹ്മണിജനാഅനുദിനം സമന്തയാതാഃ

തത്വമവധാരയത സത്യമിഹ മാം ഓം

9.യസ്യകലയായമഖിലസ്യ സ ഹി ഭോക്താ

തത് പരിഹൃതോ അമൃത ഇതി പ്രതിവദന്തി

യച്ചഭവമൃത്യുരഹിതഃസകലസാക്ഷി

തത്വമവധാരയത സത്യമിഹ മാം ഓം

10.യത്ര ച വിജൃംഭിതമിദം സ്വഗതശക്ത്യാ

സ്വാപൃഥഗവസ്ഥിതമശേഷജഡജാതം

യച്ചവടബീജസദൃശം പരമസൂക്ഷ്മം

തത്വമവധാരയത സത്യമിഹ മാം ഓം

11.സിന്ധുജനിതം സലിലമിശ്രിതമിവാത്മാ

സർവ്വഗതഏകരസതാമനുഗതോ യഃ

വേദശിരസാം പരിചയേനസുവിവിക്തഃ

തത്വമവധാരയത സത്യമിതി മാം ഓം

12. യത്രലയമേതി മനമാദിപരമാത്മാ

ന്യന്യദനുപശ്യതി ന ബന്ധുജനമേഷഃ
സർവ്വവിലയേപ്യവിലയം യദവശിഷ്ടം
തത്വമവധാരയത സത്യമിഹ മാം ഓം

13. ബദ്ധനയനോ വനഭുവി പ്രതിവിമുക്തഃ
പ്രശ്നമുപലഭ്യനഗരം പുനരവാപ
യദ്ഗുരുമതം പുനരവാപ നിജബുദ്ധ്യാ
തത്വമവധാരയത സത്യമിഹ മാം ഓം

14. അക്രിയതയാ സകലവിക്രിയദൃശിത്വാ-
ന്നൈവഹനനാദിവിഷയോ യദവശിഷ്ടം
തത്പരശുസ്പൃഗിവസത്യപരിഗുപ്തഃ
തത്വമവധാരയത സത്യമിഹ മാം ഓം

15. കിന്നുകഥനീയമബലായദനുഭൂതം
സർവ്വമനുഭൂതിമപഹായനഉതത്വം
നിത്യമനുഭൂതിസുഖവിപ്രഹമചിന്ത്യം
തത്വമവധാരയതസത്യമിഹ മാം ഓം

16. സത് സദിതി സർവ്വവിഷയേഷ്വനുഗതം യദ്
ഭാസകതയാ പ്രിയതയാ ച പരിശിഷ്ടം
മാനമിതി മേയമിതി ഹീനമതിരിക്തം
വിദ്യദനുഭൂതമവധാരയത സത്യം

17. നിശ്ചിതമശേഷനിഗമാന്തവചനൈര്യ-
തത്വമയമിത്യഖിലസാരമനുഭൂതേഃ
തർക്കശതകൈരപി ദുരേകരസമാദ്ധ്യം
ധീരമധിഗമ്യമവധാരയത സത്യം

18. പര്യവസിതം നിഗമവാക്ശതകമിശ്രേ
ലക്ഷണകതയാന്യവിഷയേ പരിസമാപ്തേ
സർവ്വവിഷയസ്യ ച തദാത്മകതയാ തം
ശിഷ്ടമവധാരയത സത്യമിതി മാം ഓം.

19. ശ്രീമുരരിപോർവ്വദനപത്മമകരന്ദം
ബ്രഹ്മസുഖസാരവചനം ബഹുപിബന്തഃ
ഗോകുലവധൂമധുകരാസ്സുപരിതൃപ്താഃ
രാസഭുവി മണ്ഡലകൃതോ ബഹുരമന്തേ

20. സാമനിഗമാന്തവചനാർത്ഥമുപലഭ്യ
സ്വാനുഭവമേകമഖിലൈകരസഭൂതം
ഏതദമൃതംഭവഭയാപഹരമാദ്ധ്യം
നാരായണാനന്ദതീർത്ഥപരിഗീതം

പരമസത്യമായ ഓങ്കാരമാണ് ഞാനെന്ന് മനസ്സിലാക്കുക എന്നാണ് ശ്രീകൃഷ്ണന്റെ അദ്വൈതത്തോപദേശം. രണ്ടാമതൊന്നില്ലാത്തതിനാൽ അദ്വയം,അഖണ്ഡിതം, ജഗത്തിന്റെ ഉല്പത്തിസ്ഥിതിവിലയാധാരം,സർവ്വത്തിന്റേയും ഉൽപ്പത്തിക്കുമുമ്പേ ഏതൊന്ന് സർവ്വത്തേയും മനസ്സില് ധരിച്ച് ദർശിച്ച്, തന്നിൽനിന്നു സ്രവിപ്പിച്ചുവോ ആ പരമതത്വം,

ത്രിവിധപുരുഷരിലും ജീവനായിരുന്ന് പലരൂപത്തില് ഭാസിക്കുമ്പോളും ഒട്ടും മാറ്റം കൂടാതെ സത്യസ്വരൂപമായിരിക്കുന്ന പ്രണവം, പഞ്ചഭൂതസൃഷ്ടിക്കു കാരണമായ ആദിമൂലം, ഷോഡശകലയുള്ള മനോമയപുരുഷനായും ആ പുരുഷനും ഏതിൽ ലയിക്കുമോ അതായും ഇരിക്കുന്ന അക്ഷരബ്രഹ്മം,ഉറക്കത്തിലെല്ലാം എന്തിൽ ലയിക്കുമോ ആ തുരീയം, പല പൂക്കളിലെ തേനെല്ലാം തേനീച്ചക്കൂട്ടിൽ ഏകരസമാവുന്നപോലെ സർവ്വവും ഏതൊന്നിലാണോ ഏകരസമായിരിക്കുന്നത് ആ പ്രപഞ്ചമൂലം,സർവ്വജലവും ഏതൊന്നിലേകരസമായലിയുന്നുവോ ആ ബ്രഹ്മസിന്ധു,സർവ്വപ്രപഞ്ചങ്ങളും തന്റെ ചെറിയൊരു ഭാഗം മാത്രമായി അനുഭവിച്ചാസ്വദിച്ചിട്ടും അതിനെല്ലാം അതീതമായ സർവ്വസാക്ഷി, ജന്മമൃത്യുക്കളില്ലാത്ത പരമസത്യം,ഒരു വടവൃക്ഷത്തിന്റെ കുരുപോലെ സർവ്വപ്രപഞ്ചവും സൂക്ഷ്മമായി തന്നിയൊതുക്കിയവൻ,അതിനെ വടവൃക്ഷമാക്കി വിജൃംഭിപ്പിക്കുന്നവൻ, സർവ്വത്തിലും ഒരുപോലെ ഉണ്ടായിട്ടും ആരാലും താത്വികമായി പൂർണ്ണമായരിയാനാവാത്തത്, ഏതൊന്നി ൽ വിലയിക്കുമ്പോള് അതുവരെ ബന്ധുക്കളെന്ന് വിചാരിച്ചതെല്ലാം ജീവനാല് വിസ്മരിക്കപ്പെടുന്നുവോ അത്, മറ്റെല്ലാം നശിച്ചാലും ഏതൊന്ന് നിലനിൽക്കുന്നുവോ ആ സത്യം, കണ്ണുകെട്ടി കാട്ടിൽവിട്ടവന് ചോദ്യംചോദിച്ച് സ്വഗൃഹത്തില് തിരിച്ചെത്തും പോലെ ഓരോ സത്യാന്വേഷിയും ചോദ്യം ചോദിച്ച് ഗുരുവിന്റെ ഉത്തരങ്ങളിലൂടെ സ്വന്തം പ്രജ്ഞയാൽ കണ്ടെത്തുന്ന പരമസത്യം, സത്യം കണ്ടെത്തിയവൻ അഗ്നിയാൽ കാമം ദഹിച്ച് ശുദ്ധിനേടാനിടയാക്കുന്നവൻ, കണ്ടെത്താത്തവനെ സംസാരജീവിതത്താൽ സദാ പൊള്ളിക്കുന്നവൻ- അതാണ് ബ്രഹ്മപുരുഷനായ ഹരി. സംസാരജീവിതാനുഭവങ്ങളൊന്നുമേ സത്യമല്ല.അവയെയെല്ലാം ത്യജിച്ച് എന്നെ പരമസത്യമായ ഓങ്കാരമായി മനസ്സിലാക്കി ആ ശാശ്വതബ്രഹ്മാനന്ദം അനുഭവിക്കുക.മനുഷ്യബുദ്ധിക്ക് അപ്രാപ്യമാണ് ആ പരമാനന്ദപദം. സർവ്വത്തിലും സത്യമായിരുന്ന അതിൽപ്പരവും ശിഷ്ടവുമായി ,അത്യന്തശോഭനീയവും പ്രിയവുമായി,സത്യാനുഭവം നേടിയ മനീഷികളാൽ പറയപ്പെട്ടതായി, അളക്കപ്പെട്ടതും അതിനുള്ള അളവുമായി,വലുതും ചെറുതും സ്ഥൂലവും സൂക്ഷ്മവുമായി, ഇരിക്കുന്ന പ്രണവമെന്ന സത്യമാണ് അഹമെന്ന് പറയുന്ന ഞാനെന്നറിയുക. വേദങ്ങളിൽപറയപ്പെട്ട ആ പരമസത്യം എല്ലാ വസ്തുക്കളിലുമുണ്ട്. എന്നാലവയിലെല്ലാം അതിന്റെ അപൂർണ്ണാവസ്ഥയിലേ ഗ്രഹിക്കാനാവൂ. അവക്കെല്ലാം അതീതമാണ് ആ പരമപദം.

ശ്രീമുരാരിയുടെ വദനപത്മത്തിൽനിന്ന് ഒഴുകിയ ബ്രഹ്മസുഖസാരമായ മകരന്ദം ധാരാളം പാനം ചെയ്ത് ഗോകുലവധൂജനമധുകരങ്ങൾ സുപരിതൃപ്തകളായി. അവരാ രാസഭൂമിയി ൽ മണ്ഡലങ്ങളുണ്ടാക്കി ധാരാളം നൃത്തം ചെയ്ത് രമിച്ചു.സാമവേദവചനാ ർത്ഥം ലഭിച്ച സ്വാനുഭവം ഒന്നുമാത്രമാണ് അഖിലസാരഭൂതമായത്. ആ അമൃതം ഭവഭയത്തെ അപഹരിക്കുന്ന ആദ്യമാണ്. ആദ്യമായ ആ നാരായണാനന്ദതീർത്ഥം അനുഭവിച്ച് ,അതിനെ പ്രകീർത്തിച്ച്,നാരായണതീർത്ഥനെന്ന കവി ഇങ്ങനെ പാടി.

രാസക്രീഡാവർണ്ണനം

ശ്ലോകം 8- സംസാരരോഗസന്തപ്താ കൃഷ്ണാബ്രഹ്മരസായനം
ഗോപ്യഃപിബന്ത്യസ്തന്മുക്താ രമന്തേഹ്യഭയം ഗതാഃ
ശ്ലോകം 9- ആത്മാരാമാ പരാനന്ദനിത്യതൃപ്താഃപുനഃപുനഃ
ആത്മാനുഭൂതിം ഗായന്ത്യഃകൃഷ്ണൈകരസതാംഗതാഃ
ശ്ലോകം 10-രമന്തേ പരമാനന്ദേകൃഷ്ണബ്രഹ്മണി താ ഭൃശം
ത്യക്തദേഹാദ്ധ്യഹമ്മാനാ നിർവ്വിശേഷസുഖേസ്ഥിതാഃ

സംസാരരോഗംകൊണ്ട് സന്തപ്തരായ ജീവാത്മാക്കൾക്കുള്ള കൃഷ്ണബ്രഹ്മരസായനമാമ് ഗോപികൾ കുടിച്ചത്. അവരെല്ലാം നിത്യമുക്തകളായി,അഭയകളായി ആനന്ദപൂർവ്വം ജീവിച്ചു. ആത്മാരാമകളും പരമമായ ആനന്ദത്താൽ നിത്യതൃപ്തകളുമായി. വീണ്ടും വീണ്ടും

അനുഭവിച്ച ആത്മാനുഭൂതിയെക്കുറിച്ച് പാടി.കൃഷ്ണനെ ഏകരസത്തിൽ,(നദികൾ കടലി ലെന്നപോലെ)ഒന്നായറിഞ്ഞുലയിച്ചു. പരമാനന്ദത്തിൽ, കൃഷ്ണബ്രഹ്മത്തിൽ, ദേഹം മുത ലായ സർവ്വഅഹങ്കാരങ്ങളും ചിന്തകളും ഉപേക്ഷിച്ച് ,നിർവ്വിശേഷമായ യോഗാനന്ദ ത്തിൽ സ്ഥിതകളായി (സ്ഥിതപ്രജ്ഞകളായി) രമിച്ചു. അവരിങ്ങനെ പാടി.

ഗീതം 2. ഭൈരവി .(ഘണ്ടാ)അടതാളം
പല്ലവിഃ പരമിവ പശ്യത പുരുഷം സ്വീകൃതമായികമനുഷം
ചരണം1- നിജപരഭേദരഹിതദൃശമക്ഷരമീക്ഷണകൃതഭുവനംവിഭും
ഉപനിഷദേകസമധിഗതമദ്വയബോധസുഖൈകരസംപ്രഭും
2.ഇദമിദമിത്യഖിലേഷു സമനുഗതം സത്യചിദദ്വയവിഗ്രഹം
ശ്രുതിശിരസി പ്രവിവിക്തമസക്തം അഭക്തജനൈരതിദുർഗ്രഹം
3.ഗഗനമരുന്മുഖഭൂതസമുദിതസമസ്തജഗത്പ്രതിഭാസകം
തദനുതദന്നരസമയമശേഷവിശേഷമഖണ്ഡസുഖാത്മകം
4.അധിഗതമന്നമയാദിഷുയോഗിഭിരാന്തരമന്തര്യയം
ഹരിംഅഖിലൈകരസം ജനനാദിവികാരവിഹീനമനാമയം
5വിദുരിഹ യം നിഗമാന്തവചോഭിരപോഹ്യപരാഞ്ചമഖണ്ഡിതം
അഘടിതസംഘടനാഘടികാകൃതിമദ്ഭുതകുണ്ഡലമണ്ഡിതം
6സ്വജനദയാധൃതദേഹമദേഹതയാവിഹരന്തമിഹഭൂതലേ
വനഭുവി രാസം സമയരസപണ്ഡിതഗോപവധൂകൃതമണ്ഡലേ
7.അതനുമശേഷതനും ജഗതാഭയം ഭയകാരണതാരണം
നിജകലയാ പരിബൃംഹിതസർവ്വജനാത്മതയാഘനിവാരണം
8.സകൃദവലോകനിരാകൃതഗോപവധൂജനതാപമരിന്ദമം
നവജലദാഭതനും തഡിദാഭപടം നടവേഷധരം സമം
9.ഹരിചരണസ്മരണൈകപരായണജനസുഖദം പരദൈവതം
മുനിനാരായണതീർത്ഥസുവിരചിതഗീതമിദം നിഗമാന്വിതം

കാണുക.മായാമാനുഷവേഷം ധരിച്ച പരമപുരുഷനെ. ഞാനും നീയുമെന്ന ഭേദമില്ലാതെ സർവ്വത്തേയും അവന് വീക്ഷിക്കുന്നു. ഒറ്റ നോട്ടംകൊണ്ടുതന്നെ പ്രപഞ്ചം സൃഷ്ടിക്കുന്നു. ഉപനിഷത്തുക്കളാൽ മാത്രമാണ് അവനെ പ്രാപിക്കാനാവുക. അദ്വൈതബോധമെന്ന പരമസുഖത്തിന്റെ ഏകരസമാണ് പ്രഭു. ഇത്.അത് എന്ന് സർവ്വത്തെക്കുറിച്ചും ബോ ധം ഉണ്ടാക്കുന്ന സത്യവും ചിത്തും ആയ അദ്വയവിഗ്രഹം (അദ്വൈതമൂർത്തി)യാണ്. അവിഭക്തമായ അത് ശ്രുതിശിരസ്സിൽ (വേദശിരസ്സ്)ഭക്തർക്ക് അനുഭവപ്പെടുന്നു. അഭക്തർക്ക് അതിദുർഗ്രഹവുമാണ്. പഞ്ചഭൂതങ്ങളായി സമസ്തജഗത്തിനേയും പ്രതി ഭാസിപ്പിക്കുന്നു. സർവ്വാന്നരസമായിരുന്ന് സവിശേഷമായ അഖണ്ഡസുഖാത്മകമായി ജീവിപ്പിക്കുന്നു. അന്നമയശരീരത്തിലും അവനാണുള്ളത്.ജനനം മുതലായ വികാരങ്ങളി ല്ലാതെ,അനാമയമായ ഹരിയാണ് അഖിലൈകരസമായ ബ്രഹ്മം. വേദവിത്തുക്കൾ വേദവാക്യത്തിലിരിക്കുന്ന അവനെ സത്യമെന്ന് ഗ്രഹിക്കുന്നു. മറ്റെല്ലാ വസ്തുക്കളും അസ ത്തയാണ്. അസംഭാവ്യത്തെ സംഭവിപ്പിക്കുന്ന അവൻ അഘടിതസംഘടനാഘടികാ രൂപമാണ്. (അഘടിതമായവയെയെല്ലാം സംഘടനയാക്കുന്ന ഘടികാരം അഥവാ കാലത്തെ അളക്കുന്ന ഉപകരണമായ നാഴികവട്ടയുടെ രൂപം-കാലപുരുഷരൂപം) അവ കളെ (സൂര്യചന്ദ്രാദികളെയും താരങ്ങളേയും) അത്ഭുതകുണ്ഡലമാക്കി, ആഭരണമാക്കി കാലപുരുഷനായ അവൻ ധരിച്ചിരിക്കുന്നു. ദേഹമില്ലാത്ത അവനാണ് സ്വജനങ്ങളായ നമ്മിൽ ദയതോന്നി ദേഹം സ്വീകരിച്ച് ഭൂമിയിലവതരിച്ചിരിക്കുന്നത്,ഈ വനഭൂമിയിൽ വിഹരിച്ച് സമയരസപണ്ഡിതകളായ (കാലമെന്ന രസത്തെക്കുറിച്ച് അറിവുള്ള വിദു ഷികളെന്നും ജ്യോതിഷികളെന്നും സമയാചാരതൽപ്പരകളെന്നും അർത്ഥം)ഗോപവധു

ക്കൾചമച്ച(വരച്ച) മണ്ഡലങ്ങളിൽ (കോലങ്ങളില്)തന്റെ രാസം (രാശിലീല) ആടുന്ന ത്. അവൻ ഒരേസമയം അതനുവും (ശരീരമില്ലാത്ത) അശേഷതനുവും(എല്ലാശരീരവും) ആണ്.ജഗത്തിന്റെഅഭയമാണ്.സർവ്വഭയങ്ങളുടേയുംമൂലകാരണത്തെനശിപ്പിക്കുന്നവ നാണ്. അവന്റെ ജീവകലകൊണ്ട് വർദ്ധിച്ചുവന്ന)ബൃംഹിതം)സർവ്വജനങ്ങളുടേയും ആത്മാവിൽനിന്ന് പാപം തുടച്ചുനീക്കുന്നവനാണ്. ഒറ്റനോട്ടത്താൽ ഗോപവധുക്കൾക്ക് താപം തീർത്തുകൊടുത്ത അരിന്ദമനാണ്(ശത്രുവിനാശകൻ സംസാരതാപശമനം ശത്രുനാശനമാണ്).പുതിയ കാർമേഘവർണ്ണമുള്ള ശരീരത്തില് മിന്നൽകാന്തിയുള്ള പീതാംബരം ചാർത്തിയ ഈ നടവേഷധാരി സർവ്വരിലും സമമാണ്. ഹരിചരണ സ്മര ണയിൽ ഏകപരായണരായവർക്ക് ബ്രഹ്മസുഖം തരുന്ന പരദൈവതമാണ്. വേദസാ രമായ അവനെ മുനിനാരായണതീർത്ഥര് കീർത്തിച്ചുപാടുന്നു.

ഇവിടുന്നങ്ങോട്ട് പതിമൂന്നാം ശ്ലോകംവരെയുള്ള സാരം- ജഗത്തിന്റെ ഉദയം,ലയം, ഇവ യുടെ സാധകവും സാധകനും അവനാണ്.ശ്രുതിയിലും ഗുരുവിലുമുള്ള ദൃഢഭക്തികൊ ണ്ട് ലഭിക്കുന്ന അദ്വൈതതത്വമാണവന്. ശ്രുതിശിരസ്സിൽ ഏകമായിരിക്കുന്ന അവന് വിവിക്തമായ പഞ്ചകോശങ്ങളിലും അന്തരസ്ഥമായിരിക്കുന്നു. അവൻതന്നെ നടവേഷ ത്തിൽ വനഭൂമിയില് വിഹരിക്കുന്നത് ഗോപികള് കണ്ടു. കൃഷ്ണാത്മതത്വജ്ഞകളും കൃഷ്ണ ബ്രഹ്മാത്മനാ സ്ഥിതപ്രജ്ഞകളുമായ അവർ സർവ്വോപനിഷദ്സാരമായ ഗാനം പാടി. ഹൃദയാന്തർഗ്ഗതമായ കാന്തനെ കാളിന്ദീതടത്തില് പ്രിയത്തോടെ ,നിരങ്കുശതൃപ്തയായ ഒരു ഗോപി ആലിംഗനം ചെയ്തു. എന്റെ,നിന്റെ എന്ന ഭേദമറ്റ (അസ്മദ്,ഉസ്മദ്)ആ ശ്രു തിസാരത്തെ ധൈര്യപൂർവ്വം,ബലമായി,ചിരകാലം ബഹുമോദത്തോടെ അവൾ ഗാനം ചെയ്തു. ആ അനന്തകാലം അവൾക്കൊരു മുഹൂർത്തമായേ അനുഭവപ്പെട്ടുള്ളു.അവൾ പാടിയ പാട്ട്ഃ-

ഗീതം 3.കാംബോധി (പുന്നാഗവരാളി) ആദി (ത്രിപുട)

പല്ലവിഃ കലയേ ദേവമിഹ സുഖകന്ദം

അനുപല്ലവിഃ നിഗമനിരുദ്ധമഖിലദൃശമേകരസം

വ്രജാനന്ദമുകുന്ദം

ചരണംഃ 1. യദശനയാദിവികാരവിഹീനമശേഷമജയ്യമനന്തം

ഇഹമുനയോമൃഗയന്തി ശമാദിഭിരാന്തരമേനമചിന്ത്യം

2.ഇഹപരഭോഗമമരപദവീമപി

യദധിഗമേനഭജന്തേ

വിഷമിവധീരധിയോ അമരമൃഗ്യപരൈകസുഖേവിഹരന്തേ

3.സകലസുധർമ്മവിധർമ്മകൃതാകൃതഭൂതഭവിഷ്യദതീതം

നിജപരിബൃംഹിതജഗദനുകൂലതയാസതതം സുവിഭാതം

4.നിഖിലതപശ്ശ്രുതയോനുവദന്തിയമവധിതയാപരദേവം

അഭിലഷിതം മുനിഭിസ്വതപോഭിരശേഷഭവാംബുധിനാവം

5.പ്രണവതുരീയസുലക്ഷിതമക്ഷരമാത്മതയായദനന്യം

യദയമനുസ്മരതിസ്വയമവ്യയമാശു സ വിന്ദതിധന്യം

6.യദധിഗമാദിഹ ജന്മമൃതിഹനനാദിഭയാനിതരന്തി

പുനരിഹമോഹവിജൃംഭിതമേതദധോമുനയോനഭജന്തി

7.വിരതിശമാദിവിഹീനദുരാപമബോധസുബോധസമാനം

യദവഗതിപ്രതിഷിദ്ധമബോധവിജൃംഭിതമാഹുതിഹൈനം

8വിഭുമശരീരമശേഷശരീരഗുഹാസുനിവിഷ്ടചിദംശം

വ്രജയുവതീജനവല്ലഭമാത്മതയാപരിശിഷ്ടമധീശം

9.ഫണിതമനന്തപരായണശിവനാരായണതീർത്ഥേനേദം

നിഗമശിരോരസഭാവനയാ ഗതമത്സരഹൃദയവിനോദം
സകലസുഖത്തിന്റേയും മൂലമായ ഭഗവാനെ ഞാനിതാ ധ്യാനിക്കുന്നു.വേദത്തിൽ മറ ഞ്ഞിരിക്കുന്നതും സർവ്വത്തേയും ഏകരസമായി കാണുന്നതും വ്രജത്തിന്റെ ആനന്ദവും മുകുന്ദ വും (ഇഹപരസുഖം തരുന്നത്)ആയതിനെ ധ്യാനിക്കുന്നു. വിശപ്പ് മുതലായ വികാ രങ്ങളി ല്ലാത്തതും അശേഷവും അജയ്യവും അനന്തവും അചിന്ത്യവും ശമം മുതലായ മാ ർഗ്ഗങ്ങളാല് മുനിമാര് തിരയുന്നതുമായ ഭഗവാനെ ധ്യാനിക്കുന്നു. ഇഹപരഭോഗം, ഇന്ദ്ര പദവി എന്നി വ പോലും വിഷമെന്നുകരുതി ധീരന്മാരായ ധീമാന്മാർ ഏതൊരു പരമസു ഖലാഭത്തിനായി ത്യജിച്ചുകളയുന്നുവോ, ആ ദേവനെ ധ്യനിക്കുന്നു. ദ്വന്ദ്വങ്ങൾക്കെല്ലാം അതീതവും കാലാതീതവും സദാ ഉദിക്കുന്ന ബോധസുബോധസമാനവും അബോധത്തി ലാണ്ട ജഗ ത്തിന് ഗതിവിഘ്നം വരാതിരികാകാൽ ബോധമാർഗ്ഗം കാട്ടുന്നതുമായ (അവ താരങ്ങളെ ഉദയങ്ങളായി പറയുന്നു)ദേവനെ ധ്യാനിക്കുന്നു.തപസ്സും ശ്രുതിയുമെല്ലാം അ വനെ പരമദേവനെന്ന് പ്രഖ്യാപിക്കുന്നു. സംസാരതരണമാർഗ്ഗമായ അതിനെ മുനിമാര് തപസ്സിലൂടെ പ്രാപിക്കുന്നു. തുരീയാവസ്ഥയിൽ ധ്യാനിക്കപ്പെടുന്ന ഓമെന്ന അക്ഷരബ്ര ഹ്മം സമാധിയിൽ ബ്രഹ്മാനുഭവത്തിലാണ് സാക്ഷാത്കരിക്കുന്നത്. ആ അക്ഷരബ്രഹ്മ ത്തിൽ ശ്രദ്ധാപൂർവ്വം ധ്യാനിച്ച് തന്മയീഭവിക്കുന്നു. ജന്മമൃത്യുജരാഭയങ്ങളെ ആ അനുഭ വജ്ഞാനം കൊണ്ടേ ഇല്ലാതാക്കാനാവൂ. അങ്ങനെ ഭയം നീങ്ങിയ മുനിമാർ മായാസം സാരപ്രപഞ്ചത്താൽ മോഹിതരാവുന്നില്ല. സന്യാസം,ഇന്ദ്രിയജയം,എന്നിവ ഇല്ലാത്തവ ർക്ക് ആ പദം അപ്രാപ്യമാണ്. ആ ബ്രഹ്മദൃഷ്ടിയിൽ ജ്ഞാനിയും അജ്ഞാനിയും സമം തന്നെ. എന്നാൽ,ജ്ഞാനി ബ്രഹ്മസാക്ഷാത്കാരം നേടുമ്പോള്,അജ്ഞാനത്തെ ത്യജി ക്കുന്നുണ്ട്. വിഭു അശരീരിയാണ്. അശേഷശരീരഗുഹകളിൽ വിഭുവിന്റെ ചിദംശം തന്നെ യാണിരിക്കുന്നത്. വ്രജയുവതീജനത്തിന്റെ വല്ലഭനായി അവരുടെ ആത്മാവിൽ പരിശി ഷ്ടവും അധീശവുമായി സദാ വിളങ്ങുന്നു. നിഗമശിരോരസഭാവനകൊണ്ട് സർവ്വമാത്സ ര്യവും ത്യജിച്ച ഹൃദയങ്ങൾക്ക് വിനോദമായി, അനന്തപരായണശിവനാരായണ തീ ർത്ഥേന്ദ്രനാണ് ഈ ഗാനം രചിച്ചത്.
ശ്ലോകം 14 , 15 ഇവകളുടെ സാരംഃ- നിർവ്വിശേഷചിദാനന്ദം സ്വേഛയാലാവിർഭവിച്ചു. കൃഷ്ണഭാവത്തിൽ ബുദ്ധിമുതലായ തത്വഭൂഷണങ്ങളെ ധരിച്ച് അവതരിച്ച ശുദ്ധബുദ്ധ ബോധാനന്ദമായ സ്വാത്മാവിനെ ഗോപിമാർ പ്രകീർത്തിച്ചു. ബുദ്ധിമുതലായ പരിചിഹ്ന ങ്ങളണിഞ്ഞ് ഗോപവേഷധാരിയായി, സിദ്ധന്മാരാലനുഗമിക്കപ്പെട്ട് ,അശേഷജഗത്തി നും നിദാനമായി,നാസാഗ്രതലത്തിൽ നവമൌക്തികമായി ചന്ദ്രബിംബത്തെ ധരിച്ചവ നും ,ഭവഭയം ശമിപ്പിക്കുന്ന ബിംബാധരത്തിൽ മന്ദഹാസം തൂകുന്നവനുമായി (പ്രസാദരൂ പം)ഞാനെന്റെ ദേവനെ ധ്യാനിക്കുന്നു,നമിക്കുന്നു.
ഗീതം 4 കേദാരഗൌള (നീലാംബരി) അടതാളം
പല്ലവിഃ മാധവ മാമവ ദേവാ
യാദവകൃഷ്ണ യദുകുലകൃഷ്ണ
അനുപല്ലവിഃ സാധുജനാധാര സർവ്വഭാവ മാധവ മാമവ ദേവാ
ചരണം 1.അംബുജലോചനകംബുശുഭഗ്രീവ
ബിംബാധരചന്ദ്രബിംബാനന
ചാമ്പേയനാസാഗ്രലഗ്നസുമൌക്തിക
ശാരദചന്ദ്രജനിതമദന
2.ശംഖചക്രപത്മശാര്ങ്ഗഖഡ്ഗ-
വൈജയന്തീകൌസ്തുഭാദിഭൂഷ
സ്വീകൃതബുദ്ധ്യാദിതത്വസമന്വിത
ദിവ്യമംഗലഗോപാലവേഷ

3.കപടമാനുഷദേഹകൽപ്പിതജഗദണ്ഡ
കോടിമോഹിതഭാരതീരമണ
അപഗതമോഹതദുദ്ഭവനിജജന
കരുണാധൃതദേഹസുലക്ഷണ
4.തരലകുണ്ഡലരവിമണ്ഡലവികസിത
നിജജനമാനസപങ്കേരുഹാ
കരുണാഹാസസുധാനിധികിരണ
ശമിതഭവതാപജനമോഹ
5.മുരലീഗാനരസാമൃതപൂരിത
വ്രജയുവതീമാനസാർണ്ണവ ഭോ
സരസഗുണാർണ്ണവതീർണ്ണഭവാർണ്ണവ
സതതം ഗീതകീർത്തിമണ്ഡല ഭോ
6.ആഗമഗിരിശിഖരോദിതസത്യചി-
ദദ്വയലക്ഷണസുഖഭാനോ
യോഗികുലോത്തമയോഗശയനദുഗ്ധ
സാഗരജാലക്ഷണാഢ്യതനോ
7.ഇന്ദിരയാ സഹ സുന്ദരകൃഷ്ണാ
പുരന്ദരാദിവന്ദ്യപദകമല
നന്ദനന്ദനയോഗിവര്യധുരന്ധര
നാരായണതീർത്ഥമതിവിഹാര
(ഈ ഗീതം ഈശ്വരധ്യാനത്തിനായി ഏററവും പ്രസാദരൂപമായി മനസ്സിൽ ദർശിച്ച് - Visualisation of Music-പാടാനുള്ളതാണ്. ശെമ്മങ്കുടി,എം എസ് സുബ്ബലക്ഷ്മി, പട്ടമ്മാളെന്നിവരും നാരായണതീർത്ഥരുടെ വരഹൂര് സമ്പ്രദായവും ഇത് നീലാംബരിരാഗത്തിലാണ് പാടിയിട്ടുള്ളത്.)
ശ്ലോകം 16 ൽ, ഇങ്ങനെ പറയുന്നു:- പച്ചനിറമുള്ള വൃന്ദാവനത്തി ൽ,(തുളസീവനം) കുവലയമിഴികളും ദിവ്യതാടങ്കങ്ങളണിഞ്ഞവരുമായ വ്രജയുവതികള്, സാനന്ദം ലാസ്യനൃത്തം ചെയ്തു. സർവ്വജനങ്ങൾക്കും ജീവികൾക്കും സാരമായ നന്ദപുത്രന്റെ ദാസികളായി ,അവനെ കീർത്തിച്ച് താളവാദ്യം കയ്യിലേന്തി പാട്ടുപാടി നൃത്തം വെച്ചു.അവരിങ്ങനെ പാടി:
ഗീതം 5- മദ്ധ്യമാവതി (ഭൈരവി) ആദി (ഝംപ).(ശെമ്മങ്കുടി ബാഗേശ്രീയിലാണ് പാടിയിട്ടുള്ളത്.)
പല്ലവി- ഗോവിന്ദമിഹ ഗോപികാനന്ദകന്ദം
സാനന്ദമവലോകയാമോ മുകുന്ദം
ചരണം- 1.ഗോപികാഗണനയനകുമുദപൂർണ്ണേന്ദും
ഗോപാലകുലതിലകമഖിലജനബന്ധും
ശ്രീപതിമനിന്ദ്യഹരിചന്ദനസുഗന്ധിം
ശ്രേയോവിധായികരുണാരസസിന്ധും
2.സംഗീതരസരസികം സരസസല്ലാപം
സരളമുരളീഗലിതസാധുസന്താപം
ശൃംഗാരരസപൂരം ശ്രീമദനഗോപാലം
ശ്രിതജനാനന്ദമഖിലാനന്ദരൂപം
3.അംഗനാമുഖപത്മസംഗിഭൃംഗാക്ഷം
ആലോലകരകുണ്ഡലനടനദക്ഷം

മംഗലാകരമഖിലലോകസംരക്ഷണം
മാധവമശേഷസുരരിപുഗണവിപക്ഷാം
4.വല്ലവീമാണിക്യമണിയുഗലമദ്ധ്യേ
മരകതമണിഛായ മദനഗോപാലം
മല്ലികാജാതിചമ്പകാദിസുമഭാരം
മഹനീയലാവണ്യലലിതതരപൂരം
5.സ്വരമധരകലിതമുരളീനാദസുധയാ
സുരസുന്ദരീഗണമിഹാകർഷയന്തം
ഗുരുകരുണയാരചിതമേതദതിലലിതം
നാരായണാനന്ദതീർത്ഥസമുദിതം

ഇവിടെ രസികരായ സഹൃദയർ ഗോവിന്ദനും ഗോപവനിതകളും കൂടിയുള്ള രാസമണ്ഡലനൃത്തം വീക്ഷിക്കുന്ന മാതിരിയാണ് രചന. ഗോപികമാരുടെ ആനന്ദകന്ദമായ ഗോവിന്ദൻ അവർക്ക് മുക്തി കൊടുക്കുന്നത് സാനനന്ദം നമുക്ക് അവലോകനം ചെയ്യുക എന്നാണ് ആരംഭം. അവരുടെ വേഷം,ഭാവം,സംഗീതം,നൃത്തം,അഭിനയം,ഇവ കണ്ട് ആനന്ദിച്ച് വിലയിരുത്തുകയാണ് സഹൃദയരായ സമാനഹൃദയർ,രസാനുഭൂതിയോടെ. ഇവിടെ സംഗീതരസരസികരുടെ സരസസല്ലാപമാണ് സംഗീതരസരസികനായ ഭഗവാനെക്കുറിച്ച് . ആലോലകരകുണ്ഡലനടനദക്ഷം എന്ന കൈകൊണ്ട് കുണ്ഡലീമുദ്ര ചമക്കുന്നത് നടനദക്ഷനായ ഭഗവാനും ഗോപിമാരുമാണ്,കാമശാസ്ത്രപരമായി ജയദേവ കവി ഉപയോഗിച്ച മുദ്രയല്ല. സുരവനിതകളെ ആകർഷിക്കുന്നത് മദനഗോപാലന്റെ ശരീരത്തിലുള്ള കാമമല്ല,ശംഗീതനൃത്താദികളിലുള്ള കലാഭിരുചിയും സഹൃദയത്വവുമാണ്. ബ്രഹ്മാനന്ദം രസാനന്ദത്തിന്റെ സഹോദരനാണ് എന്ന തത്വമാണ് പറഞ്ഞിരിക്കുന്നത്.

ശ്ലോകം 17, 18 – ധ്രുവമഠ്യമുഖ്യങ്ങളായ താളഭേദങ്ങളോടെ അടന്തയിൽ,വനഭൂമിയിൽ രാസഗോഷ്ഠിവരിഷ്ഠകളായ വരനാരിമാരൊത്ത് (രാസസംഘം) അലഘു,ലഘു മുതലായ പദാദിന്യാസഭേദങ്ങളോട്ടുകൂടിയ നാട്യങ്ങളാണ് സരസമായി അഭിനയിച്ചത് .ആനന്ദസൂനുവിനെയാണ് ഭജിക്കുന്നത്. മുഹൂർത്തമാത്രയിൽ, രാസലീലാവിലാസം കാണാൻ,ദിവ്യസ്യന്ദനങ്ങളിൽ,ആനന്ദവതികളായ സുരനാരിമാരും വന്നുചേർന്നു. ഭഗവാ ൻമുരാരിയുടേയും ഗോപികമാരുടേയും അഭിനയത്തെ കീർത്തിച്ച് അവരും അതുപോലെ അഭിനയിച്ച് നൃത്തം വെച്ച് പൂമഴകൊണ്ട് അർച്ചനം ചെയ്തു.

ഗീതം 6 നാട്ട ധ്രുവതാളം
ധ്രുവമണ്ഡലപണ്ഡിതവധൂജനമണ്ഡലമിഹോന്നതം
ഭവസാഗരതാരകം ഗിരാപരിഭാവുകസുലക്ഷിതം
ദ്രുതമദ്ധ്യമമന്ഥരഗതീരവലോകയത സുന്ദരീ
കൃതപുണ്യഫലാത്മകഹരിം പരിപശ്യതവ്രജൌകസാം
ത്രിപതാകപതാകസുകരൈഃകടകാമുഖശിലീമുഖൈ
പരഭാവരസോത്കടപരൈരപി വീക്ഷണസുശിക്ഷിതൈഃ
തനുമദ്ധ്യനിയോജിതകരൈരപി നാട്യരസോത്കടഃ
നാരായണതീർത്ഥകൃതം ഗീതം ഹരിരിതി യതിജനതോഷണം
താം- തകകിണ- തധിമിതകിട-
തധണതകിടതക- ധണതകിടതക-
ണം തരികിടതക- ധണുതാകിട-
തകധണതാ-തകധണാം-തകിട-
ധന്തരിംകിട-തകധം-ണം-

തരികിടതക-ഝണാന്തകിടഝന്മാകിട-
ധീംർഗ്ഗുഡുതധൈയ്യതക-ധാകിടതകഝം-
തരികിടതകഛലംകൃതകതഝംതകട-
തകതധിമിതകിട-ധണധിമി-
ധരിതക-തതകിടതക -ഝണതധണതദ്ധിമി-
തകദദ്ധിഗിണധോം
മഹോന്നതമായ ധ്രുവമണ്ഡലത്തിനും ഇവിടെ ഉന്നതമായ വധൂജനമണ്ഡലത്തിനും ഒരുപോലെ അവനെ പണ്ഡിതനാണെന്ന് അറിയാം. വേദവാണ്‍കൊണ്ട് ലക്ഷണം കാണിക്കപ്പെട്ട ഭവസാഗരതാരകമായ ആ ശ്രേഷ്ഠപദത്തിന്റെ രാശിമണ്ഡലനൃത്തവും രാസമണ്ഡലനൃത്തവും ഒന്നുതന്നെയാണ്. ഒന്ന് സത്യം, മറ്റേത് അതിന്റെ അഭിനയ മെന്ന വ്യത്യാസമേയുള്ളൂ. സത്യം ബോധിപ്പിക്കാനുള്ള മാർഗ്ഗമാണ് അഭിനയകല.ദ്രുതം , മദ്ധ്യമം,മന്ദ്രം മുതലായ ആ മാർഗ്ഗത്തിന്റെ ഗതിഭേദങ്ങള് ഹേ,സുന്ദരിയായ സഖീ, അവലോകനം ചെയ്താലും. ഒരു രസിക മറ്റൊരു രസികയോടാണ് ഇതുപറയുന്നത്. വ്രജനാരിമാരുടെ കൃതപുണ്യഫലാത്മകമായ ഹരിയെ കണ്ടാലും. ത്രിപതാകം,പതാക, സുകര,കടകമുഖം,ശീലീമുഖം മുതലായ കരമുദ്രകളാൽ (ജയദേവകൃതിയിലെന്നപോലെ മദനപതാക മുതലായ ശരീരഭാഗങ്ങളാലല്ല) അവർ പരഭാവരസം (ബ്രഹ്മരസം) എന്ന ബ്രഹ്മാനന്ദം മറ്റുള്ളവരിലും ജനിപ്പിക്കുന്നു. അവർ തങ്ങളുടെ വീക്ഷണത്തില് (കണ്ണിന്റെ ചലനം,നാട്യശാസ്ത്രപരമായ വീക്ഷണം) സുശിക്ഷിതകളാണ്.കൈകളെ തന്മദ്ധ്യത്തിൽ ചേർത്തുവെച്ച് (ഈ വിധമുള്ള നർത്തകീശിൽപ്പം ബിസി 3500ൽ മോഹഞ്ജോദാരോവിൽ കിട്ടിയിട്ടുണ്ട്) നാട്യരസോത്കടകളായ അവർ ഉല്ക്കടമായ ബ്രഹ്മരസമുളവാക്കുകയാണ്. ഹരി എന്ന ഈ ഗീതം യതികൾക്ക് ആനന്ദമുണ്ടാക്കാനായി നാരായണതീർത്ഥരാൽ വിരചിതമായി.
ഗീതം 7 മദ്ധ്യമാവതി മഠ്യതാളം
ജഗദീശം പശ്യത സുരവരവനിതാ
വ്രജാംഗനാഭിരിഹനവനവമണിദിവ്യ
കുണ്ഡലതരണിനിചയശശിഗണസംജാത
ശ്രീധരാജിതസത്യലോകവിചിത്രഭ്രതിരയം
ലീലാമയദിവ്യസുന്ദരമദനകോടിവിലസിത
തന്ദർവസുധാരാശിർനൃത്യതി ഭുവി
നിജദാസവർഗ്ഗസുഖകരകൃപാംബുരാശിരേനം
തകധിനുത-ജകകിണമകധി-ഘണകിണണകധികിതധിമിത-
ഛണുതഛണതദ്ദിമി-തകിടതകധോം
ധരികിടധിംധിർഗ്ഗുഡുതദ്ധൈയ്യതക-ധീനുതധി-
തകണകഛം-തിരികുംതരി-തകിടഛംതതകധണംതരികിട
ധാകിടതകഝം-തരികിടതകതാഹതധികിതക-
തധിമിതകിട-തകഛണുതകത-ധിമിതധിമിത-
തകധധിഗണധോം.
ഗീതം 8 തോഡി (മുഖാരി) രൂപകം
നിത്യാനന്ദമിഹപശ്യതനരസിംഹം
വ്രജവധൂഭിരധികലാസ്യകൃതം പരിജനഹിതചരിതം
ഭക്താനാമഭയദം ഭവബന്ധനവിദലനം
മുനിവര്യമോക്ഷൈകഫലം വേദവിദിതം
ഇന്ദിരാലിംഗിതം ദയാസുധയാപരിമിതാദോദദം

ഗോപീജനമനസിജാനേകരൂപധരമിഹ
പരിപാലിതപരിജനം നിരവധികരുണാരസം
തദ്ധംതകദ്ധണതകതധിമിതകിണദ്ധംതരിധണഥ-
ഛണതാഹത-തധിമിതകിടഛണധിമിതകഛണധിമിതരിതഛണതധിമിതകിട
ധാണംധണംതധണംതഥണംതകഛംതരി
തദ്ധലംഗ്ഗതക-ഛണതകധിമിതതകിടതക
തതക്കുണത –തധിമിതതകിടധിനത-ധണധിമിതകദധിഗിണധോം.
ഗീതം 9 പനിതുവരാളി (വരാളി) ഝംപ
സുരലോകവനിതാസ്സമവലോകയതദേവം
അഖിലലോകാധാരമധികതരലീലം
ശരണാഗതത്രാണകലിതസങ്കല്പമിഹ
വനഭുവി മഹോല്ലാസരാസരസികം
വ്രജപുരവധൂകലിതവിവിധതാലമൃദംഗ-
സംഗീതരസവിജ്ഞമഖിലസാകജ്ഞം.
ഉദയവിലയാതീതരസഘനമചിന്ത്യം
സദയഹൃദയാലോകകലിതകൈവല്യം
അധികതരസാഹസോത്സാഹഗാംഭീര്യം
വിധിമുഖവിമൃഗ്യപദം വിമലവിജ്ഞാനം
കനകകടിസൂത്രവലയാംഗദപടികം
കലിതകൌസ്തുഭശോഭികമനീയകണ്ഠം
ശ്രീവത്സലക്ഷണമശേഷസുരരക്ഷം
ശ്രേയസാമാസ്പദമശേഷഭുവനാനം(ചൊൽക്കെട്ട്)
ഗീതം 12 ശ്രീരാഗം ത്രിപുടതാളം
ഗോപാലകമാകലയേ സഖി ഹേ ഗോപാലം
ഗോപികായുതമണ്ഡലേ
ചണ്ഡഭാനുസമഗ്രമണ്ഡല
നിയതബോധമഖിലസാരമാദിദേവം
അതുലലീലമമരഗീതമപ്രമേയബലപരാക്രമം
നിത്യശുദ്ധസുഖൈകവിഗ്രഹമച്യുതം(ചൊൽക്കെട്ട്)

ഗീതം 11. ആനന്ദഭൈരവി വിലംബതാളം കലയതസുരവനിതാ എന്നാരംഭിക്കുന്ന ഗീതം. ഗീതം 12 സൌരാഷ്ട്രം ആകതാളത്തില് കലയതവനഭുവി കമലേക്ഷണം എന്ന ഗീതം.രണ്ടിനും ചൊൽക്കെട്ടുണ്ട്. വേദിയില് നടവേഷധാരിയായ കൃഷ്ണനും ഗോപിമാർക്കും ന-ത്തമാടാനായിത്തന്നെയാണ് ഇവ രചിച്ചിരിക്കുന്നത്. സൂര്യചന്ദ്രന്മാരും ഗ്രഹനക്ഷത്രാദികളും എങ്ങനെ നഭസ്സിൽ സ്ഥാനം മാറിമാറി ഭ്രമണം ചെയ്യുന്നുവോ അതുപോലെ സവ്യമായും അപസവ്യമായും നൃത്തവേദിയിലെ രാസമണ്ഡലത്തിലും അഭിനയിച്ചുകാണിക്കുന്നു. ഇത് സരിഗമപധനി എന്ന സ്വരകന്യകമാര് ഷഡ്ജമെന്ന ആധാരശ്രുതിയെ (കൃഷ്ണനെ) ചുറ്റി സ്ഥാനം മാറുന്ന സംഗീതരീതിയുമാണ്. ഹല്ലീസകനൃത്തമെന്ന് ക്രിസ്തുവിനുമുമ്പുള്ള കാലത്തുതന്നെ പ്രചാരത്തിലിരുന്ന ഭാരതീയസമ്പ്രദായമാണ്. സംഗീത,നൃത്ത,ജോതിഷശാസ്ത്രപരവും സാമവേദപരവുമായ ഒരറിവിനെയാണ് ലാസ്യതാണ്ഡവനൃത്തശൈലികളിലൂടെ ചൊൽക്കെട്ടോടുകൂടി അവതരിപ്പിക്കുന്നത്. കാമശാസ്ത്രത്തിന് നാരായണതീർത്ഥരുടെ രചനകളില് പ്രാധാന്യം കൊടുത്തിട്ടില്ല.

പത്തൊമ്പതാം ശ്ലോകത്തിൽ,

അംഗപ്രത്യംഗഗൌണസ്ഥടസമവിഷമവ്യഞ്ജകവ്യക്തിസിദ്ധം
ശൃംഗാരാദ്യൈരനിന്ദ്യൈരധികമഭിനയംവ്യഞ്ജനന്തോ യുവത്യഃ
രാസക്രീഡാവിലാസൈർവനഭുവിനിതരാം മാധവം തോഷയന്തഃ
ഇഷ്ടാഃസ്വൈരംരമന്തെചിരമിഹഗുരുണാ ശ്രീധരേണാപ്തകാമാഃ എന്ന് യുവതികളുടെ ശൃംഗാരാദികളായ രസാഭിനയം,ഓരോരുത്തരുടേയും അംഗപ്രത്യംഗം ഗൌണം,സ്ഥടം, സമം,വിഷമം മുതലായ സ്ഥിതി ,കരണമുദ്രകളാലും ഭാവരസങ്ങളാലും കൃഷ്ണനെ പ്രീതിപ്പെടുത്തുന്ന നൃത്തഗാനരീതി,എന്നിവയെ പറയുന്നു. ശ്രീകൃഷ്ണപ്രീതിക്കായി വാദ്യനൃത്തഗീതാഭിനയം അന്നും ഇന്നും എന്നും ഇന്ത്യയിലുണ്ടായിരുന്നു എന്നതിന് നമുക്ക് തെളിവുണ്ട്. രസാനുഭവത്തിലൂടെ ബ്രഹ്മാനുഭവം നേടുക എന്നതാണ് സന്ദേശം. ശരീരകാമത്തിലൂടെ നേടുകഎന്നതല്ല.
അഷ്ടമതരംഗം രാസക്രീഡാമഹോത്സവവർണ്ണനം,ഗോപികാഗീതം ആദരപൂർവ്വം അഭിനയിക്കൽ,അവരുടെ വനത്തിലേക്കുള്ള രഹസ്യാഗമനം,കൃഷ്ണന്റെ അന്തർധാനം,ഗോപീപ്രലപനം,കൃഷ്ണാന്േഷണം,ശ്രീകൃഷ്ണദർശനം ഇവയാണ്.
ഗോപികാഗീതം ശ്ലോകം 4-
ഹൃദയഗതമവിദ്യാശ്രയം നാദഗമ്യം
പ്രാണാദീൻഷോഡശാരാനിവ രഥചരണസ്ഥാപിതാനാഭിദേശെ
ആകാശാദീംശ്ചഭാവാന്നിജപരികലയാജൃംഭിതാൻമായയാതം
ഗോപീമദ്ധ്യേ മുകുന്ദം വ്രജപുരവനിതാകാപിഗായതൃദാരം
നാദഗമ്യവും നാഭിയിൽ രഥചക്രംപോലെ പ്രാണാദികളായ ഷോഡശം (16) കലകളെ ധരിച്ച് സർവ്വസംഗീതത്തിനും ആധാരമായിരുന്ന് സ്വയമാനന്ദിക്കയും എല്ലാവരേയും ആനന്ദിപ്പിക്കയും സർവ്വഗതമായിരിക്കയും ചെയ്യുന്നപരമതത്വമാണിവിടെ കൃഷ്ണന്. 12 ഗീതങ്ങളാണ് എട്ടാം തരംഗത്തിലുള്ളത്. അവ

ആഹിരി	ആദി	ഭാവയേ സഖി
മുഖാരി (വരാളി)	ആദി	ശ്രീനിലയം സഖീ
ശങ്കരാഭരണം(കാംബോജി)	അടതാളം	മൃഗയതരാധാമാധവം
കാംബോജി(ഭൈരവി)	ആദി	മാധവം ദർശയ
സൌരാഷ്ട്രം(മോഹനം)	ആദി	നന്ദനന്ദനഗോപാല
കേദാരഗൌള	ആദി	നന്ദമുകുന്ദേപരമാനന്ദേ
മദ്ധ്യമാവതി	അടതാളം	ദേവദേവംക്ഷോതിതം
കാംബോജി(ഹുസൈനി)	ആദി(ത്രിപുട)	സഹചരിസമരസ
മദ്ധ്യമാവതി(നാദനാമക്രിയ)	ഝംപ	കളഭഗതിശോഭ
കല്യാണി(ആഹിരി)	അടതാളം	കഥയകഥയ
രേവഗുപ്തി(ധന്യാസി)	അടതാളം	ഹരിമേകരസാകൃതി
കാംബോജി	ആദി	നാഥനാഥമാകലയ

.

ഇതിലൊന്നിലും ചൊൽക്കെട്ടില്ല. നൃത്യപ്രധാനമല്ല. അഭിനയപ്രധാനമാണ്. ദിനകരമണ്ഡലഗവും സുതപന്തവും വിശ്വതനുവും വിയദാദിഷു(ആകാശാദികലിൽ-പഞ്ചഭൂതം) ഇരിക്കുന്നവനും അതേസമയം സ്വശരീരത്തിലും രഥചക്രാഭിയിലെന്നപോലെ ഷോഡശകലകളാൽ സിദ്ധവുമായ തത്വത്തെയാണ് ഗോപികമാരന്വേഷിക്കുന്നത്. (ഗീതം 1)

സർവ്വപ്രത്യഞ്ജമേകം പ്രകൃതിമഖിലഭാവം ത്വയം ഭാസയന്തം

നിത്യാസംഗസ്വഭാവം സകലഹൃദയഗംവ്യോമവന്നിർവ്വികാരം

ആചാര്യസ്യപ്രസാദാദ്വിദുരിഹമുനയോവേദഭാഗേമുകുന്ദം

നൃത്യന്തം ഗായതീതിവ്രജപുരവനിതാഭക്തസങ്കല്പസിദ്ധം.(ശ്ലോകം 5 തരംഗം 8)

ഗുരുപ്രസാദത്താലാണ് മുനിമാർ വേദഭാഗമായ മുകുന്ദനെ അനുഭവിച്ചത്. ഭക്തസങ്കൽപ്പസിദ്ധമമായ ആ ബ്രഹ്മത്തെത്തന്നെ ഗുരുവാക്കി, അതിന്റെ പ്രസാദത്തിനായാണ് നൃത്തഗീതാദികൾവ്രജവധുക്കള് സമർപ്പിക്കുന്നത്. നിരാകാരത്തെ സാകാരത്തിലന്വേഷിക്കുന്ന ആ കൃഷ്ണരസികകൾക്ക് (ശ്ലോകം 7) താൻ നിരാകാരമാണെന്ന് ബോദ്ധ്യം വരുത്താനാണ് കൃഷ്ണന്റെ അന്തർദ്ധാനം. ഗീതം മൂന്നിൽ നിഗമവനത്തിലാണ് ഗോപികമാ ർ രാധാമാധവന്മാരെ അന്വേഷിക്കുന്നത്. സുകൃതികൾക്കുമാത്രമേ അതിനെ അനുഭവിക്കാനാവൂ. ദൂരെയെങ്കിലും അടുത്താണ്. ആകാശത്തിലെങ്കിലും സ്വഹൃദയത്തിലാണ്. അതിനെയാണ് തേടുന്നത്. വനത്തിലെ തരുക്കളും പൂക്കളും സ്വന്തം ഹൃദയത്തിലിരിക്കുന്ന മാധവനെന്ന പ്രാണവല്ലഭനെ പുറത്ത് കാട്ടിൽതിരയുന്ന അവരെ പരിഹസിക്കുന്നു.(പുഷ്പങ്ങളാൽ മന്ദഹസിച്ച്). ഗീതം നാലിൽ മന്ദാരം,സന്താനകൽപ്പകം, പാരിജാതം,ചന്ദനം,ചമ്പകം,നാഗം,പുന്നാഗം,ജംബീരം,പനസം,നാലികേരം,രസാലം,സരസകദംബകം,പലാശം,കുരവകം,വടസമൂഹം,അശോകം,കപിത്ഥം,കദളീവനം,ദേവതാരു,കുന്ദം,ലവംഗലത,വൃന്ദ,മല്ലിക,ജാതി,മാലതീലത,കമലം,കുമുദം,കൽഹാരം,ശുകകോകിലശാരികകൾ,ശകുന്തങ്ങൾ,ഹംസങ്ങൾ,ആകാശം,അഗ്നി,വായു,ജലം,ഭൂമി, അനേകം ദേവതാഗണങ്ങൾ,സരസങ്ങളായ ഗുണഗണങ്ങൾ,ഇവയിലെല്ലാം അവരന്വേഷിക്കുന്നത് ലോകഗുരുവായ അച്യുതനെയാണ്.

സകലനിഗമഗാഢമഖിലലോകാധാരം അച്യുതം അഖിലഗുരും (ചരണം 6,ഗീതം 4 തരംഗം 8). ഞാനവയിലെല്ലാമുണ്ട്,നിങ്ങളിലുമുണ്ട് എന്ന്കാരുണ്യപൂർവ്വം ബോധിപ്പിച്ച് അവനവരുടെ മുന്നില് പ്രത്യക്ഷമാകുന്നു. വിരഹത്തിൽ പ്രിയതമനെ മാത്രം ചിന്തിച്ചും അവന്റെ ലീലകളെ പാടി അഭിനയിച്ച് നൃത്തം വെച്ചും ഭാവരസാദഭിനയത്താലും അവരവനായി മാറിക്കഴി ഞ്ഞിരിക്കുന്നു. ഭക്തനും ഭഗവാനും ഗുരുവും ശിഷ്യനും സ്ത്രീയും പുരുഷനും തമ്മിൽ ഭേദമില്ലാതായി. ബ്രഹ്മാത്മൈക്യം വന്നു. കോടിമന്മഥവേഷം ധരിച്ച മാധവനെ , വിശ്വഭർത്താവായ വിഷ്ണുവിനെ,ഞാനെന്റെ മനസ്സി ലാവാഹിച്ച് (മാമകേ മനസി) പാടുന്നു എന്ന് ശ്ലോകം 13ൽ ഗോപിക പറയുന്നു. അവളാണ് അഞ്ചാം ഗീതം പാടുന്നത്.കാളിന്ദീപുളിനത്തിൽ,ഗോവിന്ദന്റെ കാൽപ്പാടുനോക്കി അവനെ പിന്തുടർന്നുപോകവേ ഒരു കന കലതിക കാണുന്നു. അതിന്റെ കാന്തിയിൽ ഈശ്വരനെത്തന്നെ ദർശിച്ച് പരമാനന്ദതുന്ദിലയായ ഒരു ഗോ പി പാടുന്നതാണ് ആറാം ഗീതം. ഗോപവധുക്കൾ പരസ്പരം കൈകോർത്ത് വട്ടത്തിൽനിന്ന് പ്രഗത്ഭമായ രീതിയിലാടിപ്പാടി, സ്വാനുഭൂതിയെ ആവിഷ്കരിക്കുന്നു. പ്രകൃതിയിൽ അകത്തും പുറത്തും (വൃത്തത്തിൽ സീമി തമായും അല്ലാതെയും) വേദാഗ്രഭാഗംകൊണ്ടു പറയപ്പെട്ട സുപ്രസിദ്ധമായ ബ്രഹ്മത്തെ അറിഞ്ഞ അനുഭവിച്ച ബ്രഹ്മവിത്തുകളാണ് ഞങ്ങളുമെന്ന് ശ്രീകൃഷ്ണന് ധൈര്യപൂ ർവ്വം തെളിവുകൊടുക്കുന്നപോലെ (ശ്ലോകം 16) യാണ് അവരുടെ നൃത്തം.ഏഴാം ഗീതം ഈ ഭാവമാണ്. അത് സിന്ധുഭൈരവിയിലും പാടാം,മദ്ധ്യമാവതിയിലും പാടാം. നാമരൂപാത്മകമായ പ്രകൃതിയിലും അതിന്നതീതമായ ബ്രഹ്മത്തിലും അവരെല്ലാം കാണുന്നത് കൃഷ്ണനെത്തന്നെയാണ്. സത്,ത്യത് എന്ന രണ്ടുരസവും കൂടി സർവ്വോത്കൃഷ്ടമായ ആത്മബ്രഹ്മരസം നുകർന്ന ഗോപിയുടേതാണ് എട്ടാം ഗീതം. സഹചരികൾ തങ്ങളിൽ സമരസമായിരിക്കുന്നതും സജ്ജനസംഗത്താല് മുനിമാര് കണ്ടെത്തിയതുമായ വേദശിരസ്സിലെ ശാശ്വതസുഖത്തെയാണ് കണ്ടെത്തിയ ആനന്ദവായ്പിലാറാടി സർവ്വം മറന്ന് കൃഷ്ണലയനം സാധിക്കുന്നത്.

മധുത്വേന ച യസ്സിദ്ധഃഭൂതഭൌതികവർഗ്ഗയോഃ

സോയം സാക്ഷാത് പരാനന്ദസ്സഹചര്യാനുവർത്തതേ(ശ്ലോ.18.തരംഗം 8)

ഭൂതഭൌതികവർഗ്ഗത്തില് മധുവായി വർത്തിക്ക്ന്നതിനാല് സാക്ഷാത്പരാനന്ദമായ അവന് സിദ്ധമാണ്. തന്റെ സഹചരി(രാധ) യാലനുഗതനായി അവർക്കുമുമ്പിലവന് പ്രത്യക്ഷമായി. (സിദ്ധമായി) ഒമ്പതാം ഗീതം രാധാകൃഷ്ണന്മാരുടെ സംവാദരൂപമാണ്.

രാധഃ കളഭഗതിശോഭ ഘനകാളമേഘാഭ

കലയമമരഹസി കുതുകാനിസുബഹ്വനി

കൃഷ്ണഃ കളഹംസഗാമിനീ തധൈവകരവാണീ

കഥയസി യഥാകഥയ കഥയപരമദ്ധ്യ

രാധഃവിമലകല്യാണഗുണ വിവിധവിശ്യത്മൻ-

വികലിതദുകൂലമഥ രചയമമസുദൃഢം

കൃഷ്ണഃബാഢമബലേ തവ ദൃഢം വിരചയാമി

ഹാടകദുകൂലമായാഹി തരുമൂലം

രാധഃരചയമൃഗമദതിലകമതിലലിതമാദ്യം

കുചകുംഭയുഗമപി സുകുങ്കുമപങ്കം

കൃഷ്ണഃ രചയാമി തിലകമപി തവലലിതഫാലേ

കുചകുംഭയുഗലേപി കുങ്കുമവിലേപനം

രാധഃഗലിതകചനിചയമഥ ഘടയമമ കൃഷ്ണാ

ഗമയമാമിഹരഹസി കേശവകൃപാലോ

കൃഷ്ണഃഏഹി മമ ഹൃദയകുതുകം കലയ രാധേ

ഇഹസമുപവിശ രഹസിദേഹിമുദമദ്ധ്യ

രാധഃകുസുമനിചയാപചയ മദ്ധ്യകുരുകൃഷ്ണാ

കുന്തലഭരം ഘടയ മമകുസുമഭാരൈ

കൃഷ്ണഃമമരമണി കുസുമഭാരൈരലം കുർവ്വേ

സുമശരശരാസനസമം ന കചനിചയം

രാധഃനിരുപമഫലാനിച ഗൃഹാണസരസാനി

നിർവ്വിശങ്കം വിഹര മമഹൃദയരമണ

കൃഷ്ണഃസരസവരഗണ്ഡിസുരസാലഫലവർഗ്ഗ

നിരവധിസുഖം ദേഹി നിയതമപവർഗ്ഗം

രാധഃ പാനീയമനീയതാം ത്വയാമഹ്യം

പാതും പിപാസാഹി ഭൃയസിമമഭോ

കൃഷ്ണഃമധുരം പയഃപിബ മധൂനി സുബഹൂനി

മമവല്ലഭേ തൃപ്തിരസ്തു തവസുതരാം

രാധഃഅധരസുധയാമമമനോരഥപയോധിം

അധികമിഹപൂരയ കൃപാപാരജലധേ

കൃഷ്ണഃകലയവരവർണ്ണിനീ തഥൈവകലയാമി

മിലതുതവഹൃദയം മദീയഹൃദയേന

രാധഃകഥമനുസരാമി വനഭുവിഷുഭവന്തം

കഥയസുഭഗാഹമബലാവഹചകാന്താം

കൃഷ്ണ-അഹമിഹവഹാമി തു രമാമി ച സുശീലേ

വിഹിതസരസാലാപ ഗതമദനതാപേ

ഇതികലിതമിഹരാധികാകൃഷ്ണചരിതം

രഹസി ശിവനാരായണാനന്ദരചിതം

ഈ ഗീതത്തിൽ രാധാകൃഷ്ണസല്ലാപം,പരസ്പരം അലങ്കരണം,സേവനം,ദാസ്യം,രതി ഇവയെല്ലാം ഉണ്ട്. വളരെ സഭ്യമായി സഭയിലവതരിപ്പിക്കാവുന്ന രീതിയിലാണുതാനും. ജയദേവന്റേതുപോലെ പച്ചയായ കാമശാസ്ത്ര വിജ്ഞാനപ്രകടനമില്ല. ഇയലിശൈനാടകം അതീവ ഗുപ്തതരമായ രീതിയിൽ സ്ത്രീപുരുഷന്മാരുടെ രഹസ്യമായ പ്രേമാനുഭവം ഇവയിലുള്ള ജ്ഞാനമാണ് നാമിവിടെ കാണുന്നത്. പത്താം ഗീതത്തിൽ,ഗോപിമാർ രാധയോട് കൃഷ്ണനെക്കുറിച്ച് തങ്ങളോടുപറയാനാവശ്യപ്പെടുന്നു. വനഭൂമിയിൽ ഭഗവാനാല് സമാരാധിതയായ അനവദ്യസുന്ദരാംഗി അവളാണല്ലോ.

അഥചിരപരിഭുക്താ ശൌരിണാഖണ്ഡരൂപാ

നിജസുഖപരിതൃപ്താ ബ്രഹ്മവിദ്യേവ ഗോപി

വ്രജയുവതിഭിരുച്ചൈഃപ്രാർത്ഥിതാ സാഭിലാഷം

ഹരിപരതരഭാവം ദർശയന്തീദമാഹ (ശ്ലോകം 20)

ഗോപികൾ ഉച്ചത്തിൽ അഭിലാഷപൂർവ്വം പ്രാർത്ഥിച്ചപ്പോൾ,ചിരകാലം അനുഭവിക്കയാൽ കൃഷ്ണനിൽനിന്ന് വേ ർപിരിക്കാനാവാത്ത അഖണ്ഡരൂപം (തന്മയത) നേടിയവളും ആത്മസുഖത്താൽ തൃപ്തയും,ബ്രഹ്മവിദ്യയുമായ രാധ എന്ന ഗോപിക ഹരിയുടെ പരഭാവം അവർക്കുകൂടി ദർശനീയമാകുമാറ് ഇങ്ങനെ പറഞ്ഞു.ആഗീതമാണ് ഗീതം 11.ആഗമവിധിയാൽ ഹരിയെന്ന ഏകരസത്തെ അവധാരണം ചെയ്യുക. അവൻ പ്രതിഭാവപുസ്സായ ചിരതരപുരുഷനാണ്. സർവ്വകലുഷവും ശമിപ്പിച്ച് ഭവരോഗഭയമകറ്റുന്നവനാണ്. ആകാശംപോലെ സർവ്വവ്യാപിയാണ്. ഉദയം,ലയം എന്നിവയില്ലാത്ത അഭയമായ പ്രിയതമമാണ്. പ്രപഞ്ചോത്പത്തിയെ ദർശിച്ചവനാമ്. നിരവധിസുഖാത്മകമായ അവനെ മുനിജനങ്ങൾ സദാ തേടുന്നു.ത്രികാലാതീതമാണ് സകലഹൃദയഗമായ ആ അഖണ്ഡരൂപം.

അവചനമമിതം ഗതലോഭരതിം നിത്യനിരന്തരാഖിലം

വ്രജപുരവനിതാഗതതനുമമതം സ്വാത്മതയൈവാമമലം

കൃഷ്ണരസൈകാത്മനാ ,ഹരിഗുരുകൃപയാ ആണ് താനീ ഗീതം രചിച്ചതെന്ന് കവി. കൃഷ്ണരസൈകാത്മത യോടെ അവനിൽനിന്ന് ഭേദമില്ലാതായ ബ്രഹ്മവിദ്യാസ്വരൂപിണിയായ രാധയെയാണ് നാമിവിടെ കാണു ന്നത്. രാധ ഇവിടെ പരമഗുരുവായ കൃഷ്ണനാണ്,മറ്റൊരു വ്യക്തിയല്ല. രാധയിൽന്ന്ന് ഉപദേശം നേടിയ ഗോപികൾ മുഗ്ധകളും സ്നിഗ്ദ്ധാന്തരംഗകളുമായി ,ബ്രഹ്മംതന്നെയായ കൃഷ്ണരൂപധ്യാനതന്മയരായി സ്വഹൃദ യത്തിൽ അവനെ ബന്ധിച്ച് യഥേഷ്ടം ആലിംഗനംചെയ്ത് പരബ്രഹ്മമായി തന്മയീഭവിച്ചു. (ശ്ലോകം 24) ഗീതം 12 അവരുടേതാണ്. ജന്മസായൂജ്യം നേടിയ അവർ ശരീരം,മനസ്സ്,ദൃഷ്ടി ഇവയെല്ലാം കൃഷ്ണനില് ലയിച്ച് സ്വയം കൃഷ്ണനെന്നു ഭാവസ്ഥിതിയിലാസ്ഥിതരായി,(അവസ്ഥിതി-സമാധി)ആത്മാരാമകളായി. അവർക്ക് ഭഗവാന്റെ പരമാത്മരൂപം പ്രത്യക്ഷദർശനമായി. ഇവിടെ എട്ടാം തരംഗം അവസാനിക്കുന്നു.

ഒരേ കഥ,ഒരേ കഥാസന്ദർഭം. നാരായണതീർത്ഥരും ജയദേവനും അതിനെ എടുത്തുപയോഗിച്ച രണ്ടുകവി കളാണ്. കവിയുടെ വ്യക്തിത്വവും ഇഷ്ടാനിഷ്ടങ്ങളുമാണ് കവിതയിൽ പ്രതിഫലിക്കുന്നത്. ജയദേവന്റേത് കാമശാസ്ത്രപരമാണ്,നാരായണതീർത്ഥരുടേത് ബ്രഹ്മശാസ്ത്ര,അഭിനയസംഗീതനൃത്തശാസത്രപരമാണ്. കവിത്വം ഇരുവർക്കുമുണ്ടെങ്കിലും അവരുടെ സമീപനം തികച്ചും വ്യത്യസ്തമാണ്.

പരമപ്രേമരൂപവും അമൃതസ്വരൂപവുമാണ് ഭക്തി. (നാരദഭ.സൂ.2.3.4)അതുലഭിച്ചവരെല്ലാം സിദ്ധരും അമൃത രും തൃപ്തരുമാണ്. അതിനുദാഹരണം വ്രജഗോപികമാരാണ് .ആത്മാർപ്പണണായി സർവ്വവും ഭഗവാനില ർപ്പിച്ച ഗോപികമാർക്ക് ഭഗവദ്മാഹാത്മ്യജ്ഞാനവിസ്മൃതി ഒരിക്കലുംസംഭവിക്കുന്നില്ല. മാഹാത്മ്യജ്ഞാനം കൂടാതെയുള്ള ശരീരപ്രേമത്തെ നാരദൻ ദാരനിലുള്ള അനുരാഗത്തോടുപമിക്കുന്നു. (സൂ 23)അതിൽ സുഖമല്ല, സദാ ഭയമാണുണ്ടാവുക. അനിർവ്വചനീയം പ്രേമസ്വരൂപം മൂകാസ്വാദനവത് എന്നാണ് നാരദമുനി പ്രേമഭ ക്തിക്കു കൊടുത്ത നിർവ്വചനം. നാരായണതീർത്ഥരും കബീറും മറ്റെല്ലാ ഭക്തകവികളും ഇത് ഗ്രഹിച്ചവരാ ണ്.ശരീരകാമത്തെ ആധാരമാക്കിയ പ്രേമം പ്രേമമല്ല,ആത്മാധിഷ്ഠിതമായ അനുരാഗം മാത്രമാണ് യഥാ ർത്ഥപ്രേമം.

Filename:	ജയദേവകവിയുടെ ഗീതഗോവിന്ദം .docx
Directory:	C:\Users\user\Documents
Template:	C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:	
Subject:	
Author:	user
Keywords:	
Comments:	
Creation Date:	6/25/2015 12:59:00 PM
Change Number:	651
Last Saved On:	5/11/2020 8:49:00 AM
Last Saved By:	user
Total Editing Time:	3,103 Minutes
Last Printed On:	5/11/2020 8:49:00 AM

As of Last Complete Printing

Number of Pages:	111
Number of Words:	54,471 (approx.)
Number of Characters:	310,486 (approx.)